വാല്യം 56

വാഴൂർ ബ്ലോക്ക്

(കോട്ടയം ജില്ല)


1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ



ചിറക്കടവ്
ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

വികസന രേഖ




56-1



ചിറക്കടവ് ഗ്രാമപഞ്ചായത്ത്
വികസന രേഖ

വികസന സെമിനാർ
'97 ജനുവരി 11 ശനി




with love to you
all
Bapuji Mahatma Gandhi
21 2-36

ഉന്നതങ്ങളിലുള്ള ഇരുപതുപേർക്ക് ജനാധിപത്യം നടപ്പിലാക്കാൻ കഴിയില്ല.
അത് താഴെ ഓരോ ഗ്രാമത്തിലെയും ജനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

—മഹാത്മാഗാന്ധി


മുൻ പ്രസിഡൻറുമാർ



കെ.ജി. സുകുമാരൻ നായർ വണ്ടങ്കൽ
(വില്ലേജ് യൂണിയൻ പ്രസിഡൻറ്)




കെ.ജി. കേശവൻ നായർ
(ആദ്യ പഞ്ചായത്തു പ്രസിഡൻറ്)



വി.ജെ. ആൻറണി
(മുൻ പഞ്ചായത്തു പ്രസിഡൻറ്)




കെ.എം. സദാശിവൻ നായർ
(മുൻ പഞ്ചായത്തു പ്രസിഡൻറ്)



അഡ്വ. പി. സതീശ്ചന്ദ്രൻ നായർ
(മുൻ പഞ്ചായത്തു പ്രസിഡൻറ്)


പഞ്ചായത്തിൽനിന്നുള്ള ജില്ലാ ബ്ലോക്കംഗങ്ങൾ



അഡ്വ. കെ.പി. ശ്രീകുമാർ
(ജില്ലാ പഞ്ചായത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ, സാമ്പത്തികം)




ശ്രീദേവി ടീച്ചർ
(വാഴൂർ ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റ്)




വി.ആർ മധുകുമാർ
(വാഴൂർ ബ്ലോക്കു പഞ്ചായത്തു വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ)


ചിറക്കടവ് ഗ്രാമപഞ്ചായത്ത് ഭരണസമിതി




അഡ്വ. ഗിരീഷ് എസ്. നായർ
(പ്രസിഡൻറ്)



ജോർജ് ജോസഫ് വടശ്ശേരി
(വൈസ് പ്രസിഡൻറ്)



വി.ജി. ലാൽ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)




പി.ജെ. ചാക്കോ പൂലാനിമറ്റം
(3-ാം വാർഡു മെമ്പർ)




സുമതിക്കുട്ടി ടീച്ചർ
(4-ാം വാർഡു മെമ്പർ)




ജഗദമ്മ കേശവപിള്ള
(6-ാം വാർഡു മെമ്പർ)



അഡ്വ. പി. സതീശ്ചന്ദ്രൻനായർ
(7-ാം വാർഡു മെമ്പർ)




വി.എസ്. രവീന്ദ്രനാഥൻനായർ
(8-ാം വാർഡു മെമ്പർ)



ടി.എൻ. ഗിരീഷ്
(9-ാം വാർഡു മെമ്പർ)




ഏലമ്മ ഏബ്രഹാം
(10-ാം വാർഡു മെമ്പർ)



ഷാജി പാമ്പൂരി
(11-ാം വാർഡു മെമ്പർ)



അനിലകുമാരി തുളസീദാസ്
(12-ാം വാർഡു മെമ്പർ)



എം.വി. ബാബുരാജ് M.A.
(സെക്രട്ടറി)

വിഷയവിവരം

● ആമുഖം

● പഞ്ചായത്ത് പൊതുവിവരണം

● സാമൂഹിക-സാംസ്കാരിക ചരിത്രം


● ഭൂപ്രകൃതിയും വിഭവങ്ങളും

● സാമൂഹിക-സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും
മൃഗസംരക്ഷണം
കുടിവെള്ളവും പൊതുജനാരോഗ്യവും
വിദ്യാഭ്യാസം
ഗതാഗതം, ഊർജം, ടൗൺ വികസനം
പാർപ്പിടം, സാമൂഹ്യക്ഷേമം, പൊതുവിതരണം
വനിത
പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം
സഹകരണമേഖല
വിഭവസമാഹരണം
സംസ്കാരം
വ്യവസായം

● ഉപസംഹാരം

കവർ ലേ ഔട്ട് : എൻ.ജി. സുരേഷ് കുമാർ
ടൈപ്പ്സെറ്റിങ് & പ്രിൻറിങ് : ഡി സി ഓഫ്സെറ് പ്രിന്റേഴ്സ്, കോട്ടയം
കവർഫോട്ടോ : കറിയാച്ചൻ, ക്ലാസ്സിക് ഫോട്ടോസ്, പൊൻകുന്നം
ചിത്രങ്ങൾ കടപ്പാട് : ശാസ്ത്രഗതി


N
W
E
S
കോട്ടയം

ആമുഖം

സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ആവിഷ്കൃതമായ എട്ടു പഞ്ചവത്സരപദ്ധതികൾക്കും ചില പ്രധാന ദൗർബല്യങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത് അവ ഓരോ പ്രദേശത്തിന്റെയും ജനകീയമായ ആവശ്യകതയ്ക്ക് അനുസൃതമായി രൂപപ്പെട്ടവയായിരുന്നില്ല. തന്നെയുമല്ല, ജനങ്ങളുടെ ക്രിയാത്മകശക്തിയെ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തി നടപ്പിലാക്കപ്പെട്ടവയും ആയിരുന്നില്ല. സ്വതന്ത്രമായി വർത്തിച്ച വിവിധ ഡിപ്പാർട്ടുമെൻറുകളുടെ പരിപാടികൾ നടപ്പിലാക്കപ്പെടുമ്പോൾ ജനങ്ങൾ കാഴ്ചക്കാരായി മാത്രം നില്ക്കേണ്ടിവന്നിരുന്നുവെന്നതാണ് വികസനത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാരിൽ എത്തിച്ചേരാതിരുന്നതിന്റെ പ്രധാന കാരണം.

വികസനമെന്നാൽ സാമൂഹ്യമേഖലയിൽ സർക്കാർ വരുത്തുന്ന വികസനം മാത്രമാണെന്ന ധാരണ നമ്മുടെയിടയിൽ വ്യാപകമായി. അതുകൊണ്ട് ഭരിക്കുന്ന ഗവൺമെൻറിന്റെ ഇഷ്ടാനിഷ്ടങ്ങൾ മാത്രമാണ് വികസന പ്രക്രിയയുടെ ഗതി നിയന്ത്രിക്കുന്നത് എന്നു കരുതപ്പെട്ടു.

പ്രകൃതിവിഭവങ്ങളും മാനുഷികവിഭവങ്ങളും പരമാവധി ഉപയോഗപ്പെടുത്തുന്ന പദ്ധതിയുണ്ടാകുക, അവ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പാക്കുക, ഇതിനായി വികസനത്തെക്കുറിച്ച് നിലവിലുള്ള കാഴ്ചപ്പാട് പാടേ മാറ്റുക, ഇങ്ങനെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരത്തിൽ പടിപടിയായി പ്രകടമായ ഉയർച്ച യുണ്ടാക്കുവാൻ കഴിയുക; ഇതാണ് ജനകീയ ആസൂത്രണ പദ്ധതിയുടെ കാതലായ ലക്ഷ്യം.

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായ ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ ഏറ്റവും പ്രധാന മേഖല വാർഡുതലത്തിലുള്ള ഗ്രാമസഭകളാണ്. 73-ാം ഭരണഘടനാഭേദഗതിയുടെ പ്രധാന സവിശേഷത ഗ്രാമത്തിലെ മുഴുവൻ വോട്ടർമാരും അടങ്ങിയ ഗ്രാമസഭ യാണ്. ഈ സഭ നിർബന്ധമായും വർഷത്തിൽ ചുരുങ്ങിയത് രണ്ടു തവണയെങ്കിലും സമ്മേളിക്കണമെന്നും വ്യവസ്ഥ യുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ പ്രവർത്ത നങ്ങൾ നേരിട്ടു വിലയിരുത്താൻ ജനങ്ങൾക്ക് ഈ സമ്മേളനങ്ങൾ അവസരമൊരുക്കുന്നു. ജനങ്ങളുടെ കർമ്മ ശേഷി പൂർണമായ അളവിൽ വികസനോന്മുഖമാക്കാനും ഇവ സഹായിക്കും. ആരോ എവിടെയോവച്ച് രൂപപ്പെടു ത്തുന്ന പദ്ധതികളുടെ ആവിഷ്കാരമാണ് വികസനം എന്ന അവസ്ഥയെ മറികടക്കാൻ ഇവ പ്രയോജനപ്പെടുകയും ചെയ്യും.

ജനകീയാസൂത്രണപരിപാടിയുടെ ലക്ഷ്യം, അതിന്റെ പ്രസക്തി, അധികാരവികേന്ദ്രീകരണത്തിന് ഗ്രാമസഭകൾ ക്കുള്ള സുപ്രധാനമായ സ്ഥാനം, അവയുടെ പ്രവർത്തന രീതി എന്നീ കാര്യങ്ങളെക്കുറിച്ച് പൊതുവിൽ ശരിയായ ധാരണയുണ്ടാക്കാൻ നമ്മുടെ പഞ്ചായത്തിൽ പൊൻകുന്നം ഗവൺമെൻറ് ഹൈസ്കൂളിൽവച്ച് 1996 സെപ്തംബർ 13,14, 15 തീയതികളിൽ ജില്ലാതല പരിശീലനം നടന്നു. ഇതിന്റെ മുന്നോടിയായി വിവിധ സംഘടനകളുടെ പ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ എന്നിവരെയെല്ലാം വിളിച്ചുചേർത്ത് ഒരു സ്വാഗതസംഘം രൂപീകരിക്കുകയുണ്ടായി. ഈ ക്യാമ്പിൽ പഞ്ചായത്തുഭരണസമിതിയുടെ തീരുമാന പ്രകാരം നമ്മുടെ പഞ്ചായത്തിൽനിന്ന് 13 പേർ പങ്കെടുത്തു. ഇതിനെ തുടർന്ന് ഓരോ വാർഡിൽനിന്നും ചുരുങ്ങിയത് 5 പേർ പ്രാദേശികപരിശീലനം നേടി. ഇതിനുവേണ്ടി നടന്ന ക്യാമ്പിൽ 75 പേർ പങ്കെടുത്തിരുന്നു.

ഗ്രാമസഭകൾ

പിന്നീട് സെപ്തംബർ 28 മുതൽ ഒക്ടോബർ 2 വരെയുള്ള തീയതികളിലായി പഞ്ചായത്തിലെ 12 വാർഡുകളിലും ഗ്രാമസഭകൾ സമ്മേളിച്ചു. ഇവയിൽ എല്ലാംകൂടി 681 പുരുഷന്മാരും 247 സ്ത്രീകളും അടക്കം 928 പേർ പങ്കെടു ക്കുകയുണ്ടായി. 50 പേർമാത്രം പങ്കെടുത്ത 3-ാം വാർഡിലെ ഗ്രാമസഭയിലായിരുന്നു ഏറ്റവും കുറഞ്ഞ ജനപങ്കാളിത്തം. 122 പേർ പങ്കെടുത്ത 2-ാം വാർഡിലെ ഗ്രാമസഭ ഏറ്റവും ഉയർന്ന പങ്കാളിത്തം കാണിക്കുന്നു. (പട്ടിക അന്യത്ര)

പങ്കെടുത്തവരുടെ എണ്ണം കുറവായിരുന്നുവെങ്കിലും സജീവമായ ചർച്ചകൾ നടക്കുകയുണ്ടായി. ക്രിയാത്മക നിർദേശങ്ങൾ എല്ലാ മേഖലകളെ സംബന്ധിച്ചും ഈ

സഭകളിൽ ഉയർന്നുവരികയും ചെയ്തു.

വിവരശേഖരണ പരിശീലനത്തിനായി കോട്ടയം കളക്ട്രേറ്റിൽ ചേർന്ന ജില്ലായോഗത്തിൽ 2 പേർ പങ്കെടുത്തു. നടപ്പുപദ്ധതികളുടെ അവലോകനത്തിനായി പ്രത്യേക യോഗം സംഘടിപ്പിച്ചിരുന്നു. ഒൻപതു വകുപ്പുകളിൽനിന്നും ഉദ്യോഗസ്ഥന്മാർ ഈ യോഗത്തിൽ പങ്കെടുത്തു. വിവരശേഖരണത്തിനുവേണ്ടി പഞ്ചായത്തുതലത്തിൽ യോഗം ചേരുകയും വിവിധ വകുപ്പുകളിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് പ്രത്യേകം ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുകയുംചെയ്തു.

രണ്ടാംഘട്ട പരിശീലനക്ലാസ് പത്തനാട്ടുവച്ച് നവംബർ 8, 9, 10 തീയതികളിൽ നടന്നു. പഞ്ചായത്തിൽനിന്നും 5 പേർ ക്ലാസിൽ പങ്കെടുത്തു. പഞ്ചായത്തുതലത്തിലുള്ള പരിശീലനം 16-11-96-ൽ തെക്കേത്തുകവല എൻ.എസ്. എൽ.പി. സ്കൂളിൽവച്ചാണ് നടന്നത്. 56 പേർ ഈ പരിശീലനക്ലാസ്സിൽ പങ്കെടുത്തിരുന്നു.

രണ്ടു ദിവസങ്ങളിലായി പഠനപര്യടനം നടന്നു. പത്തു പേർ പര്യടനപരിപാടികളിൽ സജീവമായി പങ്കു ചേർന്നു. എല്ലാ വാർഡുകളിലും പര്യടനസംഘം എത്തിയിരുന്നു. ആവേശകരവും ഫലപ്രദവുമായിരുന്നു ഈ പരിപാടി.

കൃഷിഓഫീസർ, മൃഗഡോക്ടർ, വി.ഇ.ഒ.മാർ തുടങ്ങിയവർ ഗ്രാമസഭകളിലും തുടർന്നുള്ള പ്രവർത്തനങ്ങളിലും സർവാത്മനാ സഹകരിച്ചു. വിവിധ വാർഡുകളിൽനിന്നുള്ള ഗ്രാമസഭാപ്രതിനിധികൾ യോഗം ചേർന്ന് തയ്യാറാക്കിയ റിപ്പോർട്ട് വായിച്ച് പാകപ്പിഴകൾ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ നല്കുകയുണ്ടായി. റിപ്പോർട്ട് എഴുതി തയ്യാറാക്കുന്നതിന് ഒരു ഗ്രൂപ്പ് സംഘടിപ്പിക്കപ്പെട്ടിരുന്നു. ഡിസംബർ 19-ാം തീയതിയും 20-ാം തീയതിയുമായി ചേർന്ന പഞ്ചായത്തുഭരണസമിതി റിപ്പോർട്ട് വായിച്ച് ചർച്ചചെയ്ത് അംഗീകരിച്ചു.

ഗ്രാമസഭായോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	വാർഡ്	പങ്കെടുത്തവരുടെ എണ്ണം			യോഗം നടന്ന തീയതി	സ്ഥലം
		പുരുഷൻ	സ്ത്രീ	ആകെ		
1	I	61	8	69	29-9-96	സി.എം.എസ്.എൽ.പി.എസ്, പൊൻകുന്നം
2	II	50	72	122	2-10-96	ഗവ. ഹൈസ്കൂൾ, പൊൻകുന്നം
3	III	41	9	50	2-10-96	എസ്.എച്ച്.യു.പി.എസ്., പൊൻകുന്നം
4	IV	40	14	54	28-9-96	ഗവ. എച്ച്.എസ്., പൊൻകുന്നം
5	V	60	33	93	2-10-96	എസ്.പി.വി.എൻ.എസ്.എസ്.യു.പി.എസ്., പൊൻകുന്നം
6	VI	46	9	55	29-9-96	ചിറക്കടവ് യു.പി.എസ്.
7	VII	50	10	60	29-9-96	സി.എം.യു.പി.എസ്. ചെന്നാക്കുന്ന്
8	VIII	47	14	61	28-9-96	ഗവ. എൻ.എസ്.എൽ.പി.എസ്. തെക്കേത്തുകവല
9	IX	58	17	75	2-10-96	ഗവ. എൻ.എസ്.എൽ.പി.എസ്. തെക്കേത്തുകവല
10	X	56	17	73	28-9-96	സെൻറ് ഇഫ്രേംസ് യു.പി.എസ്., ചിറക്കടവ്
11	XI	87	15	102	2-10-96	ഗവ. എൽ.പി.എസ്. കാവുംഭാഗം
12	XII	85	29	114	28-9-96	എസ്.സി.റ്റി.എം.യു.പി.എസ്. ചെറുവള്ളി
ആകെ		681	247	928		

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര് - ചിറക്കടവ് ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജുകൾ - ചിറക്കടവ്, ചെറുവള്ളി

ബ്ലോക്ക് പഞ്ചായത്ത് - വാഴൂർ

താലൂക്ക് -കാഞ്ഞിരപ്പള്ളി

അസംബ്ലി മണ്ഡലം - വാഴൂർ

പാർലമെൻറ് മണ്ഡലം -കോട്ടയം

വിസ്തീർണ്ണം - 38.4 ചതുരശ്ര കി. മീ.

അതിരുകൾ - വടക്ക്-എലിക്കുളം പഞ്ചായത്ത്

തെക്ക് - മണിമല, വെള്ളാവൂർ പഞ്ചായത്തുകൾ

കിഴക്ക് - കാഞ്ഞിരപ്പള്ളി പഞ്ചായത്ത്

പടിഞ്ഞാറ് - വാഴൂർ പഞ്ചായത്ത്

ജനസംഖ്യ - 31813

പുരുഷന്മാർ - 15945

സ്ത്രീകൾ - 15868

ജനസാന്ദ്രത -828

അക്ഷരാഭ്യാസമുള്ളവർ -27496

വാർഡുകൾ - 12

പ്രസിഡൻറിന്റെ പേര്-ഗിരീഷ് എസ്. നായർ

വൈസ്പ്രസിഡൻറിന്റെ പേര് - ജോർജ് ജോസഫ് വടശ്ശേരി

സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ - വി. ജി. ലാൽ

ചരിത്രപശ്ചാത്തലം

സ്ഥലപുരാണവും മറ്റും

'ചിറക്കടവ്' എന്ന സ്ഥലനാമം 'ചിറയുടെ കടവ്' എന്ന അർത്ഥത്തിൽ ഉണ്ടായതാകാം. അല്ലെങ്കിൽ, ശബരിമല തീർത്ഥാടകർ 'ചെറുകടവ്' എന്നു പറഞ്ഞുവന്നതിൽനിന്ന് ഉണ്ടായതാകാം. ചിറക്കടവുക്ഷേത്രം മണ്ണംപ്ലാവുവഴി എരുമേലിക്കു പോകുന്ന പ്രസിദ്ധമായ പഴയ ശബരിമല നടപ്പാതയിൽ 'അരുവിപ്പാറ' വലിയകടവ് ആയിരുന്നിരിക്കാം.

പഴയ ആധാരങ്ങളിലും മറ്റും 'കൂവത്താഴെ' എന്ന പേര് ഉപയോഗിച്ചുകാണുന്നുണ്ട്. ക്ഷേത്രസ്ഥാപകനെന്ന് ഐതിഹ്യങ്ങൾ പറയുന്ന കൂപകമഹർഷിയുടെ പേരിനെ സൂചിപ്പിക്കുന്നതാണ് ഈ പേരെന്നും, അദ്ദേഹം തപസ്സിനു പയോഗിച്ച കൂവളത്തറയെ സൂചിപ്പിക്കുന്നതാണെന്നും വിശ്വാസങ്ങളുണ്ട്.

ചിറക്കടവ്, ചെറുവള്ളി വില്ലേജുകൾ ചേർന്നതാണ് ഈ പ്രദേശം. ചിറക്കടവ് ശ്രീമഹാദേവക്ഷേത്രം, ചെറുവള്ളി ഭഗവതീക്ഷേത്രം എന്നിവയ്ക്കു ചുറ്റുമുള്ള ജനവാസകേന്ദ്രങ്ങളായിട്ടാണ് ഇവിടെ ചരിത്രം ആരംഭിക്കുന്നത്. ക്ഷേത്രങ്ങളുടെ പഴക്കം നിർണയിക്കപ്പെട്ടിട്ടില്ല. എ.ഡി. 18-ാം ശതകത്തിനു മുമ്പുള്ള ചരിത്രം ഐതിഹ്യങ്ങളുടെ സമൃദ്ധി മാത്രമാണ്. രണ്ടു ക്ഷേത്രങ്ങൾക്കു ചുറ്റും നെൽപ്പാടങ്ങൾ ഉണ്ടായിരുന്നു. 1940 വരെ സജീവമായി നിലനിന്നിരുന്ന മണിമലയാറ്റിലൂടെയുള്ള ജലഗതാഗതമാർഗമായിരുന്നു മുമ്പ് ബാഹ്യപ്രദേശങ്ങളുമായി സമ്പർക്കത്തിനുള്ള പ്രധാന മാർഗം. പഞ്ചായത്തിന്റെ ആ തെക്കൻഭാഗങ്ങളായിരുന്നു ആദ്യത്തെ ജനവാസകേന്ദ്രങ്ങൾ.

ചെറുവള്ളി വില്ലേജിലെ പഴയ ആധാരങ്ങളിൽ 'ചെമ്പകശ്ശേരി വക', 'ചെമ്പകശ്ശേരി തോട്ടം മണിയാരുവക' എന്നൊക്കെ കാണുന്നുണ്ട്. ആ പ്രദേശം ചെമ്പകശ്ശേരി രാജവംശത്തിന്റെ അധീനതയിലായിരുന്നുവെന്ന ഐതിഹ്യത്തിന് ചരിത്രപരമായ മറ്റു തെളിവുകളില്ല.

എ.ഡി. 11-ാം നൂറ്റാണ്ടിൽ പില്ക്കാല ചേരസാമ്രാജ്യത്തിന്റെ തകർച്ചയെ തുടർന്ന് പല സാമന്തന്മാരും ഇട പ്രഭുക്കന്മാരും സ്വയംഭരണാധികാരികളായി പ്രഖ്യാപിച്ച് സ്വന്തമായി രാജ്യങ്ങൾ സ്ഥാപിച്ചു. പഴയ കോട്ടയം ഡിവിഷനിൽ (ജില്ലയിൽ) പെടുന്ന പ്രദേശങ്ങൾ വടക്കുംകൂർ, തെക്കുംകൂർ, പൂഞ്ഞാർ, ഇടപ്പള്ളി, പറവൂർ, ആലങ്ങാട് എന്നിങ്ങനെ ആറ് രാജ്യങ്ങളായിരുന്നു. എ.ഡി. 1100-ന് അടുത്ത് വെൺപൊലിനാട് (സംസ്കൃതം: ബിംബിലദേശം) രണ്ടു രാജ്യങ്ങളായി പിരിഞ്ഞ് ഉണ്ടായതാണ് തെക്കുംകൂറും വടക്കുംകൂറും. ഇന്നത്തെ ചങ്ങനാശ്ശേരി, കോട്ടയം, തിരുവല്ലാ, കാഞ്ഞിരപ്പള്ളി എന്നീ താലൂക്കുകളും മീനച്ചിൽ താലൂക്കിന്റെ ഒരു ഭാഗവും ഉൾപ്പെട്ടിരുന്ന പ്രദേശമായിരുന്നു തെക്കുംകൂർ രാജ്യം. ആദ്യ ആസ്ഥാനം വെന്നിമല ആയിരുന്നു. പിന്നീട് മണികണ്ഠപുരത്തേക്കും നട്ടാശ്ശേരിയിലേക്കും മാറ്റി. ഒടുവിൽ ചങ്ങനാശ്ശേരിയിലായി.

1749-ൽ മാർത്താണ്ഡവർമ്മ തെക്കുംകൂർ പിടിച്ചടക്കി തിരുവിതാംകൂറിന്റെ ഭാഗമാക്കി. തുടർന്ന് 1751-52, 1773 എന്നീ വർഷങ്ങളിൽ സമഗ്രമായ കണ്ടെഴുത്തു നടത്തി. ഭൂമിയെക്കുറിച്ചും ഉടമസ്ഥതയെക്കുറിച്ചും പൂർണവിവരങ്ങൾ അടങ്ങുന്ന രേഖകൾ തയ്യാറാക്കി. കുരുമുളകുതോട്ടങ്ങൾക്ക് സംരക്ഷണവും പ്രോത്സാഹനവും ഏർപ്പെടുത്തി. ഇതോടെയാണ് ആധുനിക കൃഷിയുടെ ആരംഭം.

വഞ്ഞിപ്പുഴ ചീഫ് എന്നു സാധാരണയായി പറഞ്ഞുവന്നിരുന്ന വഞ്ഞിപ്പുഴമഠം ഉഴുത്തിരര് (ഇത് സ്ഥാനപ്പേരാണ്) എന്ന ബ്രാഹ്മണ ഇടപ്രഭു കുടുംബത്തിന് ഇടവക സ്വത്തായി കരമൊഴിവായി കിട്ടിയതാണ് ചിറക്കടവ്, ചെറുവള്ളി, പെരുവന്താനം എന്നീ കരകളും ക്ഷേത്രങ്ങളും. മാർത്താണ്ഡവർമയുടെ ആക്രമണത്തിനു വളരെ മുമ്പുമുതൽ ഈ അവകാശം നിലവിലുണ്ട്. എ.ഡി. 1100-നും 1500-നും ഇടയിൽ പല കാലങ്ങളിൽ പലയിടങ്ങളിലും കുടിയേറിയ മാടമ്പിമാരുടെ കൂട്ടത്തിൽ വഞ്ഞിപ്പുഴ മഠത്തെയും പെടുത്താം. വനവിഭവങ്ങൾ, ആനകളും മറ്റ് വന്യമൃഗങ്ങളും എന്നിവയുടെയെല്ലാം അവകാശികൾ വഞ്ഞിപ്പുഴത്തമ്പുരാക്കന്മാരായിരുന്നു. ആധുനികകൃഷിയുടെ ആരംഭത്തോടെ 'വിചാരിപ്പുകാരൻ', 'മില്ലുക്കാരൻ' തുടങ്ങിയ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് മിച്ചവാരം പിരിച്ച് ക്ഷേത്രച്ചെലവുകഴിച്ച് ബാക്കി തമ്പുരാൻ എടുത്തുപോന്നു. വഞ്ഞിപ്പുഴയുടെ ആസ്ഥാനം ചെങ്ങന്നൂരായിരുന്നു. (1936

മുതൽ 1940 വരെയുള്ള കാലത്താണ് ചിറക്കടവ്, ചെറുവള്ളി വില്ലേജുകളിൽ സെറ്റിൽമെൻറ് സർവെ നടത്തി കരം പുതുക്കി പട്ടയപ്പെടുത്തിയത്. ഇതിനുവേണ്ടിവന്ന ചെലവ് തിരുവിതാംകൂർ സർക്കാരിനു കൊടുക്കാൻ വഞ്ചിപ്പുഴ ചീഫ് ബാദ്ധ്യതപ്പെട്ടു. ഇതിനു നിവൃത്തിയില്ലാഞ്ഞതിനാൽ പ്രതിഫലം വാങ്ങി ഭൂമി സർക്കാരിലേക്കു വിട്ടുകൊടുക്കാൻ ചീഫ് തയ്യാറായി. 1-11-1955-ലെ XXVII-ാം നിയമമായ ഇടവക അകമിസിഷൻ ആക്ട്പ്രകാരം 1-1-1956-ൽ ഇടവക ഭരണം അവസാനിച്ചു.)

തെക്കുംകൂർ രാജ്യം കൊച്ചി തുറമുഖത്തിൻെറ പശ്ചാത്തലഭാഗം എന്ന നിലയ്ക്ക് സുഗന്ധവിളകളുടെയും വനവിഭവങ്ങളുടെയും കാര്യത്തിൽ പ്രധാന പങ്കുവഹിച്ചിരുന്നു. കുരുമുളകിനുവേണ്ടി ഡച്ചുകാരും ഇംഗ്ലീഷുകാരും തമ്മിൽ നടന്ന നീണ്ട മത്സരങ്ങൾ 1795-ൽ തിരുവിതാംകൂർ ഈസ്റ്റ് ഇന്ത്യ കമ്പനിക്ക് കീഴ്പ്പെട്ടതോടെ അവസാനിച്ചു. ഇതോടെ മുതലാളിത്ത രീതിയിലുള്ള ആധുനികകൃഷി നമ്മുടെ ചുറ്റുപാടും ആരംഭിച്ചു. 19-ാം നൂറ്റാണ്ടിൽ കുടിയേറ്റകർഷകർ വരുന്നതുവരെ വനഭൂമിയിൽ സംരക്ഷിച്ചു നിർത്തിയിരുന്ന വിളയായിരുന്നു കുരുമുളക്.

കാടുകൾ നാടാകുന്നു

പുതിയ സാഹചര്യങ്ങളിൽ കച്ചവടമൂലധനം കൃഷിയിലേക്കു മാറ്റിയവരും അല്ലാത്തവരുമായ ക്രിസ്ത്യൻ കുടിയേറ്റക്കാർ എത്തിയത് 1850-കളോടെയാണ്. തിരുവിതാംകൂർ സർക്കാർ മെല്ലെമെല്ലെ പഴയ സാമൂഹ്യബന്ധങ്ങളും ഉടമാരീതികളും ഇത്തരം പുതിയ കർഷകർക്ക് അനുകൂലമായി മാറ്റാൻ നിർബന്ധിതരായി. ഭരണത്തിൽ ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ നിയന്ത്രണം വർദ്ധിച്ചുവന്നതോടെ ഈ മാറ്റങ്ങളുടെ വ്യാപ്തിയും വർദ്ധിച്ചുകൊണ്ടിരുന്നു. 1860-ലെ പണ്ടാരപ്പാട്ട വിളംബരം, 1895-ലെ ജന്മികുടിയാൻ നിയമം എന്നിവയെല്ലാം പഴയ ജന്മിമാരുടെ സാമൂഹ്യസ്ഥാനത്തിന് ഇടിവുണ്ടാക്കി.

1877 ജൂലൈ 11-ാം തീയതി പൂഞ്ഞാർ വലിയരാജ കേരള വർമയും ഇംഗ്ലീഷ് തോട്ടമുടമയായ ജോൺ ഡാനിയൽ മൺറോയും തമ്മിൽ ഉണ്ടാക്കിയ കരാറാണ് സുപ്രസിദ്ധമായ കണ്ണൻദേവൻ ഹിൽ പ്രൊഡ്യൂസ് കമ്പനിയുടെ ഉത്ഭവത്തെ കുറിച്ചത്. 1840-ൽ സർവേ നടത്തി. 1863-ഓടെ നിർമിതമായ കോട്ടയം-കുമളി റോഡ് 1885-ൽ നിർമിതമായ 'പൊൻകുന്നം-പാലാ' റോഡ് എന്നിവ പൊൻകുന്നത്തെ ഒരു പ്രധാന കവലയും പഞ്ചായത്തിൻെറ കേന്ദ്രവുമാക്കി മാറ്റി.

1751-ൽ കുരുമുളക്, പുകയില, ഉപ്പ്, കറുപ്പ് എന്നിവയുടെ വിപണനകുത്തക സർക്കാറിനായി. നമ്മുടെ നാട്ടുകാർ ഉപ്പു വാങ്ങാൻ ചങ്ങനാശ്ശേരി പണ്ടകശാലയിൽ പോകേണ്ടിയിരുന്നു. കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചതോടെ നാട്ടുകാരുടെ നിവേദനപ്രകാരം പൊൻകുന്നത്ത് ഒരു ഉപ്പുപണ്ടകശാല സ്ഥാപിച്ചു (തീയതി ലഭ്യമല്ല). ഇപ്പോൾ പൊൻകുന്നം പോലീസ്സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലത്ത് സ്ഥാപിച്ച പണ്ടകശാലയാണ് ആദ്യസ്ഥാപനം.

ഇക്കാലത്ത് പറമ്പ്-തോട്ടവിളകളുടെ വാണിജ്യത്തിലുണ്ടായ വികാസം വൻതോതിൽ വനം വെട്ടിത്തെളിച്ച് കൃഷി തുടങ്ങാൻ വഴിവച്ചു. (കുമളി റോഡിൻെറ ആവിർഭാവത്തോടെ ധാരാളമായി കച്ചവടസംഘങ്ങളുടെ ഗതാഗതം, കവർച്ചസംഘങ്ങളുടെയും മറ്റും അക്രമപ്രവർത്തനങ്ങൾ എന്നിവയൊക്കെ റോഡരുകിലുണ്ടായിരുന്നവരുടെ സൈരജീവിതത്തെ ബാധിച്ചുതുടങ്ങി. ഇതുമൂലവും കൃഷിയിടങ്ങളുടെ വ്യാപനംമൂലവും കാഞ്ഞിരപ്പള്ളിയിൽനിന്നും മറ്റും വെള്ളാളരും മറ്റുമായ കൃഷിക്കാർ കുടിയേറുന്നതിനിടയായി. വെള്ളാളരായ കൃഷിക്കാർ മുമ്പുതന്നെ കുറെ കുടുംബങ്ങൾ സ്ഥാപിച്ചിരുന്നു. ഇങ്ങനെ പല ഘട്ടങ്ങളിലും പല വിഭാഗക്കാരായവരുടെ ചെറിയ തോതിലുള്ള കുടിയേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്). കർഷകരുടെ എണ്ണം വർദ്ധിച്ചതോടെ ജലലഭ്യതയുള്ള ഇടങ്ങളിലെല്ലാം നെൽകൃഷിയും തുടങ്ങി. 1860-ൽ കാപ്പികൃഷി വ്യാപകമായി. ഇതേകാലത്ത് തേയിലകൃഷിയും എത്തി. തെങ്ങും, കമുകും ധാരാളമായി കൃഷിചെയ്തിരുന്നു. മരച്ചീനി കൃഷിയും വൻതോതിൽ ഉണ്ടായിരുന്നു. ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും ചേന, കാച്ചിൽ തുടങ്ങിയവയും വിളകളിൽ പെട്ടിരുന്നു.

അന്ന് ഭൂവുടമകളായിരുന്ന ചുരുക്കം ജന്മിമാരിൽനിന്ന് ഒറ്റിയും കുഴിക്കാണവും വഴി ഭൂമി കൈവശപ്പെടുത്തിയ ക്രിസ്ത്യൻ കുടിയേറ്റ കൃഷിക്കാരാണ് നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് കാടുകൾ നാടാക്കി മാറ്റിയവരിൽ പ്രധാനികൾ. പഴയ കൃഷിക്കാരിൽ അധികവും വെള്ളാളരായിരുന്നു. 19-ാം നൂറ്റാണ്ടിൻെറ അവസാനത്തിൽപോലും കെ.കെ. റോഡിൻെറ 20-ാം മൈൽ മുതൽ കിഴക്കോട്ടുള്ള ഭാഗങ്ങൾ മുഴുവൻ വൻകാടുകളായിരുന്നു. 1910 മുതൽ നാടെന്നോ കാടെന്നോ ഉള്ള വ്യത്യാസം കൂടാതെ കൈവശഭൂമിക്ക് കരം കൊടുക്കേണ്ടി വന്നു. ഇതും ഭൂമിയുടെ മേലുള്ള അവകാശം ഉപേക്ഷിക്കാൻ ജന്മിമാരെ പ്രേരിപ്പിച്ചു.

കൃഷിയിടങ്ങളുടെയും ജനസംഖ്യയുടെയും വികാസം പൊൻകുന്നം അങ്ങാടിയായി മാറാൻ ഇടയാക്കി. 'ചിറക്കടവ് ക്ഷേത്രം-മണ്ണംപ്ലാവ്' വഴിയുള്ള പഴയ ശബരിമല നടപ്പാതയിൽ അങ്ങനെ പൊൻകുന്നവും ഒരു പ്രധാന കേന്ദ്രമായി. വർഷത്തിൽ ഒരിക്കൽ തീർത്ഥാടകരുടെ വിശ്രമകേന്ദ്രങ്ങൾ എന്നതിനു പുറമേ ഈ മൂന്നു സ്ഥലങ്ങളും വ്യാപാരികളുടെ കേന്ദ്രങ്ങൾകൂടിയായി. ഓട്ടുപാത്രങ്ങളും ചെമ്പുപാത്രങ്ങളും തുണിയും പണിയായുധങ്ങളും ഉൾപ്പെടെയുള്ള വില്പനസാധനങ്ങൾ നിറഞ്ഞ പന്തലുകളുടെ നീണ്ട നിരകൾ ഈ അവസരങ്ങളിൽ ഉയർന്നു. കച്ചവടസാധനങ്ങളോടൊപ്പം പല പ്രദേശങ്ങളിൽനിന്നുള്ള നാട്ടറിവുകളും ഈ സംഘങ്ങൾ വഴി എത്തിച്ചേർന്നിരുന്നു.

ആശാൻകളരികളും, കുടിപ്പള്ളിക്കൂടങ്ങളുമായിരുന്നു വിദ്യാഭ്യാസസ്ഥാപനങ്ങൾ. ആതുരസേവനം പ്രശസ്ത നാട്ടുവൈദ്യന്മാർ, വിഷഹാരികൾ, മർമ്മചികിത്സകർ

എന്നിവർ നിർവഹിച്ചു. ഇടവഴികൾ മാത്രമാണ് പഞ്ചായത്തിനുള്ളിൽ സഞ്ചാരത്തിനുണ്ടായിരുന്നത്. നീതിനിർവഹണം പഴയ നാട്ടാചാരങ്ങളും ഭൂവുടമാബന്ധങ്ങളും അടിസ്ഥാനപ്പെടുത്തി തീരുമാനങ്ങൾ എടുത്തിരുന്ന നാട്ടുകാര്യസ്ഥർ നിർവഹിച്ചു പോന്നു.

1850-നു ശേഷം കാഞ്ഞിരപ്പള്ളി ഗവ. സ്കൂൾ ആരംഭിച്ചിരുന്നു. 1885-ൽ ചർച്ച് മിഷൻ സൊസൈറ്റിയുടെ (സി.എം.എസ്.) ഒരു എൽ.പി.സ്കൂൾ ആരംഭിച്ചു. സ്കൂൾ കെട്ടിടംതന്നെ പ്രാർത്ഥനാലയമായും ഉപയോഗിച്ചു. ആദ്യ അദ്ധ്യാപകൻ ശാമുവേൽ ആശാനായിരുന്നു. അദ്ദേഹം മതപരിവർത്തനം നേടിയ ഈഴവ സമുദായാംഗമായിരുന്നു. സ്കൂൾ തുടക്കം മുതൽ അവർണ്ണ സമുദായക്കാർക്കും പ്രവേശനം അനുവദിച്ചിരുന്ന സ്ഥാപനമായിരുന്നു.

ഈ കാലയളവിൽ കുടിയേറ്റകർഷകർ പുതിയ സാമൂഹ്യ ശക്തിയായി ഉയർന്നുകഴിഞ്ഞിരുന്നു. കാർഷികപ്രശ്നങ്ങൾ, പുതിയ ശക്തിയെന്ന നിലയിലുണ്ടായ ഉയർച്ച എന്നിവ സാമുദായികമായി സംഘടിക്കുകയെന്നത് അത്യാവശ്യമാക്കിത്തീർത്തു.

വീട്ടുവേലിൽകുന്നേൽ കുഞ്ഞേപ്പുതോമ്മായുടെ നേതൃത്വത്തിൽ 1891-ൽ പൊൻകുന്നം തിരുകുടുംബദേവാലയവും, റവ: ഫാദർ ജിസ്മനിസ്സാവോസ് വെട്ടിക്കാട്ട് മുൻകൈയെടുത്ത് 1892-ൽ ചിറക്കടവ് സെൻറ് ഇഫ്രേംസ് ദേവാലയവും, 1911-ൽ അണ്ണാവി ആശാന്റെ നേതൃത്വത്തിൽ ആരംഭിച്ച കളരി സ്ഥലവാസികളുടെ തീരുമാനപ്രകാരം രൂപാന്തരപ്പെടുത്തി ചെറുവള്ളി സെൻറ് മേരീസ് ദേവാലയവും സ്ഥാപിതമായി. ഉയർന്നുവന്ന സാമൂഹ്യശക്തിയുടെ സാംസ്കാരികവും ആശയപരവും രാഷ്ട്രീയവുമായ കേന്ദ്രീകരണത്തിന് ഈ മൂന്നു ദേവാലയങ്ങളും സഹായിച്ചു.

1924-ൽ പൊൻകുന്നത്തും, 1926-ൽ ചെറുവള്ളിയിലും, 1937-ൽ ചിറക്കടവിലും പരസ്പരസഹകരണസംഘങ്ങൾ ഉണ്ടാക്കി. 1920-ൽ ഹൈറേഞ്ച് ഇൻഡസ്ട്രിയൽ ബാങ്കും ആരംഭിച്ചിരുന്നു. ഈ ധനകാര്യസ്ഥാപനങ്ങളും പുതിയ കാർഷികശക്തിയുടെ ആവശ്യകതയുടെ ആവിഷ്കാരമായിരുന്നു.

1881-ലും, 1891-ലും സ്ഥാപിച്ച ചന്തകൾ നിന്നുപോയി. പില്ക്കാലത്ത് പ്രസിദ്ധമായിത്തീർന്ന പൊൻകുന്നം ചന്ത 1895-ൽ സ്ഥാപിതമായി. ചന്തയുടെ ഉദ്ഘാടകനായിരുന്ന ശ്രീ ടി. പപ്പുപിള്ള മജിസ്ട്രേട്ടാണ് സ്ഥലത്തിന് 'പൊൻകുന്നം' എന്ന് പേരിട്ടത് എന്ന് 'അവന്തി പബ്ലിക്കേഷൻസി'ന്റെ 'പൊൻകുന്നം—ചരിത്രത്തിലൂടെ' എന്ന പുസ്തകത്തിൽ കാണുന്നു. ചന്തയ്ക്കും സർക്കാർ സ്ഥാപനങ്ങൾക്കുമായി സ്ഥലം പൊന്നിൻവിലയ്ക്കെടുത്ത പ്രദേശമായിരുന്നതിനാലാണത്രേ ഈ പേരിട്ടത്. ഇക്കാര്യങ്ങൾ സ്ഥിരീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ചന്തയുടെ ചുറ്റുമായാണ് പില്ക്കാലത്ത് കൂത്താട്ടുകളും, മൂവാറ്റുപുഴ, ഹൈറേഞ്ച് പ്രദേശങ്ങൾ, റാന്നി എന്നിവിടങ്ങളിൽ നിന്നെല്ലാം മലഞ്ചരക്കുകൾ എത്തുന്ന വ്യാപാരകേന്ദ്രമായി പൊൻകുന്നം വളർന്നത്.

തമിഴ്നാട്ടിൽനിന്ന് കച്ചവടത്തിനായി വന്ന് മലഞ്ചരക്കു വ്യാപാരരംഗത്ത് ആധിപത്യമുറപ്പിച്ചവരും പിന്നീട് പലപ്പോഴായി ചങ്ങനാശ്ശേരിയിൽനിന്നു വന്നവരും ആണ് മുസ്ലിം ജനവിഭാഗത്തിന്റെ മുൻതലമുറക്കാർ. 1929-ൽ പൊൻകുന്നം മുസ്ലിം ദേവാലയം സ്ഥാപിതമായി. തമിഴ്നാട്ടിൽനിന്ന് വന്നവരാണ് ഇതിന് മുൻകൈയെടുത്തത്. ഗുലാംബോസ് എന്ന പോലീസ് സബ് ഇൻസ്പെക്ടർ വഹിച്ച പങ്കും പലരും അനുസ്മരിക്കുന്നുണ്ട്. ശ്രീ മസൂദ് റാവുത്തർ പള്ളിയുടെ നടത്തിപ്പിൽ ആദ്യകാലത്ത് വഹിച്ചിരുന്ന സജീവമായ പങ്കും അനുസ്മരിക്കപ്പെടുന്നുണ്ട്. മുങ്ങത്തറക്കവലക്കു സമീപമുള്ള മലമേൽ ജമാ-അത്ത് പള്ളിക്ക് 140 വർഷം പഴക്കമുണ്ടെന്നാണ് അറിയുന്നത്.

പുതിയ സാമൂഹ്യബന്ധങ്ങൾ ഗവൺമെൻറ് ഓഫീസുകൾ ആവശ്യമാക്കിത്തീർത്തു. 1875-ൽ സ്ഥാപിതമായ പോലീസ് ആമീൻ കോർട്ട് പിന്നീട് നിർത്തലാക്കി. അതിനടുത്തെന്നോ സത്രം സ്ഥാപിതമായി. 1892-ൽ രജിസ്റ്റർകച്ചേരി വന്നു. ചന്തയ്ക്ക് സമീപം കുന്നേൽ കെട്ടിടത്തിൽ അഞ്ചലാപ്പീസ് (തപാൽ ഉരുപ്പടികൾ ഒരു സ്ഥലത്തുനിന്നും മറ്റൊരിടത്തേക്ക് മണിയും കിലുക്കിയോടുന്ന അഞ്ചലോട്ടക്കാരൻ എത്തിക്കുന്ന രീതി) ആരംഭിച്ചു. 1891-ൽ മൂന്നാം ക്ലാസ് മജിസ്ട്രേറ്റ് കോർട്ട്, 1908-ൽ രണ്ടാം ക്ലാസ് മജിസ്ട്രേട്ട് കോടതി എന്നിവ ആരംഭിച്ചു. ഈ സ്ഥാപനങ്ങൾ പ്രവർത്തനം നിലച്ച സത്രം കെട്ടിടത്തിലേക്ക് ഇവ മാറ്റി. രണ്ടാം ക്ലാസ് മജിസ്ട്രേട്ടിന് മുൻസിഫിന്റെ ചുമതലകൂടി ഉണ്ടായിരുന്നു. 1951-ൽ കോടതികൾ ഇന്നത്തെ സ്ഥലത്തേക്കു മാറ്റി സ്ഥാപിച്ചു.

രാജേന്ദ്രമൈതാനം അന്ന് ചന്തയിൽ ധാരാളമായി എത്തുന്ന കാളവണ്ടികൾക്കുള്ള വണ്ടിപ്പേട്ടയായിരുന്നു. മൈതാനത്തെ പുത്തൻകിണർ വിക്ടോറിയ കൊറോണേഷൻ ജൂബിലി കിണർ എന്നറിയപ്പെട്ടിരുന്നതിനാൽ 1887-നുശേഷം സ്ഥാപിതമായതാവണം.

സ്കൂളുകളുടെ ആരംഭം, ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനം, എന്നിവയെക്കുറിച്ച് റിപ്പോർട്ടിന്റെ മറ്റു ഭാഗങ്ങളിൽ പരാമർശിക്കുന്നുണ്ട്. നവീനവിദ്യാഭ്യാസം നേടിയ ആദ്യതലമുറ നമ്മുടെ നാട്ടിൽ ഉണ്ടായത് ഈ നൂറ്റാണ്ടിന്റെ ആദ്യത്തെ ദശകങ്ങളിലാണ്.

പുതിയ വികാസങ്ങൾ പൊതുവിൽ എല്ലാ വിഭാഗങ്ങളിലും സാമുദായികമായ ഉണർവിന് വഴിയൊരുക്കി. സാമുദായികസംഘടനകൾ തങ്ങളുടെ സാമൂഹ്യഅസ്തിത്വത്തിന് അവശ്യഘടകമാണ് എന്ന ധാരണ ജനങ്ങളിലുണ്ടായി.

നവോത്ഥാന പ്രവർത്തനങ്ങൾ

സി. കൃഷ്ണപിള്ളയുടെയും മറ്റും നേതൃത്വത്തിൽ സ്ഥാപിതമായ തിരുവിതാംകൂർ നായർ സമാജത്തിന്റെ പ്രചാരണപ്രവർത്തനങ്ങളുടെ ഫലമായി 1910-ൽ 'ചിറക്കടവ് കരയോഗം' ആരംഭിച്ചിരുന്നു. വൈക്കത്തുനിന്നും നമ്മുടെ നാട്ടിൽ വന്ന് 1906-ൽ അതായത് കൊല്ലവർഷം 1081 കന്നി 16-ന് വിവിധ സാമൂഹ്യസാംസ്കാരികരംഗങ്ങളിൽ ഏഴ് വർഷക്കാലം പ്രവർത്തിച്ച ശ്രീ സി.കെ. നാരായണപിള്ള (പിന്നീട് സ്വാമി ദയാനന്ദൻ എന്ന പേരിൽ പ്രഖ്യാതനായി) വഹിച്ച നേതൃത്വപരമായ പങ്ക് അനുസ്മരിക്കപ്പെടേണ്ടതാണ് (കൂടുതൽ വിവരങ്ങൾ അന്യത്ര). ഇദ്ദേഹത്തിനു പുറമേ സ്വാമിതീർത്ഥപാദപരമഹംസർ (1882-1938) മഹാപണ്ഡിതനും സാഹിത്യകാരനും പ്രസിദ്ധവൈദ്യനുമായ ആയുർവ്വേദാചാര്യൻ പണ്ഡിറ്റ് സി.രാമകൃഷ്ണൻനായർ, അയിരൂർ ഭാഗത്തുനിന്നും എത്തിയ മണ്ണത്താഴത്തേതിൽ എൻ. നീലകണ്ഠപ്പിള്ള വൈദ്യൻ, വാണിയടത്തു പരമേശ്വരൻപിള്ള എന്നിവരുടെ പ്രവർത്തനങ്ങൾ ചട്ടമ്പിസ്വാമിയുടെ അദ്വൈതചിന്തയും നവോത്ഥാന ആശയങ്ങളും പ്രചരിപ്പിച്ച് നമ്മുടെ പ്രദേശത്തെ സാമൂഹ്യബോധം നവീകരിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. കരയോഗത്തിന്റെ നേതൃത്വത്തിൽ സാംസ്കാരികയോഗങ്ങളും സജീവ വനിതാസംഘങ്ങളുടെ സംഘാടനവും നടന്നു. 1936 ജനുവരി 28-ന് പൊൻകുന്നം എൻ.എസ്.എസ്. യൂണിയൻ സ്ഥാപിതമായി. ശ്രീ മഞ്ഞപ്പള്ളിൽ രാമകൃഷ്ണപിള്ള, ശ്രീ വണ്ടങ്കൽ കേശവൻനായർ, ശ്രീ പന്തലാട്ടിൽ കേശവൻനായർ, ശ്രീ താന്നുവേലിൽ കുട്ടൻപിള്ള തുടങ്ങി പലരും ഇതിന് നേതൃത്വം കൊടുത്തു.

1918-ൽ മദ്ധ്യതിരുവിതാംകൂർ വെള്ളാളമഹാസഭ പ്രവർത്തനമാരംഭിച്ചു. പിന്നീടത് തിരുവിതാംകൂർ വെള്ളാളമഹാസഭയായി. തുടക്കം മുതൽ ഈ പ്രസ്ഥാനത്തിന്റെ സംഘാടനവും നിയന്ത്രണവും പ്രധാനമായി നടത്തിയിരുന്നത് നമ്മുടെ പഞ്ചായത്തിലെ ചില മഹത്തുക്കളായിരുന്നു. ശ്രീ പി.എൻ. പിള്ള കമലാലയം, അഡ്വക്കേറ്റ് എസ്. രാമനാഥപിള്ള, അഡ്വ. മുളവേലി, നീലകണ്ഠപിള്ള എന്നിവർ ഈ സംഘടനകളുടെ രൂപീകരണത്തിൽ നെടുനായകത്വം വഹിച്ചു.

1928-ൽ എസ്.എൻ.ഡി.പി. ശാഖായോഗം പ്രവർത്തനമാരംഭിച്ചു. കെട്ടിടനിർമാണത്തിന് നേതൃത്വംകൊടുത്തത് പനയ്ക്കൽ കിട്ടുഭക്തൻ ആയിരുന്നു. സാമൂഹ്യപ്രവർത്തകനും സാഹിത്യകാരനും ആയിരുന്ന ശ്രീ കെ.കെ. ബ്രഹ്മചാരി, അദ്ദേഹത്തിന്റെ സഹോദരനും പണ്ഡിതനും ഗാന്ധിയൻ ആദർശങ്ങളുടെ പ്രചാരകനുമായിരുന്നു. ശ്രീ ദാമോദരൻ സാർ എന്നിവരുടെ പ്രവർത്തനങ്ങൾ അനുസ്മരിക്കേണ്ടതാണ്. ഇക്കാലത്താണ് ശ്രീനാരായണഗുരുദേവൻ പൊൻകുന്നം സന്ദർശിച്ചത്. ആര്യസമാജത്തിന്റെ ആദർശങ്ങളിൽ ആകൃഷ്ടനായി പ്രവർത്തനങ്ങൾ സംഘടിപ്പിച്ച ശ്രീ വിജ്ഞാനചന്ദ്രസേനൻ ഓർമ്മിക്കപ്പെടേണ്ട മറ്റൊരാളാണ്. ഇദ്ദേഹമാണ് ശ്രീ ദയാനന്ദ യു.പി.(എസ്.ഡി.യു.പി.എസ്) സ്കൂൾ സ്ഥാപകൻ. ഈ വിദ്യാലയത്തിൽ തുടക്കംമുതൽ അവർണസമുദായത്തിൽപെട്ട കുട്ടികൾക്ക് പ്രവേശനം അനുവദിച്ചിരുന്നു എന്നു മാത്രമല്ല, ഇവരെ സ്കൂളിൽ എത്തിക്കുന്നതിന് അദ്ദേഹം പ്രത്യേക ശ്രമം നടത്തുകയും ചെയ്തുപോന്നു. എസ്.എൻ.ഡി.പി. പ്രവർത്തനത്തിനോടനുബന്ധിച്ച് സ്ഥാപിതമായി സജീവമായി പ്രവർത്തിച്ചുപോന്ന വനിതാസമാജം സാമൂഹ്യമാറ്റത്തിന് ചെറുതല്ലാത്ത പങ്കു വഹിച്ചിട്ടുണ്ട്. പട്ടികജാതിക്കാരിൽ അധികവും കാർഷിക വൃത്തികൾക്കുവേണ്ടി ചെങ്ങന്നൂർ, വെന്നിമല, പുതുപ്പള്ളി ഭാഗങ്ങളിൽ നിന്നും ജന്മിമാർ കൊണ്ടുവന്നവരാണ്. തുടർന്നു കുടിയേറ്റ കർഷകർ അവരവരുടെ പ്രദേശങ്ങളിൽനിന്നും കുറേപ്പേരെ കൊണ്ടുവന്നു. ജന്മികളുടെ സാമൂഹ്യപദവിക്ക് ഇതിനകം ഇടിവ് തട്ടിത്തുടങ്ങിയിരുന്നു. സി.എം.എസ്. മിഷൻ പ്രവർത്തനങ്ങൾ സജീവമായി കഴിഞ്ഞിരുന്നു. ഉച്ചനീചത്വങ്ങളെ ചെറുക്കുന്ന പുരോഗമനകാരികൾ വിവിധ സാമുദായിക വിഭാഗങ്ങളിൽ ഉയർന്നുക്കഴിഞ്ഞിരുന്നു. ഇതുകൊണ്ടൊക്കെയാണ് ഇവിടെ പട്ടികജാതി പട്ടികവർഗവിഭാഗങ്ങൾക്ക് കടുത്ത മർദ്ദനങ്ങൾ അനുഭവിക്കാതെ രക്ഷനേടാൻ കഴിഞ്ഞത്. സ്വയം സംഘടിച്ച് ശക്തി നേടാനുള്ള പ്രേരണയും; പല ഭാഗങ്ങളിൽനിന്നു വന്നവർ യോജിച്ചു പുതിയൊരു സാംസ്കാരികധാരയ്ക്ക് തുടക്കമിടുന്നതിനുള്ള പ്രേരണയും ഇതുമൂലമുണ്ടാ കാതെപോയി. എങ്കിലും പരിമിതമായ സംഘടനാപ്രവർത്തനത്തിന്റെ ഫലമായി 1920-കളിൽ അനുവദിച്ചുകിട്ടുകയും കെ.കെ.റോഡ് 19-ാം മൈലിൽ വട്ടക്കുഴി ഭാഗത്ത് സ്ഥാപിക്കപ്പെടുകയുംചെയ്ത ശ്മശാനം ഇന്നും നിലനില്ക്കുന്നുണ്ട്.

1924-25-ൽ വൈക്കം സത്യഗ്രഹത്തിൽ പങ്കെടുത്ത ശ്രീ താന്നുവേലിൽ രാമൻനായർ (പാച്ചുപിള്ള) ആദ്യ കോൺഗ്രസ് പ്രവർത്തകരിൽ പ്രധാനിയായിരുന്നു. (കൂടുതൽ വിവരങ്ങൾ അന്യത്ര) ശ്രീ എ.കെ. പാച്ചുപിള്ള വൈക്കത്തെത്തിയ ഗാന്ധിജിയെ സന്ദർശിക്കുകയുണ്ടായി. ശ്രീ ജോൺ പൂന്തോട്ടം, ദാമോദരൻസാർ തുടങ്ങി അന്നത്തെ അനേകം യുവാക്കൾ പങ്കാളിത്തത്തിലൂടെയും അല്ലാതെയും വൈക്കത്ത് പോയി സമരാനുഭവങ്ങൾ പങ്കിട്ടിരുന്നു.

എന്നാൽ നമ്മുടെ പ്രദേശത്ത് ആഴത്തിൽ വേരോടിയ ബഹുജനാടിസ്ഥാനത്തിലുള്ള സംഘടന രൂപംകൊണ്ടത് നിവർത്തനപ്രക്ഷോഭത്തിന്റെ ആരംഭത്തോടെയാണ്.

നിവർത്തനപ്രക്ഷോഭം

1932-ൽ ശ്രീചിത്തിരതിരുനാൾ ബാലരാമവർമ മഹാരാജാവ് അധികാരമേറ്റു. നിലവിലിരുന്ന നിയമസഭയ്ക്ക് പകരം ഒരു ദ്വിമണ്ഡല നിയമസഭ അദ്ദേഹം ഏർപ്പെടുത്തി—ശ്രീമൂലം അസംബ്ലിയും ശ്രീചിത്തിരാ സ്റ്റേറ്റ് കൗൺസിലും. ഭൂനികുതിയെ അടിസ്ഥാനപ്പെടുത്തി വോട്ടവകാശം നിർണ്ണയിച്ചിരുന്നതുകൊണ്ട് ഭൂവുടമകളായ സവർണ്ണ ഹിന്ദുക്കൾക്കു മാത്രമേ സഭയിൽ എത്താൻ കഴിയുകയുള്ളു എന്ന സ്ഥിതി ഉണ്ടായിരുന്നു.

ഇതിനകം സാമുദായികാടിസ്ഥാനത്തിൽ ശക്തമായ സംഘടനയും ആധുനികവിദ്യാഭ്യാസം നേടിയ യുവശക്തിയും കൃഷി, കച്ചവടം എന്നിവയിലൂടെ ആർജിച്ച സമ്പത്തും, പുതിയ ആത്മബോധവും മിഷനറിപ്രവർത്തനങ്ങൾ പകർന്നുകൊടുത്ത ലോകവിവരവും എല്ലാം ഉണ്ടായിക്കഴിഞ്ഞിരുന്നു. അതുകൊണ്ട് ക്രിസ്ത്യൻ, മുസ്ലിം, ഈഴവ സമുദായങ്ങൾക്ക് തെരഞ്ഞെടുപ്പുവ്യവസ്ഥകളെക്കുറിച്ച് സ്വാഭാവികമായും ശക്തമായ അസംതൃപ്തിയുണ്ടായി. ഇവർ സംഘടിച്ച് സംയുക്തരാഷ്ട്രീയസഭ രൂപീകരിച്ചു. നിയമസഭയിലും ഉദ്യോഗരംഗത്തും ജനസംഖ്യാനുപാതികമായി സ്ഥാനം വേണമെന്ന നിവേദനങ്ങൾ കണക്കിലെടുക്കാതെ തെരഞ്ഞെടുപ്പു നടത്താൻ സർക്കാർ ഒരുമ്പെട്ടു. സംയുക്ത രാഷ്ട്രീയസഭ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുവാൻ തീരുമാനിച്ചു. ഇതാണ് നിവർത്തനപ്രസ്ഥാനം. ഈ പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയപ്രവർത്തനത്തിലേക്ക് കടന്നുവന്ന് കേരളരാഷ്ട്രീയത്തിലെ സമുന്നതനേതാവായി മാറിയ ശ്രീ വി.വി. വർക്കി ആണ് നമ്മുടെ പഞ്ചായത്തിൽ നിന്ന് അക്കാലത്ത് ഉയർന്നുവന്ന പ്രധാന വ്യക്തി.

നമ്മുടെ പ്രദേശത്തെ അക്കാലത്തെ രാഷ്ട്രീയപ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന കാഞ്ഞിരപ്പള്ളി നിവർത്തനപ്രക്ഷോഭത്തിന്റെ ശക്തികേന്ദ്രങ്ങളിൽ ഒന്നായിരുന്നു. ഈ പഞ്ചായത്തിൽ മുസ്ലിം, ഈഴവസമുദായങ്ങൾ പ്രസ്ഥാനത്തിൽനിന്നും വിട്ടുനില്ക്കുകയാണ് ഉണ്ടായത്. പുതിയ കർഷകശക്തി ഇങ്ങനെ രാഷ്ട്രീയശക്തി കൂടിയായതോടെ ഭൂരിഭാഗം വരുന്ന ഹൈന്ദവ ജനവിഭാഗങ്ങൾക്ക് സ്വന്തം അവകാശങ്ങളെക്കുറിച്ച് ആശങ്കകൾ ഉണ്ടായി. നിവർത്തനം തിരുവിതാംകൂർ സർക്കാരിന് (പ്രത്യേകിച്ച് ദിവാൻ സി.പി.യ്ക്ക്) എതിരായ പ്രസ്ഥാനമായിരുന്നെങ്കിലും പ്രായോഗികരംഗത്ത് സ്വാഭാവികമായും അത് സവർണ്ണ ഹിന്ദുക്കൾക്ക് എതിരായ പ്രസ്ഥാനമായി വിലയിരുത്തപ്പെട്ടു.

ആഴത്തിൽ വേരോട്ടമുണ്ടായ ആദ്യത്തെ രാഷ്ട്രീയ പ്രസ്ഥാനം എന്ന നിലയ്ക്ക് നിവർത്തനപ്രക്ഷോഭത്തിന് പിന്നീടുള്ള നമ്മുടെ പഞ്ചായത്തിലെ രാഷ്ട്രീയ-സാമൂഹ്യ ജീവിതത്തിന്റെ ഗതി നിർണയിക്കുന്നതിൽ സുപ്രധാനമായ സ്ഥാനമുണ്ട്.

തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്

1938 ഫെബ്രുവരിയിൽ സ്റ്റേറ്റ് കോൺഗ്രസ് രൂപംകൊണ്ടു. ഉത്തരവാദഭരണം സജീവ മുദ്രാവാക്യമായി. പ്രത്യക്ഷ സമരത്തിനു മുന്നോടിയായി മഹാരാജാവിന് സമർപ്പിച്ച നിവേദനത്തിൽ ശ്രീ സി.പി. രാമസ്വാമി അയ്യർക്ക് എതിരായ ആരോപണങ്ങളുടെ രൂപത്തിലുള്ള ശക്തമായ ജനവികാരവും അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടണമെന്നുള്ള ആവശ്യവും അടങ്ങിയിരുന്നു. ഇതോടെ സി.പി. സ്റ്റേറ്റ് കോൺഗ്രസ് നിയമവിരുദ്ധ സംഘടനയായി പ്രഖ്യാപിച്ചു.

തുടർന്ന് ഐതിഹാസികമായ നിയമലംഘനപ്രസ്ഥാനത്തിന്റെ ആരംഭമായി. നമ്മുടെ പഞ്ചായത്തിൽ ഇതിന്റെ നേതൃത്വനിരയിൽ ആദ്യമുണ്ടായിരുന്നവർ ശ്രീ എ.കെ. പാച്ചുപിള്ള, ശ്രീ വി.വി. വർക്കി, ശ്രീ ജോൺ പൂന്തോട്ടം തുടങ്ങിയവരായിരുന്നു. (കൂടുതൽ വിവരങ്ങൾ അന്യത്ര).

ചരിത്രപ്രസിദ്ധമായ ഈ സമരത്തിലൂടെ ചരിത്രപുരുഷനായി ഉയർന്നുവന്ന ശ്രീ.പി.റ്റി.ചാക്കോ, സാഹിത്യനായകന്മാരായ ശ്രീ പൊൻകുന്നം വർക്കി, ശ്രീ പൊൻകുന്നം ദാമോദരൻ എന്നിവർ ദിവാൻ വാഴ്ചയ്ക്കെതിരായ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളിലൂടെ കേരള ചരിത്രത്തിൽ സ്ഥാനംപിടിച്ചവരാണ്.

ചെറുവള്ളി, ചിറക്കടവ് ഭാഗങ്ങളിൽ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സ്വയം മറന്ന് നേതൃത്വം കൊടുത്തവരാണ് ശ്രീ ഇ.എം. പതാൽ, ശ്രീ കെ.ജെ. ചാക്കോ തുടങ്ങിയവർ. സ്ഥാപിത താൽപര്യക്കാരെ വെല്ലുവിളിച്ചുകൊണ്ട് കുന്നത്തുപുഴ കലിങ്കിന് സമീപത്ത് ഇഞ്ചപ്പടർപ്പ് വെട്ടിത്തെളിച്ചുണ്ടാക്കിയ മൈതാനത്ത് ഇവർ യോഗം സംഘടിപ്പിച്ചതും 'മലയാളി'പത്രത്തിന്റെ പത്രാധിപർ ആയിരുന്ന ശ്രീ എം.ആർ. മാധവവാര്യർക്ക് സ്വീകരണം കൊടുത്തതും പ്രത്യേകപരാമർശം അർഹിക്കുന്നു. ശ്രീ ഇ.എം. പതാലിന്റെ ഭാര്യ ശ്രീമതി മേരിക്കുട്ടി എഫ്രേം വിദ്യാർത്ഥിനിയായിരിക്കെ സമരരംഗത്തുണ്ടായിരുന്നു.

ഇന്നു നമ്മുടെ പ്രദേശത്ത് പല മണ്ഡലങ്ങളിലും സജീവമായി പ്രവർത്തിക്കുന്ന അഡ്വ. പി.ആർ. രാജഗോപാൽ ആറാം ഫോം വിദ്യാർത്ഥിയായിരിക്കെ നിരോധനം ലംഘിച്ച് അറസ്റ്റ് വരിക്കുകയുണ്ടായി. 1939 ഒക്ടോബർ 23-ന് ശ്രീമതി അക്കമ്മ ചെറിയാൻ ജാഥ നയിച്ച സംഭവം ഇന്ന് ഭാരതചരിത്രത്തിന്റെ തന്നെ ഭാഗമാണല്ലോ. ഈ സംഭവം നമ്മുടെ പഞ്ചായത്തിലെ രാഷ്ട്രീയ ഉണർവിന് വലിയ സംഭാവന നല്കി.

തുടർന്ന് 1947 മെയ്മാസത്തിൽ ശ്രീ മന്നത്ത് പത്മനാഭൻ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനത്തിലേക്ക് വന്ന് അറസ്റ്റ് വരിച്ചതോടെ നമ്മുടെ പഞ്ചായത്തിലും നായർ സമുദായ അംഗങ്ങളിൽ നിരവധിപേർ കോൺഗ്രസ് പ്രവർത്തകരായി. നിയമം ലംഘിച്ച് അറസ്റ്റ് വരിച്ച പ്രസിദ്ധ നേതാവും അദ്ധ്യാപകനും വാഗ്മിയും ആയിരുന്ന വിദ്വാൻ എം.കെ. നായർക്ക് ജയിൽ വിമോചിതനായപ്പോൾ തിരുവിതാംകൂർ ഒട്ടാകെയായി നിരവധി കേന്ദ്രങ്ങളിൽ ഉജ്ജ്വല സ്വീകരണം ലഭിച്ചു. ശ്രീ കെ.ജി. കേശവൻനായർ അക്കാലത്ത് കോൺഗ്രസ് നേതൃത്വത്തിൽ എത്തിയ പ്രമുഖനേതാവാണ്.

1947 ജൂലൈ മാസത്തിൽ തിരുവനന്തപുരത്ത് പേട്ട മൈതാനിയിൽ ശ്രീ ജി. ചന്ദ്രശേഖരപിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്ന വമ്പിച്ച യോഗത്തെ ദിവാന്റെ നിർദേശപ്രകാരം പോലീസ് ആക്രമിച്ചു. ലാത്തിച്ചാർജും വെടിവയ്പും നടന്നു. ആ നരനായാട്ടിൽ രാജേന്ദ്രൻ എന്നൊരു വിദ്യാർത്ഥിയും മറ്റു രണ്ടുപേരും രക്തസാക്ഷിത്വം

വരിച്ചു. ഈ സംഭവത്തെത്തുടർന്ന് പൊൻകുന്നത്ത് ശ്രീ എ.കെ. പാച്ചുപിള്ളയുടെ നേതൃത്വത്തിൽ ശ്രീ പി. ചന്ദ്രശേഖരൻനായരുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗമാണ് പുത്തൻകിണറിനു മുമ്പിലുള്ള പ്രദേശത്തിനു രാജേന്ദ്രമൈതാനം എന്ന് നാമകരണം ചെയ്തത്.

മുമ്പ് വിവരിച്ച പ്രക്ഷോഭങ്ങളിലെല്ലാം അണിനിരന്നവർ വ്യത്യസ്ത ആശയഗതിക്കാരായിരുന്നു. യൂത്ത്‌ലീഗിന്റെയും വിവിധ സോഷ്യലിസ്റ്റ് ചിന്താധാരയുടെയും ആശയങ്ങൾ, തിരുവിതാംകൂറിൽ അതിനകം അലയടിച്ചുയർന്നുകഴിഞ്ഞ കമ്യൂണിസ്റ്റ് ആശയങ്ങൾ, സമുദായസംഘടനകളിലൂടെ ഉയർന്നുവന്ന നവോത്ഥാനചിന്തകൾ, അവയിലൂടെത്തന്നെ ആവിഷ്കൃതമായ വിഭാഗീയചിന്തകൾ, പുത്തൻ കച്ചവട കേന്ദ്രത്തിന്റേതായ വ്യക്തിവാദചിന്തകൾ എന്നിവയെല്ലാം ഇണങ്ങിയും പിണങ്ങിയും കലർന്നതായിരുന്നു 1938 മുതൽ 1953 വരെയുള്ള ഒന്നര പതിറ്റാണ്ടുകാലത്തെ ചിറക്കടവിലെ രാഷ്ട്രീയരംഗം.

1938 ആഗസ്റ്റിൽ തുടങ്ങിയ നിയമലംഘനപ്രസ്ഥാനം, ഗാന്ധിജിയുടെ ഇടപെടലിലൂടെ സി.പി.യെക്കുറിച്ച് വ്യക്തിപരമായ ആക്ഷേപങ്ങളടങ്ങിയ മെമ്മോറാണ്ടം പിൻവലിക്കേണ്ടിവന്നതിനാൽ അണികളിൽ ഉണ്ടായ നിരാശ, വയലാർ-പുന്നപ്രസമരം, കിഴക്കിൻഡ്യാസമരം എന്നിവയുടെയൊക്കെ അലയൊലികൾ ഇവിടെയും വന്നെത്തി. ഇവയൊക്കെ പലതരം ചേരിതിരിവുകൾക്ക് ഇടയാക്കുകയും ചെയ്തു.

പി.എസ്.പി. നേതാവായിരുന്ന ശ്രീ ജോൺ പൂന്തോട്ടം (1901-1977), ശ്രീ ശൗരിയാർ ചാക്കോ, ശ്രീമാന്മാർ പി.ചന്ദ്രശേഖരൻനായർ, രാമകൃഷ്ണൻനായർ എന്നീ അധ്യാപകർ, ശ്രീ ടി.ജി.ഭാസ്ക്കരൻനായർ, മൂക്കനോലിൽ ശ്രീ മാധവൻനായർ, ശ്രീ പി.കെ.രാമൻകുട്ടി, ശ്രീ പി.കെ.നാരായണൻ, ശ്രീ കെ.എച്ച്.ഖാൻ, ശ്രീ കരുണാകരൻ ഇളപ്പുങ്കൽ, ശ്രീ എ.എൻ.ഭാസ്, ശ്രീ കൊച്ചു കുഞ്ഞിറാറാവുത്തർ, ശ്രീ ജോൺ ബംഗ്ലാവിൽ, ശ്രീ പി.ജെ.ജോസഫ്, ശ്രീ ടി.ആർ.സുകുമാരൻ, ശ്രീചാക്കോ അയ്യനോലിൽ, ശ്രീ നാരായണൻനായർ കുമ്പളപ്പള്ളിൽ, ശ്രീ പി.പി.നാരായണൻ നായർ, ശ്രീ മാധവൻ നായർ, ശ്രീ കിണറ്റുകുറ്റിക്കൽ പരമേശ്വരൻനായർ, ശ്രീ കുഞ്ഞുപിള്ള ആശാൻ, ശ്രീ തോമസ് കുളത്തുങ്കൽ, ശ്രീ കാനാട്ട് വക്കച്ചൻ തുടങ്ങി നിരവധി പേർ സ്വാതന്ത്ര്യസമരത്തിന്റെ വിവിധ ഘട്ടങ്ങളിൽ സജീവമായി വന്നവരാണ്.

പൊൻകുന്നം, പുതിയകാവ് ദേവീക്ഷേത്രം

ഇപ്പോൾ ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലത്ത് പ്രാചീനമായ ഒരു കാവുണ്ടായിരുന്നതായി അറിയുന്നു. കവനാൽപണിക്കരുടെ കുടുംബത്തിന്റെ സംരക്ഷണയിലായിരുന്നു ആ കാവ്. 1930-കളിൽ പൂർണമായും ജീർണാവസ്ഥയിൽ അമർന്ന് പൂജയും ആരാധനയും ഇല്ലാതെ ക്ഷേത്രപ്പറമ്പ് കാടുപിടിച്ചു കിടന്നിരുന്നു. യക്ഷിയുടെ പ്രതിഷ്ഠയും പാലയും മാത്രമാണുണ്ടായിരുന്നത്. എൻ.എസ്.എസ്. കരയോഗം ക്ഷേത്രച്ചുമതല ഏറ്റെടുത്തു. നാല്പതുകളിൽ അമ്പലപ്പറമ്പിൽ ടെൻറ് കെട്ടി നടത്തിയിരുന്ന പാലാ ടാക്കീസ് എന്ന സിനിമാശാല പ്രവർത്തിച്ചിരുന്നു. 1937-ൽ പൊൻകുന്നം എൻ.എസ്.എസ്. യൂണിയൻ സ്ഥാപിതമായതോടെ ക്ഷേത്രപുനരുദ്ധാരണം അതിന്റെ മുഖ്യലക്ഷ്യമായി.

അന്ന് മുൻസിഫായിരുന്ന പെരുമ്പാവൂർ സ്വദേശിയായ ശ്രീ ഗോപാലപിള്ളയുടെ അക്ഷീണപ്രയത്നം പലരും അനുസ്മരിക്കുന്നുണ്ട്. ശ്രീമാന്മാർ മഞ്ഞപ്പള്ളിൽ രാമകൃഷ്ണപിള്ള, കെ.ജി.കേശവൻനായർ, കിട്ടുഭക്തൻ, മറ്റക്കാട്ട് രാമകൃഷ്ണപ്പണിക്കർ, എം.ശിവരാമൻനായർ ദൈവസഹായം, പുന്നാംപറമ്പിൽ കുടുംബാംഗങ്ങൾ, ശിവരാമൻനായർ കടക്കയം, വണ്ടങ്കൽ സുകുമാരൻനായർ, അഡ്വക്കേറ്റ് ജി.ഗോവിന്ദപ്പിള്ള തുടങ്ങി അനേകം പേർ ക്ഷേത്രപുനരുദ്ധാരണത്തിൽ സജീവപങ്കാളികളായിരുന്നു. 1941-ൽ ശ്രീകോവിലും ചുറ്റമ്പലമതിലും തീർത്ത് പുനഃപ്രതിഷ്ഠ നടത്തി.

മനോഹരമായ ദേവീവിഗ്രഹം ചെങ്ങന്നൂർക്കാരായ ശില്പികൾ നിർമിച്ചതാണ്.

കമ്യൂണിസ്റ്റ് പാർട്ടി

മറ്റെല്ലാ കാര്യങ്ങളിലുമെന്നപോലെ ആധുനിക സോഷ്യലിസ്റ്റുചിന്ത നമ്മുടെ പ്രദേശത്ത് അവതരിപ്പിക്കുന്നതിലും മുൻനിരക്കാരൻ ശ്രീ എ.കെ.പാച്ചുപിള്ളയായിരുന്നു. സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനങ്ങൾക്കിടയിൽ പല ഘട്ടങ്ങളിലുമുണ്ടായ പ്രവർത്തനമാന്ദ്യം ചെറുപ്പക്കാരിൽ നിരാശ ഉളവാക്കി. മാത്രമല്ല, നിവർത്തനപ്രസ്ഥാനം ഉണ്ടാക്കിയ സാമുദായിക ചേരിതിരിവ് സ്റ്റേറ്റ് കോൺഗ്രസ്സിൽ നിന്നും അകന്നുനില്ക്കുന്നതിന് ഭൂരിപക്ഷം വരുന്ന ഹിന്ദു സമുദായാംഗങ്ങളെ പ്രേരിപ്പിച്ചു.

സാമൂഹ്യ അനീതിക്ക് എതിരായ ആശയങ്ങൾക്ക് പ്രചാരണം കൊടുക്കുവാൻ ശ്രീ വി.ജെ.ജോസഫ് വട്ടയ്ക്കാട്ടിനെപ്പോലെയുള്ളവർ ശ്രമിച്ചു. ഇങ്ങനെ കോൺഗ്രസ്സിൽനിന്ന് അകന്നു നിന്നവർ ഇടതുപക്ഷ പ്രസ്ഥാനത്തിൽ ആകൃഷ്ടരായി.

ചുമട്ടുതൊഴിലാളികളുടെയും, മോട്ടോർതൊഴിലാളികളുടെയും ട്രേഡ് യൂണിയനുകൾ അൻപതുകളുടെ തുടക്കത്തിൽ ശ്രീ എ.കെ.പാച്ചുപിള്ളയുടെയും മറ്റും (പി.എസ്.പി.) നേതൃത്വത്തിൽ രൂപംകൊണ്ടിരുന്നു. ഇവയുടെ സംഘാടനം ശക്തമായ എതിർപ്പുകൾക്ക് വഴിവെച്ചു. ഈ തടസ്സങ്ങളെ നേരിടാൻ ദുർബ്ബലമായ ബഹുജനാടിത്തറ മാത്രമുണ്ടായിരുന്ന പി.എസ്.പി.ക്ക് കഴിയാതെവന്നു. സംഘടനയുണ്ടാക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന യുവാക്കളായ കമ്യൂണിസ്റ്റ്പ്രവർത്തകർക്ക് ഈ യൂണിയനുകളുടെയും, ഹൈറേഞ്ച് എംപ്ലോയീസ്

അസോസിയേഷന്റെയും നിയന്ത്രണം ഏറെറടുക്കുവാൻ കഴിഞ്ഞു.

1953-ൽ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജനാധിപത്യമുന്നണിയെന്ന പേരിൽ സംഘടനയുണ്ടാക്കി ഒരു സ്ഥാനാർത്ഥിയെ നിർത്തിയതാണ് ആദ്യത്തെ പ്രധാന കമ്മ്യൂണിസ്റ്റ് രാഷ്ട്രീയപ്രവർത്തനം. ഇടത്തരക്കാരും തൊഴിലാളികളും തങ്ങൾ ആശ്രയിക്കേണ്ട രാഷ്ട്രീയ ശക്തിയായി കമ്യൂണിസ്റ്റ്പാർട്ടിയെ കരുതിത്തുടങ്ങിയിരുന്നു. നമ്മുടെ പഞ്ചായത്തിലെ ഇടത്തരം കർഷകർക്കും കൂലിപ്പണിക്കാർക്കും ഇടയിൽ വളരെ വേഗത്തിൽ വേരോട്ടമുണ്ടാക്കാൻ കമ്യൂണിസ്റ്റ്പാർട്ടിക്ക് കഴിഞ്ഞത് ഇതു കൊണ്ടുകൂടിയാണ്. ബീഡിതെറുപ്പുകേന്ദ്രങ്ങളും മോട്ടോർ വർക്ക്ഷോപ്പുകളും ബാർബർഷോപ്പുകളും മററും സജീവ കമ്യൂണിസ്റ്റ് രാഷ്ട്രീയ ചർച്ചാകേന്ദ്രങ്ങളായിരുന്നു. അന്ന് വിദ്യാർത്ഥി സംഘടനാപ്രവർത്തനത്തിന്റെയും ഇടതുപക്ഷചിന്തയുടെയും കേന്ദ്രമായിരുന്ന തിരുവനന്തപുരം ആയുർവേദ കോളേജിൽനിന്ന് പഠനം കഴിഞ്ഞ് ഡോ. വി.എൻ. ഗോപാല പിള്ള ഇവിടെ എത്തിച്ചേർന്നു. ഇത് കമ്യൂണിസ്റ്റ്ചിന്തയും പ്രവർത്തനപരിചയവും പൂർണരൂപത്തിൽ കടന്നുവരാൻ വഴിയൊരുക്കി. പൊൻകുന്നത്തെ കെ.വി.ഹൈസ്കൂളും സ്ററുഡൻറ്സ് ഫെഡറേഷന്റെ സജീവകേന്ദ്രമായി. ശ്രീ പി.കെ.വിശ്വംഭരൻനായർ ഇതിന്റെ നേതാവായിരുന്നു. കങ്ങഴ ലോക്കൽകമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ആദ്യത്തെ കമ്യൂണിസ്റ്റ് സെൽ 1953-ൽ രൂപീകൃതമായി. പി.എൻ.ശങ്കരൻനായർ, കടയനിക്കാട് പുരുഷോത്തമൻ പിള്ള, പി.ജെ.കുരുവിള, എ.പി.മാത്യു തുടങ്ങിയവർ നേതൃത്വം കൊടുത്തു. ആദ്യസെല്ലിൽ ഡോ.വി.എൻ. ഗോപാലപിള്ള, ശ്രീ ശങ്കുവാശാൻ, ശ്രീ കാക്കതൂക്കിൽ അച്യുതപ്പണിക്കർ, ശ്രീ പി.ജെ.ദേവസ്യ, ശ്രീ ഏർത്തയിൽ ചാക്കോ, ശ്രീ പി.ജെ.കരുണാകരൻനായർ, ശ്രീ തെക്കേക്കര രാമകൃഷ്ണൻ നായർ, ശ്രീപി.എസ്. കരുണാകരൻനായർ തുടങ്ങിയവർ അംഗങ്ങളായിരുന്നു.

കുടിയിറക്കൽശ്രമങ്ങളെ ചെറുക്കുക, കർഷകരുടെ ദൈനംദിനപ്രശ്നങ്ങളിൽ ഇടപെടുക, സ്ത്രീകളടക്കം എല്ലാ ബഹുജനവിഭാഗങ്ങളെയും സംഘടിപ്പിക്കുക, കാരണവന്മാരെയും സ്ത്രീകളെയും വൻതോതിൽ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രചാരണജാഥകളും പൊതുയോഗങ്ങളും നടത്തുക, പുരോഗമനവീക്ഷണമുള്ള പത്രങ്ങളും സാഹിത്യവും പ്രചരിപ്പിക്കുക, ക്രമമായി സ്ററഡിക്ലാസ്സുകൾ നടത്തുക എന്നിവയൊക്കെ വഴി ചുരുങ്ങിയ കാലത്തിനുള്ളിൽ സജീവശക്തിയായി മാറാൻ കമ്യൂണിസ്റ്റ്പാർട്ടിക്ക് കഴിഞ്ഞു. ശ്രീ തമ്പലയ്ക്കാട് പുരുഷോത്തമൻനായർ, ശ്രീ പി.ജെ. ദേവസ്യ, ശ്രീ ഏർത്തയിൽ പി.സി.ചാക്കോ എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന 140 അംഗങ്ങളുള്ള ചുമട്ടു തൊഴിലാളിയൂണിയർ പൊൻകുന്നത്ത് സജീവമായിരുന്നു. ചിറക്കടവ് പീപ്പിൾസ് ആർട്ട്സ് ക്ലബ്ബ് പോലെയുള്ള നാടകസംഘങ്ങളും കലാസംഘങ്ങളും സംഘടിപ്പിക്കപ്പെട്ടു. എല്ലാ മണ്ഡലത്തിലും സജീവസാന്നിധ്യമുറപ്പിച്ച് കമ്യൂണിസ്റ്റ് പ്രവർത്തകർക്ക് ഒരു വർഷത്തിനുള്ളിൽ സെല്ലുകളുടെയും അംഗങ്ങളുടെയും എണ്ണത്തിൽ വമ്പിച്ച വർധനവ് ഉണ്ടാക്കാൻ കഴിഞ്ഞു. കോട്ടയം പ്ലൈവുഡ് ഫാക്ടറി സമരം, ചെറുവള്ളി (എരുമേലി) എസ്റ്റേറ്റ് സമരം എന്നിവയിൽ സജീവമായി പങ്കെടുത്ത് ഇവിടത്തെ പ്രവർത്തകർ സമരാനുഭവങ്ങൾ ആർജ്ജിച്ചു. ശ്രീമതി റോസമ്മ പുന്നൂസ് കാഞ്ഞിരപ്പള്ളി ബാറിൽ (പൊൻകുന്നത്ത്) അഭിഭാഷകയായി വന്നത് ട്രേഡ്യൂണിയൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ സഹായിച്ചു. 1964-ൽ ഉണ്ടായ പിളർപ്പ് കമ്യൂണിസ്റ്റ്പാർട്ടിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. 1967 മുതൽ സജീവമായി സി.പി.ഐ (എം) പ്രവർത്തകനായി രംഗത്തുണ്ടായിരുന്ന ശ്രീ കെ. എം.സദാശിവൻനായർ 1979-ൽ പഞ്ചായത്ത് പ്രസിഡൻറായി.

1957-ൽ ആദ്യ കേരളനിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ പി.റ്റി.ചാക്കോയും ശ്രീ രാഘവക്കുറുപ്പും, വാഴൂർമണ്ഡലം സ്ഥാനാർത്ഥികളായി നടന്ന തെരഞ്ഞെടുപ്പുമത്സരം നമ്മുടെ പഞ്ചായത്തിലെ ഓരോ വീടും രാഷ്ട്രീയബോധവത്കരണത്തിന് വിധേയമായ അവസരമായിരുന്നു. നേരിയ വോട്ടിന്റെ ഭൂരിപക്ഷത്തോടെ ശ്രീ പി.റ്റി.ചാക്കോ വിജയിക്കുകയും നിയമസഭയിലെ പ്രതിപക്ഷനേതാവായി ഉയരുകയുംചെയ്തു. 1959-ൽ നടന്ന വിമോചനസമരവും ഇത്തരത്തിൽ ഇരുചേരികളിലും സജീവപ്രവർത്തനം നടന്ന അവസരമാണ്. ശ്രീ പി.റ്റി. ചാക്കോ വിമോചനസമരത്തിന്റെ അമരക്കാരിൽ ഒരാളായിരുന്നുവല്ലോ.

കേരള കോൺഗ്രസ്

1964 ഒക്ടോബർ 9-ാം തീയതി കേരള കോൺഗ്രസ്സിന്റെ ആവിർഭാവത്തെ തുടർന്നു നിലവിലുണ്ടായിരുന്ന കോൺഗ്രസ്മണ്ഡലം കമ്മിറ്റി ഏതാണ്ട് പൂർണമായി കേരളകോൺഗ്രസ് കമ്മിറ്റിയായി രൂപാന്തരപ്പെട്ടു. (ശ്രീ കെ.ജി.കേശവൻനായരുടെ നേതൃത്വത്തിൽ ഒരു ഭാഗം ഇതിൽനിന്നും വിട്ടുനിന്നു.) നിവർത്തനപ്രസ്ഥാനത്തിലൂടെയും പിന്നീട് വിമോചനസമരത്തിലൂടെയും ഉയർന്നുവന്ന നേതാക്കളും പ്രവർത്തകരും അതോടെ പുതിയ രാഷ്ട്രീയപ്രസ്ഥാനമായ കേരള കോൺഗ്രസ്സിൽ അണിനിരന്നു.

ട്രേഡ്യൂണിയൻപ്രവർത്തനം, കർഷകപ്രവർത്തനം എന്നിവയിലെല്ലാം മുമ്പുണ്ടായിരുന്നതിലും സജീവതയോടെ പുതിയ പാർട്ടിയുടെ പ്രവർത്തകർ ഏർപ്പെട്ടു. വിദ്യാർത്ഥി സംഘടനയും വനിതാസംഘടനയും രൂപംകൊണ്ടു. തെരഞ്ഞെടുപ്പുസമയങ്ങളിലും അല്ലാത്തപ്പോഴും രാഷ്ട്രീയയോഗങ്ങളും ജാഥകളുമൊക്കെ സംഘടിപ്പിച്ച് ജനങ്ങളെ

ബോധവത്കരിച്ചു.

രണ്ടു പതിറ്റാണ്ട് കാലം പഞ്ചായത്തിലെ പ്രധാന രാഷ്ട്രീയശക്തികളിൽ ഒന്നായി കേരള കോൺഗ്രസ് പ്രവർത്തിച്ചു. അതിനുശേഷം ആലുവാപ്രമേയത്തിന്റെ അടിസ്ഥാനത്തിൽ 1980-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷകക്ഷിക ളുമായി കേരള കോൺഗ്രസ് യോജിച്ച് പ്രവർത്തിക്കുകയു ണ്ടായി.

കേരള കോൺഗ്രസ് സ്ഥാപനത്തിന് വഴിയൊരുക്കിയ ശ്രീ പി.റ്റി.ചാക്കോയുമായുള്ള വൈകാരികബന്ധം, അദ്ദേഹത്തിന്റെ ജന്മദേശമായ ഇവിടത്തെ കേരള കോൺഗ്രസ് പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന് ശക്തി നല്കുന്നു.

ശ്രീ എം.കെ.ജോസഫ് (1980-ൽ കേരള നിയമസഭാ സാമാജികനായി), ശ്രീ എം.കെ.മാത്യു, ശ്രീ പി.ജെ.തോമസ് മറ്റത്തിൽ തുടങ്ങിയവർ തുടക്കംമുതലുള്ള നേതാക്കളാണ്.

ശ്രീ പി.എം.മാത്യു പന്തിരുവേലിൽ തുടക്കംമുതൽ സംസ്ഥാനനിലവാരത്തിൽ പ്രവർത്തിക്കുന്ന നേതാവാണ്. പഞ്ചായത്ത് ഭരണസമിതിയംഗം, 1972 മുതൽ 1982 വരെ റൂറൽ ഡവലപ്മെൻറ് ബോർഡംഗം, കെ.എസ്.ആർ.ടി.സി. ഉപദേശകസമിതിയംഗം, സഹകാരി എന്നീ നിലകളിലെല്ലാം അദ്ദേഹം നടത്തിയ അക്ഷീണമായ പ്രവർത്തനം നമ്മുടെ പഞ്ചായത്തിന്റെ ബഹുമുഖവികാസത്തിന് സഹായക മായിട്ടുണ്ട്.

ശ്രീ കെ.നാരായണക്കുറുപ്പ് പഞ്ചായത്ത്പ്രദേശം ഉൾപ്പെട്ട വാഴൂർ നിയോജകമണ്ഡലത്തെ ആകെ നടന്ന പതിനൊന്നു തെരഞ്ഞെടുപ്പുകളിൽ അഞ്ചു തവണ കേരള കോൺഗ്രസ് സ്ഥാനാർത്ഥിയായി ജയിച്ചു പ്രതിനിധീകരിക്കുകയു ണ്ടായി. എക്സൈസ് സർക്കിൾ ഓഫീസ്, കെ.എസ്. ആർ.ടി.സി. ബസ് സ്റ്റേഷൻ, ഗാരേജ്, ആർ.ടി.ഒ. ഓഫീസ് എന്നിവ പൊൻകുന്നത്ത് സ്ഥാപിക്കുവാൻ അദ്ദേഹം മുൻകൈയെടുത്തു.

കേരള കോൺഗ്രസ് സ്ഥാനാർത്ഥികളായി ശ്രീ വർക്കി ജോർജ് 1971-ലും, ശ്രീ സ്കറിയാ തോമസ് 1977-ലും 1980-ലും കോട്ടയം ലോക്സഭാമണ്ഡലത്തിൽനിന്ന് വിജയിച്ചിട്ടുണ്ട്.

വിദ്യാർത്ഥിപ്രസ്ഥാനത്തിലൂടെ ഉയർന്നുവന്ന കേരള കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയും കരകൗശല കോർപ്പറേഷൻ ചെയർമാനും മറ്റുമായി പ്രവർത്തിച്ച ശ്രീ ഈപ്പൻ ജേക്കബ്ബ് അകാലത്തിൽ അന്തരിച്ച ശ്രദ്ധേയനായ ഒരു നേതാവായിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്

1964-ൽ കേരള കോൺഗ്രസ് രൂപീകരണത്തെ തുടർന്നു ണ്ടായ പിളർപ്പിന്റെ സമയത്ത് കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ പ്രസിഡൻറ് ശ്രീ എം.കെ.ജോസഫ് ആയി രുന്നു. പിന്നീട് ശ്രീ ടി.എൻ.നാരായണപിള്ള താന്നുവേലിൽ താത്കാലിക പ്രസിഡൻറായി. ആദ്യഘട്ടത്തിൽ ബഹുജനാടിത്തറയുണ്ടാക്കുവാൻ കഴിഞ്ഞിരുന്നില്ല.

1965-ൽ പൊൻകുന്നം മോഹനാലോഡ്ജിൽ വച്ച് നടന്ന യോഗത്തിൽ അഡ്വ. സി.കെ.വിജയൻ ചെറുവയിൽ മണ്ഡലം പ്രസിഡൻറായി. ശ്രീമാന്മാർ പൊൻകുന്നം കരുണാകരൻ, റ്റി.ആർ.കരുണാകരൻ, കെ.കെ.കുട്ടപ്പൻനായർ, വി.വി. ഇട്ടിയവിര തുടങ്ങിയവർ കമ്മിറ്റിഅംഗങ്ങളായി ചുമതല യേറ്റു.

1966-ൽ ശ്രീ കെ.കെ.കുട്ടപ്പൻനായർ പ്രസിഡൻറായി. 1969-ലെ പിളർപ്പ് ചിറക്കടവ് പഞ്ചായത്തിൽ കാര്യമായ ചലനങ്ങൾ ഒന്നുമുണ്ടാക്കിയില്ല.

1970-ൽ ശ്രീ കെ.കെ.കുട്ടപ്പൻനായർ ബ്ലോക്ക് സെക്രട്ടറിയായി. ശ്രീ റ്റി.എൻ.നാരായണപിള്ള താന്നുവേലിൽ വീണ്ടും മണ്ഡലം പ്രസിഡൻറായി. അന്ന് ബ്ലോക്ക് പ്രസിഡൻറ് പൊൻകുന്നത്ത് അധ്യാപകനായ ശ്രീ എം.കെ.സേവ്യർ ആയിരുന്നു.

1970-കളുടെ പകുതിയോടെ കോൺഗ്രസ് സജീവമായി. യൂത്ത്കോൺഗ്രസ് പ്രവർത്തകരുടെ പുതിയ നിര ഉയർന്നു വന്നു. വിദ്യാർത്ഥികളുടെ ഇടയിൽ കെ.എസ്.യു പ്രവർത്തനവും സജീവമായി. ട്രേഡ്യൂണിയൻ പ്രവർത്തന വും ശക്തിപ്പെട്ടു.

1979-ൽ ശ്രീ ടി.വി.വർഗീസ് മണ്ഡലം പ്രസിഡൻറായി. അദ്ദേഹം കെ.പി.സി.സി. അംഗമായതിനെ തുടർന്ന് ശ്രീ എബ്രഹാം മാത്യു പൂവത്താനി മണ്ഡലം പ്രസിഡൻറായി. ഡി.സി.സി. അംഗമായി പ്രവർത്തിച്ചിരുന്ന ശ്രീ കെ.കെ. പരമേശ്വരൻനായർ, ടി.പി.തങ്കപ്പൻനായർ, ശ്രീ മാമച്ചൻ മണ്ണംപ്ലാവ്, അഡ്വക്കേറ്റ് സതീശ്ചന്ദ്രൻനായർ, സംസ്ഥാന യൂത്ത്കോൺഗ്രസ് (എസ്) പ്രസിഡൻറ് ശ്രീ എൻ.പി. പ്രദീപ്കുമാർ എന്നിവരുടെ പ്രവർത്തനം അനുസ്മരിക്ക പ്പെടേണ്ടതാണ്.

ഇതര രാഷ്ട്രീയസംഘടനകൾ

ഇപ്പോൾ ഭാരതീയ ജനതാപാർട്ടി, ജെ.എസ്.എസ്., മുസ്ലിം ലീഗ് എന്നീ രാഷ്ട്രീയപാർട്ടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ദേവാലയങ്ങൾ

മുകളിൽ പല ഭാഗങ്ങളിലായി സൂചിപ്പിച്ചിരിക്കുന്നവക്കു പുറമെ സെൻറ് മേരീസ് ഓർത്തഡോക്സ് ചർച്ച് കോയി പ്പള്ളി, സെൻറ് തോമസ് യാക്കോബായ സുറിയാനിപ്പള്ളി, ബ്രദറൻ ക്രിസ്ത്യൻ ചർച്ച്, എബനസിർ ഗോസ്പൽ ടീം, ചില സുവിശേഷസംഘങ്ങൾ, കോയിപ്പള്ളി മുസ്ലിം ദേവാലയം എന്നിവയും പഞ്ചായത്ത് പ്രദേശത്തുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ അർധഔദ്യോഗിക സ്വഭാവവും, ഏറെക്കുറെ തദ്ദേശസ്വയംഭരണസമിതികളോടു

സാദൃശ്യവുമുള്ള ചില സംഘങ്ങൾ ഉണ്ടായിരുന്നു. കര പ്രമാണിമാർ, ഭൂവുടമകൾ, സമുദായനേതാക്കൾ തുടങ്ങിയവരായിരുന്നു അംഗങ്ങൾ.

വില്ലേജ് യൂണിയൻ

അതിനുശേഷം 1948 ജനുവരിയിൽ വില്ലേജ് യൂണിയൻ പ്രവർത്തനമാരംഭിച്ചു. അംഗങ്ങളുടെ എണ്ണം കൃത്യമായി അറിയില്ല. ശ്രീ കെ.ജി.സുകുമാരൻനായർ വണ്ടങ്കൽ (പ്രസിഡൻറ്), ശ്രീ എ.ജെ.ചാക്കോ അയ്യനോലിൽ, ശ്രീ ഈപ്പൻ ജെ.കുളത്തൂർ, ശ്രീ പി.എൻ.നാരായണപിള്ള, ശ്രീ പി.എ.മുഹമ്മദുകുഞ്ഞി, ശ്രീ ടി.വി.ആൻറണി, ശ്രീ കെ.ജി.കേശവൻനായർ എന്നിവർ അംഗങ്ങളായിരുന്നു. ചില നോമിനേറഡ് അംഗങ്ങൾകൂടി ഉണ്ടായിരുന്നെങ്കിലും ഒരു കമ്മിറ്റിയിലും പങ്കെടുത്തിട്ടില്ല.

മണ്ണെണ്ണ ഉപയോഗിച്ചുള്ള വഴിവിളക്കുകൾ സ്ഥാപിക്കുക, റോഡുകൾ നിർമിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക, സ്ഥാപനങ്ങൾക്ക് ഗ്രാൻറ് അനുവദിക്കുക, മൂത്രപ്പുരകളും വെയിറ്റിംഗ് ഷെഡ്ഡുകളും നിർമിക്കുക തുടങ്ങിയവയായിരുന്നു പ്രവർത്തനങ്ങൾ.

'മേലാവിക്ക് അയച്ചിട്ടുള്ള എസ്റ്റിമേറ്റുകൾ പാസ്സാക്കികിട്ടാത്തതുകൊണ്ട് നാട്ടുകാർക്ക് ഉപയോഗപ്രദമായിയാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല..... ഡിപ്പാർട്ടുമെൻറിൻെറ സഹായസഹകരണം അഭ്യർത്ഥിക്കുന്നു'—ഈ കമ്മിറ്റി 'തീരുമാനം' വില്ലേജ് യൂണിയനുകളുടെ അവസ്ഥ വെളിവാക്കുന്നുണ്ടല്ലോ. നിയമാവലിയിലെ ഒരു വാക്ക് ഭേദഗതി ചെയ്തത് അംഗീകരിച്ചു കിട്ടാൻ മൂന്നു വർഷത്തോളം വേണ്ടിവന്നു.

1948-ൽ എടുത്ത ഒരു യോഗതീരുമാനം ഇങ്ങനെയാണ്: 'ചിറക്കടവ്-ചെറുവള്ളി പ്രദേശങ്ങൾ വെറും കുഗ്രാമമാകയാൽ ഈ പകുതികൾ ഉൾപ്പെടുത്തി ഒരു ഗ്രാമോദ്ധാരണകേന്ദ്രം സ്ഥാപിച്ചു കിട്ടേണ്ടതാണെന്ന് ഈ യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു.' നമ്മുടെ പഞ്ചായത്തിൻെറ അന്നത്തെ അവസ്ഥ ഊഹിക്കാമല്ലോ.

പഞ്ചായത്തു ഭരണസമിതികൾ

ഒന്നാമത്തെ പഞ്ചായത്ത് ഭരണസമിതി 30-7-1953-ൽ അധികാരമേറ്റു. ശ്രീ കെ.ജി.കേശവൻനായർ (പ്രസിഡൻറ്), ശ്രീ കെ.ഭാസ്കരക്കുറുപ്പ് വണ്ടങ്കൽ, ശ്രീ കെ.എ.എബ്രഹാം, ശ്രീ പി.എൻ.നാരായണപിള്ള (വൈസ് പ്രസിഡൻറ്), ശ്രീ എൻ.നീലകണ്ഠപ്പിള്ള, ശ്രീ ടി.ആർ.സുകുമാരൻ തകടിയേൽ, ശ്രീ പി.പി.ശങ്കരൻനായർ കുന്നേൽ, ശ്രീ കെ.കെ.രാഘവൻനായർ ചിറ്റാടത്ത്, ശ്രീ ടി.എൻ.നാരായണപിള്ള താന്നുവേലിൽ, ശ്രീ ടി.എൻ.രാഘവൻപിള്ള താന്നുവേലിൽ, ശ്രീ എം.കെ.മാധവൻപിള്ള മംഗലശ്ശേരിൽ, ശ്രീ കെ.ജെ.തോമസ് കുന്നുംപുറത്ത്, ശ്രീ എം.പി.അയ്യപ്പൻനായർ വയലുങ്കൽ, ശ്രീ ടി.ഡി.കുഞ്ഞൂഞ്ഞ്, ശ്രീ എൻ.കെ.കരുണാകരൻനായർ പുരയമ്മാക്കൽ എന്നിവരായിരുന്നു അംഗങ്ങൾ. ചിലർ ഉപതെരഞ്ഞെടുപ്പുകളിലൂടെ അംഗത്വം നേടിയവരായിരുന്നു.

രണ്ടാമത്തെ ഭരണസമിതി 1964-ൽ പ്രവർത്തനം തുടങ്ങി. ശ്രീ വി.ജെ.ആൻറണി (പ്രസിഡൻറ്), ഹാജി കെ.എച്ച്.ഖാൻ (വൈസ് പ്രസിഡൻറ്), ശ്രീ പി.എൻ.പിള്ള, അഡ്വക്കേറ്റ് കെ.ജി.കേശവൻനായർ, ശ്രീ എ.ജെ.ചാക്കോ അയ്യനോലിൽ, ശ്രീ ജെ.വൈ.ജോസഫ്, ശ്രീ പി.എം.മാത്യു പന്തിരുവേലിൽ, ശ്രീ എം.കെ.ജോസഫ്, ശ്രീ റ്റി.ആർ.കുഞ്ഞൂഞ്ഞ്, ഡോക്ടർ വി.എൻ.ഗോപാലപിള്ള, ശ്രീ ടി.എൻ.നാരായണപിള്ള, ശ്രീമതി സരോജനി എന്നിവരായിരുന്നു അംഗങ്ങൾ.

മൂന്നാമത്തെ ഭരണസമിതി 1979-ൽ പ്രവർത്തനമേറ്റെടുത്തു. ശ്രീ കെ.എം.സദാശിവൻനായർ (പ്രസിഡൻറ്), ശ്രീ വി.ഉണ്ണികൃഷ്ണൻനായർ (വൈസ് പ്രസിഡൻറ്), ശ്രീ എം.കെ.ജോസഫ്, ശ്രീ പി.കെ.നാരായണൻ, ശ്രീ പി.ജെ.ദേവസ്യ, ശ്രീമതി കെ.എൻ.ഗൗരിക്കുട്ടിഅമ്മ, ശ്രീ കെ.നാരായണൻ തൊട്ടുമുറിയിൽ, ശ്രീ കെ.നാരായണൻനായർ (അനിയൻപിള്ള), ശ്രീ ഗോപിനാഥൻനായർ തലവങ്ങാട്, ശ്രീ എം.കെ.പുരുഷോത്തമൻനായർ വെള്ളാപ്പള്ളിൽ, ശ്രീ വി.ഡി.ജോസഫ് വെട്ടിക്കാപ്പള്ളിൽ എന്നിവർ അംഗങ്ങളായിരുന്നു.

നാലാമത്തെ ഭരണസമിതി 1988-ൽ നിലവിൽ വന്നു. അഡ്വക്കേറ്റ് പി.സതീശ്ചന്ദ്രൻനായർ (പ്രസിഡൻറ്), ശ്രീ കെ.കെ.നസീർ (വൈസ് പ്രസിഡൻറ്), അഡ്വക്കേറ്റ് പി.സി.ചാക്കോ പന്തിരുവേലിൽ, ശ്രീ കെ.എം.സദാശിവൻനായർ, ശ്രീ ടി.എൻ.രാജഗോപാൽ, ശ്രീ ടി.എൻ.സത്യദേവ്, ശ്രീമതി ശാന്തിരാജപ്പൻ, ശ്രീ ജോർജ് ജോസഫ് വടശ്ശേരി, ശ്രീ കെ.എം.തങ്കപ്പൻ, ശ്രീ സ്കറിയാ ജോസഫ്, ശ്രീമതി ഷീലാ എബ്രഹാം, ശ്രീമതി കെ.കെ.കുട്ടപ്പൻനായർ എന്നിവർ അംഗങ്ങളായിരുന്നു.

നിലവിലുള്ള ഭരണസമിതി 1995-ൽ പ്രവർത്തനമാരംഭിച്ചു. അഡ്വക്കേറ്റ് ഗിരീഷ് എസ്.നായർ (പ്രസിഡൻറ്), ശ്രീ ജോർജ് ജോസഫ് വടശ്ശേരി (വൈസ് പ്രസിഡൻറ്), ശ്രീ പി.ജെ.ചാക്കോ പൂലാനിമറ്റം, ശ്രീ വി.ജി.ലാൽ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ), ശ്രീമതി സുമതിക്കുട്ടിഅമ്മ, ശ്രീമതി ജഗദമ്മ കേശവപിള്ള, ശ്രീ ഷാജി പാമ്പൂരിക്കൽ, അഡ്വക്കേറ്റ് സതീശ് ചന്ദ്രൻനായർ, ശ്രീമതി അനിലകുമാരി തുളസീദാസ്, ശ്രീ വി.എസ്.രവീന്ദ്രനാഥൻനായർ, ശ്രീ ഗിരീഷ്കുമാർ ടി.എൻ, ശ്രീമതി ഏലമ്മ എബ്രഹാം എന്നിവർ അംഗങ്ങളാണ്.

ജില്ലാ കൗൺസിൽ, ബ്ലോക്ക്പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്

*1991-ൽ നടന്ന ജില്ലാകൗൺസിൽ തെരഞ്ഞെടുപ്പിൽ അഡ്വക്കേറ്റ് ഗിരീഷ് എസ്.നായർ തെരഞ്ഞെടുക്കപ്പെട്ടു.

* വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ ശ്രീമതി ശ്രീദേവിടീച്ചർ (പ്രസിഡൻറ്), ശ്രീ വി.ആർ.മധുകുമാർ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ) എന്നിവർ ചിറക്കടവ് പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്നു.

ജില്ലാപഞ്ചായത്തിൽ നമ്മുടെ പ്രതിനിധി അഡ്വക്കേറ്റ് കെ.പി.ശ്രീകുമാർ ആണ്.

അസംബ്ലി-പാർലമെൻറ് പ്രതിനിധികൾ

നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്ന വാഴൂർ അസംബ്ലിമണ്ഡലത്തെ 1957-ലെ ഒന്നാം കേരളനിയമസഭ മുതലുള്ള വിവിധ നിയമസഭകളിൽ താഴെപ്പറയുന്നവർ പ്രതിനിധീകരിച്ചു.

1.	1957	ശ്രീ പി.ടി.ചാക്കോ	കോൺഗ്രസ്
2.	1960	ശ്രീ വി.കെ.വേലപ്പൻ	കോൺഗ്രസ്
3.	1965	ശ്രീ കെ.നാരായണക്കുറുപ്പ്	കേരള കോൺഗ്രസ്
4.	1967	ശ്രീ കടയിനിക്കാട് പുരുഷോത്തമൻപിള്ള	സി.പി.ഐ.
5.	1970	ശ്രീ കെ.നാരായണക്കുറുപ്പ്	കേരള കോൺഗ്രസ്
6.	1977	ശ്രീ കെ.നാരായണക്കുറുപ്പ്	കേരള കോൺഗ്രസ്
7.	1980	ശ്രീ എം.കെ.ജോസഫ്	കേരള കോൺഗ്രസ് (എം)
8.	1982	ശ്രീ കാനം രാജേന്ദ്രൻ	സി.പി.ഐ.
9.	1987	ശ്രീ കാനം രാജേന്ദ്രൻ	സി.പി.ഐ.
10	1990	ശ്രീ കെ.നാരായണക്കുറുപ്പ്	കേരള കോൺഗ്രസ്
11.	1996	ശ്രീ കെ.നാരായണക്കുറുപ്പ്	കേരള കോൺഗ്രസ്

1952 മുതൽ 1962 വരെ നമ്മുടെ പഞ്ചായത്ത് തിരുവല്ലാ ലോക്സഭാമണ്ഡലത്തിൻെറ ഭാഗമായിരുന്നു. 1967- മുതൽ കോട്ടയം മണ്ഡലത്തിൻെറ ഭാഗമായി.

1.	1952	ശ്രീ സി.പി.മാത്യു	ഇന്ത്യൻ നാഷണൽ കോൺഗ്രസ്
2.	1957	ശ്രീ പി.കെ.വാസുദേവൻനായർ	കമ്യൂണിസ്റ്റ്
3.	1962	ശ്രീ ജി.രവീന്ദ്രവർമ	കോൺഗ്രസ്
4.	1967	ശ്രീ കെ.എം.എബ്രാഹം	സി.പി.എം.
5.	1971	ശ്രീ വർക്കി ജോർജ്	കേരള കോൺഗ്രസ്
6.	1977	ശ്രീ സ്കറിയാ തോമസ്	കേരള കോൺഗ്രസ്
7.	1980	ശ്രീ സ്കറിയാ തോമസ്	കേരള കോൺഗ്രസ്
8.	1984	ശ്രീ കെ.സുരേഷ്കുറുപ്പ്	സി.പി.എം.
9.	1989	ശ്രീ രമേശ് ചെന്നിത്തല	കോൺഗ്രസ്
10.	1991	ശ്രീ രമേശ് ചെന്നിത്തല	കോൺഗ്രസ്
11.	1996	ശ്രീ രമേശ് ചെന്നിത്തല	കോൺഗ്രസ്

ഭൂപ്രകൃതിയും വിഭവങ്ങളും

ചിറക്കടവ് പഞ്ചായത്ത് കോട്ടയം ജില്ലയിലെ വാഴൂർ ബ്ലോക്കിൽ ഉൾപ്പെടുന്നു. വടക്ക് എലിക്കുളം പഞ്ചായത്തും തെക്ക് മണിമല, വെള്ളാവൂർ പഞ്ചായത്തുകളും, പടിഞ്ഞാറ് വാഴൂർ പഞ്ചായത്തും, കിഴക്ക് കാഞ്ഞിരപ്പള്ളി പഞ്ചായത്തുമാണ് അതിരുകൾ. 12 വാർഡുകളുള്ള ചിറക്കടവു പഞ്ചായത്തിന്റെ ആസ്ഥാനം പൊൻകുന്നം ആണ്. വാർഡുകളും പേരുകളും താഴെ പറയുന്നു.

വാർഡ്	പേര്
1	അട്ടിക്കൽ
2	പത്താശാരി
3	ടൗൺ
4	കിഴക്കുംഭാഗം
5	ഇടഭാഗം നോർത്ത്
6	ഇടഭാഗം സൗത്ത്
7	പടിഞ്ഞാറുഭാഗം
8	തെക്കുംഭാഗം
9	ചെറുവള്ളി സെൻറർ
10	കിഴക്കുംഭാഗം സൗത്ത്
11	ചെറുവള്ളി ഈസ്റ്റ്
12	ചെറുവള്ളി വെസ്റ്റ്

ഭൂപ്രകൃതി

ചിറക്കടവ് പഞ്ചായത്തിന്റെ 12 വാർഡുകളിലും നിമ്നോന്നതഭൂപ്രകൃതിയാണുള്ളത്. 98 ശതമാനംവരെ ചെങ്കൽമണ്ണും (ലാറ്ററേറ്റ്) തോടുകളോടു ചേർന്ന ഭാഗങ്ങളിൽ കളിമണ്ണും കാണപ്പെടുന്നു. ചുരുക്കം ചില വയൽപ്രദേശങ്ങളും പാറക്കെട്ടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

കാലാവസ്ഥ

മഴയെമാത്രം ആശ്രയിച്ചുള്ള കൃഷിയാണ് ചിറക്കടവ് പഞ്ചായത്തിൽ നിലനില്ക്കുന്നത്. ഇടവപ്പാതിക്കാലത്തു ലഭിക്കുന്ന മഴയാണ് ഏറ്റവും പ്രധാനം. ജൂൺ-ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. തുലാവർഷത്തിലുണ്ടാകുന്ന കുറവ് വേനൽക്കാലം രൂക്ഷമാക്കാറുണ്ട്. വർഷപാതത്തിലുണ്ടാകുന്ന വ്യത്യാസങ്ങൾ നമ്മുടെ കൃഷിയെയും ജീവിതത്തെയും സാരമായി ബാധിക്കുന്നുണ്ട്.

ജലലഭ്യത

നിമ്നോന്നതഭൂപ്രകൃതി ആയതിനാൽ മഴയിൽനിന്നും ലഭിക്കുന്ന ജലത്തിലധികവും കുത്തിയൊഴുകിപ്പോവുകയും വ്യാപകമായ മണ്ണൊലിപ്പ് ഉണ്ടാവുകയും ചെയ്യുന്നുണ്ട്. അമൂല്യ ജലസ്രോതസ്സുകളായ ചില തോടുകളും കുളങ്ങളും കയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. പാട്ടുപാറത്തോട്, മാന്തറത്തോട്, ബ്ലാമ്പത്തോട്, കണയത്തോട്, കല്ലൂക്കുളംതോട്, കായപ്ലാക്കൽതോട്, മണ്ണനാനിത്തോട് തുടങ്ങിയവ പ്രത്യേക പ്രാധാന്യമുള്ളവയാണ്. സ്ഥായിയായി ജലലഭ്യതയുള്ള ആണ്ടുമഠം ഭാഗത്തുള്ള ചതുപ്പുനിലവും ആശാരിവയലിൽക്കുളം, വള്ളീക്കുളം, വെച്ചൂർക്കുളം, വെട്ടുവേലിൽകുളം, തലവങ്ങാട്ടുകുളം, ഇല്ലത്തുകുളം, പെരുമ്പാൽകുളം എന്നിവയും മണ്ണംപ്ലാക്കലുള്ള മൈലക്കയം, കൈലാത്തുകവലയ്ക്കു സമീപമുള്ള തള്ളക്കയം തുടങ്ങിയ കയങ്ങളും നമ്മുടെ ജലസ്രോതസ്സുകളിൽപെടുന്നു. കുടിവെള്ളത്തിനായി കിണറുകളെയാണ് പഞ്ചായത്തിലെ ജനങ്ങളധികവും ആശ്രയിക്കുന്നത്. സംഘടിതമായ ജലസംരക്ഷണപ്രവർത്തനങ്ങളുടെ അഭാവത്താൽ കുടിവെള്ളക്ഷാമം ഓരോ വർഷവും രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്.

മനുഷ്യവിഭവം


1991-ലെ സെൻസസ് പ്രകാരം ചിറക്കടവ് പഞ്ചായത്തിലെ ജനസംഖ്യ 31813 ആണ്. ഇതിൽ 15945 പുരുഷന്മാരും 15868 സ്ത്രീകളും ആണുള്ളത്. കേരളത്തിലെ പൊതുസ്ഥിതിയിൽ നിന്നും വ്യത്യസ്തമായി സ്ത്രീകളെക്കാൾ പുരുഷന്മാരുടെ

എണ്ണം (77) കൂടുതലാണ്. പട്ടികജാതി ജനസംഖ്യ പുരുഷന്മാർ 965 ഉം സ്ത്രീകൾ 1024 ഉം ആണ്. പട്ടികവർഗ്ഗ ജനസംഖ്യ പുരുഷന്മാർ 41 ഉം സ്ത്രീകൾ 50 ഉം ആണ്. നമ്മുടെ പഞ്ചായത്തിലെ 27496 പേർ സാക്ഷരരാണ്. പുരുഷന്മാരിൽ 13876 പേരും സ്ത്രീകളിൽ 13620 പേരും. വാർഡുതല ജനസംഖ്യാ സ്ഥിതിവിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

ചിറക്കടവ് ഗ്രാമപഞ്ചായത്ത് ജനസംഖ്യാസ്ഥിതിവിവരക്കണക്ക്

(1991-ലെ സെൻസസ് കണക്കനുസരിച്ച്)

വാർഡ്	വാർഡിന്റെ പേര്	ജനസംഖ്യ			പട്ടികജാതി			പട്ടികവർഗ്ഗം			സാക്ഷരത	
		പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ
1	അട്ടിക്കൽ	1125	1103	2228	74	82	156	3	10	13	973	945
2	പത്താശാരി	1642	1653	3295	218	216	434	5	3	8	1393	1368
3	ടൗൺ	1019	1039	2058	33	37	70	-	-	-	876	886
4	കിഴക്കുംഭാഗം	1833	1867	3700	92	185	277	-	-	-	1619	1589
5	ഇടഭാഗം നോർത്ത്	1533	134	2927	31	43	74	-	-	-	1315	1199
6	ഇടഭാഗം സൗത്ത്	1134	1156	2290	46	51	97	-	-	-	995	1005
7	പടിഞ്ഞാറുഭാഗം	1306	1232	2538	117	183	300	-	-	-	1159	1875
8	തെക്കുംഭാഗം	1469	1473	2942	16	14	30	-	-	-	1278	1278
9	ചെറുവള്ളി സെൻറർ	1452	1489	2941	153	191	344	13	13	26	1254	1381
10	കിഴക്കുംഭാഗം സൗത്ത്	1111	1128	2239	70	77	147	-	-	-	966	965
11	ചെറുവള്ളി ഈസ്റ്റ്	1124	1144	2268	70	68	138	7	6	13	981	985
12	ചെറുവള്ളി വെസ്റ്റ്	1197	1190	2387	45	37	82	12	17	29	1067	1024
	ആകെ	15945	15868	31813	965	1024	1989	41	50	91	13876	13620



കൃഷിയും ജലസേചനവും

ചിറക്കടവ് ഒരു കാർഷിക ഗ്രാമമാണ്. 1795-ൽ തിരുവിതാംകൂർ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്ക് കീഴ്പ്പെട്ടതോടെ സുഗന്ധവിളകൾക്കുവേണ്ടിയുള്ള സാമ്രാജ്യത്വമത്സരം അവസാനിച്ചു. അതിനുമുമ്പ് പ്രധാനമായും വനഭൂമിയിൽ സംരക്ഷിച്ചുനിർത്തിയ വിളകൾ എന്ന നിലയ്ക്കാണ് കുരുമുളക്, ചുക്ക് തുടങ്ങിയവ നിലനിർത്തിപ്പോന്നത്. വനങ്ങൾ വൻതോതിൽ നശിപ്പിച്ച് മുതലാളിത്തരീതിയിലുള്ള ആധുനിക കൃഷി സമ്പ്രദായം നമ്മുടെ നാട്ടിൽ ആരംഭിച്ചത് 1875-നുശേഷമാണ്. ഇതോടുകൂടിയാണ് വൻതോതിൽ കുടിയേറ്റക്കാരെത്തി നെല്ലും തെങ്ങും കുരുമുളകും ഇഞ്ചിയും മറ്റും വ്യാപകമായി കൃഷിചെയ്യാൻ ആരംഭിച്ചത്. 1860-കളിൽ കാപ്പി, തേയില എന്നീ കൃഷികളും നമ്മുടെ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ആരംഭിച്ചു. അക്കാലത്തെ പ്രധാന കൃഷിക്കാർ വെള്ളാള സമുദായത്തിൽപ്പെട്ടവർ ആയിരുന്നു. 1950-കളോടെ റബ്ബർകൃഷിയും ഇവിടെ പ്രചരിക്കുവാൻ തുടങ്ങി.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലുള്ള നെൽകൃഷി രീതിയെക്കുറിച്ച് ഉള്ള ഒരു വിവരണം താഴെ കൊടുക്കുന്നു. 'പത്തു പതിനഞ്ചു വർഷം ഭൂമി കൃഷി ചെയ്യാതെ തരിശിട്ട് മൂപ്പിച്ചതിനുശേഷം കാടുകൾ വെട്ടി ചുട്ട് ചാമ്പലുകൾ വീഴ്ത്തി നിലം ഒരുക്കിയാണ് അന്ന് കൃഷി ചെയ്തിരുന്നത്. ഒരു പറ വിത്തിന് സാധാരണഗതിയിൽ നൂറും നൂറ്റി അൻപതും പറ നെല്ലു കിട്ടിയിരുന്നു. രണ്ടു വർഷം തുടർച്ചയായി കൃഷി ഇറക്കാം. പിന്നീട് പത്തും പന്ത്രണ്ടും വർഷം നിലം തരിശിട്ടു മൂപ്പിച്ച് വീണ്ടും കൃഷി ചെയ്യും. 'ഉഴവു വെട്ടി കൃഷി' എന്നാണ് ഇതിനു പേർ പറഞ്ഞിരുന്നത്.'

(അവലംബം. ഒരു അഭിഭാഷകന്റെ ഓർമക്കുറിപ്പുകൾ - അഡ്വ: എസ്. രാമനാഥപിള്ള)

3850 ഹെക്ടർ വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിൽ അര നൂറ്റാണ്ടിനുമുമ്പുവരെ വളരെ പ്രചാരമുള്ള കൃഷി തെങ്ങ് ആയിരുന്നു. ഇടവിളകൾ ആയി കമുക്, കുരുമുളക്, കപ്പ, ഇഞ്ചി, വാഴ, കിഴങ്ങുവർഗങ്ങൾ തുടങ്ങിയവയും വ്യാപകമായി കൃഷി ചെയ്തിരുന്നു. വയൽപ്രദേശങ്ങൾ തുലോം കുറവായ ഇവിടെ പുരയിടങ്ങളിൽ നെല്ല്, എള്ള് തുടങ്ങിയ ധാന്യങ്ങളും ചെറിയതോതിൽ കൃഷി ചെയ്തിരുന്നു. അക്കാലത്ത് വയലുകളിലും പുരയിടങ്ങളിലും ഉഴവുകാള കളെ ഉപയോഗിച്ച് മണ്ണിളക്കുന്ന രീതി ആയിരുന്നു നില നിന്നിരുന്നത്. ചെറുകിട ഭൂവുടമസ്ഥർ സ്വന്തം കൃഷി ഭൂമിയിൽ അധ്വാനിക്കുന്നതോടൊപ്പം കർഷകതൊഴിലാളികളും കാർഷികരംഗത്ത് പണിയെടുത്തിരുന്നു. 'മാറ്റാ' പണിസമ്പ്രദായം അക്കാലത്ത് സർവസാധാരണമായിരുന്നു. വൻകിട ഭൂവുടമകളുടെ ഭൂമി പാട്ടവും വാരവും വ്യവസ്ഥയിൽ കൃഷിചെയ്യാൻ ഏല്ക്കുന്ന രീതി നിലനിന്നിരുന്നു.

എല്ലാത്തരം കൃഷികൾക്കും ജൈവവളങ്ങൾ ആയിരുന്നു ഉപയോഗിച്ചിരുന്നത്. കന്നുകാലിവളർത്തൽ വ്യാപകമായിരുന്ന ആ കാലഘട്ടത്തിൽ എല്ലാ വീടുകളിലും ചാണകം സുലഭമായി ലഭിച്ചിരുന്നു.

വൻതോതിൽ ഉത്പാദിപ്പിക്കപ്പെട്ടിരുന്ന നാളികേരം ചെറുകിടവ്യാപാരികൾ കൃഷിക്കാരിൽനിന്നു വിലയ്ക്കു വാങ്ങി ഉണക്കി കൊപ്രയാക്കി കാളവണ്ടികളിൽ ചങ്ങനാശ്ശേരിയിലെത്തിച്ച് അവിടെനിന്ന് ജലമാർഗം ആലപ്പുഴയിൽ കൊണ്ടുചെന്ന് വിപണനം നടത്തിയിരുന്നു. കൃഷിക്കാർ വേനൽക്കാലങ്ങളിൽ സ്വന്തമായി തേങ്ങാ ഉണക്കി കൊപ്ര ആക്കി കാളകളെ ഉപയോഗിച്ച് നാട്ടിൽതന്നെ പ്രവർത്തിപ്പിച്ചിരുന്ന മരച്ചക്കുകളിൽ ആട്ടി വെളിച്ചെണ്ണ എടുത്ത് ഉപയോഗിച്ചിരുന്നു. നമ്മുടെ നാട്ടിൽ മരച്ചക്കുകളിൽ കാളകളെ ഉപയോഗിച്ച് കൊപ്ര ആട്ടി എണ്ണ എടുക്കുന്നത് ഒരു കുലത്തൊഴിലായാണ് നടത്തിയിരുന്നത്.

വീടുകളിൽ ഭൂരിപക്ഷവും ഓലമേഞ്ഞതായിരുന്നു. ഇതിന് തെങ്ങോലയും പനയോലയും ഉപയോഗിച്ചിരുന്നു. പുര മേയുന്നതിനാവശ്യമായ ഓല ഇവിടെത്തന്നെ സുലഭമായിരുന്നു. കൃഷിക്കാർ കാർഷികോത്പന്നങ്ങൾ

വിറഴിക്കുന്നതിന് പൊൻകുന്നത്തുള്ള ചന്തയെ ആണ് മുഖ്യമായും ആശ്രയിച്ചിരുന്നത്. മുൻകാലങ്ങളിൽ ഉത്പന്നങ്ങൾക്കു പകരമായി മറ്റുല്പന്നങ്ങൾതന്നെ കൈമാറ്റം ചെയ്യുന്ന വ്യവസ്ഥിതിയും ഈ പ്രദേശത്ത് നിലനിന്നിരുന്നു. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നിന്നായി പലതരം കാർഷികവിളകൾ തലച്ചുമടായി ചന്തയിൽ കൊണ്ടുപോയി വില്പന നടത്തിയിരുന്നു. ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിലായിരുന്നു ധാരാളം കൃഷിക്കാർ പങ്കെടുക്കുന്ന ചന്ത നടന്നിരുന്നത്. ദീർഘദൂരം ചുമക്കേണ്ടി വരുമ്പോൾ ഇടയ്ക്ക് വിശ്രമിക്കുന്നതിനായി ചുമടുകൾ ഇറക്കിവയ്ക്കുവാൻ പാതയോരങ്ങളിൽ 'ചുമടുതാങ്ങികൾ' ദൃശ്യമായിരുന്നു. (ഇപ്പോഴും ചിലസ്ഥങ്ങളിൽ ഇവ കാണാം.) ആസൂത്രിതമായ ഒരു ജലസേചനപരിപാടി മുമ്പും നമ്മുടെ പഞ്ചായത്തിൽ ഇല്ലായിരുന്നു. മഴയെമാത്രം ആശ്രയിച്ചായിരുന്നു അന്ന് നമ്മുടെ കൃഷികൾ.

ഭൂവിനിയോഗം

ചിറക്കടവു പഞ്ചായത്തിലെ ഒന്നുമുതൽ പന്ത്രണ്ടു വാർഡുകളിലും നിമ്നോന്നത ഭൂപ്രകൃതി ആണ് ദൃശ്യമാകുന്നത്. മണ്ണിന്റെ അവസ്ഥ 98%വരെ ചെങ്കൽമണ്ണും (ലാറ്ററേറ്റ്) ബാക്കി ഭാഗങ്ങൾ പാറക്കെട്ടുകളും തോടുകളോടു ചേർന്നുള്ള ഭാഗങ്ങൾ കളിമണ്ണ് (ക്ലേ സോയിൽ) ചേർന്നതുമാണ്. പ്രകൃത്യാതന്നെ ചെങ്കൽമണ്ണ് ദീർഘകാല വിളകൾക്ക് അനുയോജ്യമായതിനാൽ തോട്ടവിളകൾക്ക് പ്രാമുഖ്യമുള്ള കൃഷിരീതികളാണ് ഇവിടെ നിലനില്ക്കുന്നത്. വർഷങ്ങൾക്കു മുമ്പുതന്നെ തെങ്ങുകൃഷി നമ്മുടെ പഞ്ചായത്തിൽ വളരെ വിപുലമായി വ്യാപിച്ചിരുന്നു. റബ്ബർകൃഷിയുടെ ആവിർഭാവത്തോടെ തെങ്ങുകൃഷിയുടെ പ്രാധാന്യം കുറയുകയും സ്ഥിരമായി കൃഷി ചെയ്തുകൊണ്ടിരുന്ന മറ്റ് തോട്ടവിളകളുടെയും കിഴങ്ങുവർഗങ്ങളുടെയും പച്ചക്കറി ഇനങ്ങളുടെയും ഉത്പാദനം ഗണ്യമായി കുറയുകയും ചെയ്തു.

ഒരു സമഗ്ര ഭൂവിനിയോഗ നടപടിയിൽക്കൂടി മാത്രമേ നിലവിലുള്ള തെങ്ങുകൃഷി സംരക്ഷിക്കുന്നതിനും കുരുമുളക്, പച്ചക്കറി, കിഴങ്ങുവർഗങ്ങൾ തുടങ്ങിയവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിയുകയുള്ളു. ഇതിനാവശ്യമായ നടപടികൾ അടിയന്തിരമായി ചെയ്യേണ്ടിയിരിക്കുന്നു.

ജലവിഭവങ്ങൾ

ചിറക്കടവു പഞ്ചായത്തിലെ ഒട്ടുമിക്ക പ്രദേശങ്ങളിൽനിന്നും കൈത്തോടുകൾ പ്രകൃത്യാതന്നെ ഒഴുകി ചിറ്റാർ, മണിമലയാർ എന്നീ പ്രധാന ആറുകളിലേക്ക് ചെന്നുചേരുന്നു. വർഷത്തിൽ കൂടുതൽ കാലത്തെയും ജലലഭ്യത കണക്കിലെടുക്കുമ്പോൾ ചില കൈത്തോടുകൾ കൂടുതൽ പ്രസക്തങ്ങളാണ്. ഒന്നാം വാർഡിൽ പാട്ടുപാറത്തോട് ഒഴുകി മാന്തറത്തോടുമായി ചേർന്ന് മേലരുവിയിൽചെന്ന് ചേരുകയും മേലരുവി ചിറ്റാറിൽ പതിക്കുകയും ചെയ്യുന്നു. നാലാം വാർഡിൽ പൊൻകുന്നത്തിനു സമീപം താന്നിമൂടുകവലയിൽനിന്നുൽഭവിക്കുന്ന ചെറുതോട് P.N.P റോഡിനു സമാന്തരമായി ഒഴുകി ആറാം വാർഡിൽ പ്രവേശിച്ച് ബ്ലാമ്പത്തോടായി മാറുകയും വീണ്ടും തെക്കോട്ടൊഴുകി കണയത്തോട്ടിൽ ചേരുകയും ചെയ്യുന്നു. കണയത്തോട് മണ്ണംപ്ലാക്കൽ കവലയിൽവച്ച് ചിറ്റാറുമായി ചേരുന്നു. കണയത്തോട് അഞ്ചാം വാർഡിൽ തോണിപ്പാറ ഭാഗത്തുനിന്നുത്ഭവിച്ച് പനിച്ചേൽപ്പടി, മറ്റത്തിൽപ്പടി വഴി ആറാം വാർഡിൽ പ്രവേശിക്കുകയും മണക്കാട് അമ്പലംവഴി ഒഴുകി മണ്ണംപ്ലാക്കൽ കവലയിൽവച്ച് ചിറ്റാറുമായി ചേരുകയുമാണ് ചെയ്യുന്നത്. ഏഴാം വാർഡിൽ വെട്ടിക്കലോലിക്കൽ ഭാഗത്തുനിന്നുത്ഭവിച്ച് കല്ലൂക്കുളം ഭാഗത്തുകൂടി കടന്ന് പായിക്കാട് പ്രദേശത്തുവച്ച് വാഴൂർ തോടിനോടു ചേരുന്ന കല്ലൂക്കുളത്തുതോടും വയലുങ്കൽ ഈറ്റത്തോടുഭാഗത്തുനിന്നാരംഭിച്ച് വെള്ളക്കല്ലുവഴി ഒഴുകി വാഴൂർതോടിനോടു ചേരുന്ന മറ്റൊരു തോടും കുഴിക്കാട്ടുപടിയിൽനിന്നാരംഭിച്ച് പത്തൊൻപതാം മൈൽ തോട്ടിൽ ചെന്നുചേരുന്ന വേറൊരു തോടും ഉണ്ട്. ഒൻപതാം വാർഡിലെ കായാപ്ലാക്കൽതോടും പതിനൊന്നിലെ മണ്ണനാനിത്തോടും പന്ത്രണ്ടിലെ കലയത്തോലിത്തോടും പ്രത്യേകം പ്രാധാന്യമുള്ളവകളാണ്.

സ്ഥായിയായി ജലലഭ്യതയുള്ള ആണ്ടുമഠം ഭാഗത്തുള്ള ചതുപ്പുനിലവും ആശാരിവയലിൽ കുളവും ചിറക്കടവ് അമ്പലത്തിനു പടിഞ്ഞാറുഭാഗത്തുള്ള വള്ളിക്കുളവും, വെച്ചൂർകുളം, വെട്ടുവേലിൽകുളം, തലവങ്ങാട്ടുകുളം, ഇല്ലത്തുകുളം, പെരുമ്പ്രാൽകുളം എന്നിവയും മണ്ണംപ്ലാക്കലുള്ള മൈലക്കയം, കൈലാത്തുകവലയ്ക്കു സമീപമുള്ള തള്ളക്കയം എന്നിവയും ഈ പഞ്ചായത്തിലെ അമൂല്യങ്ങളായ ജലസ്രോതസ്സുകളാണ്.

കൃഷിക്കനുയോജ്യമല്ലാത്ത ചേപ്പുംപാറയും അതിനോടു ചേർന്നുള്ള ചിറക്കൽ പാറമടകളും ചെറുവള്ളിഭാഗത്തുള്ള പുതിയവീട്ടിൽ പാറമടയും തേമ്പാറപ്പാറമടയും കടുപ്പമേറിയ പാറക്കെട്ടുകളും കൃഷിക്കനുയോജ്യമാക്കാവുന്ന അട്ടിക്കൽ ഭാഗത്ത് കണ്ടത്തുങ്കൽ കോളനിക്ക് സമീപമുള്ള ഏകദേശം ഇരുപതേക്കറോളം വരുന്ന ചതുപ്പുനിലവും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ പത്താം വാർഡിൽ തകിടി ഭാഗത്ത് സമൃദ്ധമായ തോതിൽ ഗ്രാഫയിറ്റ് നിക്ഷേപമുള്ളതായി കണ്ടുപിടിച്ചിട്ടുണ്ട്.

(അവലംബം: പഠനപര്യടനം)

പഞ്ചായത്തിൽ കൃഷിചെയ്യുന്ന മുഖ്യവിളകൾ വിസ്തീർണ്ണം, ഉത്പാദനം, ഉത്പാദനക്ഷമത, ഭൂമി സംബന്ധിച്ചുള്ള വിവരങ്ങൾ എന്നിവ കാണിക്കുന്ന ചാർട്ട് ചുവടെ ചേർക്കുന്നു.

മുഖ്യവിളകൾ

വിള	വിസ്തീർണ്ണം	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത ഹെക്ടറിൽ
റബ്ബർ (വെട്ടുന്നത്)	1880.25	1880256 കി. ഗ്രാം.	1000 കി. ഗ്രാം (ഡ്രൈ)
'' തൈമരം	805.82	-	-
തെങ്ങ്	383.72	2417436 എണ്ണം	6300 എണ്ണം
കുരുമുളക്	191.86	312092 കി. ഗ്രാം.	2200 കി. ഗ്രാം.
കപ്പ	153.49	1227920 കി. ഗ്രാം.	8000 കി. ഗ്രാം. (ഡ്രൈ)
കൊക്കോ	115	115120 കി. ഗ്രാം.	1000 കി. ഗ്രാം.
പച്ചക്കറികൾ	115	402.92 M.T.	3500 കി. ഗ്രാം.
കമുക്	76.76	1919000 കി.ഗ്രാം.	25000 കി. ഗ്രാം.
വാഴ	76.75	959375 കി.ഗ്രാം.	12500 കി. ഗ്രാം.
ഇഞ്ചി	38.37	153480 കി. ഗ്രാം	4000 കി.ഗ്രാം.

അവലംബം: (കൃഷിഭവൻ രേഖകൾ)

ഭൂമി സംബന്ധിച്ച വിവരങ്ങൾ

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ					ഉടമസ്ഥരുടെ എണ്ണം						
	പുരയിടം	നിലം	പുറം-പോക്ക്	തരിശ്	ആകെ	1-10 സെൻറ്	10-25 സെൻറ്	25-50 സെൻറ്	1 ഏക്കർ	1-2 ഏക്കർ	2-55നു മുകളിൽ	
	1	2	3	4	5	6	7	8	9	10	11	12
ചിറക്കടവ്	6426.72	3.08	413.79	4.8	6848.77	3038	2438	1428	1700	905	301	130
ചെറുവള്ളി	2617	-	251	26	2894	449	719	674	854	359	36	22
ആകെ	9043.72	3.8	664.79	30.8	9742.39	3487	3157	2102	2554	1264	337	152

അവലംബം: (വില്ലേജാഫീസ് രേഖകൾ)

തെങ്ങ്

ഒരു കാലത്ത് നമ്മുടെ പഞ്ചായത്തിലെ മുഖ്യകാർഷികവിള ആയിരുന്ന തെങ്ങ് ഇന്ന് നാശത്തിന്റെ വക്കിലാണ്. തെങ്ങിനു സംഭവിച്ചിരിക്കുന്ന വ്യാപകമായ കാറ്റുവീഴ്ച രോഗവും ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തതയും റബ്ബർകൃഷിയോടുള്ള ആഭിമുഖ്യവും ഇതിനുള്ള പ്രധാന കാരണങ്ങളായി ചൂണ്ടിക്കാണിക്കാം. ഇവിടെ ഇപ്പോൾ 383 ഹെക്ടർ സ്ഥലത്താണ് തെങ്ങുകൃഷി ഉള്ളത്. പ്രതിവർഷം ഏകദേശം ഇരുപത്തിനാലു ലക്ഷത്തോളം നാളികേരം ഉത്പാദിപ്പിക്കുന്നു. ഒരു തെങ്ങിൽനിന്നും ശരാശരി മുപ്പത് തേങ്ങയാണ് നമുക്ക് ലഭിക്കുന്നത്. സംസ്ഥാന ശരാശരി ആകട്ടെ മുപ്പത്തിഎട്ട് എന്ന തോതിലാണ്. ഭക്ഷണാവശ്യത്തിനുള്ള തേങ്ങപോലും നമ്മുടെ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുവാൻ നമുക്കു കഴിയുന്നില്ല. ഈ അടുത്ത കാലത്തായി തെങ്ങുകൃഷിയിൽ കർഷകർക്കും കുറച്ചു താൽപര്യം വർദ്ധിച്ചുവരുന്നുണ്ട്. കൃഷിഭവനിൽനിന്നുള്ള ഉപദേശവും കേരവികസനസമിതിയുടെ പ്രവർത്തനവുമാണ് ഇതിനു കാരണം. കൃഷിഭവനിൽനിന്നുള്ള നല്ലയിനം തെങ്ങിൻ തൈ വിതരണത്തിൽ വർഷാവർഷം ഉണ്ടാകുന്ന വർദ്ധനവ് തെങ്ങുകൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിച്ചു വരുന്നു എന്നതിനു തെളിവാണ്.

നടീൽ വസ്തു വിതരണം

ഇനം	1993-94	1994-95	1995-96
തെങ്ങ്	810	1060	1960
കശുമാവ്	200		
കുരുമുളക് വള്ളി	11000	10000	4400
കൊക്കോ	750		
ഏത്തവാഴ		1100	
ഫലവൃക്ഷത്തൈകൾ	100 കിറ്റ്	100 കിറ്റ്	

(കൃഷിഭവൻ രേഖകളിൽനിന്ന്)

റബ്ബർകൃഷി

1950 കാലഘട്ടത്തോടുകൂടി നമ്മുടെ പഞ്ചായത്തിൽ റബ്ബർകൃഷിക്കു തുടക്കമായി. 1970-കളോടെ ഈ കൃഷി ഇവിടെ സാർവ്വത്രികവുമായി. ഇപ്പോൾ . നമ്മുടെ കൃഷിഭൂമിയുടെ 75% ത്തോളവും റബ്ബർകൃഷിക്കായി വിനിയോഗിക്കുന്നു. തെങ്ങിനുണ്ടായ വ്യാപകമായ രോഗങ്ങളും റബ്ബർകൃഷിക്കനുയോജ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയും റബ്ബറിൽനിന്നു ലഭിക്കുന്ന കൂടിയ ആദായവും റബ്ബർബോർഡ് നല്കുന്ന പ്രോത്സാഹനവും ഒക്കെ റബ്ബർകൃഷിയോടുള്ള ആഭിമുഖ്യത്തിനു കാരണമായി. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഈ കൃഷിയിൽനിന്നും ഏതാണ്ട് പത്തു കോടിയോളം രൂപ പ്രതിവർഷ വരുമാനമുള്ളതായി കൃഷിഭവൻ രേഖകളിൽനിന്നും മനസ്സിലാക്കുവാൻ കഴിയും. ഇവിടത്തെ ജനങ്ങളുടെ ജീവിതത്തിൽ വളരെയേറെ സ്വാധീനം ചെലുത്തുന്ന ഒന്നായി റബ്ബർകൃഷി മാറിയിരിക്കുന്നു.

ഇപ്പോഴത്തെ സ്ഥിതി

പഞ്ചായത്തിൽ ഇപ്പോൾ 2685 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി ചെയ്യുന്നു. ഇതിൽ 1880 ഹെക്ടർ സ്ഥലത്ത് ആദായം ലഭിച്ചുകൊണ്ടിരിക്കുന്ന വൃക്ഷങ്ങളും 805 ഹെക്ടർ സ്ഥലത്ത് തൈമരങ്ങളും ആണ്. ഒരു ഹെക്ടർ തോട്ടത്തിൽനിന്നു നമുക്ക് ശരാശരി 1000 കിലോ ഉണങ്ങിയ റബ്ബർ ലഭിക്കുന്നു. ഇത് സംസ്ഥാന ശരാശരിക്കു മുകളിലാണ്. അത്യുൽപാദനശേഷിയുള്ള 105 ഇനത്തിൽപ്പെടുന്ന റബ്ബർമരങ്ങളാണ് ഈ നാട്ടിലെ ഭൂരിപക്ഷം കർഷകരും കൃഷിചെയ്യുന്നത്. കൃഷിക്കാരിൽ ഏറിയപങ്കും റബ്ബർകറ ഷീറ്റുകളാക്കി ഉണക്കി വില്പന നടത്തുന്നവരാണ്. പഞ്ചായത്തിന്റെ ചില വാർഡുകളിൽ പ്രവർത്തിക്കുന്ന റബ്ബർ ഉത്പാദകസംഘങ്ങൾ ചെറിയ തോതിൽ കർഷകരിൽനിന്നും റബ്ബർപാൽ ശേഖരിച്ച് വില്പന നടത്തുന്നുണ്ട്.

പൊൻകുന്നത്തു പ്രവർത്തിക്കുന്ന റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം റബ്ബർ കൃഷിക്കാർക്ക് ആവശ്യമായ വളം, കീടനാശിനികൾ, പ്ലാസ്റ്റിക് ചിരട്ട, ചില്ല്, ആസിഡ്, ഡിഷ് തുടങ്ങിയ സാധനങ്ങൾ വില്പന നടത്തുന്നുണ്ട്. ചുരുക്കമായി റബ്ബർ ഉത്പാദകസംഘങ്ങളും ഈ രംഗത്ത് സേവനം അനുഷ്ഠിക്കുന്നു. എന്നാൽ കടലാസുകളിൽമാത്രം പ്രവർത്തനം ഒതുങ്ങിനില്ക്കുന്ന ഇത്തരം സംഘങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.

റബ്ബർകൃഷി ഏറെ ആദായകരമാണെങ്കിലും അത്യുൽപാദനശേഷിയുള്ള റബ്ബർമരങ്ങളെ ബാധിക്കുന്ന മാരകരോഗങ്ങൾ കർഷകന് കനത്ത ഭീക്ഷണി ആണ്. ചീക്ക്, പട്ടമരപ്പ് തുടങ്ങിയ രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിവിധി ഇന്നും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. തുരിശടിക്കുന്നതു കുറച്ചതും രാസവളപ്രയോഗത്തിലെ അശാസ്ത്രീയതയും ആകാം ഒരു പരിധിവരെ ഇതിനു കാരണങ്ങളെന്നു പറയപ്പെടുന്നു. അതുപോലെതന്നെ പ്രകൃതിക്ഷോഭംമൂലം മറ്റു കൃഷികളെ അപേക്ഷിച്ച് ഓരോ വർഷവും വമ്പിച്ച നാശനഷ്ടങ്ങളാണ് റബ്ബറിന് ഉണ്ടായി ക്കൊണ്ടിരിക്കുന്നത്.



റബ്ബർകൃഷിയുടെ വ്യാപനത്തോടെ രാസവളത്തിന്റെ ഉപയോഗം അമിതമായി വർദ്ധിക്കുകയും മറ്റു തോട്ടവിളകളും പച്ചക്കറികളും കിഴങ്ങുവർഗങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു എന്നതു നിഷേധിക്കുവാൻ ആവില്ല.

റബ്ബർ ടാപ്പിംഗ് മേഖലയിൽ നിരവധി തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇവരിൽ ശാസ്ത്രീയമായ പരിശീലനം ലഭിച്ചവർ വിരളമാണ്. ഈ മേഖലയിൽ തൊഴിൽ പ്രശ്നങ്ങൾ വളരെ കുറവാണ്. റബ്ബർ തടിമുറിക്കൽ രംഗത്തും

ധാരാളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. എന്നാൽ റബ്ബർതടി ഉപയോ ഗിച്ചുള്ള വ്യവസായങ്ങൾ ഒന്നുംതന്നെ ഇവിടെ പ്രവർത്തിക്കുന്നില്ല.

റബ്ബർതൈകളുടെ വിപണനരംഗത്ത് പ്രവർത്തിക്കുന്ന ധാരാളം റബ്ബർ നഴ്സറികൾ ഇവിടെ കാണാം. റബ്ബർ ബോർഡ് അംഗീകാരമുള്ള ഇത്തരം നേഴ്സറികളിൽനിന്നും ധാരാളം തൈകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കൊണ്ടുപോകുന്നു. ഇതൊരു വ്യവസായമായിത്തന്നെ ഇവിടെ വളർന്നിട്ടുണ്ടെന്നു പറയാം.

റബ്ബർവിലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഏറ റക്കുറച്ചിലുകൾ കർഷകന് ഒരു വലിയ ശാപമായിത്തീർ ന്നിരിക്കുന്നു. റബ്ബറിന് തറവില നിശ്ചയിക്കണമെന്നുള്ള ആവശ്യവുമായി നടത്തിക്കൊണ്ടിരിക്കുന്ന മുറവിളികൾ ന്യായയുക്തംതന്നെ.

കുരുമുളക്

തെങ്ങുകൃഷിയേപ്പോലെതന്നെ തകർച്ച ബാധിച്ചു കൊണ്ടിരിക്കുന്ന മറെറാരു തോട്ടവിളയാണ് കുരുമുളക്. റബ്ബർ കൃഷിയോട് ചേർന്ന് കുരുമുളക് കൃഷിചെയ്യാൻ കഴിയാത്തതും ദ്രുതവാട്ടംപോലുള്ള മാരകരോഗങ്ങളും കൂടുതൽ പരിചരണം കൊടുക്കാൻ കഴിയാത്തതുമാണ് ഈ കൃഷിയെ നാശത്തിലേക്കു നയിച്ചത്. അത്യുൽപാദന ശേഷിയുള്ള കുരുമുളകുവള്ളികൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുന്നുണ്ടെങ്കിലും അതൊന്നും ഈ രംഗത്ത് വേണ്ടത്ര വിജയിക്കുന്നില്ല. കേരളത്തിലെ മലഞ്ചരക്ക് വ്യാപാരകേന്ദ്രമെന്ന് പരക്കെ അറിയപ്പെട്ടിരുന്ന പൊൻകുന്ന ത്തിന്റെ പ്രശസ്തിപോലും ഈ കൃഷിയുടെ തകർച്ചയോടെ നമുക്കു നിലനിർത്തുവാൻ ആകുന്നില്ല.

പച്ചക്കറികൾ

നമ്മുടെ ദൈനംദിന അവശ്യവസ്തുക്കളിൽ ഒന്നാണ് പച്ചക്ക റികൾ. നമ്മുടെ പഞ്ചായത്തിന്റെ മുക്കിലും മൂലയിലും കാണപ്പെടുന്ന പച്ചക്കറിക്കടകൾ പച്ചക്കറി കൃഷിരംഗത്തെ നമ്മുടെ ശോചനീയാവസ്ഥ വെളിവാക്കുന്നു. ഒരു ലോറിസമരമോ ബന്ദോ പ്രഖ്യാപിച്ചാൽ നമ്മുടെ ഉച്ച യൂണുമുതൽ സദ്യകൾവരെ മുടങ്ങിയതുതന്നെ. പച്ചക്കറികൾ സിംഹഭാഗവും വരുന്നത് തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽനിന്നുമാണ്.

മുൻകാലങ്ങളിൽ പച്ചക്കറികൾ വിലയ്ക്കു വാങ്ങുന്ന ഒരു രീതി നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. വിവിധ ഇനങ്ങളിലുള്ള പച്ചക്കറികൾ ഇവിടത്തെ ആവശ്യത്തിന്റെ അനേകം ഇരട്ടി ഇവിടെത്തന്നെ ഉത്പാദിപ്പിച്ചിരുന്നു. പച്ചക്കറി ഉത്പാദനത്തിൽ നമുക്ക് സ്വയംപര്യാപ്തത നേടാൻ തീവ്രമായ ശ്രമങ്ങളിലൂടെ കഴിയണം. അതിനുള്ള തീവ്രയത്ന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

മരച്ചീനി

ഒരുകാലത്ത് നമ്മുടെ പഞ്ചായത്തിൽ വളരെ വ്യാപകമായി കൃഷിചെയ്തിരുന്ന കപ്പ ഇന്ന് നാമമാത്രമായിത്തീർന്നി രിക്കുന്നു. വിളവെടുപ്പുസമയങ്ങളിൽ പച്ചക്കപ്പ ഉപയോഗി ക്കുകയും പിന്നീടുള്ള പഞ്ഞമാസക്കാലങ്ങളിലേക്ക് വാട്ടി ഉണങ്ങി സൂക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ റബ്ബർ കൃഷിയുടെ വ്യാപനത്തോടെ കപ്പ ഇന്ന് അന്യമായിക്കൊ ണ്ടിരിക്കുകയാണ്. മററു പ്രദേശങ്ങളിൽനിന്നും കൊണ്ടു വരുന്ന കപ്പ ഇന്ന് നാം വിലകൊടുത്ത് വാങ്ങി ഉപയോഗി ക്കുന്നു. ചുരുക്കമായി കപ്പ കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ എലിശല്യംമൂലം കൃഷി തുടരുവാൻ ആകാത്ത സ്ഥിതി ആണ് ഇന്നുള്ളത്. കപ്പപോലെതന്നെ നമ്മുടെ നാട്ടിൽ സുലഭമായിരുന്നതും ആഹാരാവശ്യങ്ങൾക്ക് ഉപ യോഗിച്ചുകൊണ്ടിരുന്നതുമായ കാച്ചിൽ, ചേമ്പ്, കിഴങ്ങ് തുടങ്ങിയവയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ആഹാരാവശ്യത്തിനുവേണ്ടി മാത്രമെങ്കിലും മേൽപ്പറഞ്ഞ കിഴങ്ങുവർഗങ്ങൾ ഇവിടെത്തന്നെ ഉത്പാദിപ്പി ക്കുവാൻ ഒരു കൂട്ടായ ശ്രമം അത്യാവശ്യമായിരിക്കുന്നു.

വാഴ

മുൻകാലങ്ങളിൽ ഏത്തവാഴ ഒഴികെയുള്ള ഇതര വാഴകൾ സമൃദ്ധമായി നമ്മുടെ നാട്ടിൽ കൃഷിചെയ്തിരുന്നു. പച്ചക്കറി ആയും പഴമായും നമ്മുടെ വീടുകളിൽ ആവശ്യാനുസരണം ഉപയോഗിക്കുകയും അധികം വരുന്നവ ചന്തയിൽ കൊണ്ടുപോയി വിൽക്കുകയും പതിവായിരുന്നു. എന്നാൽ ഇന്ന് ഇവയിൽ കണ്ണൻ, ഞാലിപ്പൂവൻ, ചുണ്ടില്ലാക്കണ്ണൻ, പൂവൻ തുടങ്ങിയ ഇനങ്ങൾ അത്യപൂർവമായേ ഇവിടെ കൃഷി ചെയ്യുന്നുള്ളു. നമ്മുടെ പഞ്ചായത്തിൽ ചുരുക്കമായി കാണുന്ന വയൽപ്രദേശങ്ങളിലും റീ പ്ലാൻറ് ചെയ്യുന്ന തിനുവേണ്ടി റബ്ബർ മരങ്ങൾ മുറിച്ചുമാററപ്പെടുന്ന പുരയിട ങ്ങളിലും ഏത്തവാഴ വിജയകരമായി കൃഷിചെയ്യുന്നുണ്ട്. ഇവയാകട്ടെ നമ്മുടെ ആവശ്യത്തിന്റെ അടുത്തെങ്ങും എത്തുന്നില്ലാ എന്നതാണ് യാഥാർത്ഥ്യം. അടുക്കളത്തോട്ട ത്തോടനുബന്ധിച്ചും ഇടവിളയായും വാഴകൃഷി പ്രോത്സാഹി പ്പിക്കേണ്ടതുണ്ട്.

മററു കൃഷികൾ

ഇടക്കാലംകൊണ്ട് മുൻനിരയിലേക്കുവന്ന ഒരു ഇടവിള യായിരുന്നു കൊക്കോ. ആകർഷകങ്ങളായ പ്രചാരണ ത്തിലൂടെയാണ് കർഷകർ ഈ കൃഷിയിൽ ഉത്സുകരായത്.

എന്നാൽ ഉത്പാദനവർദ്ധനവോടെ കൊക്കോയുടെ വിലയിടിയുകയും കർഷകർ നിരാശരാവുകയും ചെയ്തു. ഇന്ന് കുറഞ്ഞതോതിൽ മാത്രം നമ്മുടെ നാട്ടിൽ ഈ കൃഷിയുണ്ട്. കാപ്പി, ഗ്രാമ്പൂ, ജാതി തുടങ്ങിയവയൊക്കെ നമ്മുടെ പഞ്ചായത്തിൽ മുമ്പെന്നത്തേപ്പോലെ ഇന്നും നാമമാത്ര മാണ്.

കൃഷിഭവൻ

നമ്മുടെ പഞ്ചായത്തിൽ തേക്കേത്തു കവലയിൽ കൃഷിഭവൻ പ്രവർത്തിക്കുന്നു. പഞ്ചായത്തിലാകെ നിറഞ്ഞു നില്ക്കുന്ന സങ്കീർണ്ണമായ കാർഷികപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ ആശ്വാസമേകാൻ ഈ സ്ഥാപനത്തിന് കഴിയുന്നുണ്ട്. ഒരു കൃഷി ആഫീസറും രണ്ട് കൃഷി അസിസ്റ്റന്റുമാരും മാത്രമാണ് ഈ ആഫീസിലുള്ളത്. വിസ്തൃതമായ നമ്മുടെ പഞ്ചായത്തിൽ എല്ലാ മേഖലകളിലും വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ കൃഷിഭവനു കഴിയുന്നില്ല. വിവിധ വാർഡുകളിൽ അഗ്രോ സർവീസ് സെൻറുകൾ സ്ഥാപിച്ച് ഈ മേഖല കൂടുതൽ ഫലപ്രദമാക്കാവുന്നതാണ്.

ചിറക്കടവു പഞ്ചായത്തിൽ നടപ്പിലാക്കാവുന്ന വിവിധ കാർഷിക വികസന പ്രവർത്തനങ്ങൾ

I സമഗ്ര പച്ചക്കറി വികസനപ്രവർത്തനങ്ങൾ

a. വർഷത്തിൽ രണ്ടു തവണ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തിരഞ്ഞെടുത്ത കർഷകർക്ക് പച്ചക്കറി വിത്തും അതിനനുബന്ധമായ വളം, കീടനാശിനി എന്നിവകളും നല്കി കൃഷി പ്രോത്സാഹിപ്പിക്കുക.

b. പഞ്ചായത്തിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ വിത്ത് വിതരണം ചെയ്യുകയും നന്നായി കൃഷി ചെയ്ത തോട്ടങ്ങൾക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്യുക.

c. പ്രമുഖ പച്ചക്കറി കർഷകർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നല്കുക.

d. പച്ചക്കറിവിത്തിന്റെ ലഭ്യത കൃത്യസമയത്ത് പഞ്ചായത്തിൽ ഉറപ്പുവരുത്തുന്നതിന് പച്ചക്കറി കർഷകരുടെ ഒരു ന്യൂക്ലിയസ് ഗാർഡൻ നിലനിർത്തുകയും അവരിൽനിന്ന് ന്യായമായ വിലയ്ക്ക് കൃത്യമായി വിത്തുശേഖരണം കൃഷിഭവന്റെ ഗുണനിലവാര പരിശോധനയോടുകൂടി നടപ്പി ലാക്കുക.

e. പച്ചക്കറിസ്റ്റാളുകൾ സ്ഥിരം സംവിധാനമായി നടപ്പിലാക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യാനുത കുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കുക.

f. ഓണത്തിന് നേന്ത്രക്കായ ലഭിക്കത്തക്ക രീതിയിൽ തിരഞ്ഞെടുത്ത കർഷകർക്ക് നേന്ത്രവാഴക്കന്നുകൾ സൗജന്യനിരക്കിൽ കൃത്യസമയത്തു വിതരണം ചെയ്യുക.

II മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ

വിവിധ വാർഡുകളിൽ മണ്ണുസംരക്ഷണപ്രവർത്തനങ്ങൾ സബ്സിഡിയോടുകൂടി നടപ്പിലാക്കുക. കൈത്തോടുകൾക്ക് സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ ആക്കുക.

III ജലസംരക്ഷണ പ്രവർത്തനങ്ങൾ

ജലസംരക്ഷണ പ്രവർത്തനങ്ങൾക്കുതകുംവിധം, പുതിയ സാങ്കേതിക വിദ്യകൾ സബ്സിഡിയോടുകൂടി വിവിധ വാർഡുകളിൽ ഏകോപിപ്പിച്ച് നടത്തുക.

IV നീർമറി പ്രദേശവികസനം, നടീൽ വസ്തുക്കളുടെ വിതരണം

നീർമറി അടിസ്ഥാനത്തിൽ വിവിധ കാർഷികവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള രൂപരേഖ അടിയന്തിരമായി തയ്യാറാക്കുക. ഒന്നുമതൽ പന്ത്രണ്ടുവരെ വാർഡുകളിൽനിന്ന് ചിറ്റാർതോട്, മണിമലയാറ് എന്നീ ഭാഗങ്ങളിലേക്ക് നീരൊഴുക്കുള്ള പ്രദേശങ്ങളുടെ സമഗ്ര വികസനം ചിട്ടപ്പെടുത്തി നടപ്പിലാക്കുക. പഞ്ചായത്തിലേക്കാവശ്യമായ വിവിധ നടീൽ വസ്തുക്കളുടെ ഗുണനില വാരവും ലഭ്യതയും ഉറപ്പുവരത്തക്ക രീതിയിൽ അംഗീകൃത നേഴ്സറികൾ സബ്സിഡിയോടുകൂടി വിപുലപ്പെടുത്തുക.

V സമഗ്ര നാളികേര വികസനപദ്ധതി

സമഗ്ര നാളികേര വികസനപദ്ധതിയുടെ പ്രവർത്ത നങ്ങൾ വിപുലീകരിച്ച് നടപ്പിലാക്കുക. പുതിയതായി കുഴിക്കുന്ന ജലസേചനക്കിണറുകൾ, പമ്പുസെറ്റുകൾ, സൗജന്യനിരക്കിൽ രാസവളവിതരണം, രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് സഹായധനം, പുതിയവ നട്ടുപിടിപ്പിക്കുന്നതിനുള്ള നടീൽവസ്തുക്കളുടെ വിതരണം തുടങ്ങിയവ വേഗതയിലാക്കുക.

VI വിളകളെ അടിസ്ഥാനപ്പെടുത്തിയുള്ള വികസനം

ചെറുവള്ളി കേന്ദ്രമാക്കി ഒരു അഗ്രോക്ലിനിക് സ്ഥാപിക്കുക.

പഞ്ചായത്തിലെ തെരഞ്ഞെടുത്ത പട്ടികജാതി കർഷകരുടെ വികസനത്തിനുതകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക. കാർഷികമേഖലയിൽ തൊഴിലാളികളെ വേണ്ട സമയത്തു ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകൊണ്ട് പല കാർഷികവിളകളുടെ ഉത്പാദന പ്രവർത്തനങ്ങളും മന്ദീഭവിച്ചിട്ടുണ്ട്. ഈ മേഖലയിൽ ജോലി

ചെയ്യുവാൻ സന്നദ്ധരായ കർഷകത്തൊഴിലാളികളുടെ വർക്ക് ഫോഴ്സ് പഞ്ചായത്തടിസ്ഥാനത്തിൽ രജിസ്ററർ ചെയ്യുകയും കൃത്യസമയത്ത് ആവശ്യമുള്ളവർക്ക് തൊഴിലാളികളെ എത്തിച്ചുകൊടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്യുക.

ബോധവത്കരണം

നവീന കാർഷികവൃത്തികൾ വ്യാപിപ്പിക്കുന്നതിലേക്കായി വിവിധയിനം സെമിനാറുകൾ, പഞ്ചായത്തടിസ്ഥാനത്തിൽ കാർഷികമേളകൾ, കർഷകദിനാചരണം, തെരഞ്ഞെടുത്ത കർഷകരെ ആദരിക്കൽ, തെരഞ്ഞെടുത്ത കർഷകർക്ക് കാർഷിക സർവകലാശാലയടക്കമുള്ള വിവിധ മേഖലകളിൽ പരിശീലനത്തിലുള്ള സഹായങ്ങൾ ചെയ്യുക തുടങ്ങിയ കാര്യങ്ങൾ വേഗതയിലാക്കുക. റബ്ബർ കൃഷി വികസനത്തിനുതുകുന്ന വിവിധ പദ്ധതികൾ റബ്ബർ ബോർഡുമായി ഏകോപിപ്പിച്ചു നടപ്പിലാക്കുക. ലാഭകരമായ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ഉണ്ടാക്കുവാനായി ഉള്ള ശ്രമങ്ങൾ നടത്തുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് 1

കയ്യാല കെട്ടി മണ്ണു സംരക്ഷിക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുക. തോടുകൾക്കു സൈഡിൽ കയ്യാല നിർമ്മിക്കുവാൻ സഹായം നല്കുക. വളക്കുഴികൾ നിർമ്മിക്കുന്നതിന് സഹായം. മണ്ണുപരിശോധനയ്ക്കു സംവിധാനം ഉണ്ടാക്കുക.

മാന്ത്രത്തോട്, പാട്ടുപാറ, മീനാർ പാറത്തോടുകൾ എന്നിവയ്ക്ക് ചെക്കുഡാം കെട്ടി കൃഷിക്കുപയോഗിക്കുവാൻ സംവിധാനം ഉണ്ടാക്കുക. പഴയ കിണറുകൾ ഉപയോഗപ്രദമാക്കുക. ആവശ്യമായ സ്ഥലങ്ങളിൽ കിണർ നിർമ്മിക്കുക. കടുക്കാമല നരിയനാനി, നെഹ്റു റോഡ്-പൈപ്പുലൈൻ നീട്ടി ജലലഭ്യത ഉണ്ടാക്കുക. കടുക്കാമല ഭാഗത്തുള്ള വേനൽക്കാല ജലദൗർലഭ്യം കുറയ്ക്കുന്നതിനും കൃഷി ഉപയോഗത്തിനും കുളം നിർമ്മിക്കുക. മൂന്നാം വാർഡിന്റെ അതിർത്തിയിൽ മറത്തിൽ പുരയിടത്തിൽ ഉള്ള വററാത്ത കിണറിലെ വെള്ളം വിതരണം ചെയ്യാൻ സംവിധാനം ഉണ്ടാക്കുക. മീനാർപാറത്തോട്ടിൽ കുളം നിർമ്മിച്ച് പൂലാനി ഭാഗത്ത് ടാങ്കെട്ടി ജലവിതരണം നടത്തുക. വീടുകളിൽ പച്ചക്കറിത്തോട്ടം നിർമിക്കുവാൻ വിത്തും കീടനാശിനിയും ധനസഹായവും നല്കുക. കാർഷികസെമിനാറുകൾ സംഘടിപ്പിച്ച് ബോധവല്ക്കരണം നല്കുക. കൃഷി ആഫീസിന്റെ ബ്രാഞ്ച് ഒന്നാം വാർഡിൽ ആരംഭിക്കുക. ഒന്നാം വാർഡിൽ നരിയാനി-കണ്ടത്തുങ്കൽ ഭാഗത്ത് കുളം നിർമിച്ച് രണ്ടാം വാർഡിൽ ടാങ്ക് കെട്ടി ജലവിതരണപദ്ധതി ആരംഭിച്ചാൽ ജലക്ഷാമത്തിനു പരിഹാരമാകുകയും കണ്ടത്തുങ്കൽ ഭാഗത്ത് ജലം കൂടുതൽ കെട്ടിനില്ക്കുന്നതുകൊണ്ടുള്ള പ്രശ്നം പരിഹരിക്കുകയും ചെയ്യാം.

വാർഡ് 2

പുതിയ വിത്ത്, വളം, കീടനാശിനി, കൃഷിരീതി ഇവ ജനങ്ങളിൽ എത്തിക്കണം. കാർഷികപ്രദർശനങ്ങൾ, ചർച്ചാക്ലാസുകൾ, ക്യാമ്പുകൾ തുടങ്ങിയവ സംഘടിപ്പിക്കുക, പാരിതോഷികങ്ങൾ നല്കി കൃഷിക്കാരെ പ്രോത്സാഹിപ്പിക്കുക, ചീര, വഴുതന, ചീനി, മുരിങ്ങ തുടങ്ങിയവയുടെ വിത്തിന്റെ കിററുകൾ കൊടുക്കുക. മേൽ കാണിച്ച നിർദ്ദേശങ്ങൾ പത്തു സെന്ററുവരെ സ്ഥലമുള്ളവർക്ക്. തെങ്ങ്, കവുങ്ങ്, റബ്ബർ, വാഴ, കപ്പ, കുരുമുളക് എന്നീ കൃഷിക്കാർക്ക് ആധുനിക കൃഷിരീതികളും വിത്ത്, വളം, ലോൺ, മണ്ണുപരിശോധന, ഉപദേശം എന്നിവ കൊടുക്കണം.

ജലസേചനസൗകര്യങ്ങൾ വിപുലപ്പെടുത്തണം. കിണർ, കുളം, കുഴൽക്കിണർ എന്നിവ വിപുലപ്പെടുത്തണം.

വാർഡ് 3

കാർഷികവികസനത്തിന് മണ്ണുപരിശോധനാ സൗകര്യങ്ങൾ ഉണ്ടാക്കണം. വിത്ത്, വളം ഇവ നല്കണം.

ഈററുവേലിൽ കുളം (കോസ്മോകുളം) അമ്പലക്കുളം (പൊൻകുന്നം) ഇവ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കണം. ആനകുത്തി, കാവാലിമാക്കൽഭാഗം, തോണിപ്പാറ, പനയ്ക്കൽ കോളനി എന്നിവിടങ്ങളിൽ കുളം നിർമിക്കുക. ഈ ഭാഗങ്ങളിൽ പൈപ്പുലൈനിട്ട് കുടിവെള്ളക്ഷാമം പരിഹരിക്കുക. കൃഷിഭവനിൽനിന്നുള്ള സഹായം നല്ല രീതിയിൽ കിട്ടുന്നില്ല. ഇറച്ചിക്കോഴിവളർത്തൽകേന്ദ്രത്തിന് സാധ്യതയുണ്ട്.

വാർഡ് 4

സൗജന്യമായി വിത്തുകൾ എത്തിക്കണം. കാർഷികരംഗത്ത് മുൻപരിചയമുള്ള ആളുകളുടെ ഒരു സമിതി രൂപീകരിക്കണം. പൊതുസ്ഥലങ്ങളിൽ കൃഷി ചെയ്യാൻ താത്പര്യമുള്ള സമിതികളെ ഏൽപ്പിക്കുക. കൃഷിക്കാവശ്യമായ ഫണ്ട് നല്കുക. അത്യുത്പാദനശേഷിയുള്ള വിത്തുകൾ, വളം, കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ നല്കുക. കുരുമുളകുകൃഷിക്ക് തണ്ടുചീയൽ രോഗം വാർഡിൽ വ്യാപകമാണ്. പ്രതിരോധ കീടനാശിനികൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. ന്യായവില ലഭ്യമാക്കാൻ സഹകരണ സംഘങ്ങളുണ്ടാക്കി വിപണനത്തിന് സൗകര്യം ഉണ്ടാക്കുക. കേടായ തെങ്ങുകൾ വെട്ടിമാററുന്നതിനുള്ള ധനസഹായം ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുക. ഉത്പാദനശേഷി കൂടിയ തെങ്ങിൻതൈകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുക. ഇതു പഞ്ചായത്തുസമിതികളുടെ നിയന്ത്രണത്തിലാക്കുക. കമ്പോസ്റ്റ് നിർമാണത്തിനുള്ള പരിജ്ഞാനം ചെറുകിട

കർഷകർക്കു നല്കുക. കൃഷിഭവനിലൂടെ കർഷകർക്കു ലഭിക്കേണ്ട വളങ്ങളും മറ്റും അർഹതപ്പെട്ടവർക്കു ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക. കന്നുകാലിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

വാർഡ് 5

ദ്രുതവാട്ടം തടയുന്നതിന് സംവിധാനം ഉണ്ടാകണം. തെങ്ങിന്റെ രോഗപ്രതിരോധശക്തി വർദ്ധിപ്പിക്കാൻ ഗവേഷണം ഉണ്ടാകണം. കൃഷിവിത്തുകൾ വിതരണം ചെയ്യുന്നത് ഗുണമേന്മയുള്ളതല്ല. പഞ്ചായത്തുതലത്തിൽ ഗുണമേന്മയുള്ള വിത്തുകൾ ശേഖരിച്ച് വിതരണം നടത്തണം. വളം, കീടനാശിനി എന്നിവയുടെ വില കുറയ്ക്കണം. മണ്ണുപരിശോധനയ്ക്ക് സംവിധാനം ഉണ്ടാകണം. ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കണം. പുളിച്ചുകുന്നേൽ കുളത്തുങ്കൽ കിണർ കുഴിച്ച് വെള്ളം പമ്പ്ചെയ്ത് ജലസേചനം നടത്തണം. കണയത്തോട്ടിൽ മേൽഭാഗത്ത് കുളം കുത്തി ജലം സംഭരിച്ച് വിതരണം ചെയ്യണം. പച്ചക്കറിവിത്തുകൾ വിതരണം ചെയ്യണം. വീടിനു ചുറ്റുമെങ്കിലും രണ്ടോ മൂന്നോ ചുവട് തെങ്ങെങ്കിലും വയ്ക്കാൻ നല്ലയിനം തെങ്ങിൻ തൈകൾ വിതരണം നടത്തണം. കുഴൽ കിണർ കുഴിക്കണം. കാർഷിക ബോധവത്കരണം നടത്തണം. ഗവൺമെൻറ് ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് എത്തിക്കാൻ വാർഡുതലസംവിധാനം ഉണ്ടാകണം. കിണർ സബ്സിഡി, ജൈവവളങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടി എന്നിവയുണ്ടാകണം. മണ്ണുസംരക്ഷണത്തിന് ഊന്നൽ നല്കണം. പച്ചക്കറിവിത്ത് എല്ലാ വീട്ടിലും എത്തിക്കണം. ചെറിയതോട്ടിൽ തടയണ ജനകീയമായി കെട്ടണം. കൃഷിഭവൻ വാർഡുതല ജനസമ്പർക്കം നടത്തണം. മൂന്നു മുക്കടത്തോട്ടിൽ തടയണകൾ കെട്ടണം. തുളസി എല്ലാ വീടുകളിലും കൃഷി ചെയ്യണം. പല കീടങ്ങൾക്കും ഇത് പരിഹാരമാണ്. തെങ്ങിൻ ചെല്ലികളെ നശിപ്പിക്കാൻ പശുത്തൊഴുത്തുകളിലും ചാണകക്കുഴികളിലും കീടനാശിനി തളിക്കണം. ഭൂമിയിൽ വെള്ളം താഴാൻ ശാസ്ത്രീയമായ സംവിധാനം ഉണ്ടാകണം. വിള ഇൻഷ്വറൻസ് നടപ്പാക്കണം. പഞ്ചായത്തുതലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങണം.

വാർഡ് 6

വാർഡുപ്രദേശത്ത് ആദിമകാലത്ത് നെൽക്കൃഷി നിലവിലിരുന്നു. പിന്നീട് തെങ്ങ്, കുരുമുളക്, കാപ്പി തുടങ്ങിയ കൃഷികളും മരച്ചീനി, നടുതലകൃഷികളും നിലവിൽ വന്നു. ചുരുക്കമായി റബ്ബർകൃഷിയും ഉണ്ടായി. 1970-നുശേഷം റബ്ബർകൃഷി വ്യാപകമായി. ആദികാലഘട്ടത്തിൽ കൂട്ടുകൃഷി മാറ്റാപണിയുടെ രൂപത്തിലുണ്ടായിരുന്നു. മുപ്പതു വർഷം മുമ്പുവരെ ചിറക്കടവുക്ഷേത്രത്തിനു സമീപം നെൽകൃഷി ഉണ്ടായിരുന്നു. ഇന്ന് അത്യുൽപാദനശേഷിയുള്ള നൂറ്റഞ്ചിനത്തിൽപ്പെട്ട റബ്ബർകൃഷിയാണ് നിലവിലുള്ളത്. വാർഡിന്റെ പടിഞ്ഞാറുഭാഗത്തുനിന്നും മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന കണയത്തോടും വടക്കുനിന്നും തെക്കോട്ട് ഒഴുകുന്ന ബ്ലാമ്പത്തോടും നിലവിലുണ്ട്. കൂടുതൽ ചരിവുപ്രദേശമായതിനാൽ കയ്യാല കെട്ടാനുള്ള പദ്ധതിക്ക് വ്യാപകമായി ധനസഹായം നല്കേണ്ടതാണ്. റബ്ബർ കൃഷിക്ക് ഇന്നു ലഭിക്കുന്ന സബ്സിഡി തുക ഉയർത്തണം. ഇറക്കുമതി തടയണം. മുഴുവൻ കൃഷിക്കാർക്കും കേര സമിതിവഴി വളം വിതരണം ചെയ്യാൻ പദ്ധതി ഉണ്ടാകണം. കേടായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പുതിയ തൈകൾ വയ്ക്കുന്നതിനുമുള്ള ധനസഹായം ലഭ്യമാകണം. കുരുമുളകു കൃഷിക്കാവശ്യമായ വളം ലഭ്യമാക്കാൻ പദ്ധതി വേണം. പച്ചക്കറികൃഷി എല്ലാ വീടുകളിലും നടത്താൻ പദ്ധതി രൂപപ്പെടുത്തണം. വിത്തും വളവും സൗജന്യമായി കിട്ടണം. കിണറു കുഴിക്കാനും പമ്പുസെറ്റുകൾ സ്ഥാപിക്കാനും ഇന്നുള്ള സഹായം വർദ്ധിപ്പിക്കണം. അമ്പതു സെൻറിൽ കുറവുള്ള കൃഷിക്കാർക്കും ഈ സഹായം ലഭ്യമാക്കണം. വാർഡിൽ അഗ്രോ സർവീസ് സെൻറർ സ്ഥാപിക്കണം. വാഴകൃഷിക്കും വിത്തും വളവും സൗജന്യനിരക്കിൽ ലഭിക്കണം. റബ്ബർ റീപ്ലാൻറ്ചെയ്യുന്ന സ്ഥലത്ത് വാഴകൃഷി ചെയ്യാൻ പ്രോത്സാഹനം നല്കണം. കാർഷികപ്രദർശനങ്ങൾ നടത്തണം. വരൾച്ചക്കെടുതികൾ നേരിടാൻ ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കണം. ബ്ലാമ്പത്തോട്ടിൽ വട്ടക്കുഴിഭാഗത്ത് തടയണ കെട്ടി വെള്ളം തടഞ്ഞു നിർത്തണം. കരിമ്പുകയം പദ്ധതി വിപുലീകരിക്കണം. അവിടെ ചെക്കുഡാം നിർമിക്കണം. വള്ളിയിൽ കുളം ആഴം കൂട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കാം. പറപ്പള്ളിത്താഴത്ത്, ചിറക്കടവ് അമ്പലത്തിനു സമീപം എന്നിവിടങ്ങളിൽ വലിയ കിണറു കുത്തി ഉയർന്ന പ്രദേശങ്ങൾക്ക് വെള്ളം എത്തിക്കാം. നിലവിലുള്ള കിണറുകൾക്ക് ആഴം കൂട്ടുക. കുഴൽകിണറുകൾ നിർമിക്കുക. നീർക്കുഴികൾക്ക് ധനസഹായം ലഭ്യമാക്കണം.

വാർഡ് 7

കുരങ്ങാടി കേന്ദ്രീകരിച്ചുള്ള ശുദ്ധജലവിതരണപദ്ധതി വിപുലീകരിക്കുക. ഈറ്റത്തോടുഭാഗത്ത് ഒരു കുളം നിർമിച്ച് ഇടത്തംപറമ്പ്, മണിമലക്കുന്ന്, ചെന്നാക്കുന്ന് എന്നിവിടങ്ങളിലേക്ക് ജലസേചനത്തിനും ശുദ്ധജല വിതരണത്തിനുമുള്ള സംവിധാനം ഉണ്ടാക്കുക. പച്ചക്കറിവിത്തും വളവും സൗജന്യമായി നല്കുകയും കാർഷിക ഉപകരണങ്ങൾ, കീടനാശിനികൾ ഇവ സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും ചെയ്യുക. കർഷകർക്കുവേണ്ടി ബോധവല്ക്കരണ പരിപാടികൾ നടത്തുക. കൃഷിക്കാർക്കു ന്യായവില ലഭിക്കുന്നതിനും കൃഷിസാധനങ്ങൾ വിതരണം ചെയ്യുന്നതിനും ഒരു സഹകരണസംഘം ആരംഭിക്കുക. കൃഷിഭവന്റെ ഒരു ബ്രാഞ്ച് ഓഫീസ് ചെന്നാക്കുന്നു ഭാഗത്ത് ആരംഭിക്കുക. കയ്യാല കെട്ടുന്നതിനും തോടിന്റെ സൈഡ്

കെട്ടുന്നതിനും ധനസഹായം നല്കുക. കൃഷിക്കാർക്കാവശ്യമായ വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തുക. കായ്ഫലം കുറഞ്ഞതും കാറ്റുവീഴ്ച ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കുറഞ്ഞത് അഞ്ഞൂറു രൂപയെങ്കിലും നല്കുക. നല്ലയിനം തെങ്ങിൻതൈകൾ സൗജന്യമായി നല്കുക. വർഷംതോറും കർഷകമേള സംഘടിപ്പിച്ച് നല്ല കർഷകനെ ആദരിക്കുക. റീപ്ലാൻറ് ചെയ്യുന്ന റബ്ബർ കർഷകർക്ക് ബോർഡ് നല്കുന്ന ധനസഹായത്തിനു പുറമേ പഞ്ചായത്തും ധനസഹായം നല്കുക. കൃഷിഭവൻ മുഖേന സൗജന്യവിള ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ കർഷകരെയും ഉൾപ്പെടുത്തുക. ഹരിജൻ കോളനിയിൽ ഉള്ള കൃഷിക്കാർക്ക് സൗജന്യമായി കാർഷികോപകരണങ്ങൾ വിതരണം ചെയ്യുക.

വാർഡ് 8

റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്ക് സൗജന്യ പ്രതിവിധികൾ നടപ്പിലാക്കുക. തെങ്ങ്, കവുങ്ങ്, കുരുമുളക്, കൊക്കോ ഈ കർഷകർക്ക് വിത്തും വിളവും കീടനാശിനിയും സൗജന്യമായി നല്കുക. മണ്ണുപരിശോധനാ സൗകര്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക. വാഴ, മരച്ചീനി, കിഴങ്ങുവർഗം, പച്ചക്കറി ഈ രംഗത്ത് ഓരോരുത്തരെയും ബോധവല്ക്കരിക്കുക, ഇല്ലത്തുകുളം, വെട്ടുവേലിക്കുളം ഇവ ആഴം വർദ്ധിപ്പിച്ച് മിനി ജലവിതരണ പദ്ധതികൾ ആരംഭിക്കുക. വിശദമായ സർവേ നടത്തി വറ്റാത്ത കിണറുകളും ജലസ്രോതസ്സുകളും കണ്ടെത്തി ജലസേചന പദ്ധതികൾക്കു രൂപം കൊടുക്കുക കൃഷിഭവൻ മുഖാന്തിരം പമ്പുസെറ്റുകൾ വിപുലമായ രീതിയിൽ വിതരണം ചെയ്യുക. കൃഷിഭവന് സ്വന്തമായി സ്ഥലം സൗജന്യമായി ലഭിക്കുവാനുള്ള സാധ്യത പരിശോധിച്ച് കണ്ടെത്തി സ്വന്തം കെട്ടിടം നിർമിക്കുക. ഗ്രാമങ്ങളിൽനിന്നും പച്ചക്കറി സംഭരിച്ച് ന്യായവിലയ്ക്ക് വിപണനം നടത്തി ഉൽപാദകനെയും ഉപഭോക്താവിനെയും സഹായിക്കുക. S R V സ്കൂൾ തെക്കേത്തുപടി റോഡിൽ സ്കൂൾ മുതൽ M G M സ്കൂൾ പടിവരെ പൈപ്പുലൈൻ നീട്ടുകയും, തെക്കേത്തുകവല മുരുത്തുമല റോഡിൻറെ ഭാഗം, വേട്ടോർപുരയിടംകവല, പുളിക്കൽക്കവല എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക. പെരുമ്പാൽക്കുളവും ഓലിയും ഭിത്തികെട്ടി സംരക്ഷിക്കുക. ബാലവാടിഭാഗത്ത് ടാങ്കുകെട്ടി ജലം സംഭരിക്കുക. കുന്നപ്പള്ളിക്കുളം വിപുലീകരിച്ച്ടാങ്കു നിർമിച്ച് ആ പ്രദേശത്ത് ജലസേചനം ലഭ്യമാക്കുക.

വാർഡ് 9

പട്ടമരപ്പുരോഗം നിയന്ത്രിക്കാനും ചെറുകിട നാമമാത്ര കൃഷിക്കാർക്ക് കൃഷിചെയ്യാനും രോഗങ്ങളെ ചെറുക്കുന്നതിനുള്ള പരിശീലനം നല്കുക. തെങ്ങിൻറെ കാറ്റുവീഴ്ച, പുഴുശല്യം ഇവ നിയന്ത്രിക്കുന്നതിനും കേടുള്ള തെങ്ങ് വെട്ടിമാറ്റി പുതിയത് കൃഷിചെയ്യുന്നതിനും കർഷകർക്കു ധനസഹായവും കീടനാശിനി വിതരണവും ഊർജിതപ്പെടുത്തുക. കൃഷിഭവന് സ്വന്തം കെട്ടിടം ഉണ്ടാകണം. അതിൻറെ പ്രവർത്തനങ്ങൾ വിപുലീകരിക്കണം. വിളകൾക്കും പച്ചക്കറികൾക്കും ഇന്ന് കൃഷിഭവൻവഴിയുള്ള സഹായങ്ങൾ പരിമിതമാണ്. ഉദ്യോഗസ്ഥന്മാർ ഫീൽഡിൽ കൂടുതൽ പ്രവർത്തിക്കണം. പക്ഷപാതപരമായ സമീപനം ഒഴിവാക്കണം. പച്ചക്കറി വിത്തും വളവും വിതരണം ചെയ്യുകയും കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും കൃഷിഭവൻ സഹായിക്കണം. കിണറു കുഴിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും കർഷകർക്കുള്ള സഹായം വസ്തുവിൻറെ അളവുനോക്കാതെ ആവശ്യക്കാർക്കെല്ലാം നല്കണം. പാറാന്തോടിൻറെ ഇരുവശത്തും പൗവ്വത്തുകവല മുതൽ വലിയതോടുവരെയുള്ള ഭാഗത്തും തോടിൻറെ ഇരുവശത്തും സംരക്ഷണഭിത്തി കെട്ടുക. വലിയതോട്ടിൽ തള്ളക്കയംഭാഗത്ത് ചെക്ക് ഡാം കെട്ടണം. ഇവിടം മുതൽ കൈലാത്തുകവലവരെ വാഴൂർതോടിൻറെ വശം സംരക്ഷണഭിത്തി അത്യാവശ്യമാണ്. പാറാന്തോടുമുതൽ കൈലാത്തുകവലവരെയും ചെറുവള്ളി അമ്പലം മുതൽ തെക്കുംഭാഗം മുതൽ കുന്നത്തുപുഴവരെയും പൈപ്പുലൈൻ നീട്ടണം. വലിയിലാകത്തുഭാഗത്ത് ഉള്ള പഞ്ചായത്തുവകകുളം വിപുലപ്പെടുത്തണം. കൃഷിസ്ഥലങ്ങളിൽ ഇടക്കയ്യാലകൾ നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം നല്കണം.

വാർഡ് 10

സ്ഥലത്തിൻറെ അളവുനോക്കാതെ എല്ലാ റബ്ബർ കർഷകർക്കും ബോർഡിൽനിന്നുള്ള ധനസഹായം വർദ്ധിപ്പിക്കുക. കയ്യാല വയ്ക്കുന്നതിനുള്ള ധനസഹായം വേണം. റബ്ബർബോർഡിൻറെ അംഗീകാരത്തോടുകൂടി മാത്രം റബ്ബർനേഴ്സറികൾ ആരംഭിക്കുക. പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് കാലാനുസൃതമായ ധനസഹായം നല്കണം. റബ്ബർ അധിഷ്ഠിത കുടിൽ വ്യവസായങ്ങൾ ആരംഭിക്കണം. നല്ലയിനം പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും കൃഷിക്കു കാര്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക. ചിറ്റാറിൽ മണ്ണും പ്ലാക്കലുള്ള മൈലക്കയത്തിൽ വലിയ കിണർ നിർമിച്ച് ചരക്കുന്നുഭാഗത്ത് കുടിവെള്ളവും ജലസേചനത്തിനുള്ള സൗകര്യവും എത്തിക്കണം. ചിറ്റാറിനു സമീപം കോടകയം ഭാഗത്ത് ബ്ലോക്കിൽനിന്നു നിർമിച്ച കുളത്തിൽ മോട്ടോർ സ്ഥാപിച്ച് രണ്ടാംമൈൽ, കാരയ്ക്കാമറ്റം ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുക. വില്ലൻചിറ ജലവിതരണ പദ്ധതിയിൽ കുന്നുംഭാഗത്ത് ടാങ്കു നിർമിച്ച് കത്തിലാങ്കൽപ്പടി തണ്ണിപ്പാറ ഭാഗത്ത് ജലവിതരണം നടത്തുക. ഈ ഭാഗത്തുള്ള പഞ്ചായത്തുവക കുളം കെട്ടി വൃത്തിയാക്കുക. കണയത്തോടിൻറെ മണ്ണംപ്ലാവുമുതൽ മണക്കാട് അമ്പലം വരെ ഇരുവശവും കല്ലുകെട്ടി ബലപ്പെടുത്തുക.

വാർഡ് 11

മണിമലയാറ്റിൽ ഏറ്റവും ആഴംകൂടിയ നായ്ക്കയം കേന്ദ്രീകരിച്ച് അരിക്കപ്പാറയിൽ റിസർവോയർ സ്ഥാപിച്ച് ജലസേചനപദ്ധതി നടപ്പിലാക്കുക. ഇവിടെത്തന്നെ ബണ്ടു നിർമിച്ച് ഒരു കുളവും നിർമിച്ചാൽ ശുദ്ധജല വിതരണം ആരംഭിക്കാം. ഈ പദ്ധതികളുടെ ഗുണം 9,10, 11, 12 വാർഡുകൾക്കു ലഭിക്കും. റബ്ബർ, തെങ്ങ്, കൊടി, ജാതി, വാഴ, മരച്ചീനി എന്നീ കൃഷികൾ പ്രധാനമാണ്. മേൽപ്പടി നല്ലവിത്തിനങ്ങൾ യഥാസമയങ്ങളിൽ കർഷകർക്കു ലഭിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. കൃഷി ഓഫീസിന്റെ ഭാഗമായി മണ്ണു പരിശോധനാസൗകര്യം ആരംഭിക്കണം. ഓരോ കൃഷികളിലും പ്രാവീണ്യം ഉള്ളവരെ കണ്ടെത്തി അവരുടെ കഴിവുകൾ ഉപയോഗപ്പെടുത്താൻ പറ്റണം.

വാർഡ് 12

(1) കറുത്തമഞ്ഞാടി ജലസേചനപദ്ധതി: എല്ലാക്കാലത്തും സുലഭമായി വെള്ളമുള്ള മണിമലയാറ്റിലെ കുറ്റിക്കയം/നല്ലേടത്തുകയം ഇവിടെനിന്നും ഈ പ്രദേശത്തെ ഏറ്റവും ഉയർന്ന സ്ഥലമായ കറുത്ത മഞ്ഞാടിയിൽ വെള്ളം ശേഖരിച്ച് ആ ടാങ്കിൽനിന്നും നാനാഭാഗത്തേക്കും പൈപ്പുകൾവഴി ജലം എത്തിക്കുന്ന ഒരു പരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്. ഈ പദ്ധതികൊണ്ട് ചെറുവള്ളി വില്ലേജിലെ മുഴുവൻ ആളുകൾക്കും പ്രയോജനം ലഭിക്കുന്നതാണ്.

(2) Community Irrigation-ൽ ഉൾപ്പെടുത്തി ഈ വാർഡിലെ മലയിലാത്തുകുളം നന്നാക്കി ജലസേചന സൗകര്യം വർദ്ധിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കേണ്ടതാണ്.

(3) വാഴൂർതോട്ടിൽ വിവിധ ഭാഗങ്ങളിൽ തടയണകൾ കെട്ടി ജലം സംഭരിക്കാവുന്നതാണ്. അതീപ്പാറ, പാലത്തുപടി എന്നീ സ്ഥലങ്ങളിൽ ചെക്കുഡാമുകൾ നിർമിച്ചാൽ നല്ല അളവിൽ വെള്ളം തടഞ്ഞുനിർത്താൻ കഴിയും എന്ന് കണ്ടു ബോധ്യപ്പെട്ടിട്ടുണ്ട്. തോടിനു സമീപത്തുള്ള കിണറുകളിൽ വേനൽക്കാലത്തുപോലും ജലം സുലഭമാക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടും.

(4) തോടിനു സമീപം DR കെട്ടണം. ഭൂഗർഭജലസ്രോതസ് സംരക്ഷിക്കുന്നതിന് കുഴികൾ നിർമിക്കണം.

(5) കൃഷിക്കാർക്ക് പമ്പുസെറ്റു വാങ്ങുന്നതിന് സബ്സിഡി ലഭ്യമാക്കണം.


(6) റബ്ബർ, കുരുമുളക്, തെങ്ങ് ഇവയ്ക്കുണ്ടാകുന്ന രോഗങ്ങളായ കുമിൾരോഗം, പട്ടമരപ്പ്, ദൃതവാട്ടം, കാറ്റുവീഴ്ച എന്നിവയ്ക്കു പരിഹാരം കണ്ടെത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ സഹായം ലഭ്യമാക്കണം.

(7) ഉത്പാദനശേഷിയുള്ള നടീൽവസ്തുക്കൾ ലഭ്യമാക്കണം.

(8) കൃഷി ആഫീസ് ഈ വാർഡിൽനിന്നും അകലെയായതിനാൽ ഈ വാർഡിലും കൃഷി ആഫീസിന്റെ സേവനം ലഭ്യമാക്കണം. വിത്ത്, വളം കൃഷിഭവൻവഴി വിതരണം ചെയ്യണം.

(9) ഓരോ വീട്ടിലും ഒരു അടുക്കളത്തോട്ടം ഉണ്ടാക്കുന്നതിന് ആവശ്യമായ നടീൽവസ്തുക്കൾ കൃഷിഭവൻ മുഖേന ലഭ്യമാക്കണം.

(10) കൃഷിക്കാർക്ക് കാർഷികവിളകളെ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിന് വാർഡിൽ Sprayer, Hand pump, Micron Sprayer മുതലായവ വാർഡ് കർഷകസമിതിക്ക് വാങ്ങിക്കൊടുക്കുന്നതിനുള്ള പദ്ധതി



രൂപീകരിക്കണം.

(11) എല്ലാ വിളകളും പഞ്ചായത്തുതലത്തിൽ/വാർഡുതലത്തിൽ Insure ചെയ്യുന്നതിനുള്ള പദ്ധതി രൂപീകരിക്കുകയും അതിനുവരുന്ന ചെലവിന്റെ ഒരു നിശ്ചിതശതമാനം പഞ്ചായത്തു വഹിക്കുകയും ചെയ്യുന്ന പദ്ധതി ഉണ്ടാവണം.

(12) മണ്ണിന്റെ ഘടന, വളപ്രയോഗരീതി, ആധുനികകൃഷിരീതികൾ തുടങ്ങിയവയെപ്പറ്റി കർഷകരെ ബോധവാന്മാരാക്കുന്നതിന് ശില്പശാലകൾ സംഘടിപ്പിക്കണം. മണ്ണുപരിശോധനയ്ക്കുള്ള ഒരു മൊബൈൽ ലാബറട്ടറി പഞ്ചായത്ത് ചെലവിൽ പ്രവർത്തിക്കുകയും ഓരോ വാർഡിലും ഈ ലാബ് എത്തുന്നതിനുവേണ്ട ക്രമീകരണം നടത്തുകയും വേണം.

(13) മണ്ണുസംരക്ഷണത്തിന് പുരയിടങ്ങളിൽ കയ്യാലകെട്ടുന്നതിനും തോടിന്റെ അരികുകെട്ടി സംരക്ഷിക്കുന്നതിനും ധനസഹായം ലഭ്യമാക്കണം.

(14) മഞ്ഞാക്കൽപ്പടി, കറുത്തമഞ്ഞാടി, ചെണ്ണായിങ്കൽപ്പടി, ചപ്പാത്ത് മുതലായ സ്ഥലങ്ങളിലും വടക്കേമുറിപ്പടി, പുളിമ്പുമാവ് എന്നിവിടങ്ങളിലും ഇലവുങ്കൽപ്പടി, തകടിക്കൽഭാഗം, അടാമറ്റം, തൊണ്ടുമുറിപ്പടി എന്നീ സ്ഥലങ്ങളിലും കുഴൽകിണറുകൾ സ്ഥാപിക്കേണ്ടതാണ്.

(15) നിലവിലുള്ള പഞ്ചായത്തുകിണറുകളും കുളങ്ങളും ആഴംകൂട്ടി ഉപയോഗപ്രദമാക്കേണ്ടതാണ്.

(16) വാലുമണ്ണേൽപുരയിടത്തിൽ ബ്ലോക്കിൽനിന്നും നിർമ്മിച്ച കിണറിന് ആഴം കൂട്ടി പമ്പുസെറ്റ് സ്ഥാപിച്ച് തകടിപ്പുറംഭാഗത്ത് ജലം എത്തിക്കാവുന്നതാണ്.



മൃഗസംരക്ഷണം

മൃഗസംരക്ഷണരംഗത്ത് നമ്മുടെ രാജ്യം ശാസ്ത്രീയമായി വളരെയേറെ പുരോഗമിച്ചിരിക്കുന്നു. ശാസ്ത്രത്തിന്റെ ഈ വമ്പിച്ച നേട്ടങ്ങൾ നമ്മുടെ പഞ്ചായത്തിലെ സാധാരണ ജനങ്ങളിലെത്തിക്കുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? വളരെയേറെ സാദ്ധ്യതകൾ ഉള്ള മൃഗസംരക്ഷണരംഗത്തെ നമ്മുടെ പ്രവർത്തനങ്ങൾ പ്രതീക്ഷയ്ക്കു വക നൽകുന്നില്ല എന്നതാണ് സത്യം. വമ്പിച്ച തൊഴിൽസാധ്യതയും നാടിന്റെ സർവ്വതോമുഖമായ പുരോഗതിക്കു സഹായകവുമായ ഒട്ടനവധി പരിപാടികൾ സ്വകാര്യമേഖലയിലും സഹകരണ മേഖലയിലും ഈ രംഗത്തു നടത്തുവാൻ കഴിയും. എന്നാൽ ചുരുക്കം ചില പന്നിവളർത്തൽ യൂണിറ്റുകളിലും കോഴിവളർത്തൽ യൂണിറ്റുകളിലുമായി ഈ രംഗത്തെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ ചുരുങ്ങിയിരിക്കുന്നു. വളരെ പ്രതീക്ഷയോടെ നാം രൂപീകരിച്ച ക്ഷീരോൽപാദക സഹകരണസംഘങ്ങൾപോലും കാര്യമായ പുരോഗതി കൈവരിക്കാതെ പ്രവർത്തനമാന്ദ്യത്തിലാണ്. നമുക്കു ലഭ്യമായ എല്ലാ കഴിവുകളും ഉപയോഗിച്ച് മൃഗസംരക്ഷണ രംഗത്ത് ഒരു കുതിച്ചുചാട്ടം സാദ്ധ്യമാക്കിയാൽ അക്ഷരാർത്ഥത്തിൽ നാടിന്റെ മുഖച്ഛായ മാറ്റുവാൻ നമുക്കു കഴിയും എന്നതിൽ സംശയമില്ല.

പശുവളർത്തൽ

കാർഷികഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ കാലിവളർത്തൽ ഒരു പ്രധാന തൊഴിലായിരുന്നു. കന്നുകാലി പരിപാലനത്തിൽനിന്ന് കാർഷികപുരോഗതിക്ക് അവിഭാജ്യ ഘടകമായിരുന്ന ജൈവവളങ്ങൾ ധാരാളമായി നമുക്ക് ലഭിച്ചിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ കൃഷിയിടങ്ങൾ വേലികെട്ടി തിരിച്ചിരുന്നു. വേലികൾക്കു പുറത്ത് കാട്ടുപ്രദേശങ്ങളിൽ പശുക്കൾക്ക് യഥേഷ്ടം മേഞ്ഞു നടക്കാമായിരുന്നു. കൃഷി വ്യാപകമായതോടുകൂടി പശുക്കളെ കെട്ടിയിട്ടു വളർത്തുന്ന സമ്പ്രദായം നിലവിൽവന്നു. കുടിയേറ്റക്കാരുടെ വരവോടെയാണ് ആടുമാടുവളർത്തൽ വ്യാപകമായത്. ഇന്ന് കന്നുകാലി ആഹാരം പ്രധാനമായും പുല്ലും വൈക്കോലും കമ്പനി നിർമ്മിത കാലിത്തീറ്റകളുമാണ്. മുമ്പ് നമ്മുടെ നാട്ടിൽ നാടൻപശുക്കളായിരുന്നു ഉണ്ടായിരുന്നത്. മൃഗസംരക്ഷണ രംഗത്തെ പുരോഗതിയോടൊപ്പം അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ വളർത്തൽ വ്യാപകമായി. കണക്കുകൾ പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിൽ ശരാശരി ഒരു വീടിന് ഒരു പശു ഉള്ളതായി കാണാം. ഏകദേശം ഇരുപതിനായിരം ലിറ്റർ പാൽ പ്രതിദിനം നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. പല കുടുംബങ്ങളുടെയും ഉപജീവനമാർഗ്ഗമായി കാലിവളർത്തൽ മാറിയിട്ടുണ്ട്.

പശു നാടൻ എണ്ണം	കറവയുള്ളത് എണ്ണം	കറവയില്ലാത്തത് എണ്ണം
404	273	131
പശു സങ്കരം എണ്ണം		
6467	4582	1885

ശരാശരി ഒരു വീടിന് ഒരു പശു ഉണ്ടെന്ന് കണക്കുകളിൽ കാണാമെങ്കിലും മിൽമയുടെയും മലനാടിന്റെയും പാക്കറ്റ് പാലിനെ ആശ്രയിക്കുന്ന കുടുംബങ്ങളുടെ എണ്ണം നമ്മുടെ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നുണ്ട്. പശുവളർത്തൽ രംഗത്ത് ആസൂത്രിതവും സംഘടിതവുമായ ഒരു ശ്രമം ഉണ്ടായാൽ നമ്മുടെ പഞ്ചായത്തിനെ ഒരു സ്വാശ്രയ ക്ഷീരഗ്രാമമായി ഉയർത്തുവാൻ തീർച്ചയായും നമുക്കു കഴിയും.

ആടുവളർത്തൽ

പാൽ ഉല്പാദനരംഗത്ത് ആടുവളർത്തൽ കാര്യമായ സംഭാവന ഒന്നും ചെയ്യുന്നില്ല. മാംസാവശ്യങ്ങൾക്കാണ് ആടുകളെ കൂടുതൽ ഉപയോഗിക്കുന്നത്. ആട്ടിറച്ചിയുടെ വർദ്ധിച്ച വില ആടുവളർത്തൽ ആദായകരമാക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ 4674 ആടുകളാണുള്ളത്. ആടുവളർത്തൽ രംഗത്തെ സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

ശാസ്ത്രീയമായി പന്നിവളർത്തൽ നടത്തുന്ന ഏതാനും

യൂണിററുകൾ പഞ്ചായത്തിലുണ്ട്. ഇതേക്കുറിച്ചുള്ള വ്യക്തമായ കണക്കുകൾ ലഭ്യമല്ല. വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്ന മുയൽ വളർത്തലിനെക്കുറിച്ചും കണക്കുകൾ ലഭ്യമല്ല.

കോഴിവളർത്തൽ

കോഴിമുട്ടയും നിറച്ച് തമിഴ്നാട്ടിൽനിന്നും വരുന്ന കൂററൻ ലോറികൾ മുട്ട ഉത്പാദനരംഗത്തെ നമ്മുടെ ദയനീയ സ്ഥിതി വെളിവാക്കുന്നുണ്ട്. ഏതാനും കോഴിവളർത്തൽ ശാസ്ത്രീയമായി നടത്തുന്ന യൂണിററുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. (കണക്കുകൾ ലഭ്യമല്ല) കോഴിവളർത്തൽ യൂണിററുകളിലും വീടുകളിലുമായി ലഭ്യമായ കണക്കുകൾ അനുസരിച്ച് ഏതാണ്ട് പത്തൊൻപതിനായിരത്തോളം കോഴികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ നമുക്ക് ആവശ്യമായ മുട്ടയുടെ 10% മാത്രമാണ് ഇവയിൽനിന്നും ലഭിക്കുന്നത്. ആവശ്യത്തിന്റെ സിംഹഭാഗവും പരാശ്രയംകൂടാതെ നമുക്കു ലഭിക്കുന്നില്ല.

ഇന്ന് ഇറച്ചിക്കോഴികളുടെ ഉപഭോഗവും വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ഇറച്ചിക്കോഴികളുടെ ഉല്പാദനരംഗത്തും നമുക്ക് കാര്യമായൊന്നും ചെയ്യാൻ കഴിയുന്നില്ല. വ്യാവസായികാടിസ്ഥാനത്തിലുള്ള കോഴിവളർത്തൽ അടിയന്തിരമായി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പൂവൻകോഴി	
ആകെ എണ്ണം	2020
പിടക്കോഴി	
ആകെ എണ്ണം	18781
മുട്ട ഇടുന്നത്	14055
മുട്ട ഇടാത്തത്	4726

താറാവുവളർത്തൽ നാമമാത്രമാണ്. കാടവളർത്തലിനെ സംബന്ധിച്ച കണക്കുകളും ലഭ്യമല്ല. കാടവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടികൂടി നശിപ്പിക്കുന്നതിന് ഒരു കർമ്മപരിപാടി തയ്യാറാക്കേണ്ടതുണ്ട്. മൃഗാശുപത്രിക്കണക്കുകൾ അനുസരിച്ച് 175 നായ്ക്കൾക്ക് പേവിഷബാധ പ്രതിരോധ കുത്തിവയ്പ് എടുത്തതായി കാണാം.

രോഗങ്ങൾ

മൃഗാശുപത്രികളിൽ രജിസ്ററർ ചെയ്ത വിവരമനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ മൃഗങ്ങൾക്ക് കൂടുതലായി കണ്ടുവരുന്ന രോഗം ദഹനസംബന്ധമായവയാണ്. പരാദരോഗങ്ങളും ധാരാളമായി കാണുന്നുണ്ട്. എങ്കിലും ഈ രംഗത്ത് വലിയ വെല്ലുവിളികൾ നാം നേരിടുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു.

രോഗവിവരങ്ങൾ

	രോഗങ്ങൾ	പശു	ആട്	പന്നി	പട്ടി	കോഴി
1	ദഹനസംബന്ധമായവ	1755	417	22	-	81
2	ശ്വാസകോശസംബന്ധം	96	32	-	-	41
3	ഉപാപചയ സംബന്ധം	144	8	-	-	-
4	ത്വക് രോഗങ്ങൾ	265	33	2	-	30
5	ധാതുലവണങ്ങളുടെ അഭാവം	317	56	3	-	257
6	പരാദരോഗങ്ങൾ	2028	196	48	66	734
7	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	697	71	-	-	-
8	വന്ധ്യത	275	18	-	-	-
9	അകിടുവീക്കം	149	34	-	-	-
10	മുടന്തൻപനി	138	4	-	-	-
11	വിഷബാധ	65	7	-	-	-
12	ഓപ്പറേഷൻ സംബന്ധമായവ	87	27	5	-	2
13	മററുള്ളവ					
402		183				
6		-				
139						

മൃഗസംരക്ഷണകേന്ദ്രങ്ങൾ

രണ്ടു മൃഗാശുപത്രികൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1) മൂലേപ്ലാവ് മൃഗാശുപത്രി

സീനിയർ വെററിനറി സർജന്റെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാണ്. ഗവണ്മെൻറ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും അത്യാവശ്യം ഉണ്ടായിരിക്കേണ്ട പല സൗകര്യങ്ങളും ഇവിടെ ലഭ്യമല്ല.

തെക്കേത്തുകവല മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടം ഇല്ല. അത്യാവശ്യസൗകര്യങ്ങളൊന്നും ഇവിടെ ലഭിക്കുന്നില്ല. വെറ്ററിനറി സർജന്റെ സേവനം ലഭ്യമാണ്.

പ്രശ്നങ്ങൾ, സാധ്യതകൾ

1. മൃഗഡോക്ടറുടെ സേവനം എല്ലാ വാർഡുകളിലും ലഭ്യമാക്കണം. വിവിധ വാർഡുകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ സമയബന്ധിതമായി വിസിറ്റിങ് ക്ലിനിക് സംവിധാനം സംഘടിപ്പിക്കാവുന്നതാണ്.
2. തെക്കേത്തുകവല മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം. ക്ലിനിക്കൽ ലബോറട്ടറി, ഓപ്പറേഷൻ തിയേറ്റർ, സ്റ്റോർ, ട്രപ്പീസ് (ഇടുക്കൂട്) എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കണം. ആശുപത്രിക്ക് അത്യാവശ്യം വേണ്ടതായ ഫ്രിഡ്ജ്, മൈക്രോസ്കോപ്പ്, ടെലഫോൺ തുടങ്ങിയവ ലഭ്യമാക്കേണ്ടതാണ്.
3. മൂലേപ്ലാവ് ഗവണ്മെൻറ് ആശുപത്രിക്കെട്ടിടം പുതുക്കിപ്പണിയണമെന്നും കൃത്രിമബീജസങ്കലനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും ചികിത്സയ്ക്കായി കൊണ്ടുവരുന്ന മൃഗങ്ങൾക്ക് ഷെഡ്ഡുകൾ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് പല തവണ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും നടപടി ഉണ്ടായിട്ടില്ല. അടിയന്തിരമായി മൂലേപ്ലാവ് ഗവണ്മെൻറ് മൃഗാശുപത്രി കെട്ടിടം പുതുക്കി പണിത് ക്ലിനിക്കൽ ലബോറട്ടറി, ഓപ്പറേഷൻ തിയേറ്റർ, ഫ്രിഡ്ജ്, മൈക്രോസ്കോപ്പ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.
4. പൊൻകുന്നം കേന്ദ്രമാക്കി ഒരു മൃഗാശുപത്രി ആരംഭിക്കണം.
5. ഗുണമേന്മയുള്ള കോഴി, പന്നി, കാട തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ വിതരണം ചെയ്ത് അവയെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ നിർമ്മിക്കാൻ വേണ്ട സഹായങ്ങളും ചെയ്തുകൊടുക്കണം.
6. പശുവിൻപാലിൽനിന്നും വിവിധ ഉത്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ ആരായണം.
7. എല്ലാ വാർഡിലും ക്ഷീരവിപണന സംഘങ്ങൾ സംഘടിപ്പിച്ചാൽ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ക്ഷീരവിപണനവിതരണ സംവിധാനം മെച്ചപ്പെടുത്താൻ കഴിയും.
8. ആവശ്യത്തിനുള്ള പച്ചപ്പുല്ല് ലഭ്യമല്ല. കഴിയുന്നത്ര സ്ഥലങ്ങളിൽ തീറ്റപ്പുല്ല് വച്ചുപിടിപ്പിക്കണം.
9. ശരാശരി ഒരു വീടിന് ഒരു പശു നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഗോബർഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണം വ്യാപകമാകുന്നില്ല. ഊർജ്ജക്ഷാമത്തിന്റെ ഈ കാലഘട്ടത്തിൽ ഗോബർഗ്യാസ് പ്ലാൻറുകൾക്ക് വേണ്ട പ്രോത്സാഹനം കൊടുക്കണം.
10. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും വിലവർദ്ധനവു തടയണം.
11. **പ്രത്യേക കന്നുകുട്ടി വികസന പദ്ധതി.** നാലു മാസം മുതൽ ഒൻപതു മാസംവരെ പ്രായമുള്ള പശുക്കിടാങ്ങളെ ഗവണ്മെൻറ് ദത്തെടുത്ത് പകുതി വിലയ്ക്ക് തീറ്റ നൽകി പ്രസവം വരെയോ 30 മാസം പ്രായം ആകുന്നതുവരെയോ സംരക്ഷണം നൽകുന്ന പദ്ധതി നടപ്പിലാക്കണം.
12. **മിനി ഡയറി സ്കീം.** ഒരു കർഷകന് മൂന്ന് പശുക്കളുടെ ഒരു യൂണിറ്റ് സംഘടിപ്പിക്കുന്നതിന് സബ്സിഡിയോടുകൂടിയ ബാങ്കു ലോൺ കൊടുക്കണം. ഇത്തരം യൂണിറ്റുകളുടെ വളർച്ച പശുവളർത്തലിനെ ഒരു തൊഴിൽ എന്ന രീതിയിൽ പ്രോത്സാഹിപ്പിക്കുവാൻ കഴിയും.
13. **സമഗ്ര കന്നുകാലി ഇൻഷ്വറൻസ്.** പഞ്ചായത്തിലെ കറവപ്പശുക്കളെ മുഴുവൻ ഒരു മാസ്റ്റർ പോളിസിയുടെ കീഴിൽ കൊണ്ടുവന്ന് അവയെ എല്ലാം ഇൻഷ്വർ ചെയ്താൽ അവയുടെ മരണംമൂലം കർഷകർക്കുവരുന്ന ഭീമമായ നഷ്ടം ഒഴിവാക്കുവാൻ കഴിയും.
14. **അകിടുവീക്കനിയന്ത്രണപദ്ധതി** .അകിടുവീക്കം എന്ന രോഗത്തെ ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിന് കർഷകനെ ബോധവാനാക്കുന്നതിനുള്ള പരിപാടിയാണിത്. പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 'അകിടുരോഗ നിയന്ത്രണ കിറ്റ്' നൽകി കർഷകരെത്തന്നെ രോഗം കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനും പ്രാപ്തരാക്കുവാൻ കഴിയുന്ന ഈ പരിപാടി പഞ്ചായത്തിൽ നടപ്പാക്കണം.
15. വ്യാവസായികാടിസ്ഥാനത്തിൽ തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് 1

1. നല്ലയിനം കറവമാടുകൾ, ആടുകൾ, പന്നികൾ ഇവ കുറഞ്ഞ പലിശയ്ക്ക് ലോൺ മുഖേന ലഭ്യമാക്കുക.
2. ഡയറിഫാം, ആടുവളർത്തൽ കേന്ദ്രങ്ങൾ ഇവ തുടങ്ങുവാൻ ആവശ്യമായ വെറ്ററിനറി ഡോക്ടർമാർ, മൃഗാശുപത്രികൾ ഇവയുടെ സേവനം ലഭ്യമാക്കുക.
3. ഇറച്ചി സംസ്കരണശാല ആരംഭിക്കുക.
4. താഴ്ന്ന വരുമാനക്കാർക്ക് സൗജന്യനിരക്കിൽ മൃഗ

ങ്ങൾ, മരുന്നുകൾ ഇവ ലഭ്യമാക്കുക. കോഴിവളർത്തൽ, ആടുവളർത്തൽ ഇവയ്ക്ക് ധനസഹായം നല്കുക.

5. മൃഗങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി സബ്സിഡി 50% ആക്കുക.
6. നരിയനാനി ഭാഗത്ത് മൃഗാശുപത്രിയുടെ സബ്സെൻറർ ആരംഭിക്കുക.

വാർഡ് 2

1. വളർത്തുമൃഗങ്ങളെ വാങ്ങാൻ കുറഞ്ഞ പലിശയ്ക്കു ലോൺ ലഭ്യമാക്കുക.
2. ആട്, കോഴി ഇവ സൗജന്യനിരക്കിൽ വിതരണം നടത്തണം.
3. കൂടുനിർമ്മാണത്തിന് സബ്സിഡി നൽകണം.
4. ബ്ലോക്ക് തലത്തിൽ കാലിത്തീറ്റ വിതരണം നടത്തണം.
5. മൃഗഡോക്ടറുടെ സേവനവും മരുന്നും പ്രതിരോധ കുത്തിവയ്പുകളും ലഭ്യമാക്കണം.
6. ക്യാമ്പുകൾ നടത്തണം.

വാർഡ് 3

1. ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രത്തിന് സാധ്യതയുണ്ട്.
2. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യണം.

വാർഡ് 4

1. കന്നുകാലിവളർത്തൽ പ്രോത്സാഹിപ്പിക്കുക.
2. ഐ.സി.ഡി.പി. യുടെ ഓഫീസ് ചിത്രാഞ്ജലിയിലോ കുന്നുംഭാഗത്തോ ആരംഭിക്കുക. ഇതിനാവശ്യമായ കെട്ടിടങ്ങളും മറ്റും ഗ്രാമസഭ നൽകും.
3. നല്ലയിനം കന്നുകുട്ടികളെയും ആട്ടിൻകുട്ടികളെയും സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

വാർഡ് 5

പശുതീറ്റയ്ക്ക് സബ്സിഡി നൽകണം.

വാർഡ് 6

1. മൃഗാശുപത്രിയിൽനിന്നും സമയാസമയങ്ങളിൽ മരുന്നു ലഭ്യമാക്കണം.
2. രോഗപ്രതിരോധ കുത്തിവയ്പിന് വാക്സിൻ ലഭ്യമാക്കണം. മരുന്നുകൾ സൂക്ഷിക്കുവാനുള്ള സൗകര്യം മൃഗാശുപത്രിയിൽ ഉണ്ടാക്കണം.
3. പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ ലഭ്യമാക്കണം.
4. മിൽക്ക് സൊസൈറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തണം.
5. കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.
6. കന്നുകാലിപ്രദർശനം, ബോധവത്കരണക്യാമ്പുകൾ സംഘടിപ്പിക്കണം.

വാർഡ് 7

1. കോഴിക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.
2. നല്ലയിനം ആടുമാടുകളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
3. കാലിത്തൊഴുത്ത് നിർമിക്കുന്നതിന് ധനസഹായം ലഭ്യമാക്കണം.
4. ചെന്നാക്കുന്നിൽ ഐ.സി.ഡി.പി. കേന്ദ്രം തുടങ്ങണം.
5. ആഴ്ചയിൽ 2 ദിവസം മൃഗഡോക്ടറുടെ സേവനം ലഭ്യമാക്കണം.
6. പ്രതിരോധ കുത്തിവയ്പിനും മരുന്നുകൾക്കുമുള്ള സൗകര്യം ഉണ്ടാക്കണം.
7. രോഗരക്ഷാ ക്യാമ്പുകളും മൃഗസംരക്ഷണ സെമിനാറുകളും സംഘടിപ്പിക്കുക.

വാർഡ് 8

1. പഞ്ചായത്തിലെ ഈ വാർഡിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടവും സ്ഥലവും ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാവണം.
2. ക്ഷീരവികസനത്തിനുവേണ്ടി പശുക്കുട്ടികളെയും ആട്ടിൻകുട്ടികളെയും സൗജന്യനിരക്കിൽ വിതരണം ചെയ്യണം.
3. കൂടുവയ്ക്കുന്നതിനു ധനസഹായം നൽകണം.
4. അത്യുല്പാദനശേഷിയുള്ള കോഴിക്കുഞ്ഞുങ്ങളെ എല്ലാ വീടുകളിലും വിതരണം ചെയ്യുക. അവയെ സംരക്ഷിക്കുന്നതിനാവശ്യമായ ആധുനികരീതിയിലുള്ള കൂടുകളും തീറ്റയും വിതരണംചെയ്താൽ മുട്ട ഉല്പാദനരംഗത്ത് വമ്പിച്ച നേട്ടം കൈവരിക്കാം.
5. പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കണം.
6. വളർത്തുനായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുകയും അലഞ്ഞുതിരിഞ്ഞു നടക്കുന്നവയെ കൊന്നുകളയുന്നതിനുമുള്ള ഏർപ്പാടുകൾ അടിയന്തിരമായി ചെയ്യുക.

വാർഡ് 9

1. വാടകയ്ക്ക് പ്രവർത്തിക്കുന്ന മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടവും വേണ്ടത്ര ജോലിക്കാരെയും നിയമിക്കുകയും മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കുകയും ചെയ്യുക.
2. സെമിനാറുകളും ക്യാമ്പുകളും സംഘടിപ്പിക്കുക.
3. കാലിവളർത്തുകാർക്ക് തൊഴുത്തു നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

വാർഡ് 10

1. കൃത്രിമബീജസങ്കലനകേന്ദ്രവും ഡിസ്പെൻസറിയും അനുവദിക്കുക.
2. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് ആട്, കറവപ്പശുക്കൾ, കോഴി മുതലായവയെ വിതരണം ചെയ്യുക.

വാർഡ് 11

1. മൃഗാശുപത്രി മുഖേന വളർത്തുമൃഗങ്ങളെ സൗജന്യനിരക്കിൽ ലഭ്യമാക്കുക.
2. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം.
3. നഞ്ചുകലക്കു നിരോധിക്കണം.
4. മൃഗാശുപത്രിക്കു സ്വന്തമായ കെട്ടിടം നിർമ്മിക്കണം.
5. മൃഗസംരക്ഷണ സെമിനാർ, വാക്സിനേഷൻ ക്യാമ്പുകൾ നടത്തണം.
6. മൃഗാശുപത്രികളോടനുബന്ധിച്ച് കോൾഡ് സ്റ്റോറേജ്, ലാബറട്ടറി ഇവ തുടങ്ങുക.

വാർഡ് 12

1. മൂലേപ്ലാവിൽ പ്രവർത്തിക്കുന്ന സീനിയർ വെറ്ററിനറി ഓഫീസ് കെട്ടിടം പുതുക്കിപ്പണിയുക. ജീവനക്കാർ, മരുന്നുകൾ ഇവ ലഭ്യമാക്കുക.
2. പാൽ സംഭരണകേന്ദ്രം ആരംഭിക്കുക.
3. മുട്ടക്കോഴി, ഇറച്ചിക്കോഴി, ആട്, പന്നിക്കുഞ്ഞുങ്ങൾ ഇവയെ മൃഗാശുപത്രിവഴി വിതരണം നടത്തുക.
4. തീറ്റപ്പുൽവിത്തുകൾ ലഭ്യമാക്കുക.



കുടിവെള്ളവും പൊതുജനാരോഗ്യവും



കുടിവെള്ളം

ജനങ്ങളുടെ ആരോഗ്യസംരക്ഷണരംഗത്ത് കുടവെള്ളത്തിന്റെ പങ്ക് വളരെ വിലപ്പെട്ടതാണ്. ഗ്രാമസഭാചർച്ചകളിൽ വളരെ പ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെട്ട ഒരു പ്രശ്നമാണിത്. നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിനുവേണ്ടി കിണറുകളെയാണ് ആശ്രയിക്കുന്നത്. വേനൽക്കാലങ്ങളിൽ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. മഴയുടെ ലഭ്യതവളരെ കൂടുതലാണെങ്കിലും വേനലിന്റെ ആരംഭത്തിൽ തന്നെ കിണറുകൾ പലതും വറ്റിവരളാൻ തുടങ്ങുന്നു. വേനൽക്കാലങ്ങളിൽ ജനങ്ങൾക്ക് പഞ്ചായത്തിന്റെ ലോറി വെള്ളത്തേ ആശ്രയിയ്ക്കേണ്ടിവരുന്നുണ്ട്. പുരയിടങ്ങളിൽ ഇടക്കയ്യാലകൾ തീർത്തും, റബ്ബർതോട്ടങ്ങളിൽ കുഴികളെടുത്തും മഴവെള്ളത്തിന്റെ ഒഴുക്കു തടയാൻ കഴിഞ്ഞാൽ കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് നാം മനസ്സിലാക്കിയിരിക്കുന്നു. എന്നാൽ കടുത്ത വേനൽ കഴിയുന്നതോടെ കുടിവെള്ളപ്രശ്നം വിസ്മരിച്ച് ഇത്തരം ആസൂത്രിതപദ്ധതികൾ നടപ്പിലാക്കാൻ നാം വിമുഖത കാട്ടാറുണ്ട് എന്നാണു സത്യം. ബോധവത്കരണ പരിപാടികളിലൂടെ ഈ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രചാരണം കൊടുക്കാൻ കഴിഞ്ഞാൽ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയുന്നതാണ്. പരമ്പരാഗത ജലശ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള സംഘടിതമായ ശ്രമം പഞ്ചായത്തുതലത്തിൽ ഉണ്ടായേ മതിയാവൂ.

കുടിവെള്ളത്തിനുവേണ്ടി പഞ്ചായത്തുനിവാസികളിൽ ഒരു വിഭാഗം വാട്ടർ അതോറിറ്റിയുടെ പൈപ്പുവെള്ളത്തെ ആശ്രയിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ്ലൈൻ എത്തിയിട്ടുണ്ടെങ്കിലും വേനൽ കാലങ്ങളിൽ ജലവിതരണം ഫലപ്രദമായി നടക്കുന്നില്ല. തെക്കേത്തുകവലയിൽനിന്നും ചെറുവള്ളിയിലേക്കുള്ള ലൈൻ ഒരു നോക്കുകുത്തി ആയി നില്ക്കുകയാണ്. വീട്ടുകണക്ഷൻപോലും കൊടുത്തിട്ടുള്ള പൈപ്പിലൂടെ വേനൽക്കാലത്ത് ജലം ഒരിക്കലും ലഭിക്കാറില്ല.

വാട്ടർ അതോറിറ്റിയുടെ ജലവിതരണപദ്ധതി 1980-ൽ ചിറക്കടവ് കാഞ്ഞിരപ്പള്ളി ജലവിതരണപദ്ധതി എന്ന പേരിൽ ആരംഭിച്ചു. പഞ്ചായത്തിലാകെ ഈ പദ്ധതിപ്രകാരം ഇപ്പോൾ 38.5 കിലോമീറ്റർ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ജലവിതരണത്തെ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഓവർഹെഡ് ടാങ്ക് കപ്പാസിറ്റി	2 ലക്ഷം ലി
ആകെ വീട്ടു കണക്ഷൻ	572 എണ്ണം
സ്ട്രീറ്റ് ടാപ്പുകൾ ആകെ	167 എണ്ണം
വാർഡ് 1	12
വാർഡ് 2	28
വാർഡ് 3	27
വാർഡ് 4	17
വാർഡ് 5	19
വാർഡ് 6	7
വാർഡ് 7	23
വാർഡ് 8, 9, 11	25
വാർഡ് 10	6
പുന്നത്താനം കോളനി	3

ചിറക്കടവ് കാഞ്ഞിരപ്പള്ളി ജലവിതരണ പദ്ധതിയോടനുബന്ധിച്ച് കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് 10 കിലോമീറ്റർ പൈപ്പ്ലൈൻ ദീർഘിപ്പിച്ചിട്ടുണ്ട്. ദീർഘിപ്പിച്ച പൈപ്പ് ലൈനുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

ചെന്നാകുന്ന്	6 കി.മീ
പുന്നത്താനം കോളനി	800 മീ
തമ്പലയ്ക്കാട്	1200 മീ
കെ.വി.എം.എസ്	900 മീ
അട്ടിക്കൽ തമ്പലയ്ക്കാട്	800 മീ
നേതാജി റോഡ്	300 മീ
സ്ട്രീറ്റ്ടാപ്പ് പുതിയവ	24 എണ്ണം

പൈപ്പ്ലൈൻ പഴകി ഗുണനിലവാരം കുറഞ്ഞിരിക്കുന്നതിനാൽ അവ മാറ്റി പുതിയവ സ്ഥാപിക്കേണ്ടിയിരിക്കുന്നു. ലൈൻ ഇനിയും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ടെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതാണ്.

1) ഗ്രാമദീപം ഭാഗത്ത് നിലവിലുള്ള ജലസംഭരണിക്കു പകരമായി എസ്റ്റിമേറ്റ് എടുത്തിട്ടുള്ള പുതിയ സംഭരണിയുടെ നിർമ്മാണം ഉടൻ പൂർത്തിയാക്കണം.

2) ഓവർഹെഡ് ടാങ്കിലേക്കുള്ള പഴകിയ പമ്പിംഗ് ലൈൻ മാറ്റി വ്യാസം കൂടിയ പുതിയ ലൈൻ ഇടേണ്ടതാണ്.

3) മാന്തറഭാഗത്ത് ഒരു ബൂസ്റ്ററിംഗ് സ്റ്റേഷൻ ഉണ്ടാക്കി പമ്പും മോട്ടറും വച്ച് ആ ഭാഗത്തെ ജലവിതരണം കാര്യക്ഷമമാക്കുവാൻ കഴിയും.

4) എസ്റ്റിമേറ്റ് തയ്യാറാക്കിയപ്രകാരം ചെറുവള്ളി ലൈനിൽ മഞ്ഞപ്പള്ളിക്കുന്നു മുതൽ അമ്പലംഭാഗംവരെ ഒരു കിലോമീറ്റർ പൈപ്പ് അത്യാവശ്യമായും മാറ്റി സ്ഥാപിച്ചാൽ ചെറുവള്ളിയിലും കൊട്ടാടിക്കുന്നിലും ജലവിതരണം സുഗമമാക്കുവാൻ കഴിയും.

പഞ്ചായത്തുതലപദ്ധതികൾ

ഗ്രാമസഭാനിർദ്ദേശങ്ങളിൽ ധാരാളം ശുദ്ധജലവിതരണ പദ്ധതികളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ബ്ലോക്കുതലത്തിലും, പഞ്ചായത്തുതലത്തിലും നടത്തേണ്ട ജലവിതരണ പദ്ധതികളും, വാർഡ് തലത്തിൽ നടത്തേണ്ട മിനിജല വിതരണപദ്ധതികളും ഇവയിൽപെടുന്നു. പഞ്ചായത്തിന്റെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിയുന്ന രണ്ടു വൻകിട ജലവിതരണപദ്ധതികൾ എടുത്തു പറയേണ്ടതുണ്ട്.

1) കരിമ്പുകയത്ത് ഇപ്പോഴുള്ള താല്കാലിക ചെക്ക്ഡാം ഫലപ്രദമല്ല. സ്ഥിരമായി ഒരു ചെക്ക്ഡാം നിർമ്മിച്ച് ഇപ്പോഴുള്ള ജലവിതരണപദ്ധതി വിപുലപ്പെടുത്തിയാൽ പഞ്ചായത്തിലെ ഇപ്പോഴുള്ള പൈപ്പ് ലൈനിലൂടെ സ്ഥിരമായി ജലവിതരണം നടത്തുവാൻ കഴിയും.

2) മണിമല ആറ്റിൽ തായിക്കയത്ത് ഒരു തടയണ നിർമ്മിച്ച് ശുദ്ധജലവിതരണത്തിന് സംവിധാനം ഉണ്ടാക്കിയാൽ പഞ്ചായത്തിലെ ജലക്ഷാമത്തിന് ഫലപ്രദമായ ഒരു പരിഹാരമായിരിക്കും.

പഞ്ചായത്തിലെ ശുദ്ധജലക്ഷാമത്തിന് ഫലപ്രദമായ ഒരു പരിഹാരമെന്ന നിലയിൽ മേൽ സൂചിപ്പിച്ചിരിക്കുന്ന രണ്ടു പദ്ധതികളും, ഗ്രാമസഭാനിർദ്ദേശങ്ങളായി വന്നിരിക്കുന്ന മറ്റു ചെറുകിട ജലവിതരണപദ്ധതികളും അടിയന്തിരമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പൂർണ്ണമായും പരിഹരിക്കുവാൻ കഴിയും.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1	അട്ടിക്കൽ, പഴയചന്ത, പുന്നത്താനം കോളനി, പാട്ടുപാറ കോളനി, മംഗലം കോളനി, വരകിൽ കോളനി, നരിയനാനി തെങ്ങനാമറ്റം	കണ്ടത്തുങ്കൽ കോളനിഭാഗത്ത് ധാരാളം വെള്ളം കിട്ടുന്ന പ്രദേശത്തു കുളം കുഴിച്ച് ജലവിതരണം നടത്തിയാൽ വാർഡിലെ ജലക്ഷാമം പരിഹരിക്കാം. അട്ടിക്കൽ പഴയചന്ത എന്നിവിടങ്ങളിലെ വറ്റാത്ത പൊതുകിണറുകൾ വൃത്തിയാക്കി മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുവാൻ കഴിയും. പുന്നത്താനം കോളനി പാട്ടുപാറയുടെ ഭാഗമായ മംഗലം കോളനി, വരകിൽ കോളനി എന്നിവിടങ്ങളിൽ കുഴൽകിണറുകൾ കുഴിക്കണം. പൈപ്പ്ലൈൻ, വരകിൽ കോളനി, പാട്ടുപാറ കോളനി, മംഗലം കോളനി, പുന്നത്താനം കോളനി, നരിയനാനി, തെങ്ങനാമറ്റം ഭാഗത്തേക്ക് നീട്ടണം. കരിമ്പുകയം പദ്ധതി വിപുലീകരിച്ച് പൂർത്തിയാക്കണം.
2.	തൊമ്മിത്താഴെ	രണ്ടു കിണറുകൾ കുഴിക്കണം
	ലക്ഷംവീടു കോളനി ശാന്തിഗ്രാം കോളനി	പൊയ്കത്തോട് വൃത്തിയാക്കണം എല്ലാ വീടുകൾക്കും കക്കൂസ് ഉണ്ടാക്കണം. പൊതുകിണർ വിസ്മൃതപ്പെടുത്തണം വാട്ടർ അതോറിട്ടി പമ്പ് ഹൗസ് പ്രവർത്തന ക്ഷമമാക്കണം.
	കാഞ്ഞിരപ്പള്ളി ഗവ: ആശുപത്രി	മാന്തറ തോടിന്റെ മേലരുവി ഭാഗത്ത് ചെക്ക്ഡാം നിർമിച്ച് വെള്ളം എത്തിക്കാൻ കഴിയും.

3	വാട്ടർ അതോറിറ്റി	പൈപ്പ് ലൈനിൽ എല്ലാ ദിവസവും വെള്ളം എത്തിക്കണം. ടാപ്പുകളുടെ കേടുപാടുകൾ തീർക്കണം. വറ്റാത്ത അരുവികളും കുളങ്ങളും കിണറുകളും വിപുലീകരിച്ച് മിനി ജല വിതരണപദ്ധതികൾ.
4	കുന്നുംഭാഗം അടിച്ചിലാവ് കെ. വി. എം. എസ്. ചിത്രാഞ്ജലി ആശുപത്രിപ്പടി	കുന്നുംഭാഗത്തു നിലവിലുള്ള പൊതുകിണർ വിപുലീകരിച്ച് വാട്ടർ ടാങ്ക് നിർമിച്ച് മോട്ടോർ ഉപയോഗിച്ച് ജലവിതരണം. ചിത്രാഞ്ജലി ഭാഗത്ത് തോട്ടുപുറമ്പോക്കിലുള്ള പൊതുകിണർ വികസിപ്പിച്ച് ജലവിതരണം
5	മന്ദിരം, മണിമലക്കുന്ന് തോണിപ്പാറ, കാവാലി മാക്കൽ, ആഴാന്തക്കുഴി, പേരൂർകവല, എരുമത്താനം, പുലിയറയ്ക്കൽ	വയലുങ്കൽഭാഗത്ത് കുളം കുഴിച്ച് ടാങ്ക് നിർമിച്ചു മോട്ടോർ ഉപയോഗിച്ച് ജലവിതരണം നടത്താം. വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ ഈ ഭാഗത്തേക്കു നീട്ടേണ്ടതാണ്. കുഴൽകിണറുകൾ കുഴിക്കണം. കുഴൽ കിണർ കുഴിക്കണം.
6	നടയ്ക്കാംകുന്ന് പൂവത്തിങ്കൽകുന്ന് നെഹ്രുക്ലബ്ബ് തണ്ണിപ്പാറപ്പടി, SRV സ്കൂൾ പ്രദേശം പൂവത്തിങ്കൽ താവൂർ	കുഴൽകിണർ കുഴിക്കണം. വള്ളിയിൽ കുളം ആഴംകൂട്ടി ജ്യോതി വായനശാലയ്ക്കു സമീപം മോട്ടോർവച്ച് ടാങ്കിൽ വെള്ളം എത്തിച്ച് എസ്. ആർ. വി. പ്രദേശത്തു ജലവിതരണം നടത്താൻ കഴിയും. പറപ്പള്ളിത്താഴത്തു കവലയ്ക്കു സമീപം കിണർ കുത്തി പൂവത്തിങ്കൽകുന്ന് ചെറുകുന്നത്തുഭാഗം എന്നിവിടങ്ങളിൽ ടാങ്കുകെട്ടി ജലം ശേഖരിച്ചാൽ പൂവത്തിങ്കൽ താവൂർ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം. വട്ടക്കുഴി (താവൂർ) കടവിൽ തടയണ നിർമിച്ചാൽ ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുവാൻ കഴിയും
7	മുട്ടത്തുകവല, ചെന്നാകുന്ന്, ഇടത്തംപറമ്പ്	താനത്ത് കല്ലൂക്കുളം എന്നിവ അഭിവൃദ്ധിപ്പെടുത്തി പമ്പുസെറ് സ്ഥാപിച്ച് ചെന്നാകുന്നേൽ ടാങ്ക് നിർമിച്ചു ജലവിതരണം നടത്താം. നിലവിലുള്ള കുരങ്ങാടി ജലവിതരണ പദ്ധതി വിപുലീകരിച്ച് മുട്ടത്തുകവല വെള്ളം എത്തിക്കാം. വയലുങ്കൽ ഭാഗത്ത് കുളം നിർമിച്ച് ചെന്നാകുന്നേൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്താം. വണ്ടങ്ങൽ പുരയിടത്തിലുള്ള കിണർ പരിഷ്കരിച്ച് ജലവിതരണം നടപ്പാക്കാം. വലിയ തോട്ടിൽ ചെക്കുഡാം നിർമിച്ച് ജലവിതരണം നടത്തിയാൽ വാർഡിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.
8	കളമ്പുകാട്ടുകവല	അടിച്ചുമാക്കൽ പാലത്തിനു സമീപം പുറംപോക്കുഭൂമിയിൽ കുളം കുഴിച്ച് മിനി വാട്ടർ സപ്ലൈസ്കീം നടപ്പാക്കിയാൽ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം. തായ്ക്കയത്ത് ഒരു മിനി ശുദ്ധജലവിതരണപദ്ധതി ആരംഭിച്ചാൽ ചെറുവള്ളി വില്ലേജിനോടൊപ്പം

		വാർഡിന്റെ കിഴക്കൻ മേഖലകളിൽക്കൂടി പ്രയോജനപ്പെടും.
9	കൈലാത്തുകവല പട നിലം മാലേൽ തെക്കേൽ ഭാഗം ചെറുവള്ളി അമ്പല ത്തിനു തെക്കുഭാഗം	പൈപ്പുലൈൻ നീട്ടണം. പടനിലത്തു കളമ്പുകാട്ടു പുരയിടത്തിലുള്ള പൊതുകിണർ വിപുലപ്പെടുത്തണം. മലയിലാത്തുകുളം, പ്ലാവോലിൽ ഓലി, മാലേൽകുളം, എന്നീ ജലശ്രോതസുകൾ പിപുലപ്പെടുത്തി വൃത്തിയാ ക്കണം.
	കൊട്ടാടികുന്ന് കോളനി, പടംനിലം മാലേൽ തെക്കേൽ ഭാഗം ചെറുവള്ളി അമ്പ ലത്തിനു തെക്കുഭാഗം കൈ ലാത്തുകവല വരവുകാലാ തകടി ഭാഗം	ഓരോ കുഴൽകിണർ കുഴിക്കണം മലയിൽ കുളത്തിനു സമീപം ഒരു കിണർ കുഴിക്കുന്ന തിന് സ്ഥലവും സന്നദ്ധപ്രവത്തനവും ലഭ്യമാണ്. മണിമലയാറിൽ തായ്ക്കയത്ത് ചെക്ക്ഡാം നിർമിച്ച് കറുത്ത മഞ്ഞാടിഭാഗത്ത് ഓവർഹെഡ് ടാങ്ക് സ്ഥാപി ച്ചാൽ ചെറുവള്ളി വില്ലേജിലെയും സമീപ വാർഡുകളിലെയും ജലക്ഷാമം പരിഹരിക്കാം.
10	തണ്ണിപ്പാറ ഭാഗം ചാലക്കയം ഭാഗം കാരയ്ക്കാമറ്റം ഭാഗം	ഒരു പൊതുകിണർ കുഴിക്കണം. സ്ഥലം ശ്രീ രാജൻ തണ്ണിപ്പാറ സൗജന്യമായി നല്കും. പാലക്കയം ഭാഗത്ത് ഒരു കുളം നിർമിച്ച് ചരക്കുന്നേൽ പുരയിടത്തിൽ ടാങ്കു സ്ഥാപിച്ച് ഒരു മിനി വാട്ടർ സപ്ലൈ സ്കീം. നിലവിലുള്ള ഞള്ളിമാക്കൽ കുളത്തിൽനിന്നും പമ്പുസെറ്റ് സ്ഥാപിച്ചു ജലവിതരണം നടത്താം. വാട്ടർടാപ്പുകളുടെ അറ്റകുറ്റപ്പണികൾ തീർക്കണം.
11	ചെറുവള്ളി വയലിൽപ്പടി വാഴവേലിപ്പടി പയ്യാനി ക്കാട്ടുപടി	തായിക്കയത്ത് ചെക്കുഡാം നിർമിച്ച് ചെറുവള്ളിയിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം വയലിൽപ്പടി വാഴവേലിപ്പടി റോഡിന്റെ അരികിലുള്ള കുളം ആഴംകൂട്ടി വിസ്തൃതപ്പെടുത്തണം. മണ്ണനാനിക്കും ചെറുവള്ളി അമ്പലത്തിനും മദ്ധ്യേ ഒരു കുഴൽകിണർ. പൈപ്പുലൈൻ കാക്കനാട്ടു പടിവരെ നീട്ടുക. വെള്ളം എത്തിക്കുക. പയ്യാനിക്കാട്ടുപടി ക്കലുള്ള കുളം വൃത്തിയാക്കി വിപുലീകരിക്കുക.
12	ചെങ്ങായുങ്കൽപടി ചപ്പാ ത്തു കോരോത്തുപടി വടക്കേമുറിപ്പടി ഡി. വി. എൽ.പി. സ്കൂളിനു സമീപം തകിടിക്കൽ ഭാഗം	ഓരോ കുഴൽകിണൽ സ്ഥാപിക്കണം
	തൊണ്ടുമുറിപ്പടി ഇലവുങ്കൽപ്പടി അടാമറ്റം തകിടിപ്പുറം ഭാഗം	വാലുമണ്ണേൽ പുരയിടത്തിലുള്ള പൊതുകിണറിന് ആഴംകൂട്ടി പമ്പുസെറ്റ് സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുക.

പ്രശ്നങ്ങളും സാധ്യതകളും

(ഗ്രാമസഭാ നിർദ്ദേശങ്ങൾ)

വാർഡ് 1

കുടിവെള്ളക്ഷാമം വളരെ രൂക്ഷമായ ഒരു മേഖലയാണിത്. വാർഡിലെ കണ്ടത്തുങ്കൽ കോളനി ഭാഗത്ത് ധാരാളം വെള്ളം കിട്ടുന്ന പ്രദേശം ഉണ്ട്. ഇവിടെ ഒരു കുളം കുഴിച്ചാൽ വാർഡിലെ മുഴുവൻ ആവശ്യത്തിനുമുള്ള കുടിവെള്ളം ലഭിക്കുന്നതാണ്. വാർഡിൽ നിലവിലുള്ളതും വേനൽക്കാലത്തു വറ്റാത്തതുമായ അട്ടിക്കൽ പഴയചന്ത എന്നിവിടങ്ങളിലുള്ള കിണറുകൾ വൃത്തിയാക്കി സോളാർ

മോട്ടറുകൾ സ്ഥാപിച്ചാൽ കുറഞ്ഞ ചിലവിൽ ആ പ്രദേശത്തു കുടിവെള്ളം എത്തിക്കുവാൻ കഴിയും. പുന്നത്താനം കോളനിയിലും പാട്ടുപാറ കോളനിയുടെ ഭാഗമായ മംഗലം കോളനിയിലും വരകിൽ കോളനിയിലും ഓരോ കുഴൽകിണർ സ്ഥാപിക്കേണ്ടതാണ്. നിലവിലുള്ള പൈപ്പുലൈൻ വരകിൽ കോളനി, പാട്ടുപാറ കോളനി, മംഗലം കോളനി, പുന്നത്താനം കോളനി എന്നിവിടങ്ങളിലേക്ക് നീട്ടിയാൽ ജലക്ഷാമം പരിഹരിക്കുവാൻ കഴിയും. പഞ്ചായത്തതിർത്തിയായ നരിയനാനി തെങ്ങനാമറ്റം ഭാഗത്ത് പി.പി. റോഡിൽനിന്നു നെഹ്രു റോഡുവഴി പൈപ്പുലൈൻ നീട്ടി ആ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം. മുകളിൽ പ്രസ്താവിച്ച പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ കരിമ്പുകയം പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കി കാര്യക്ഷമതയോടുകൂടിയ പ്രവർത്തനം നടത്താൻ വാട്ടർ അതോറിറ്റി ജീവനക്കാരും മറ്റുള്ളവരും ശ്രദ്ധിക്കണം.

വാർഡ് 2

ജലക്ഷാമം രൂക്ഷമായ പ്രദേശമാണ്. തൊമ്മിത്താഴെ ലക്ഷംവീടു കോളനിയിൽ രണ്ടു കിണറുകൾകൂടി കുഴിക്കണം. ശാന്തിഗ്രാം കോളനിയുടെ ചുറ്റുമായി കിടക്കുന്ന പൊയ്കത്തോട് വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം. ശാന്തിഗ്രാം കോളനിയിലെ പൊതുകിണർ കൂടുതൽ വിസ്തൃതപ്പെടുത്തിയും ആഴംകൂട്ടിയും പ്രയോജനപ്പെടുത്തേണ്ടതാണ്. എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യം ഉണ്ടാക്കണം. വാർഡിലെ ജലക്ഷാമം രൂക്ഷമായ മേഖലകളിൽ കുഴൽകിണറുകൾ കുഴിക്കണം. കോളനിയിലുള്ള കേരളാ വാട്ടർ അതോറിട്ടി പമ്പ്ഹൗസ് ഉടനടി പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. മാന്തറ തോടിന്റെ മേലരുവിഭാഗത്ത് ചെക്ക്ഡാം കെട്ടി ജലം തടഞ്ഞുനിർത്തിയാൽ പരിസരപ്രദേശങ്ങളിലെ കിണറുകളിൽ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും കാഞ്ഞിരപ്പള്ളി ഗവ. ആശുപത്രിയിലേക്ക് വെള്ളം എത്തിക്കുന്നതിനും കഴിയും.

വാർഡ് 3

വാട്ടർ അതോറിട്ടിയുടെ നിലവിലുള്ള എല്ലാ ലൈനുകളിലൂടെയും ശുദ്ധജലം എല്ലാ ദിവസവും ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ വറ്റാത്ത അരുവികൾ, കുളങ്ങൾ, കിണറുകൾ ഇവ ശുദ്ധിയാക്കി വിപുലീകരിച്ച് മോട്ടോർ ഉപയോഗിച്ച് പമ്പ്ചെയ്ത് മിനി വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പിലാക്കി അതാതു പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുക. നിലവിലുള്ള പൈപ്പിലെ ടാപ്പുകൾ കേടുപാടുകൾ തീർത്ത് ഉപയോഗപ്രദമാക്കുക.

വാർഡ് 4

വാർഡിലെ കുന്നുംഭാഗം, അടിച്ചിലാവ്, കെ.വി.എം.എസ്. ചിത്രാഞ്ജലി, ആശുപത്രിപ്പടി എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കുവാൻ കുന്നുംഭാഗത്ത് നിലവിലുള്ള പൊതുകിണർ വാട്ടർ ടാങ്ക് നിർമിച്ച് മോട്ടോർ ഉപയോഗിച്ച് ശുദ്ധജലവിതരണം നടത്താവുന്നതാണ്. ചിത്രാഞ്ജലി ഭാഗത്ത് പഞ്ചായത്ത് തോട്ടുപുറമ്പോക്കിലുള്ള പൊതുകിണർ വികസിപ്പിച്ച് മോട്ടോറും ടാങ്കും സ്ഥാപിച്ച് ജലവിതരണം നടത്തിയാൽ കെ.വി.എം.എസ്. ചിത്രാഞ്ജലി ഭാഗത്തെ ജലക്ഷാമം പരിഹൃതമാകും. ആശാരിവേലിൽകുളം (സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ളത്) പഞ്ചായത്ത് ഏറ്റെടുത്ത് വിപുലീകരിച്ചാൽ ഈ പ്രദേശത്തെ ജലക്ഷാമം പരിഹൃതമാവും. വില്ലൻചിറയിൽ നിലവിലുള്ള വാട്ടർ സപ്ലൈസ് കീമിൽ ഇപ്പോഴുള്ള കിണറിന്റെയും ടാങ്കിന്റെയും ശേഷി വർദ്ധിപ്പിക്കുക.

വാർഡ് 5

വാർഡിലെ മന്ദിരം മണിമലക്കുന്ന് തോണിപ്പാറ കാവാലിമാക്കൽ 7-ാം വാർഡിലെ ചെന്നാകുന്ന് പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ വയലുങ്കൽ ഭാഗത്ത് ഒരു കുളം കുഴിച്ച്, ടാങ്ക് നിർമിച്ച്, മോട്ടോർ ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. ഇതിനു മണിമലക്കുന്നിൽ നിലവിലുള്ള ടാങ്ക് പുതുക്കിപ്പണിത് ഉപയോഗിക്കാം. അതുപോലെതന്നെ മന്ദിരംഭാഗത്ത് കുര്യൻ പ്ലാകൽപടിക്കു താഴെ ധാരാളം ജലലഭ്യതയുള്ള സ്ഥലമാണ്. അവിടെ കുളം കുഴിച്ച് ആഴാന്തകുഴി വാകത്താനം മേഖലയിലേക്ക് കുടിവെള്ളം എത്തിക്കുവാൻ കഴിയും. ജലലഭ്യതയില്ലാത്ത സ്ഥലങ്ങളിലേക്ക് പൈപ്പുലൈൻ നീട്ടേണ്ടതാണ്. മഞ്ഞപ്പള്ളിക്കുന്നിൽനിന്നു പൈപ്പുലൈൻ മന്ദിരം സ്കൂൾഭാഗം, ആഴാന്തകുഴി, പേരൂർക്കവല ഭാഗങ്ങളിലേക്ക് നീട്ടേണ്ടതാണ്. വാട്ടർ അതോറിട്ടിയുടെ ചെറിയ പൈപ്പുകൾ മാറ്റി വലിയവ സ്ഥാപിക്കേണ്ടതാണ്. ആവശ്യമായ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കണം.

വാർഡ് 6

നടയ്ക്കാംകുന്ന്, പൂവത്തിങ്കൽകുന്ന്, നെഹ്രുക്ലബ്ബ്, തണ്ണിപ്പാറപ്പടി, എസ്.ആർ.വി.സ്കൂൾ പ്രദേശം എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കണം. വള്ളിയിൽകുളം (ജ്യോതി വായനശാലയ്ക്കു സമീപം) ആഴം കൂട്ടി മോട്ടോർ വച്ച് ടാങ്കിൽ വെള്ളം എത്തിച്ച് എസ്.ആർ.വി.പ്രദേശത്തു ജലവിതരണം നടത്താൻ കഴിയും. പറപ്പള്ളിത്താഴത്തു കവലയ്ക്കു സമീപം കിണർ കുത്തി പൂവത്തിങ്കൽകുന്ന് ചെറുകുന്നത്ത് ഭാഗം എന്നിവിടങ്ങളിൽ ടാങ്ക് കെട്ടി ജലം ശേഖരിച്ചാൽ പൂവത്തുങ്കൽ താവൂർഭാഗത്തെ ജലക്ഷാമം പരിഹരിക്കാം. വട്ടക്കുഴി (താവൂർ) കടവിൽ തടയണ നിർമിച്ചാൽ ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കുവാൻ കഴിയും.

വാർഡ് 7

വാർഡിന് സ്വന്തമായ കുടിവെള്ളപദ്ധതി നടപ്പിലാക്കാൻ താനത്ത്കുളം, കല്ലൂകുളം എന്നിവ അഭിവൃദ്ധിപ്പെടുത്തി പമ്പുസെറ്റ് സ്ഥാപിച്ച് ചെന്നാകുന്നേൽ ടാങ്കുനിർമിച്ച് ജലവിതരണം നടത്താവുന്നതാണ്. ഇപ്പോൾ നിലവിലുള്ള കുരങ്ങാടി ജലവിതരണപദ്ധതി വിപുലീകരിച്ച് മുട്ടത്തുകവല ഭാഗത്തേക്കുകൂടി കുടിവെള്ളം എത്തിക്കേണ്ടതാണ്.

ധാരാളം ജലം ലഭ്യമായ വയലുകൾ ഭാഗത്ത് പുതിയ കുളം നിർമിച്ച് ചെന്നാകുന്നേൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്താവുന്നതാണ്. ഇടത്തംപറമ്പിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് വണ്ടങ്ങൽ പുരയിടത്തിലുള്ള കിണർ ആഴംകൂട്ടി ജലവിതരണം നടത്താൻ കഴിയും.

വാർഡ് 8

അടിച്ചുമാക്കൽ പാലത്തിനു സമീപം തരിശായിക്കിടക്കുന്ന പുറമ്പോക്കുഭൂമി ഒരു നല്ല ജലശ്രോതസ്സാണ്. കാലങ്ങളായി വാർഡിലെ ജനങ്ങൾ ഇവിടെനിന്നും കുടിവെള്ളം ശേഖരിക്കുന്നു. ഇടകുളം വിപുലപ്പെടുത്തി വാർഡിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു വാട്ടർ സപ്ലൈസ്കീമിനു രൂപം നല്കാൻ കഴിയണം. തായ്ക്കയത്ത് ഒരു മിനി ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചാൽ ചെറുവള്ളി വില്ലേജിനോടൊപ്പം വാർഡിന്റെ കിഴക്കൻ മേഖലകളിൽക്കൂടി പ്രയോജനപ്പെടും.

വാർഡ് 9

നിലവിലുള്ള പൈപ്പ്ലൈനുകളിൽ സ്ഥിരം ജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. പൈപ്പ്ലൈൻ കൈലാത്തുകവല, പടനിലം മാലേൽ തെക്കേൽഭാഗം, ചെറുവള്ളി അമ്പലത്തിനു തെക്കുഭാഗം മേഖലകളിലേക്കുകൂടി നീട്ടേണ്ടതാണ്. പടനിലത്തു കളമ്പുകാട്ടുപുരയിടത്തിലുള്ള പൊതുകിണർ വിപുലപ്പെടുത്തുന്നതിനും നടപടികൾ ഉണ്ടാവണം. മലയിലാത്ത്കുളം, പ്ലാവോലിൽ ഓലി, മാലേൽകുളം എന്നീ ജലശ്രോതസ്സുകൾ വിപുലപ്പെടുത്തി വൃത്തിയാക്കി സമീപപ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. ഇതിനു ഗ്രാമസഭയുടെ സന്നദ്ധ പ്രവർത്തനവും ലഭിക്കും. ചെറുവള്ളിയിൽ ഒരു സ്വകാര്യ വ്യക്തി കിണർ പഞ്ചായത്തിനു വിട്ടുതരും. അത് ഏറ്റെടുത്ത് വൃത്തിയാക്കി പ്രയോജനപ്പെടുത്തണം. കൊട്ടാടികുന്ന് കോളനി, പടനിലം മാലേൽ തെക്കേൽഭാഗം, ചെറുവള്ളി അമ്പലത്തിനു തെക്കുഭാഗം, കൈലാത്തുകവല, വരവുകാലാ തകിടിഭാഗം എന്നിവിടങ്ങളിൽ ഓരോ കുഴൽ കിണറുകൾ സ്ഥാപിക്കണം. ഇതിനാവശ്യമായ സ്ഥലം ലഭ്യമാണ്. കൊട്ടാടികുന്ന് കോളനിയിൽ മലയിൽകുളത്തിനു സമീപം ഒരു കിണർ കുഴിക്കുന്നതിന് സ്ഥലവും സന്നദ്ധ പ്രവർത്തനവും ലഭ്യമാണ്. തള്ളക്കയത്ത് ചെക്കുഡാം നിർമിച്ച് വരവുകലാതകിടിഭാഗത്ത് ടാങ്ക് സ്ഥാപിച്ച് ജലം സംഭരിച്ചാൽ IX, XI, XII വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുവാൻ കഴിയും. സ്ഥലവും സന്നദ്ധ പ്രവർത്തനവും ലഭിക്കും. മണിമല ആറ്റിൽ തായ്ക്കയത്ത് ചെക്കുഡാം നിർമിച്ച് കറുത്ത മഞ്ഞാടിഭാഗത്ത് ഓവർ ഹെഡ്ടാങ്ക് സ്ഥാപിച്ച് ജലംവിതരണംചെയ്താൽ ചെറുവള്ളി വില്ലേജ് പൂർണമായും സമീപവാർഡുകളിലേയും ജലക്ഷാമം പരിഹരിക്കാം.

വാർഡ് 10

രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള തണ്ണിപ്പാറഭാഗത്ത് ഒരു പൊതുകിണർ കുഴിക്കണം. സ്ഥലം ശ്രീ രാജൻ തണ്ണിപ്പാറ സൗജന്യമായി നല്കും. പാലക്കയം ഭാഗത്ത് ഒരു കുളം നിർമിച്ച് ചരക്കുന്നേൽ പുരയിടത്തിൽ ടാങ്ക് സ്ഥാപിച്ച് ഒരു മിനി വാട്ടർ സപ്ലൈസ്കീം നടപ്പാക്കിയാൽ ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം. കാരക്കാമറ്റം ഭാഗത്ത് ബ്ലോക്ക് സ്കീംപ്രകാരം നിർമിച്ച നിലവിലുള്ള ഞള്ളീമാക്കൽ കുളത്തിൽനിന്നും ജലം പമ്പുചെയ്താൽ ആ ഭാഗത്ത് ജലവിതരണം നടത്താം. നിലവിലുള്ള വാട്ടർ ടാപ്പുകളുടെ അറ്റകുറ്റപ്പണികൾ തീർത്ത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

വാർഡ് 11

മണിമലയാറ്റിൽ തായ്ക്കയത്ത് ചെക്കുഡാം നിർമിച്ച് ചെറുവള്ളിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തിയാൽ ചെറുവള്ളി വില്ലേജിലെയും സമീപവാർഡുകളിലെയും ജലക്ഷാമം പരിഹരിക്കുവാൻ കഴിയും. വയലിൽപ്പടി വാഴവേലിപ്പടി റോഡിന്റെ അരികിലുള്ള കുളം ആഴംകൂട്ടി വിസ്തൃതപ്പെടുത്തിയാൽ സമീപവാസികൾക്ക് പ്രയോജനപ്രദമാകും മണ്ണനാനിക്കും, ചെറുവള്ളി അമ്പലത്തിനും മദ്ധ്യത്തിൽ ഒരു കുഴൽകിണർ നിർമിക്കുക. നിലവിലുള്ള പൈപ്പുലൈൻ കാക്കനാട്ടുപടിവരെ നീട്ടുകയും ദിവസവും വെള്ളം എത്തിക്കുകയും ചെയ്യുക. പയ്യാനിക്കാട്ടുപടിക്കലുള്ള കുളം വൃത്തിയാക്കി വിപുലീകരിക്കുക.

വാർഡ് 12

വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളായ കറുത്തമഞ്ഞാടി തേക്കുംമൂടു റോഡിൽ ചെങ്ങായുങ്കൽപടി, ചപ്പാത്ത് കോരോത്തുപടി, കറുത്തമഞ്ഞാടി, പാലത്തുപടി റോഡിൽ വടക്കേമുറിപ്പടി, പുളിച്ചുമാക്കൽ ഡി.വി.എൽ.പി. സ്കൂളിനു സമീപം വലിയ തോടിനു പടിഞ്ഞാറുഭാഗം, തകടിക്കൽഭാഗം, ഇളങ്ങോയിക്കടവ് പാലത്തിനു സമീപം, തൊണ്ടുമുറിപ്പടി പുളിച്ചുമാവ് താളിയാനിപ്പടി റോഡിൽ ഇലവുങ്കൽപ്പടി, അടാമറ്റം എന്നിവിടങ്ങളിൽ ഓരോ കുഴൽകിണർ സ്ഥാപിക്കുക. നിലവിലുള്ള പൊതുകിണറുകളും കുളങ്ങളും ആഴം കൂട്ടുക. വാലുമണ്ണേൽ പുരയിടത്തിലുള്ള പൊതുകിണറിന് ആഴംകൂട്ടി പമ്പുസെറ്റ് സ്ഥാപിച്ച് തകിടിപ്പുറംഭാഗത്ത് കുടിവെള്ളം എത്തിക്കുക. വലിയ തോട്ടിൽ തടയണകൾ കെട്ടുന്നതുകൊണ്ട് സമീപപ്രദേശങ്ങളിലെ കിണറുകൾ വറ്റാതിരിക്കും. അതിന് സൗകര്യപ്രദമായ സ്ഥലങ്ങളിൽ തടയണകൾ നിർമിക്കുക. രൂക്ഷമായ വേനൽക്കാലത്ത് തോടിന്റെ സമീപത്തുനിന്നും ഉയർന്ന സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിന് വാർഡിലെ ജനങ്ങൾ ഡീസൽ മണ്ണെണ്ണ പമ്പുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പമ്പുസെറ്റുകൾ വാങ്ങി ജനങ്ങൾക്ക് കുറഞ്ഞ വാടകയ്ക്ക് നല്കാനുള്ള പദ്ധതി തയ്യാറാക്കണം.



പൊതുജനാരോഗ്യം

ആരോഗ്യം എന്നാൽ 'ശാരീരികവും സാമ്പത്തികവും സാമൂഹികവുമായ സുസ്ഥിതി' എന്നാണ് ലോകാരോഗ്യ സംഘടനയുടെ നിർവചനം. ജനങ്ങളിലധികവും ആരോഗ്യമെന്നാൽ ആശുപത്രിയും ഡോക്ടറും മരുന്നുമാണെന്നു ചിന്തിക്കുന്നു. ആരോഗ്യരംഗത്തെ വികസനമെന്നാൽ ആശുപത്രികളുടെ വ്യാപനമാണെന്നു ധരിക്കുന്നു. ഗ്രാമസഭകളിൽനിന്നും വന്ന നിർദ്ദേശങ്ങളിൽ പലതും ഇത്തരത്തിലുള്ള ചിന്തയുടെ ഫലമായുണ്ടായതാണെന്നു കാണാം. സ്വകാര്യമേഖലയിലും പൊതുമേഖലയിലുമായി അലോപ്പതി ആയുർവേദ ഹോമിയോപ്പതിരംഗത്തു പ്രവർത്തിക്കുന്ന മികച്ച സ്ഥാപനങ്ങൾ ധാരാളം നമ്മുടെ പഞ്ചായത്തിലുണ്ട്. ആരോഗ്യരംഗത്തെ സ്ഥാപനങ്ങളുടെ ആധിക്യം പ്രശ്നങ്ങൾക്കുള്ള യഥാർത്ഥ പരിഹാരമാകുന്നില്ല എന്നതാണ് സത്യം. ചികിത്സാരംഗത്ത് ആയുർവേദത്തിലും അലോപ്പതിയിലും അനുദിനമുണ്ടായിക്കൊണ്ടിരിക്കുന്ന ചെലവിന്റെ ഭീമമായ വർദ്ധനവ് സാധാരണജനങ്ങൾക്കുണ്ടാക്കുന്ന പ്രശ്നങ്ങൾ അനവധിയാണ്. ഫൈവ്സ്റ്റാർ ആശുപത്രികളും അനവധി അനാവശ്യടെസ്റ്റുകളും മരുന്നുകളുടെ നെടുങ്കൻലിസ്റ്റും നമ്മുടെ ആരോഗ്യസങ്കല്പങ്ങളെ വികലമാക്കി മുന്നേറുകയാണ്. ഒരു ജനകീയ-ആരോഗ്യ-ഔഷധനയം നമുക്കുണ്ടായേ മതിയാവൂ. ചൈനയിൽ എല്ലാ അലോപ്പതി ആശുപത്രിയോടൊപ്പവും അവരുടെ പാരമ്പര്യചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്.* ഇത് രോഗത്തിന് ആവശ്യമായ ചികിത്സ ലഭിക്കുന്നതിന് സഹായകമാകുന്നു. നമുക്കും ഇത് അനുകരണീയമാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും ചികിത്സാസമ്പ്രദായങ്ങളെ മുറുകെപ്പിടിക്കാതെ രോഗിക്കും രോഗത്തിനും ഫലപ്രദമായ ചികിത്സ ലഭിക്കുന്ന രംഗത്തേക്ക് അവരെ തിരിച്ചു വിടുന്നതിനും എല്ലാ ചികിത്സാസമ്പ്രദായങ്ങളിലുമുള്ള നന്മയുടെ അംശങ്ങളെ കണ്ടെത്തി അംഗീകരിക്കുന്നതിനും ആരോഗ്യസേവനമേഖലയിൽ പ്രവർത്തിക്കുന്നവർ തയ്യാറാകേണ്ടിയിരിക്കുന്നു.

*വൻകടലിലെ തുഴവള്ളക്കാർ. എം. ടി. വാസുദേവൻനായർ.

കേരളത്തിലെയും നമ്മുടെ പഞ്ചായത്തിലെയും ജനനമരണനിരക്കുകൾ ഒരു താരതമ്യപഠനത്തിനു വിധേയമാക്കിയാൽ ആരോഗ്യരംഗത്തെ നമ്മുടെ യഥാർത്ഥസ്ഥിതി മനസിലാക്കുവാൻ എളുപ്പത്തിൽ കഴിയും.

മരണനിരക്ക് സംസ്ഥാന ശരാശരി 1000-ന്	പഞ്ചായത്തു ശരാശരി 1000-ന്
5.9	4.7
ജനനനിരക്ക് സംസ്ഥാന ശരാശരി 1000-ന്	പഞ്ചായത്തു ശരാശരി 1000-ന്
17	11

മേൽക്കാണിച്ചിരിക്കുന്ന പട്ടികയിൽനിന്നും ജനനമരണനിരക്കുകളിൽ സംസ്ഥാന ശരാശരിയെക്കാൾ വളരെ പിന്നിലാണ് നമ്മളെന്നു കാണുവാൻ കഴിയും. ആരോഗ്യരംഗത്ത് വികസിതരാജ്യത്തോടൊപ്പമോ അതിൽ കൂടുതലോ നേട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആ നേട്ടങ്ങൾക്കും ഒരു പടി മുന്നിലാണ് നമ്മുടെ പഞ്ചായത്തിന്റെ സ്ഥാനമെന്നതിൽ നമുക്ക് തീർച്ചയായും അഭിമാനിക്കാം. നമ്മുടെ പൊതുസാമ്പത്തിക സ്ഥിതിയും ആരോഗ്യരംഗത്തുള്ള ശ്രദ്ധയും ഇതിനു സഹായകമായിട്ടുണ്ടാവാം.

ഒരു നൂറ്റാണ്ടു മുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ അലോപ്പതി ചികിത്സാസമ്പ്രദായം നിലവിൽ വന്നിരുന്നെങ്കിലും ആളുകളിലധികവും അന്ന് പാരമ്പര്യ ആയുർവേദ വൈദ്യന്മാരെയാണ് ചികിത്സയ്ക്കായി ആശ്രയിച്ചിരുന്നത്. ഈ രംഗത്ത് വളരെ വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുള്ള സർവ്വശ്രീ പാലേക്കുന്നേൽ പത്മനാഭപിള്ള, മടുക്കക്കുഴി വൈദ്യൻ, തമ്പലയ്ക്കാട് ഗോപാലപിള്ള, പണ്ഡിറ്റ് കെ. രാമകൃഷ്ണപിള്ള (വാളക്കയം വൈദ്യൻ), ഇട്ട്യാതിവൈദ്യൻ, തിരുമ്മുചികിത്സകനായിരുന്ന താന്നുവേലിൽ കുഞ്ഞു

കുട്ടൻപിള്ള, വിഷചികിത്സാരംഗത്തെ പ്രശസ്തരായിരുന്ന ഇരുമ്പുകുഴിയിൽ കേശവൻനായർ, കല്ലുംപ്ലാക്കൽ മുസ്ലിഫാറാവുത്തർ എന്നിവരെ ആദരവോടെ മാത്രമേ ഓർമ്മിക്കുവാൻ കഴിയൂ.

ഗവ. സ്ഥാപനങ്ങളും സേവനങ്ങളും

നമ്മുടെ പഞ്ചായത്തിൽ ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന പൊതു സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1	താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കാഞ്ഞിരപ്പള്ളി	1
2	ഗവ. ആയുർവേദ സിസ്പെൻസറി, ചിറക്കടവ്	1
3	ഗവ. ഹോമിയോ ഡിസ്പെൻസറി, ചിറക്കടവ്	1
4	കുടുംബക്ഷേമ കേന്ദ്രങ്ങൾ	5
5	താലൂക്ക് ഫാമിലി വെൽഫെയർ സെൻറർ കാഞ്ഞിരപ്പള്ളി	1

1. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കാഞ്ഞിരപ്പള്ളി

നമ്മുടെ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കാഞ്ഞിരപ്പള്ളി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി 1888-ൽ സ്ഥാപിതമായ താണ്. ശ്രീമൂലം തിരുനാളിന്റെ കാലത്ത് ജില്ലാ ആശുപത്രി യായാണ് ഇതിന്റെ തുടക്കം. വാടകകെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയ ആശുപത്രി 1895-ൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുവാൻ തുടങ്ങി.

കാഞ്ഞിരപ്പള്ളി ഗവ. ആശുപത്രിയിൽ 142 പേരേ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ട്. 800-ഓളം രോഗികൾ ദിവസേന പരിശോധനയ്ക്കായി എത്തുന്നുണ്ട്. പ്രത്യേക വിഭാഗങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ 12 ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാണ്. ആരോഗ്യസേവന മേഖലയിൽ 95 ജീവനക്കാർ ഇവിടെ ജോലിചെയ്യുന്നു. ലയൺസ് ക്ലബ്ബ് നിർമിച്ചു സംഭാവനചെയ്ത 14 കിടക്കകളുള്ള കുട്ടികളുടെ വാർഡ്, പേവാർഡ്, 10 കിടക്കകളുള്ള ററി. ബി. വാർഡ് തുടങ്ങിയ അത്യാവശ്യസൗകര്യങ്ങൾ ആശുപത്രിയിൽ ലഭ്യമാണ്. കിഴക്കൻ കേരളത്തിലെ ഒരു പ്രധാന സർക്കാർ ആശുപത്രി എന്ന നിലയിൽ ഇനിയും ധാരാളം വികസനപ്രവർത്തനങ്ങൾ ആശുപത്രിയിൽ കടന്നെത്തേണ്ടതുണ്ട്. ഗ്രാമസഭാനിർദേശങ്ങൾ പരിശോധിച്ചാൽ ആശുപത്രി വികസനം സംബന്ധിച്ച പരാതിപ്പട്ടിക വളരെ ദീർഘമാണെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ ആരോഗ്യ സേവനരംഗത്ത് ഈ ആശുപത്രിയുടെ പ്രവർത്തനങ്ങൾ വളരെ വിലപ്പെട്ടതാണ്. ആശുപത്രികെട്ടിടം പുതുക്കിപണിതും ഓപ്പറേഷൻ തിയേറ്റർ നവീകരിച്ചും കാർഡിയോളജിപോലെയുള്ള പുതിയ വിഭാഗങ്ങൾ ആരംഭിച്ചും ആശുപത്രിപ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പരിപാടികൾ അടിയന്തിരമായി തയ്യാറാക്കണം.

2. ഗവ. ആയുർവേദ ഡിസ്പെൻസറി, ചിറക്കടവ്

അയ്യപ്പസേവാസംഘം സംഭാവന ചെയ്ത കെട്ടിടത്തിൽ 12-5-1992-ൽ ആണ് ചിറക്കടവ് ഗവ. ആയുർവേദ ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചത്. ഏതാണ്ട് 60-ഓളം രോഗികൾ പ്രതിദിനം ഡിസ്പെൻസറിയിൽ ചികിത്സയ്ക്കെത്തുന്നുണ്ട്. മെഡിക്കൽ ആഫീസർ ഉൾപ്പെടെ 3 ജീവനക്കാരുടെ സേവനം ഇവിടെ ലഭ്യമാണ്. ഇവിടെ എത്തുന്ന രോഗികളിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ അലർജി, വാതസംബന്ധമായ രോഗങ്ങൾ തുടങ്ങിയവയാണ്. രോഗികളുടെ എണ്ണത്തിന് ആനുപാതികമായി മരുന്നു ലഭിക്കുന്നില്ല. കുടിവെള്ളത്തിന്റെ കാര്യത്തിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. വിറക് ക്ഷാമം വളരെ ഗുരുതരമാണ്. ഗ്യാസ് കണക്ഷനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്. ഡിസ്പെൻസറി വേസ്റ്റ് നശിപ്പിക്കുന്നതിനുള്ള സൗകര്യം ഇല്ല. യഥാസമയം ഔഷധിയിൽനിന്നും മരുന്നിന്റെ അലോട്ട്മെൻറ് ലഭിക്കാതിരിക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ പരാതികൾക്കിടയിലും കഴിയുന്ന സേവനങ്ങളുമായി ഡിസ്പെൻസറി പ്രവർത്തനം മുന്നോട്ടു നീങ്ങുന്നു.

3. ഗവ. ഹോമിയോ ഡിസ്പെൻസറി, ചിറക്കടവ്

ചിറക്കടവ് ഗവ. ഹോമിയോ ഡിസ്പെൻസറി 1993-ൽ പ്രവർത്തനം ആരംഭിച്ചു. പ്രതിദിനം 100-ഓളം രോഗികൾ ഇവിടെ ചികിത്സയ്ക്കായി എത്തുന്നുണ്ട്. മെഡിക്കൽ ആഫീസർ ഉൾപ്പെടെ മൂന്നു ജീവനക്കാരുടെ സേവനം ഇവിടെ ലഭ്യമാണ്. എൻ. എസ്. എസ്. കരയോഗത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറിയിൽ അത്യാവശ്യസൗകര്യങ്ങളൊന്നുംതന്നെയില്ല. യഥാസമയം മരുന്നുകൾ ലഭിക്കുന്നില്ല. പരിമിതികൾക്കിടയിലും രോഗപ്രതിരോധ പ്രവർത്തനങ്ങളും മററും ഫലപ്രദമായി നിർവഹിക്കുവാൻ കഴിയുന്നുണ്ട്. സ്വന്തമായി കെട്ടിടം നിർമിച്ച് ആധുനിക ചികിത്സാസംവിധാനങ്ങളോടെ ഹോമിയോ ആശുപത്രി ആയി ഉയർത്തി പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനു പരിപാടികൾ തയ്യാറാക്കേണ്ടതുണ്ട്.

4. കുടുംബക്ഷേമകേന്ദ്രങ്ങൾ

ഇടയിരിക്കപ്പുഴ പി. എച്ച്. സെൻററിന്റെ കീഴിൽ പ്രവർത്തിക്കുന്ന 5 കുടുംബക്ഷേമകേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പ്രതിരോധകുത്തിവയ്പുകൾ, കുടുംബക്ഷേമപ്രവർത്തനങ്ങൾ, കുട്ടികളുടെയും ഗർഭിണികളുടെയും ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് സബ്സെൻററുകളിൽ നടക്കുന്നത്. കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് വലിയ

ബോധ്യമില്ലാത്തതിനാൽ പ്രവർത്തനങ്ങൾ കാര്യമായി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. മലമ്പനിപോലുള്ള രോഗങ്ങൾ തിരിച്ചുവരുന്ന ഈ കാലഘട്ടത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഉൾപ്പെടെ ക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം സജീവമാക്കേണ്ടതാണ്.

5. താലൂക്ക് ഫാമിലി വെൽഫെയർ സെൻറർ

1983 മുതൽ കാഞ്ഞിരപ്പള്ളി ഗവ. ആശുപത്രിയോടു ചേർന്ന കെട്ടിടത്തിൽ ഫാമിലി വെൽഫെയർ സെൻറർ പ്രവർത്തിക്കുന്നു. രോഗപ്രതിരോധപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നടത്തുക തുടങ്ങിയവയാണ് സെൻററിൻെറ പ്രധാന പ്രവർത്തനങ്ങൾ.

കുടുംബക്ഷേമകേന്ദ്രങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്	സബ്സെൻറർ സ്ഥിതിചെയ്യുന്ന സ്ഥലം	പ്രശ്നങ്ങൾ
1	അട്ടിക്കൽ സബ്സെൻറർ	സ്വന്തം കെട്ടിടം ഇല്ല
4	പൊൻകുന്നം	വാട്ടർസപ്ലൈ ഇല്ല
11	ചെറുവള്ളി	വെള്ളമില്ല, വൈദ്യുതി ഇല്ല
10	വാളക്കയം	വെള്ളമില്ല
7	ചെന്നാകുന്ന്	സ്വന്തം കെട്ടിടം ഇല്ല

സ്വകാര്യ ആശുപത്രികൾ

രോഗികളെ കിടത്തി ചികിത്സിക്കാൻ കവിയുന്ന 4 അലോപ്പതി ആശുപത്രികളും ഒരു ആയുർവേദ ആശുപത്രിയും സ്വകാര്യമേഖലയിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യരംഗത്തെ ഈ ആശുപത്രി കളുടെ പ്രവർത്തനങ്ങൾ പലതും എടുത്തുപറയേണ്ട വയാണ്. പ്രവർത്തനനന്മകളുടെ വമ്പൻ പട്ടിക അവതരിപ്പിക്കുന്നതോടൊപ്പം സ്വകാര്യ ആശുപത്രികളിലെ ചൂഷണങ്ങളെക്കുറിച്ച് ഉയർന്നുവരുന്ന പരാതികളെ ക്കുറിച്ചും പരാമർശിക്കേണ്ടതുണ്ട്. അനാവശ്യ ടെസ്ററുകൾ, ശസ്ത്രക്രിയകളോടുള്ള ആഭിമുഖ്യം, ഹാർട്ട് അററാക്കായി മാററപ്പെടുന്ന നെഞ്ചുവേദനകൾ, വില കൂടിയതും അനാവശ്യമായ മരുന്നുകൾ തുടങ്ങി പലതും. പരാതികൾക്കിടയിലും ആശുപത്രികൾ വികസനത്തിൻെറ പാതയിലാണ്. സ്വകാര്യ ആശുപത്രികൾ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുകളിൽ പറഞ്ഞ സ്വകാര്യ ആശുപത്രികൾ കൂടാതെ 2 ദന്താശുപത്രികൾ പൊൻകുന്നത്തു പ്രവർത്തിക്കുന്നു. ആയുർവേദ ചികിത്സാരംഗത്തു വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന പാലേക്കുന്നേൽ വൈദ്യശാല, നെല്ലിക്കുന്നത്ത് വൈദ്യശാല, എസ്. എൻ. വൈദ്യശാല തുടങ്ങിയവയും, കോട്ടയ്ക്കൽ ആര്യവൈദ്യശാല, ഔഷധി, നാഗാർജ്ജുന എന്നിവയുടെ ബ്രാഞ്ചുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പാരമ്പര്യ വിഷ ചികിത്സയും പ്രാധാന്യത്തോടെ നിലനില്ക്കുന്നു. വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ഡോ. ബലകൃഷ്ണ പിള്ളയുടെ ഹോമിയോ മെഡിക്കൽ സെൻറർ ഉൾപ്പടെ

സ്വകാര്യ ആശുപത്രികൾ

ക്രമനമ്പർ	സ്ഥാപനത്തിൻെറ പേര്	കിടക്കകൾ എണ്ണം	ഡോക്ടർമാർ എണ്ണം	മററു ജീവനക്കാർ എണ്ണം	സ്ഥാപിച്ച വർഷം	പ്രത്യേകതകൾ
1.	പി. എൻ. പി. മെമ്മോറിയൽ ഹിന്ദു മെഡിക്കൽ മിഷൻ ആശുപത്രി, പൊൻകുന്നം	200	10	45	1976	അൾട്രാസൗണ്ട് സ്കാനിങ്, നേഴ്സിങ് സ്കൂൾ, വിഷചികിത്സ, യൂണിവേഴ്സിറ്റി ട്രെയിനിങ് സെൻറർ
2	ശാന്തിനികേതൻ, പൊൻകുന്നം	60	3	35	1975	
3	മാർ ഇഫ്രേംസ് മെഡിക്കൽ സെൻറർ, ചിറക്കടവ്	40	2	6	1982	ആൽക്കഹോളിക് മാനസികരോഗചികിത്സ
4	മെഡിക്കൽ സെൻറർ, തെക്കേത്തുകവല	12	2	6	1980	-
5	ശ്രീഹരി സ്കിൻ ക്ലിനിക്, പൊൻകുന്നം	ഇല്ല	1	4	1975	ത്വക്രോഗ ചികിത്സ
6	ദേവി ക്ലിനിക്, പൊൻകുന്നം	ഇല്ല	1	3	1991	-
7	ദിവ്യാ ക്ലിനിക്, പൊൻകുന്നം	ഇല്ല	1	2	1994	നേത്രചികിത്സ
8	മേരി ക്യൂൻസ് ഹോസ്പിററൽ, പൊൻകുന്നം	ഇല്ല	1	2	1994	-
9	അമല ആയുർവേദ ആശുപത്രി, പൊൻകുന്നം	15	2	4	1987	തിരുമ്മു ചികിത്സ

ഏതാനും ഹോമിയോ ക്ലിനിക്കുകളും നമ്മുടെ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. മറ്റു പല പഞ്ചായത്തുകളുമായി താരതമ്യം ചെയ്യാൽ ചികിത്സാസൗകര്യങ്ങളുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ സമ്പന്നമാണെന്നു കാണാം. കാര്യമായ വ്യവസായസ്ഥാപനങ്ങളൊന്നും നമ്മുടെ പഞ്ചായത്തിലില്ലാത്തതിനാൽ പരിസരമലിനീകരണം ഗുരുതരമായ ഒരു പ്രശ്നമായി ഉയർന്നുവന്നിട്ടില്ല. എന്നാൽ ഹോട്ടലുകളിലെ മലിനജലം ഉയർത്തുന്ന പരിസരമലിനീകരണ പ്രശ്നങ്ങൾ പല സ്ഥലത്തുനിന്നും ഉയർന്നുവരുന്നുണ്ട്. പരിസരശുചിത്വത്തെക്കുറിച്ചും മറ്റുമുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ വ്യാപകമാക്കിയാൽ പല അസുഖങ്ങളും വരാതെ നോക്കുവാൻ കഴിയും. കക്കൂസില്ലാത്ത എല്ലാ വീടുകൾക്കും കക്കൂസ് നിർമിച്ചു കൊടുക്കുന്നതിന് ഒരു കർമപരിപാടി തയ്യാറാക്കേണ്ടതുണ്ട്. ഇത്രയധികം ആശുപത്രികൾ പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര പാരാമെഡിക്കൽ സ്റ്റാഫിനെ ലഭിക്കുന്നില്ല എന്നു നമ്മുടെ സർവേയിൽനിന്നും മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതിനൊരു പരിഹാരമായി വളരെയേറെ തൊഴിൽസാദ്ധ്യതയുള്ള പാരാമെഡിക്കൽ കോഴ്സുകൾക്കായുള്ള ഒരു സ്ഥാപനം നമ്മുടെ പഞ്ചായത്തിൽ അടിയന്തിരമായി ആരംഭിക്കേണ്ടിയിരിക്കുന്നു.



പ്രശ്നങ്ങളും സാദ്ധ്യതകളും

വാർഡ് 1

1. ഈ വാർഡിൽ പൊതുജനാരോഗ്യകേന്ദ്രങ്ങളൊന്നുമില്ല. സ്വകാര്യ ആശുപത്രികളുമില്ല. ഏറ്റവും അടുത്തുള്ള സർക്കാർ ആശുപത്രി 5 കി. മീ. ദൂരെയാണ്. വാർഡിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.
2. ഈ വാർഡിൽ പ്രധാനമായും 4 കോളനികൾ ഉണ്ട്. അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത ഇവിടെ പകർച്ച വ്യാധികൾ സർവസാധാരണമാണ്. ഈ കോളനികളിൽ ആരോഗ്യപരിപാലനത്തിന് അനുവദിച്ചിട്ടുള്ള എല്ലാ സഹായങ്ങളും എത്തിച്ചുകൊടുക്കുകയും ബോധവല്ക്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്യണം.

വാർഡ് 2

1. കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി, ശാന്തിനികേതൻ ആശുപത്രി എന്നിവ ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. പകർച്ചവ്യാധികൾ കൂടുതലുണ്ടാകുന്ന ഈ വാർഡിലെ കോളനിപ്രദേശങ്ങളിൽ ആരോഗ്യപ്രവർത്തനം ശക്തമാക്കണം.
2. വയറിളക്കം, റ്റി. ബി., ചെങ്കണ്ണ് തുടങ്ങിയ പകർച്ച വ്യാധികൾ തടയുന്നതിന് ബോധവല്ക്കരണ പരിശോധനാ ക്യാമ്പുകൾ നടത്തണം.
3. ആഴ്ചയിലൊരിക്കൽ രോഗികളെ പരിശോധിക്കുന്നതിനുവേണ്ടി കോയിപ്പള്ളി കോളനിയിൽ താലൂക്ക് ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു വിസിറ്റിങ് ക്ലിനിക് ആരംഭിക്കേണ്ടതാണ്.

വാർഡ് 3

1. വാർഡിന്റെ ഏറ്റവും അടുത്തുള്ള താലൂക്ക് ആശുപത്രിയെ വിദഗ്ദ്ധചികിത്സ കിട്ടത്തക്കരീതിയിൽ വിപുലീകരിക്കുകയും സൗജന്യചികിത്സ ലഭ്യമാക്കുകയും വേണം. ആധുനിക വൈദ്യശാസ്ത്രത്തിലെ എല്ലാ സാങ്കേതിക ചികിത്സാരീതികളും ജനങ്ങൾക്കു ലഭ്യമാക്കണം.
2. പഞ്ചായത്തിലെ ചപ്പുചവറുസാധനങ്ങൾ നിക്ഷേപിക്കുന്നതിന് സ്ഥലവും വാഹനവും വാങ്ങണം.
3. ഓടകൾ നിർമിച്ച് മലിനജലം ദൂരേക്ക് ഒഴുക്കുവാൻവേണ്ട സൗകര്യങ്ങൾ ചെയ്യുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
4. ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് വീപ്പകൾ സ്ഥാപിക്കുക.
5. ബസ്സ്റ്റാൻഡ്, ചന്ത മുതലായ സ്ഥലങ്ങൾ കാര്യക്ഷമമായി വൃത്തിയാക്കുക.
6. ഹോട്ടലുകളിലും ചായക്കടകളിലും മലിനവസ്തുക്കൾ പുറത്തേക്കൊഴുക്കാതിരിക്കാൻ സൗകര്യം ഉണ്ടാക്കുകയും ഇവയ്ക്ക് ലൈസൻസ് കൊടുക്കുമ്പോൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യണം.
7. ആധുനികരീതിയിലുള്ള ഒരു കംഫർട്ട് സ്റ്റേഷൻ ബസ്സ്റ്റാൻറിൽ സ്ഥാപിക്കുക.

വാർഡ് 4

1. ചിറക്കടവ് പഞ്ചായത്താഫീസിനു സമീപമുള്ള ഹെൽത്ത് സെൻറർ വളരെ ശോചനീയമായ നിലയിലാണ്. ഇതിന്റെ ജീർണ്ണാവസ്ഥ പരിഹരിച്ച് ബഹുജനങ്ങൾക്ക് പ്രയോജനപ്പെടുന്നവിധം വികസിപ്പിക്കണം.
2. കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രിയിൽ ആവശ്യമായ മരുന്ന്, സ്റ്റാഫ്, ലബോറട്ടറി സൗകര്യങ്ങൾ,

ബെഡുകൾ കൂടുതൽ വിദഗ്ദ്ധരായ ജീവനക്കാർ ഇവ അടിയന്തിരമായി ഉണ്ടാവുകയും കെട്ടിടസൗകര്യങ്ങൾ വിപുലീകരിക്കുകയും വേണം.

3. ആശുപത്രിയും പരിസരവും പലപ്പോഴും ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന രീതിയിൽ മലിനമായി കിടക്കുന്നുണ്ട്. ആശുപത്രി വികസനസമിതിയും പഞ്ചായത്തുമായി സഹകരിച്ചുകൊണ്ട് ആശുപത്രിയും പരിസരവും ശുചിയാക്കുന്നതിനുള്ള സന്നദ്ധപ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ നടത്തേണ്ടതാണ്. ആശുപത്രിയിലെ ശുദ്ധജലക്ഷാമം അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.
4. അടിച്ചിലാവിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ തുടങ്ങണം.
5. കക്കൂസ് ഇല്ലാത്ത എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാക്കണം. ചേപ്പുംപാറ കോളനിയിലെ കക്കൂസ് ഇല്ലാത്ത വീടുകളിൽ ഏററവും പെട്ടെന്ന് കക്കൂസ് നിർമിച്ചുകൊടുക്കണം. ഈ കോളനിയിൽ ഒരു പൊതു കക്കൂസ് ഉണ്ടാക്കി ഇതു വൃത്തിയായി സൂക്ഷിക്കുവാൻ പ്രാദേശിക സന്നദ്ധസംഘടനകളെ ഏല്പിക്കണം.
6. കെ. വി. എം. എസ്. കവലയിലെ ഓടയിലുള്ള തടസങ്ങൾ നീക്കാൻ കലുങ്കു പണിയണം.
7. ഗവ. ആശുപത്രിപ്പടിയിൽ ഓടകൾ തീർത്ത് മലിനജലം ഒഴുകിപ്പോകാൻ സൗകര്യമുണ്ടാക്കണം.
8. പഞ്ചായത്തിലെ ഏക ശ്മശാനം വൃത്തിയാക്കുകയും സംരക്ഷിക്കുകയും ചെയ്യണം.
9. വാർഡിൽ ഗവ. ആയുർവേദ ആശുപത്രിയും ഗവ: ഹോമിയോ ആശുപത്രിയും സ്ഥാപിക്കണം.

വാർഡ് 5

1. മലമ്പനി വീണ്ടും കണ്ടുവരുന്നു. പകർച്ചവ്യാധികളെ പ്രതിരോധിക്കാനുള്ള നടപടി ഉണ്ടാവണം. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് ഉണ്ടാക്കണം.
2. പട്ടണത്തിലെ ഹോട്ടലുകളിൽനിന്നുള്ള മലിനജലം കാവാലിമാക്കൽ പ്രദേശത്തേക്ക് ഒഴുകി ഈ പ്രദേശത്തെ പൊതുജനാരോഗ്യത്തിനാകെ ഭീഷണി ആയിരിക്കയാണ്. ജലസ്രോതസുകൾപോലും മലിനമായിരിക്കുന്നു. ഹോട്ടലുകളിലെ മലിനജലം ടാങ്കുകൾ നിർമിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനമുണ്ടാവണം.
3. പ്ലാസ്ററിക് സാധനങ്ങൾ നശിപ്പിക്കൽ, പകർച്ചവ്യാധികൾ, പോഷകാഹാരക്കുറവ്, മാതൃശിശു സംരക്ഷണം, പരിസരശുചീകരണം മുതലായ വിഷയങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ ക്ലാസുകൾ സംഘടിപ്പിക്കണം.
4. മഞ്ഞപ്പള്ളിക്കുന്ന് ഹോമിയോ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തണം.

വാർഡ് 6

1. ഐക്കരപ്പറമ്പു കോളനിയിൽ എല്ലാവർക്കും കക്കൂസ് നിർമിച്ചു നല്കണം.
2. അമ്പലം കവലയിൽ പ്രൈമറി ഹെൽത്ത് സബ്സെൻറർ തുടങ്ങണം.
3. ഗ്രാമദീപം ഭാഗത്ത് ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണം.
4. കൊതുകുനിവാരണത്തിനും എലിനിവാരണത്തിനും പദ്ധതികൾ തയ്യാറാക്കണം.
5. ശുചിത്വ ആരോഗ്യ ബോധവല്ക്കരണ ക്ലാസ് സംഘടിപ്പിക്കണം.

വാർഡ് 7

1. വാർഡിലെ നിലവിലുള്ള കുടുംബക്ഷേമകേന്ദ്രം പി. എച്ച്. സെൻററായി ഉയർത്തുകയും സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം ഉണ്ടാക്കുകയും ചെയ്യണം.
2. ഇടത്തംപറമ്പിൽ ഒരു കുടുംബക്ഷേമകേന്ദ്രം തുടങ്ങണം.
3. രോഗപ്രതിരോധപ്രവർത്തനങ്ങളും പകർച്ചവ്യാധി നിവാരണപ്രവർത്തനങ്ങളും നടത്തണം.

വാർഡ് 8

1. പടനിലത്തുള്ള പ്രാഥമിക ആരോഗ്യ സബ് സെൻററിൽ ഒരു വിദഗ്ദ്ധ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.
2. തെക്കേത്തുകവലയിലെ ഓടകളിലൂടെ ഒഴുകുന്ന മലിനജലവും മററു ചപ്പുചവറുകളും കവലയിലും സമീപ പ്രദേശങ്ങളിലും മലനീകരണം സൃഷ്ടിക്കുന്നതു തടയണം.
3. മെഡിക്കൽ സെൻററിൽ തെക്കേത്തുകവല നിന്നുള്ള മലിനവസ്തുക്കൾ ജനങ്ങൾ ഉപയോഗിക്കുന്ന തോടിൻെറ ഉത്ഭവസ്ഥാനത്തു നിക്ഷേപിക്കുന്നതു തടയാൻ നടപടികൾ സ്വീകരിക്കണം.

വാർഡ് 9

1. പടനിലത്തുള്ള ആരോഗ്യകേന്ദ്രത്തിന് സ്വന്തമായി ചുററുമതിലോടുകൂടിയ കെട്ടിടം ഉണ്ട്. ഇത് ഇന്നു പ്രവർത്തിക്കുന്നില്ല. ഇവിടെ സ്ഥിരമായി ഒരു ഡോക്ടറെ നിയമിക്കുകയും പി. എച്ച്. സെൻററായി ഉയർത്തുകയും ചെയ്യണം.
2. പാറാംതോടു കേന്ദ്രമാക്കി ഒരു ഹെൽത്ത് സെൻറർ ആരംഭിക്കണം.
3. തെക്കേത്തുകവലയിൽ ഒരു സർക്കാർ ആയുർവേദ ആശുപത്രി തുടങ്ങണം.
4. വാർഡിലെ ജലസ്രോതസുകൾ മലിനമാവുന്നതു തടയാൻ കക്കൂസില്ലാത്ത എല്ലാ വീടുകളിലും കക്കൂസുണ്ടാക്കണം.
5. റബ്ബർ റോളറുകളിൽനിന്ന് മലിനജലം ഒഴുക്കിവിടുന്നത്

തടയാൻ നടപടികൾ സ്വീകരിക്കണം.

6. തെക്കേത്തുകവല മലിനീകരണനിവാരണത്തിനായി കവലയിലെ ഹോട്ടലുകളിൽ ടാങ്കു നിർമിച്ച് മലിനജലം ഓടകളിലേക്ക് ഒഴുകുന്നതു തടയാനുള്ള സംവിധാനം ഉണ്ടാക്കണം.
7. തെക്കേത്തുകവലയിൽ അടിയന്തിരമായി ഒരു പൊതു മൂത്രപ്പുര നിർമിക്കണം.

വാർഡ് 10


1. വാർഡിലുള്ള ക്രീപ്പുമില്ലിൽനിന്നും മണിമല ആറിലേക്ക് മലിനജലം ഒഴുക്കിവിടുന്നു. ഇതുമൂലമുണ്ടാകുന്ന ജല മലിനീകരണം തടയണം.
2. നിലവിലുള്ള ആയുർവേദ ഡിസ്പെൻസറി ആശുപത്രി ആയി ഉയർത്തണം. ഈ ആശുപത്രിയിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമുണ്ടാക്കണം.
3. വാർഡിലെ ഹെൽത്ത് സെൻററിന്റെ ശോചനീയാവസ്ഥ പരിഹരിക്കണം.
4. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് സൗജന്യചികിത്സ ലഭ്യമാക്കണം.
5. വാർഡുതലത്തിൽ സൗജന്യ വൈദ്യപരിശോധനാ ക്യാമ്പുകൾ നടത്തണം.
6. കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമിച്ചു നല്കണം.

വാർഡ് 11

1. ചെറുവള്ളിയിലെ ഹെൽത്ത് സെൻററിൽ സ്ഥിരമായി ഡോക്ടറെ നിയമിച്ച് 7 കിടക്കകളുള്ള ഒരു ആശുപത്രിയായി ഇതിനെ ഉയർത്തുക.
2. ചെറുവള്ളിയിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
3. കൊതുകുനിവാരണം, പരിസരശുചീകരണം എന്നിവയുടെ പ്രാധാന്യം ബോധ്യപ്പെടുത്താൻ ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുക.
4. വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുകയും പേ വിഷബാധയ്ക്കെതിരെയുള്ള പ്രതിരോധകുത്തിവയ്പ് നിർബന്ധമാക്കുകയും ചെയ്യുക.

വാർഡ് 12

1. പുളിച്ചുമാക്കൽ കേന്ദ്രമാക്കി ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കണം.
2. വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കണം.
3. കക്കൂസില്ലാത്ത 251 വീടുകളിൽ കക്കൂസുണ്ടാക്കണം.
4. കിഴക്കേ ഇളംതോട്ടം, ഇടമണ്ണേൽകടവ്, അഞ്ചിങ്ങൽപ്പടി, മുടക്കയം എന്നിവിടങ്ങളിൽ കുളിക്കടവു നിർമിക്കണം.
5. റബ്ബർ റോളറുകളിൽനിന്നുള്ള മലിനജലം തോടുകളിലേക്കൊഴുകുന്നതു തടയണം.
6. പട്ടികളെ വളർത്തുന്നതിനു ലൈസൻസ് ഏർപ്പെടുത്തുകയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കുകയും വേണം. പേപ്പട്ടിവിഷത്തിനെതിരെയുള്ള പ്രതിരോധ കുത്തിവയ്പ് നിർബന്ധിതമാക്കണം.



വിദ്യാഭ്യാസം

വളരെയേറെ അർത്ഥവ്യാപ്തിയുള്ള ഒരു വിഷയമാണ് വിദ്യാഭ്യാസം. പരലോകസുഖത്തെ മാത്രം കാംക്ഷിച്ചു കൊണ്ടുള്ള ആത്മീയമായ ചിട്ടപ്പെടുത്തലായിരുന്നല്ലോ പ്രാചീനവിദ്യാഭ്യാസം. എന്നാലിന്നാകട്ടെ, ആ സ്ഥിതി മാറി. മാനുഷികപുരോഗതിയുടെ അടിത്തറയാണ് വിദ്യാഭ്യാസം എന്ന് നാം അനുഭവിച്ചറിഞ്ഞു.

മഹത്തായ ഒരു വിദ്യാഭ്യാസപാരമ്പര്യം നമുക്കുണ്ട്. ഒരു തലമുറ നേടിയെടുത്ത ആ സാംസ്കാരികപാരമ്പര്യം അടുത്ത തലമുറയിലേക്ക് സ്വയം കടന്നു ചെല്ലുകയില്ല. വളർന്ന തലമുറ വളരേണ്ട തലമുറയ്ക്ക് വിജ്ഞാനം ശ്രദ്ധാപൂർവം പകർന്നുകൊടുക്കണം. വിദ്യാഭ്യാസത്തിലൂടെ ഇത് സാധിക്കുന്നു. മാനുഷികമൂല്യങ്ങളുടെ പ്രചാരണം, വിശ്വസംസ്കാരത്തിന്റെ സംരക്ഷണം, ഒരു പുതിയ ലോകവ്യവസ്ഥിതിയുടെ സൃഷ്ടി എന്നീ സാമൂഹികാവശ്യങ്ങൾ നിറവേറ്റാനുള്ള ഒരേ ഒരു പോംവഴി എന്ന നിലയിൽ വിദ്യാഭ്യാസം കൂടുതൽ പരിഗണന അർഹിക്കുന്നു.

അല്പം ചരിത്രം

ചിറക്കടവ് പഞ്ചായത്തിന്റെ വിദ്യാഭ്യാസചരിത്രം ഒട്ടുവളരെ അവ്യക്തവും സങ്കീർണവുമാണ്. എന്നിരിക്കിലും ഇന്നാട്ടിലെ സ്പന്ദനങ്ങളോരോന്നും അനുഭവിച്ചറിഞ്ഞ് നാട്ടുചരിതങ്ങൾ മനഃപാഠമാക്കിയ വന്ദ്യരായ നമ്മുടെ കാരണവന്മാരിൽനിന്നും വാമൊഴിയാൽ പകർന്നുകിട്ടിയ അറിവുകളുടെയും സന്നദ്ധപ്രവർത്തകർ ശേഖരിച്ചിട്ടുള്ള സ്ഥിതിവിവരങ്ങളുടെയും അടിസ്ഥാനത്തിൽ നമുക്ക് ചില നിഗമനങ്ങളിൽ എത്തിച്ചേരാൻ കഴിയും.

ആദ്യകാല പ്രാഥമികവിദ്യാഭ്യാസം 'നിലത്തെഴുത്ത്' എന്ന പേരിലറിയപ്പെട്ടു. അക്കാലത്ത് രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങളേക്കാളേറെ ആധ്യാത്മികതയായിരുന്നു വിദ്യാഭ്യാസത്തെ കൂടുതൽ സ്വാധീനിച്ചിരുന്നത്. ഗുരു സമൂഹത്തിലേറെ മാനിക്കപ്പെടുന്ന വ്യക്തിയായിരുന്നു. അക്ഷരജ്ഞാനം പകർന്നുനല്കിയിരുന്ന ഗുരുക്കന്മാരെ 'ആശാൻ' എന്ന പേരിലാണ് സംബോധനചെയ്തിരുന്നത്. 'ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്' എന്ന് നന്നായി മനസ്സിലാക്കിയിരുന്ന ഗുരുക്കന്മാരും ഗുരുവിനെ ദൈവതുല്യം സ്നേഹിച്ചാരാധിച്ചിരുന്ന ശിഷ്യന്മാരും കഴിഞ്ഞുപോയ ആ തലമുറയുടെ മാത്രം പ്രത്യേകതയാണ്. ക്ഷേത്രങ്ങളോടനുബന്ധിച്ചും കരപ്രമാണിമാരുടെ വസതികളോടനുബന്ധിച്ചും ആശാന്മാരുടെ വസതികളോട് ചേർന്നും, അക്കാലത്തെ സാർവത്രിക വിദ്യാഭ്യാസസ്ഥാപനങ്ങളായിരുന്ന 'കുടിപ്പള്ളിക്കൂടങ്ങൾ' പ്രവർത്തിച്ചുവന്നു. ഏതാണ്ട് 20-ാം നൂറ്റാണ്ടിന്റെ ആരംഭംവരെ ഇതായിരുന്നു സ്ഥിതി. 'വെട്ടിയാങ്കൽ ശ്രീ നാരായണപിള്ളയാശാന്റെ' കുടിപ്പള്ളിക്കൂടമായിരുന്നു ആ പരമ്പരയിലെ അവസാനത്തെ കണ്ണി.

'ഓരോ പ്രവൃത്തിയിലും ഓരോ സ്കൂൾ' എന്ന പദ്ധതി നടപ്പിൽ വരുത്താൻ താമസിയാതെ സർക്കാർ തീരുമാനമെടുത്തു. അതിൻപ്രകാരം നമ്മുടെ പ്രവൃത്തിയിലെ ആദ്യത്തെ സ്കൂൾ 1884 ധനുമാസത്തിൽ കാഞ്ഞിരപ്പള്ളിയിൽ കുന്നുംഭാഗത്ത് പ്രവർത്തനമാരംഭിച്ചു. കാലാന്തരത്തിൽ വിദ്യാർത്ഥികളുടെ എണ്ണം വർധിക്കുകയും 1932-ൽ ആ വിദ്യാലയം ഹൈസ്കൂളായി ഉയർത്തപ്പെടുകയുംചെയ്തു.

ഏർത്തയിൽ അച്ചൻ എഴുതിയ 'കാഞ്ഞിരപ്പള്ളിയുടെ ചരിത്രം' എന്ന പുസ്തകത്തിൽ മേല്പറഞ്ഞ സർക്കാർ സ്കൂളിന് കുറെക്കൂടി പഴക്കമുള്ളതായി സൂചനയുണ്ട്. 'വരാപ്പുഴ മഹാഇടവക' വകയായി രണ്ടു ക്ലാസ്സുകൾ മാത്രമുള്ള ഒരു വിദ്യാലയം 1863-ൽ പ്രവർത്തനമാരംഭിച്ചുവെന്നും പിന്നീട് ഈ വിദ്യാലയം സർക്കാർസ്കൂളിൽ ലയിപ്പിക്കുകയാണുണ്ടായതെന്നും ആ ഗ്രന്ഥത്തിൽ പറയുന്നു. അയൽ പഞ്ചായത്തുകളിൽനിന്നുപോലും വിദ്യ അഭ്യസിക്കാൻ കുട്ടികൾ ഈ വിദ്യാലയത്തെ ആശ്രയിച്ചിരുന്നു എന്നറിയുമ്പോൾ, നമ്മുടെ പ്രാചീനവിദ്യാഭ്യാസ

നിലവാരത്തിന്റെ ഔന്നത്യം എത്രമാത്രമുണ്ടെന്ന് ഊഹിക്കാവുന്നതേയുള്ളു.

1885-ൽ സി.എം.എസ്. ചർച്ച് മിഷൻ സൊസൈറ്റിവക ഒരു എൽ.പി.സ്കൂൾ പൊൻകുന്നത്ത് പ്രവർത്തനമാരംഭിച്ചു. ക്രമവത്കൃതമായ ഒരു പാഠ്യപദ്ധതി നടപ്പാക്കുകയും പ്രാദേശികഭാഷയ്ക്ക് അർഹമായ സ്ഥാനം നല്കുകയുംചെയ്ത ഇക്കൂട്ടരെ നമുക്ക് സ്മരിക്കേണ്ടതുണ്ട്.

വൈക്കത്തുനിന്നും ഇവിടെയെത്തി നമ്മുടെ നാടിന്റെ സർവതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ച ശ്രീ നാരായണപിള്ള (പില്ക്കാലത്ത് 'സ്വാമി ദയാനന്ദൻ' എന്ന പേരിൽ അറിയപ്പെട്ടു)യാണ് ഇപ്പോഴത്തെ ചിറക്കടവു സെൻറർ എൽ.പി.സ്കൂളും ചെറുവള്ളി ഗവൺമെൻറ് എൽ.പി.സ്കൂളും സ്ഥാപിച്ചത്. ചിറക്കടവ് മഹാദേവക്ഷേത്രത്തിൽനിന്നും നിറച്ച കാവടിയുമായി വീടുവീടായി കയറിയിറങ്ങി അദ്ദേഹം സ്വരൂപിച്ച പണമാണ് ഈ വിദ്യാലയ നിർമാണത്തിനായി ഉപയോഗപ്പെടുത്തിയതെന്ന് പഴമക്കാർ പറഞ്ഞു കേൾക്കുന്നു.

അഴിയാനിക്കൽ ശ്രീ അയ്യപ്പൻപിള്ള വിദ്യാഭ്യാസരംഗത്തു നല്കിയിട്ടുള്ള സംഭാവനകളും വിലമതിക്കാനാവാത്തതാണ്. ശ്രീ കെ.എം.മത്തായി കിളിരൂപറമ്പിൽ, വിദ്വാൻ എ.പി.കരുണാകരൻനായർ, കുഞ്ഞുപിള്ളയാശാൻ എന്നിവരുടെ ഈ രംഗത്തെ സംഭാവനകളും എടുത്തുപറയേണ്ടതാണ്. മുപ്പതുകൾ നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസനവോത്ഥാനത്തിന്റെ കാലഘട്ടമാണെന്നു പറയാം. സെൻറ് എഫ്രേംസ് എൽ.പി.സ്കൂളിൽ അധ്യാപകനായിരുന്ന കൂനാനിക്കൽ ശ്രീ കുമാരപിള്ളയുടെ സേവനങ്ങൾ ഈയവസരത്തിൽ സ്മരണീയമാണ്. ഇന്നത്തെ ചെറുവള്ളി ഡി.വി. എൽ.പി.സ്കൂൾ, എസ്.സി.റ്റി.എം. യു.പി. സ്കൂൾ ചെറുവള്ളി തുടങ്ങിയ വിദ്യാലയങ്ങൾ അദ്ദേഹത്തിന്റെയും മറ്റും ശ്രമഫലമായി സ്ഥാപിച്ചതാണ്.

1939-ൽ മഞ്ഞപ്പള്ളിൽ ശ്രീ രാമകൃഷ്ണപിള്ള സ്ഥാപിച്ച കെ.വി. സ്കൂൾ പ്രശസ്തരായ ഒട്ടനേകം ഉന്നത വ്യക്തികളെ സംഭാവന ചെയ്തിട്ടുള്ള സ്ഥാപനമായിരുന്നു. 1956-ൽ ഈ വിദ്യാലയം നിർത്തലാക്കുകയും പകരം 1957-ൽ ശ്രീ ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസമന്ത്രിയായിരുന്നപ്പോൾ പൊൻകുന്നം ഗവ. ഹൈസ്കൂൾ ആരംഭിക്കുകയുംചെയ്തു. കെ.വി. സ്കൂളിൽ ജോലി നോക്കിയിരുന്ന അധ്യാപകർ ഈ സ്കൂളിലേക്ക് മാറുകയുമുണ്ടായി. ഇതിനോടനുബന്ധിച്ചാണ് 1958-ൽ എസ്.ആർ.വി. എൻ.എസ്.എസ്. ഹൈസ്കൂൾ ആരംഭിച്ചത്. കാലാന്തരത്തിൽ ഗവൺമെൻറ്-എയ്ഡഡ്-അൺ എയ്ഡഡ് മേഖലകളിലായി നിരവധി സ്കൂളുകൾ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പല മേഖലകളിലും സ്ഥാപിതമായി.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 6 ഹൈസ്കൂളുകളാണുള്ളത്. ഇവയിൽ രണ്ടെണ്ണം ഗവ. സ്കൂളുകളും രണ്ടെണ്ണം എയ്ഡഡ് സ്കൂളുകളുമാണ്. 2 അൺ എയ്ഡഡ് സ്കൂളുകളുമുണ്ട്. ഇവിടെ പ്രവർത്തിച്ചുവരുന്ന 10 യു.പി. സ്കൂളുകളും എയ്ഡഡ് മേഖലയിലുള്ളതാണ്. 10 എൽ.പി.സ്കൂളുകളും 8 നഴ്സറിസ്കൂളുകളും ഇവിടെ പ്രവർത്തിക്കുന്നു. എൽ.പി. സ്കൂളുകളിൽ 5 എണ്ണം സർക്കാർമേഖലയിലും 5 എണ്ണം എയ്ഡഡ് മേഖലയിലും ഉള്ളതാണ്. 13 നിലത്തെഴുത്താശാന്മാർ നമ്മുടെ പഞ്ചായത്തിൽ അക്ഷരം പഠിപ്പിക്കുന്നുണ്ട്.

1979-ൽ മന്ദബുദ്ധികളായ കുട്ടികൾക്കായി പൊൻകുന്നത്ത് ആശാനിലയം എന്ന പേരിൽ ഒരു വിദ്യാലയം ആരംഭിച്ചു. അത് ഇന്നു നന്നായി പ്രവർത്തിച്ചുവരുന്നുവെന്ന് എടുത്തുപറയേണ്ടതാണ്.

ഉപരിവിദ്യാഭ്യാസത്തിനായി വാഴൂർ എസ്.ആർ.വി. എൻ.എസ്.എസ്. കോളേജ്, കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക് കോളേജ് എന്നീ സ്ഥാപനങ്ങളെയാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലെ കുട്ടികൾ പ്രധാനമായും ആശ്രയിക്കുന്നത്. പുതിയതായി പൊൻകുന്നം ഗവ.ഹൈസ്കൂളിനോടനുബന്ധിച്ചു തുടങ്ങിയ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിലും കുട്ടികൾ അധ്യയനം നടത്തുന്നുണ്ട്. കൂടാതെ പാല, കോട്ടയം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലുള്ള കോളേജുകളിലും നമ്മുടെ ഗ്രാമപഞ്ചായത്തിലെ കുട്ടികൾ പഠിക്കുന്നുണ്ട്.

കൂടാതെ ഇവിടെ മൂന്നു പാരലൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. എസ്.എസ്.എൽ.സി., പി.ഡി.സി., ഡിഗ്രി എന്നീ തലങ്ങളിൽ പഠിക്കുവാൻ ഈ പാരലൽ കോളേജുകൾ നമ്മുടെ കുട്ടികളെ സഹായിക്കുന്നു. സ്കൂൾകുട്ടികൾക്കായുള്ള ട്യൂഷൻസെൻററുകളും ഈ പാരലൽ കോളേജുകളോടനുബന്ധിച്ചു നടത്തുന്നുണ്ട്.

വിരലിലെണ്ണാവുന്ന സാങ്കേതികസ്ഥാപനങ്ങളേ നമ്മുടെ പഞ്ചായത്തിൽ ഇന്നു പ്രവർത്തിക്കുന്നുള്ളു. 4 കമ്പ്യൂട്ടർ സെൻററുകൾ, ഒരു ഏകാധ്യാപക സംസ്കൃത സ്കൂൾ, ഒരു നഴ്സിംഗ്സ്കൂൾ, ഏതാനും ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവയാണ് ഇവിടെ നടന്നു കൊണ്ടിരിക്കുന്ന ഇതര വിദ്യാഭ്യാസസ്ഥാപനങ്ങൾ.

ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ-അധ്യാപകർ-വിദ്യാർത്ഥികൾ

(പട്ടിക 1)

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ് മെന്റ്	ആകെ വിദ്യാർത്ഥികൾ			SC/ST			അധ്യാപകർ
			B	G	Total	B	G	Total	
1.	ഗവ. വി.എച്ച്.എസ്. പൊൻകുന്നം എച്ച്.എസ്.	ഗവ.	151	91	242	27	10	37	10
2.	ഗവ. മോഡൽ എച്ച്.എസ്., കാഞ്ഞിരപ്പള്ളി എച്ച്.എസ്.	"	57	43	100	1	4	5	10
	യു.പി.		36	28	64	7	1	8	9
3.	എസ്.ആർ.വി. എൻ.എസ്.എസ്. എച്ച്.എസ്. ചിറക്കടവ്	എയിഡഡ്	312 9	29	541	24	25	49	25
4.	സെൻറ് ഇഫ്രേംസ് എച്ച്.എസ്. ചിറക്കടവ്	"	286	242	528	17	29	46	21
5.	സെൻറ് ജോസഫ്സ് ഇ.എം.ജി. എച്ച്.എസ്. കാഞ്ഞിരപ്പള്ളി	എച്ച്.എസ്.അൺഎയ്ഡഡ്		237	237	-	2	2	
	യു.പി.			258	258		2	2	36
	എൽ.പി.		264	351	615	4	1	5	
6.	ശ്രീ വിദ്യാധിരാജാവിദ്യാപീഠം പൊൻകുന്നം (അംഗീകാരമില്ല) എച്ച്.എസ്.		12	15	27	-	-	-	-
		യു.പി.	36	12	48	-	-	-	15
		എൽ.പി.	41	34	75	-	-	-	16
1.	എസ്.സി.ററി.എം. യു.പി.എസ്. ചെറുവള്ളി	എയിഡഡ്	104	97	201	4	9	13	8
2.	സെൻറ് എഫ്രേംസ് യു.പി.എസ്. ചിറക്കടവ്	"	110	118	228	9	8	17	8
3.	എം.ജി.എം. യു.പി.എസ്. ചിറക്കടവ്	യു.പി.	30	24	54	2	3	5	
		എൽ.പി.	42	28	70	3	2	5	10
4.	ചിറക്കടവ് യു.പി.എസ്.	"	29	20	49	3	2	5	5
5.	സനാതനം യു.പി.എസ്. ചിറക്കടവ്	"	102	82	184	9	11	20	8
6.	സി.എം. യു.പി.എസ്. ചെന്നാക്കുന്ന്	യു.പി.	48	30	78	12	6	18	10
		എൽ.പി.	50	44	94	11	4	15	
7.	എസ്.പി.വി. എൻ.എസ്.എസ്. യു.പി.എസ്. ചിറക്കടവ്								
	യു.പി.	"	46	27	73	3	1	4	9
	എൽ.പി.	"	69	51	120	4	0	4	
8.	എസ്.ഡി. യു.പി.എസ്. പൊൻകുന്നം	യു.പി.	54	40	94	20	17	37	10
		എൽ.പി.	55	48	103	18	14	32	
9.	എസ്.എച്ച്. യു.പി.എസ്. പൊൻകുന്നം	യു.പി.	172	141	313	5	3	8	
		എൽ.പി.	163	132	295	1	1	2	21
10.	വി.എസ്. യു.പി.എസ്. പൊൻകുന്നം	യു.പി.	40	40	80	1	2	3	9
		എൽ.പി.	47	53	100	3	1	4	
1.	ഡി.വി. എൽ.പി.എസ്. ചെറുവള്ളി	ഗവ.	37		33	70			4
2.	ഗവ. എൽ.പി.എസ്. ചെറുവള്ളി	യു.പി.	12	8	20	1		1	4
		എൽ.പി.	48	54	102	6	1	7	
3.	ഗവ. എൽ.പി.എസ്. ചിറക്കടവ് സെൻറർ	"	26	27	53	3	5	8	4
4.	ഗവ. എച്ച്.എസ്. എൽ.പി.എസ്. കാഞ്ഞിരപ്പള്ളി	"	47	32	79	4	3	7	4

5. ഗവ. എൻ.എസ്. എൽ.പി.എസ്. ചിറക്കടവ്യു.പി.	"	34	21	55	2	3	5	7
എൽ.പി.	"	114	94	208	17	11	28	7
6. സെൻറ് മേരീസ് എൽ.പി.എസ്. ചെറുവള്ളി എയിഡഡ്	"	53	53	106	4	4	8	4
7. സെൻറ് എഫ്രേംസ് എൽ.പി.എസ്. ചിറക്കടവ്	"	154	154	308	16	11	27	8
8. കട്ടക്കാമല എൽ.പി.എസ്. പൊൻകുന്നം	"	31	43	74	6	5	11	5
9. സി.എം.എസ്. എൽ.പി.എസ്. പൊൻകുന്നം	"	33	25	58	3	0	3	3
10. കെ.വി. എൽ.പി.എസ്. പൊൻകുന്നം	"	50	57	107	5	6	11	6
ആകെ		2995	3116	6111	255	207	462	265

മന്ദബുദ്ധികൾക്കുള്ള വിദ്യാഭ്യാസസ്ഥാപനം
(പട്ടിക 2)

സ്കൂൾ	കുട്ടികൾ			SC/ST			അധ്യാപകർ
	ആൺ	പെൺ	Total	B	G	Total	
ആശാനിലയം	44	29	73	1	1	2	12

നഴ്സറി-കെ.ജി.സ്കൂളുകൾ

1. ശ്രീകണ്ഠവിദ്യാപീഠം, തെക്കേത്തുകവല
2. എസ്.ഡി. യു.പി. നഴ്സറി സ്കൂൾ, പൊൻകുന്നം
3. ഡി.വി. എൽ.പി. നഴ്സറി സ്കൂൾ
4. സെൻറ് മേരീസ് എൽ.പി. നഴ്സറി സ്കൂൾ, ചെറുവള്ളി
5. നവോദയാ നഴ്സറി സ്കൂൾ, കോയിപ്പള്ളി
6. മന്നം വിദ്യാഭവൻ നഴ്സറി സ്കൂൾ, പൊൻകുന്നം
7. ന്യൂഭാരത് മഹിളാസമാജം നഴ്സറി സ്കൂൾ,
8. സി.വൈ.എം.എ. നഴ്സറി സ്കൂൾ
9. ജയശ്രീ നഴ്സറി സ്കൂൾ, പൊൻകുന്നം
10. സെൻറ് ജോസഫ്സ് എൽ.കെ.ജി., യു.കെ.ജി. കാഞ്ഞിരപ്പള്ളി
11. വിദ്യാധിരാജാ വിദ്യാഭവൻ, പൊൻകുന്നം

നിലത്തെഴുത്താശാന്മാരായി നമ്മുടെ പഞ്ചായത്തിൽ 13 പേർ പ്രവർത്തിക്കുന്നുണ്ട്.

പാരലൽ കോളേജുകൾ, ഇതരസ്ഥാപനങ്ങൾ

1. പ്രസിഡൻസികോളേജ്, പൊൻകുന്നം
2. പ്രതിഭാ കോളേജ് തെക്കേത്തുകവല
3. ജോർജിയൻസ് കോളേജ്, പൊൻകുന്നം
4. യൂണിവേഴ്സൽ കമ്പ്യൂട്ടർ സെൻറർ, പൊൻകുന്നം
5. മെട്രോടെക് കമ്പ്യൂട്ടർ സെൻറർ, പൊൻകുന്നം
6. മുദ്ര സിസ്റ്റംസ് ആൻറ് സോഫ്റ്റ്വെയർ, പൊൻകുന്നം
7. ഓറിയൻറൽ കമ്പ്യൂട്ടർ സെൻറർ, പൊൻകുന്നം
8. കെ.വി.എം.എസ്. നഴ്സിംഗ് സ്കൂൾ, പൊൻകുന്നം
9. വിദ്യാഭവൻ സംസ്കൃതവിദ്യാലയം, പൊൻകുന്നം
10. സ്വാതിതിരുനാൾ സ്കൂൾ ഓഫ് മ്യൂസിക്, പൊൻകുന്നം
11. സദ്ഗുരുസംഗീതവിദ്യാലയം
12. ശ്രീഭദ്രം,കളരിസംഘം, ചെറുവള്ളി

കൂടാതെ എട്ടോളം കരാട്ടേ പരിശീലനകേന്ദ്രങ്ങളും ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നുണ്ട്.

വിദ്യാർത്ഥികളുടെ സ്ഥിതിവിവരം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 6 ഹൈസ്കൂളുകളിലായി 1675 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 818 ആൺകുട്ടികളും 857 പെൺകുട്ടികളുമുണ്ട്. പട്ടികജാതി-പട്ടികവർഗക്കാരായി 69 ആൺകുട്ടികളും 70 പെൺകുട്ടികളും പഠിക്കുന്നുണ്ട്.

അപ്പർ പ്രൈമറിതലത്തിൽ 853 ആൺകുട്ടികളും 946 പെൺകുട്ടികളും പഠിക്കുന്നുണ്ട്. ആകെ 1799. പട്ടികജാതി-പട്ടികവർഗവിദ്യാർത്ഥികൾ 146 ഉണ്ട്. ഇതിൽ ആൺകുട്ടികൾ 78-ഉം പെൺകുട്ടികൾ 68-ഉം ആണുള്ളത്. ആകെ യു.പി. സ്കൂളുകൾ 10.

എൽ.പി. വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾ 2637 ആണ്. ഇവരിൽ 1324 ആൺകുട്ടികളും 1313 പെൺകുട്ടികളുമുണ്ട്. പട്ടികജാതി-പട്ടികവർഗക്കാർ 108-ഉം 69-ഉം യഥാക്രമം ആൺകുട്ടികളും പെൺകുട്ടികളുമാണ്. 10 എൽ.പി. സ്കൂളുകൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്.

അൺഎയ്ഡഡ് മേഖലയിൽ ഹൈസ്കൂൾവിഭാഗത്തിൽ 2 പെൺകുട്ടികളും യു.പി. വിഭാഗത്തിൽ 2 പെൺകുട്ടികളും എൽ.പി.യിൽ 4 ആൺകുട്ടികളും ഒരു പെൺകുട്ടിയും മാത്രമാണ് പട്ടികജാതി-പട്ടികവർഗക്കായുള്ളത്. പഞ്ചായത്തിലെ ഗവൺമെൻറ് എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ വിവരം പട്ടിക 3-ൽ കാണാം.

സ്കൂൾമേഖലയിൽ 6111 കുട്ടികൾ പഠിക്കുന്നു. ഇവരിൽ 2995 ആൺകുട്ടികളും 3116 പെൺകുട്ടികളുമാണുള്ളത്. (പട്ടിക 1)

ഉപരിപഠനാർത്ഥം ഈ പഞ്ചായത്തിലെ 250-ൽ അധികം കുട്ടികൾക്ക് മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിലെ പാരലൽകോളേജുകളിലും, കമ്പ്യൂട്ടർ സെൻററുകളിലും മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളിലുമായി 700-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്നു.

പൊൻകുന്നം ഗവ. ഹൈസ്കൂളിനോടനുബന്ധിച്ചുള്ള വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൽ ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ 50 വീതം പഠിക്കുന്നുണ്ട്. .

നഴ്സറി, കിൻറർഗാർട്ടൻ സ്കൂളുകൾ 11 എണ്ണമുണ്ട്. ഇവയിൽ 248 കുട്ടികൾ പഠിക്കുന്നു. ചില മേഖലകളിൽകൂടി നഴ്സറിസ്കൂളുകൾ ആരംഭിക്കണമെന്നും അവ മലയാളം മീഡിയമായിരിക്കണമെന്നും ഗ്രാമസഭകളിൽനിന്നും അഭിപ്രായമുണ്ടായിട്ടുണ്ട്. മന്ദബുദ്ധികൾക്കായി പൊൻകുന്നത്തു നടത്തുന്ന ആശാനിലയത്തിൽ 44 ആൺകുട്ടികളും 29 പെൺകുട്ടികളും പഠിക്കുന്നുണ്ട്. ഇവരിൽ രണ്ടു കുട്ടികൾ പട്ടികജാതി-പട്ടികവർഗക്കാരാണ്.

സ്കൂളുകളിൽ നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ തോറ്റു പഠിക്കുന്ന കുട്ടികൾ 169 പേരുണ്ട്. 22 കുട്ടികൾ പഠനം നിർത്തിയവരാണ്. പഠനം നിർത്തിയവരെ വീണ്ടും സ്കൂൾതലത്തിലേക്ക് കൊണ്ടുവരേണ്ടതുണ്ട്.

മെഡിക്കൽ, എൻജീനിയറിങ്രംഗങ്ങളിൽ പഠിക്കുന്ന സമർത്ഥരായ കുട്ടികളും ഇവിടെയുണ്ട്. ചിലരാകട്ടെ എസ്.എസ്.എൽ.സി. കഴിയുന്നതോടെ പഠനം അവസാനിപ്പിച്ച് തൊഴിൽരംഗത്ത് നിലയുറപ്പിക്കുന്നു.

സ്കൂൾ കുട്ടികൾ

പട്ടിക 3

ഗവണ്മെൻറ്, എയ്ഡഡ്, അൺഎയ്ഡഡ്

സ്കൂൾ	ഗവണ്മെൻറ്						എയ്ഡഡ്						അൺഎയ്ഡഡ്					
	മറ്റു കുട്ടികൾ			എസ്.സി./ എസ്.ടി.			മറ്റുള്ള കുട്ടികൾ			എസ്.സി/ എസ്.ടി.			മറ്റുള്ള കുട്ടികൾ			എസ്.സി./ എസ്.ടി.		
	B	G	Total	B	G	Total	B	G	Total	B	G	Total	B	G	Total	B	G	Total
H.S.	180	120	300	28	14	42	557	417	974	41	54	95	12	250	262	0	2	2
UP	72	53	125	10	4	14	667	557	1224	68	62	130	36	268	304	0	2	2
LP	242	220	462	30	20	50	673	640	1313	74	48	122	301	384	685	4	1	5
Total	494	393	887	68	38	106	1897	1614	3511	183	164	347	349	902	1251	4	5	9

(അവലംബം: ദ്വിതീയസർവേ)

അധ്യാപകർ

സ്കൂൾ മേഖലയിലെ അധ്യാപകർ 265 ആണ്. ഇവരിൽ 43 പേർ സർക്കാർ മേഖലയിലും 170 പേർ എയ്ഡഡ് മേഖലയിലും ജോലി നോക്കുന്നു. 52 അധ്യാപകർ അൺ എയ്ഡഡ് മേഖലയിലാണുള്ളത്. അധ്യാപകരിൽ ബഹുഭൂരിപക്ഷവും വനിതകളാണെന്ന കാര്യം എടുത്തു പറയേണ്ടതുണ്ട്. കോളേജുകളിലും മറ്റു സാങ്കേതികസ്ഥാപനങ്ങളിലും പഠിപ്പിക്കുന്ന അധ്യാപകരും നമ്മുടെ പഞ്ചായത്തിലുണ്ട്.

വിദ്യാഭ്യാസരംഗത്ത് ചിറക്കടവിൻെറ സംഭാവനകൾ

ഉന്നതവിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഇല്ലാതിരുന്ന കാലത്തുപോലും സ്വപ്രയത്നത്തിലൂടെ ഉയർന്ന പരീക്ഷായോഗ്യതകൾ നേടിയ നിരവധിപേർ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ടായിരുന്നു.

ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം വ്യാപകമാകുന്നതിനു മുമ്പുതന്നെ 1954-ൽ I.P.S. നേടിയ ശ്രീ എം.കെ. ജോസഫ് കേരളാപോലീസ് സർവീസിൽനിന്നും ഡയറക്ടർ ജനറലായാണ് വിരമിച്ചത്. സംസ്ഥാന കായികരംഗത്ത് നവോന്മേഷം പകരാൻ ഇദ്ദേഹത്തിൻെറ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്. ലഭ്യമായ വിവരങ്ങളനുസരിച്ച് ശ്രീ എബ്രഹാം കുര്യൻ, ജയിംസ് കുര്യൻ, എൽസി തോമസ്, വി.ബി. പ്യാരേലാൽ, കെ.എൻ. ചന്ദ്രശേഖരൻനായർ, സുരേഷ് ജോസഫ്, ബാബുജേക്കബ് എന്നിവരും I.A.S. കേഡറിലുള്ളവരാണ്. കേരള അക്കൗണ്ടൻറ് ജനറലായിരുന്നതും ഇപ്പോൾ ദീപിക ദിനപ്പത്രത്തിൻെറ മാനേജിംഗ് ഡയറക്ടറുമായ ശ്രീ ജയിംസ് ജോസഫ്, കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ് കമ്മീഷണർ ശ്രീ ജോസഫ് ഡൊമിനിക് തുടങ്ങിയവരും ചിറക്കടവിൻെറ സംഭാവനകളാണ്. എഞ്ചിനീയറിംഗ്, മെഡിക്കൽ സയൻസ് തുടങ്ങിയ മേഖലകളിലും നമ്മുടെ ധാരാളം ആളുകൾ സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്നു. 1992-ലെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ സംസ്ഥാനതലത്തിൽ

3-ാം റാങ്കുനേടിയ ശ്രീ കെ. ശ്യാം, സംസ്ഥാനസ്കൂൾ യുവജനോത്സവത്തിൽ തുടർച്ചയായി രണ്ടു തവണ കലാപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ കെ.ബി. അജിത്കുമാർ തുടങ്ങിയ വിദ്യാർത്ഥിപ്രതിഭകളും നമുക്കുണ്ടായിട്ടുണ്ട്.

1972-ൽ അദ്ധ്യാപകർക്കുള്ള ദേശീയ അവാർഡ് നേടിയ ശ്രീ വി.ജി. ഭാസ്കരൻനായർ 1957 മുതൽ ചിറക്കടവ് എസ്.ആർ.വി. എൻ.എസ്.എസ്. ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നു. ചിറക്കടവ് സെൻറ് അഫ്രേംസ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ എം.ജെ. തോമസ് 1987-ൽ അധ്യാപകർക്കുള്ള ദേശീയ അവാർഡിന് അർഹനായി.

ശ്രീ ആർ. ഭാസ്കരൻനായർ കാഞ്ഞിരപ്പള്ളി ഗവ. ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരിക്കെ സംസ്ഥാന അവാർഡ് നേടിയ മറ്റൊരു അധ്യാപകനായിരുന്നു.

വിദ്യാഭ്യാസരംഗത്ത് മികവുറ്റ നേട്ടങ്ങൾ കൈവരിക്കുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ ഒളിമങ്ങാതെ സൂക്ഷിക്കണമെങ്കിൽ നാം പൊതുവിദ്യാഭ്യാസമേഖലയിൽ ഇന്നഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾക്കു പരിഹാരം കാണേണ്ടതുണ്ട്. പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭകളിലെ ചർച്ചയുടെയും അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസപ്രക്രിയയെ ഒന്നു വിലയിരുത്തേണ്ടതുണ്ട്. പ്രത്യേകിച്ചും വിദ്യാഭ്യാസത്തിനായുള്ള ചെലവുകൾ നിത്യേനയെന്നോണം വർദ്ധിച്ചുവരുന്ന ഒരു സാഹചര്യമാണല്ലോ ഇന്ന് നിലവിലുള്ളത്. നമ്മുടെ സംസ്ഥാനത്തിൻെറ റവന്യൂവരുമാനത്തിൽ വലിയൊരു പങ്ക് വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്ന തുകയുടെ ഒരു പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക-4

വിദ്യാഭ്യാസ ചെലവ്

ആകെ വിദ്യാർത്ഥികൾ (എയ്ഡഡ്/ ഗവണ്മെൻറ്)	സർക്കാർ ചെലവ് (രൂപ)	പി.ടി.എ. സംഭാവന (രൂപ)	ശരാശരി ചെലവ് (രൂപ)
4851	17165592	273250	3594.90

വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങൾ

വിദ്യാലയവും അതിൻെറ പരിസരവും ശരിയായി സജ്ജീകരിച്ചാൽ മാത്രമേ വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഫലപ്രദമാകൂ. സ്കൂൾ നിലനില്ക്കുന്ന സ്ഥലം, ചുറ്റുപാടുകൾ, സ്കൂൾ കെട്ടിടം, ഉപകരണങ്ങൾ, കായികവിനോദത്തിനുള്ള സ്ഥലം, സ്കൂൾ ലൈബ്രറി തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഭൗതികസാഹചര്യങ്ങളിൽപ്പെടുന്നു.

നിലവിലുള്ള സ്കൂൾകെട്ടിടങ്ങളുടെ 'ബലക്ഷയം' പല ഗ്രാമസഭകളും ഉന്നയിച്ച ഒരു പ്രശ്നമാണ്. മഴക്കാലത്ത് രക്ഷാകർത്താക്കൾ ഭീതിമൂലം കുട്ടികളെ സ്കൂളുകളിലയയ്ക്കാത്ത സാഹചര്യങ്ങൾപോലും ഉണ്ടായിട്ടുണ്ട്. ചില വിദ്യാലയങ്ങൾ മഴക്കാലത്ത് ചോർന്നൊലിക്കുകയാണ്. ഗവണ്മെൻറ് സ്കൂളുകളുടെ അവസ്ഥയാണ് ഏറെ ദയനീയം. തങ്ങളുടെ വിദ്യാലയം നനഞ്ഞൊലിക്കുന്നതിനാൽ തൊട്ടടുത്ത മറ്റൊരു സ്കൂളിൽ കുട്ടികൾ അദ്ധ്യയനം നടത്തുന്ന കാഴ്ച നമ്മുടെ പഞ്ചായത്തിൽ കാണാൻ കഴിയും. 5 വിദ്യാലയങ്ങളിൽ കളിസ്ഥലമില്ല. ഉള്ളവതന്നെ അപര്യാപ്തമാണുതാനും. കുട്ടികളുടെ കായികവികസനത്തെ ഇത് മുരടിപ്പിക്കുന്നു. കായികാദ്ധ്യാപകരുടെ അഭാവവും ഒരു വലിയ പ്രശ്നമാണ്.

ചിറക്കടവ് പഞ്ചായത്തിലെ 20 സ്കൂളുകൾക്ക് ചുറ്റുമതിൽ ഉണ്ടാകേണ്ടതുണ്ട്. ചില സ്കൂളുകളിൽ നിലവിലുള്ളവതന്നെ ഇടിഞ്ഞുപൊളിഞ്ഞവയാണ്.

കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങളുടെ അഭാവം പല വിദ്യാലയങ്ങളെയും അലട്ടുന്ന ഒരു പ്രശ്നമാണ്. 16 സ്കൂളുകളിൽ കക്കൂസുകൾ നിർമ്മിക്കപ്പെടേണ്ടതായുണ്ട്. ഉള്ളവ ഉപയോഗശൂന്യമാണ്.

കുടിവെള്ളത്തിന് യാതൊരു സംവിധാനങ്ങളുമില്ലാത്ത 12 വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. കുട്ടികൾക്ക് സമീപപ്രദേശങ്ങളിലെ കിണറുകളെ ആശ്രയിക്കേണ്ടിവരുന്നു.

പഞ്ചായത്തിലെ 3 സ്കൂളുകൾ വൈദ്യുതീകരിച്ചിട്ടില്ല. ഉച്ചക്കഞ്ഞിസംവിധാനം നിലവിലുള്ള 7 സ്കൂളുകളിൽകൂടി പാചകമുറി ആവശ്യമാണ്. പല വിദ്യാലയങ്ങളിലും താല്ക്കാലിക ഷെഡ്ഡുകളാണ് പാചകമുറിയായി ഉപയോഗിക്കുന്നത്. മഴക്കാലത്ത് ഈ ഷെഡ്ഡുകളിൽ പാചകം ചെയ്യുക ദുഷ്കരമാണ്.

നമ്മുടെ 17 സ്കൂളുകളിൽ ആവശ്യത്തിന് ഫർണിച്ചറില്ല. റേഡിയോ ഇല്ലാത്ത 13 വിദ്യാലയങ്ങളുണ്ട്. പഞ്ചായത്തിലെ 3 വിദ്യാലയങ്ങളിൽ ടെലിവിഷൻ സൗകര്യമുണ്ട്. 'Slide Projector' ഉള്ള ഒരു വിദ്യാലയം മാത്രമാണ് ഇവിടെയുള്ളത്. ഏതാനും ചില സ്വകാര്യഹൈസ്കൂളുകളൊഴിച്ചാൽ മറ്റു വിദ്യാലയങ്ങളിലൊന്നും ആവശ്യത്തിന് ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങളോ പഠനോപകരണങ്ങളോ ഇല്ല. ഭൗതികസാഹചര്യങ്ങൾ സംബന്ധിച്ചുള്ള വിവരം പട്ടിക 7-ൽ കാണുക.

നിലവാരത്തെ ബാധിക്കുന്ന മറ്റു ചില പ്രശ്നങ്ങൾ (പട്ടിക 4 കാണുക.)

നമ്മുടെ പഞ്ചായത്തിൽ തോറ്റു പഠിക്കുന്ന കുട്ടികളുടെ എണ്ണം 169. മറ്റു സ്ഥലങ്ങളുമായി താരതമ്യംചെയ്യുമ്പോൾ

169 കുട്ടികൾ തോറ്റു പഠിക്കുന്നു എന്നുള്ളത് ഒരു വലിയ സംഗതിയല്ലെന്ന് തോന്നിയേക്കാം. ഹൈസ്കൂൾ ക്ലാസ്സുകളിൽപോലും അക്ഷരജ്ഞാനമില്ലാത്ത കുട്ടികൾ ഉണ്ടെന്നുള്ളതാണ് സത്യം. ചില വിഷയങ്ങളെ കുട്ടികൾ പാടേ ഉപേക്ഷിച്ചുകളയുന്ന പ്രവണതയും കാണുന്നുണ്ട്. കുട്ടികളുടെ ലക്ഷ്യബോധമില്ലായ്മ, അച്ചടക്കരാഹിത്യം, പഴയ തലമുറയോടും സംസ്കാരത്തോടും കാട്ടുന്ന അനാദരവ്, അവർക്കിടയിൽ നിഴലിച്ചിരിക്കുന്ന നിരാശാബോധം ഇവയൊക്കെത്തന്നെ നമുക്ക് കാണാൻ കഴിയുന്ന പ്രശ്നങ്ങളാണ്. ഇവ പരിഹരിക്കേണ്ടതുണ്ട്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്ത് അമൂല്യമായ സംഭാവനകൾ നല്കിയ സ്ഥാപനമാണ് കാഞ്ഞിരപ്പള്ളി ഗവ. ഹൈസ്കൂൾ. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂളാണിത്. നമ്മുടെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ച ഒട്ടേറെ പ്രമുഖ വ്യക്തികളെ സംഭാവനചെയ്ത വിദ്യാലയം കൂടിയാണിത്. കലാകായിക രംഗത്തും വളരെയേറെ പ്രശോഭിച്ച ഈ സ്കൂളിൽ നല്ല N.C.C.വിഭാഗവും വളരെ മികച്ച ലബോറട്ടറി സംവിധാനവും ലൈബ്രറിയും ഉണ്ടായിരുന്നു. സ്വകാര്യ സ്കൂളുകളെക്കാൾ വിജയശതമാനമുണ്ടായിരുന്ന ഒരു ഇംഗ്ലീഷ് മീഡിയം വിഭാഗവും ഇവിടെ പ്രവർത്തിച്ചിരുന്നു. എന്നാൽ നിർഭാഗ്യവശാൽ 1984-ൽ ഉണ്ടായ അഗ്നിബാധയെത്തുടർന്ന് ഈ സ്കൂളിന്റെ പ്രധാന കെട്ടിടങ്ങൾ പൂർണമായും കത്തിനശിച്ചു. തുടർന്നു പ്രവർത്തിക്കാൻ കഴിയുന്നുണ്ടെങ്കിലും അടിക്കടി ഈ സ്ഥാപനം നിലവാരത്തകർച്ചയെ നേരിടുകയാണ്. 95-96-ലെ എസ്.എസ്.എൽ.സി. വിജയശതമാനം 18 ആണ്. ഈ സ്കൂൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഗ്രാമസഭയിലൂടെ ഉയർന്നുവന്നിട്ടുണ്ട്. (പട്ടിക 5 കാണുക) ഓപ്പറേഷൻ ഒളിമ്പിയ യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ സിരാകേന്ദ്രമായ പൊൻകുന്നത്തു പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട സ്ഥാപനമാണ് പൊൻകുന്നം ഗവ. ഹൈസ്കൂൾ. അടുത്ത കാലംവരെ വളരെ ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ സ്കൂളിന്റെയും നിലവാരം വളരെയധികം താഴ്ന്നു കൊണ്ടിരിക്കുന്നു. 95-96-ലെ എസ്.എസ്.എൽ.സി. വിജയശതമാനം 10.6% ആണെന്നത് നാലാം വാർഡിലെ ഗ്രാമസഭ ഗൗരവമായി കാണുന്നുണ്ട്. ഇതിനെ മെച്ചപ്പെടുത്തുവാൻ ക്രിയാത്മകമായ പരിപാടികൾ ഉണ്ടാവണമെന്ന് ഗ്രാമസഭ ആവശ്യപ്പെടുന്നു.

എസ്.എസ്.എൽ.സി. വിജയശതമാനം

പട്ടിക-5

ക്രമ നമ്പർ	സ്കൂളിന്റെ പേര്	92-93	93-94	94-95	95-96	റിമാർക്ക്
1.	ഗവ. ഹൈസ്കൂൾ, പൊൻകുന്നം	19%	18.7%	13.4%	10.6%	ഗവണ്മെൻറ്
2.	ഗവ. എച്ച്.എസ്. കാഞ്ഞിരപ്പള്ളി	26.5	16	14	18	"
3.	എസ്.ആർ.വി.എൻ.എസ്. എസ്.എച്ച്.എസ്. ചിറക്കടവ്	70	73	75	75	എയിഡഡ്
4.	സെൻറ് എഫ്രേംസ് ഹൈസ്കൂൾ, ചിറക്കടവ്	95	96	92	85	"
5.	സെൻറ് ജോസഫ്സ് ജി.എച്ച്.എസ്. കാഞ്ഞിരപ്പള്ളി	100	100	100	100	അൺ എയിഡഡ്
6.	ശ്രീവിദ്യാധിരാജാ വിദ്യാപീഠം, പൊൻകുന്നം	100	100	100	100	"

നമ്മുടെ ഗ്രാമപഞ്ചായത്തിലെ സെക്കഡറി വിദ്യാഭ്യാസരംഗത്ത് വളരെയധികം സംഭാവന നല്കുവാനും ഉയർച്ചയുണ്ടാക്കുവാനും സഹായിച്ചിട്ടുള്ള ഒരു സ്കൂളാണ് ചിറക്കടവ് എസ്.ആർ.വി. എൻ.എൻ.എസ്. ഹൈസ്കൂൾ. മുൻകാലങ്ങളെയപേക്ഷിച്ച് വിജയശതമാനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിരിക്കുന്നു. 95-96-ലെ ഈ സ്കൂളിലെ എസ്.എസ്.എൽ.സി. വിജയശതമാനം 75 ആണ്. പാഠ്യേതരവിഷയങ്ങളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ സ്വാധീനം മറ്റു സ്കൂളുകളെ ദോഷകരമായി ബാധിക്കുന്നുണ്ടെങ്കിലും ഈ സ്കൂളിലെ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടാക്കുന്നില്ല. ഈ സ്കൂളിന്റെ വളർച്ചയിൽ ശ്രീ എം.ജി. ചന്ദ്രശേഖരൻനായരുടെ സേവനം എടുത്തുപറയേണ്ടതുണ്ട്.

ഏറ്റവും ഉയർന്ന വിജയശതമാനമുള്ള പൊതു വിദ്യാഭ്യാസസ്ഥാപനമാണ് സെൻറ് ഇഫ്രേംസ് ഹൈസ്കൂൾ. 95-96-ലെ എസ്.എസ്.എൽ.സി. വിജയശതമാനം 85 ആണ്. കുറഞ്ഞ കാലംകൊണ്ട് മികച്ച നിലവാരത്തിലെത്താൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. കലാകായികരംഗത്ത് മികച്ച സംഭാവന നല്കാനും കഴിഞ്ഞിട്ടുണ്ട്. കുട്ടികൾക്ക് കുറവുണ്ടാകാത്ത മറ്റൊരു സ്ഥാപനമാണിത്.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ എസ്.എസ്.എൽ.സി. വിജയ ശതമാനം ഉയർന്നുനില്ക്കുന്നു. കലാകായികരംഗത്ത് നിലവാരം പുലർത്താനും നിലനിർത്താനും ഒരു സ്കൂളിനു സാധിക്കുന്നുണ്ട്.

(എസ്.എസ്.എൽ.സി. വിജയശതമാനം പട്ടിക 5 കാണുക.)

സ്കൂൾ അക്കാഗ്മമിയിൽ നിലവാരം പരിശോധിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച വിശദവിവരം പട്ടിക 6-ൽ കാണാം.

നമ്മുടെ പഞ്ചായത്തിലെ യു.പി. സ്കൂളുകളിൽ രണ്ടെണ്ണത്തിൽ കുട്ടികളുടെ എണ്ണം വളരെ താഴ്ന്നതാണ് ബഹുഭൂരിപക്ഷം എൽ.പി. സ്കൂളുകളും ഈ ഭീഷണിയിലാണ്. നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ വളർച്ചയെ ഭാവിയിൽ ദോഷകരമായി ബാധിച്ചേക്കാവുന്ന പ്രശ്നവും കുട്ടികളുടെ ഈ കുറവുതന്നെയാണ്. അതിനാൽ നമ്മുടെ വിദ്യാർത്ഥികളെ പൊതു വിദ്യാഭ്യാസരംഗത്തേക്ക് കൊണ്ടുവരാനുള്ള തീവ്രമായ പരിശ്രമം നടത്താൻ നമുക്ക് കഴിയേണ്ടതുണ്ട്.

അക്കാദമിക് നിലവാരം: 1996-97

പട്ടിക - 6

(96-ലെ ഒന്നാം ടേം പരീക്ഷാ മാർക്കിന്റെ അടിസ്ഥാനത്തിൽ)	30%-ൽ താഴെ	30-40%	40-50%	50-60%	60%-ന് മുകളിൽ
ഹൈസ്കൂൾ	337	320	302	311	405
യു.പി. സ്കൂൾ	255	356	349	306	533
എൽ.പി. സ്കൂൾ	348	361	490	652	786

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

പട്ടിക - 7

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ആവശ്യമുള്ള മുറികളുടെ എണ്ണം	മൂത്രപ്പുര ആവശ്യമുള്ളത്	കുടിവെള്ളം ഉണ്ടോ?	കക്കൂസ് ഉണ്ടോ?	വൈദ്യുതീകരിച്ചതാണോ?	പാചകമുറി ഉണ്ടോ?	ഫർണിച്ചറുകൾ മതിയാകുമോ?
1.	ഗവ. വി.എച്ച്.എസ്. പൊൻകുന്നം	ഉണ്ട്	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
2.	ഗവ. മോഡൽ എച്ച്.എസ്. കാഞ്ഞിരപ്പള്ളി	4	3	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
3.	എസ്.ആർ.വി. എൻ.എസ്.എസ്. എച്ച്.എസ്. ചിറക്കടവ്	ഉണ്ട്	2	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
4.	സെൻറ് ഇഫ്രേംസ് എച്ച്.എസ്. ചിറക്കടവ്	3	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
5.	സെൻറ് ജോസഫ്സ് ഇ.എം.എച്ച്. എസ്. കാഞ്ഞിരപ്പള്ളി	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
6.	ശ്രീവിദ്യാധിരാജാവിദ്യാപീഠം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
7.	എസ്.സി.ടി.എം.യു.പി.എസ്. ചെറുവള്ളി	ഉണ്ട്	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
8.	സെൻറ് ഇഫ്രേംസ് യു.പി.എസ്. ചിറക്കടവ്	2	2	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
9.	എം.ജി.എം. യു.പി.എസ്., ചിറക്കടവ്	1	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
10.	ചിറക്കടവ് യു.പി.എസ്.	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്
11.	സനാതനം യു.പി.എസ്., ചിറക്കടവ്	ഉണ്ട്	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

12.	സി.എം. യു.പി.എസ്. ചെന്നാക്കുന്ന്	1	1	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
13.	എസ്.പി.വി. എൻ.എസ്.എസ്. യു.പി.എസ്., ചിറക്കടവ്	1	1	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
14.	എസ്.ഡി. യു.പി.എസ്. പൊൻകുന്നം	ഉണ്ട്	2	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
15.	എസ്.എച്ച്. യു.പി.എസ്. പൊൻകുന്നം	ഉണ്ട്	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല
16.	വി.എസ്. യു.പി.എസ്. പൊൻകുന്നം	ഉണ്ട്	2	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
17.	ഡി.വി. എൽ.പി.എസ്. ചെറുവള്ളി	ഉണ്ട്	2	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
18.	ഗവ. എൽ.പി.എസ്. ചെറുവള്ളി	ഉണ്ട്	1	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
19.	ഗവ. എൽ.പി.എസ്. ചിറക്കടവു സെൻറർ	*Unfit	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
20.	ഗവ. എച്ച്.എസ്. എൽ.പി.എസ്. കാഞ്ഞിരപ്പള്ളി	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
21.	ഗവ. എൻ.എസ്. എൽ.പി.എസ്. ചിറക്കടവ്	2	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
22.	സെൻറ് മേരീസ് എൽ.പി.എസ്. ചെറുവള്ളി	2	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
23.	സെൻറ് ഇഫ്രേംസ് എൽ.പി.എസ്. ചിറക്കടവ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
24.	കടുക്കാമല എൽ.പി.എസ്. പൊൻകുന്നം	ഉണ്ട്	2	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
25.	സി.എം.എസ്. എൽ.പി.എസ്. പൊൻകുന്നം	ഉണ്ട്	ഉണ്ട്	ഉണ്ട്	1	ഉണ്ട്	ഉണ്ട്	ഇല്ല
26.	കെ.വി.എൽ.പി.എസ്. പൊൻകുന്നം	ഉണ്ട്	2	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല

* കെട്ടിടം അൺഫിറ്റായതിനാൽ ക്ലാസുകൾ അടുത്ത യു.പി. സ്കൂളിൽ നടക്കുന്നു.

മിക്ക ഗവണ്മെൻറ് സ്കൂളുകളിലും പല എയ്ഡഡ് സ്കൂളുകളിലും വേണ്ടത്ര ഭൗതികസാഹചര്യങ്ങളില്ല. (പട്ടിക 7 കാണുക)

പഠനോപകരണങ്ങൾ ആവശ്യത്തിനില്ല. അധ്യാപകർ സ്ഥലവാസികളല്ലെന്നതും കുറവാണ്. അതുകൊണ്ടുതന്നെ രക്ഷാകർത്താക്കളുമായും കുട്ടികളുമായും ഇടപെടാനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കുവാനും അധ്യാപകർക്കു കഴിയുന്നില്ല. സർക്കാർ സ്കൂളുകളിലെ അധ്യാപകരുടെ വേക്കൻസികൾ യഥാസമയം നികത്താതിരിക്കുന്നതും നിലവാരത്തകർച്ചയ്ക്കിടയാക്കിയിട്ടുണ്ട്. പാഠ്യപദ്ധതിയുടെ മാറ്റമനുസരിച്ച് വേണ്ടത്ര പരിശീലനം അധ്യാപകർക്കു ലഭിക്കുന്നില്ല. രക്ഷാകർത്തൃസമിതികൾ സജീവമല്ലാത്തതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ ഗവണ്മെൻറ് സ്കൂളുകളിൽ വേണ്ടത്ര നടക്കുന്നില്ല. അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും ഒന്നിച്ചുള്ള പ്രവർത്തനത്തിൻെറ കുറവാണിതിനു കാരണം.

സ്കോളർഷിപ്പു പരീക്ഷകളിൽ പങ്കെടുക്കുന്ന കുട്ടികളും കുറവാണ്. പൊതു വിജ്ഞാനത്തിൽ നമ്മുടെ കുട്ടികൾ വളരെ പിന്നിലാണ്. പാഠപുസ്തകങ്ങൾക്കു പുറമെ ശാസ്ത്ര സാഹിത്യമാസികകളും നിലവാരമുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങളും വർത്തമാനപത്രങ്ങളും വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കേണ്ടതുണ്ട്. അധ്യാപകർ ഇക്കാര്യത്തിൽ ശ്രദ്ധിക്കണം.

പാഠ്യേതരപ്രവർത്തനങ്ങളിൽ പങ്കെടുത്തു സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന നിരവധി വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സാമ്പത്തിക പരാധീനത ഈ രംഗത്തു പ്രശ്നമാണെങ്കിലും ഈ നേട്ടങ്ങൾക്കു പിന്നിൽ അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും ത്യാഗപൂർണമായ പ്രവർത്തനങ്ങളുണ്ട്. എന്നാൽ ചില സ്കൂളുകളിൽ കലാകായികമത്സരങ്ങളെക്കുറിച്ചു കുട്ടികൾ അറിയുന്നുപോലുമില്ല എന്ന ആക്ഷേപം ഗ്രാമസഭകളിൽ ഉയർന്നുവന്നു. പാഠ്യേതരപ്രവർത്തനങ്ങളിൽ

സജീവമായി പങ്കെടുത്ത് അനേകം പ്രതിഭകളെ സംഭാവന ചെയ്ത ചുരുക്കം ചില വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കൂടുന്നത് ഇക്കാര്യത്തിലുള്ള രക്ഷാകർത്താക്കളുടെ താല്പര്യമാണു കാണിക്കുന്നത്.

അവാർഡുകൾ

(കലാകായികമത്സരങ്ങൾ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയവയിൽ സമ്മാനാർഹരായ കുട്ടികളുടെ എണ്ണം)

പട്ടിക 7

ക്രമ നമ്പർ	സ്കൂൾ	സബ് ജില്ല	ജില്ല	സംസ്ഥാനം	ദേശീയം (കായിക മത്സരങ്ങൾ ഗൈഡ്സ്)
1.	ഗവ. ഹൈസ്കൂൾ, കാഞ്ഞിരപ്പള്ളി	23	ഇല്ല	9	-
2.	ഗവ. ഹൈസ്കൂൾ, പൊൻകുന്നം	1	1	1	1
3.	എസ്.ആർ.വി. എൻ.എസ്.എസ്. ഹൈസ്കൂൾ	ഇല്ല	ഇല്ല	6	5
4.	സെൻറ് ജോസഫ്സ് ഹൈസ്കൂൾ	ഇല്ല	ഇല്ല	10	5
5.	സെൻറ് ഇഫ്രേംസ് ഹൈസ്കൂൾ	15	ഇല്ല	ഇല്ല	ഇല്ല
6.	എസ്.സി.റ്റി.എം. യു.പി. സ്കൂൾ	37	ഇല്ല	ഇല്ല	ഇല്ല
7.	എസ്.പി.വി.എൻ.എസ്. ഹൈസ്കൂൾ	20	ഇല്ല	ഇല്ല	ഇല്ല
8.	എം.ജി.എം. യു.പി. സ്കൂൾ	2	ഇല്ല	ഇല്ല	ഇല്ല
9.	സെൻറ് ഇഫ്രേംസ് യു.പി. സ്കൂൾ	15	ഇല്ല	ഇല്ല	ഇല്ല
10.	സെൻറ് മേരീസ് എൽ.പി. സ്കൂൾ	7	ഇല്ല	ഇല്ല	ഇല്ല
11.	സെൻറ് ഇഫ്രേംസ് എൽ.പി. സ്കൂൾ	3	ഇല്ല	ഇല്ല	ഇല്ല
12.	എച്ച്.എസ്.എൽ.പി. സ്കൂൾ, കാഞ്ഞിരപ്പള്ളി	1	ഇല്ല	ഇല്ല	ഇല്ല
13.	എസ്.ഡി.യു.പി. സ്കൂൾ	4	ഇല്ല	ഇല്ല	ഇല്ല

നമ്മുടെ പഞ്ചായത്തിൽ സാമൂഹ്യസാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്ന അധ്യാപകരുടെ എണ്ണം ആകെ എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണ്. ഈ രംഗത്തേക്കും അധ്യാപകർ കടന്നുവരേണ്ടതുണ്ട്.

നമ്മുടെ സ്കൂളിലെ പഠനനിലവാരം മെച്ചപ്പെടുത്തുവാനുള്ള ഒരു നല്ല പരിപാടിയാണ് സ്കൂൾ കോംപ്ലക്സുകൾ. പുതിയ പാഠപദ്ധതിയനുസരിച്ച് കുട്ടികൾക്കു താല്പര്യമുള്ളവിധം പഠനരീതി ആവിഷ്കരിക്കുവാൻ ഈ പരിപാടിയിലൂടെ കഴിയും. ഈ വർഷം തുടങ്ങിയ സ്കൂൾ കോംപ്ലക്സിനായി നമ്മുടെ പഞ്ചായത്തിലെ അധ്യാപകർ എസ്.ആർ.വി. എൻ.എസ്.എസ്.എച്ച്.എസ്. ചിറക്കടവിലും കാഞ്ഞിരപ്പള്ളി എസ്.ഡി.എച്ച്.എസിലുമായാണു പങ്കെടുക്കുന്നത്. ഈ പ്രവർത്തനങ്ങൾ ഫലപ്രദമാക്കണം.

നമ്മുടെ നാടിനും സാംസ്കാരികപാരമ്പര്യങ്ങൾക്കും ഒട്ടുംതന്നെ യോജിക്കാത്ത അൺഎയ്ഡഡ് സ്കൂൾ സമ്പ്രദായത്തിൻെറ അമിതമായ വർദ്ധനവിൽ ഭൂരിപക്ഷം ഗ്രാമസഭകളും വളരെയേറെ ഉത്കണ്ഠ രേഖപ്പെടുത്തുകയുണ്ടായി. നമ്മുടെ സംസ്കാരത്തെ പാശ്ചാത്യവത്കരിക്കുന്ന ഇത്തരം വിദ്യാഭ്യാസരീതിയോട് രക്ഷാകർത്താക്കൾ യോജിക്കുന്നില്ല. പൊതുവിദ്യാഭ്യാസമേഖല മെച്ചപ്പെടുത്തുന്നതിലൂടെ ഈ പ്രവണതയ്ക്കു കടിഞ്ഞാണിടാനാവും.

ചില ടി.വി. പരിപാടികൾ, പ്രസിദ്ധീകരണങ്ങൾ, സമൂഹത്തിലെ ദുഷിച്ച പ്രവണതകൾ ഇവയും പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. ടി.വി. പരിപാടികൾ സാമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടണം.

സാക്ഷരതാ പരിപാടി

1987-88 കാലഘട്ടത്തിൽ തുടക്കംകുറിച്ച സാക്ഷരതാ പരിപാടി നമ്മുടെ പഞ്ചായത്തിലും വിജയകരമായിരുന്നു. പിന്നീടത് നിലച്ചുപോയെങ്കിലും പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലെ സാക്ഷരതാശതമാനം ജില്ലയിലേതിനേക്കാളും താഴെയാണെന്നത് ഇതിൻെറ ഗൗരവം കാണിക്കുന്നു.

ഗ്രാമസഭാനിർദ്ദേശങ്ങൾ, സാധ്യതകൾ

1. സി.എം.എസ്. എൽ.പി. സ്കൂളിൻെറ കെട്ടിടം നന്നാക്കുകയും സ്കൂൾ അപ്ഗ്രേഡ് ചെയ്യുകയും ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിക്കുകയും ചെയ്യുക.
2. സ്കൂളുകളിലെ ഉച്ചക്കഞ്ഞിക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.
3. സ്കൂളുകളിൽ പരമാവധി സ്ഥലവാസികളായ അധ്യാപകരെ നിയമിക്കുക. അധ്യാപകപരിശീലന പരിപാടികൾ സജീവമാക്കുക.

4. കായികവിനോദങ്ങൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കായികാധ്യാപകരെ നിയമിക്കുകയും ചെയ്യുക.
5. സി.എം.എസ്.എൽ.പി. സ്കൂളിൽ കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. സ്കൂൾ ലൈബ്രറികൾ പ്രവർത്തനക്ഷമമാക്കുക.
7. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുക.
8. പി.ടി.എ. സമിതികളിൽ ഗ്രാമപഞ്ചായത്തിൽനിന്നും 2 പേരെ ഉൾപ്പെടുത്തുക.
9. 2-ാം വാർഡിൽ 'സൗജന്യടൃഷൻ സെൻറർ' സ്ഥാപിക്കുക.
10. പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ സമർത്ഥരായ കുട്ടികൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തുക.
11. 3-ാം വാർഡിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം (I.T.C) ഗവണ്മെൻറ് ഉടമയിൽ ആരംഭിക്കുക.
12. പി.ടി.എ., മാതൃസംഗമം എന്നിവ സജീവമാക്കുക.
13. ഓരോ പ്രദേശത്തെയും റിട്ടയേർഡ് അധ്യാപകർ, സാമൂഹ്യപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി സ്കൂൾവികസനസമിതികൾ രൂപീകരിക്കുക.
14. വിദ്യാലയപരിസരത്തുള്ള അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ സേവനം അധ്യാപനരംഗത്ത് പ്രയോജനപ്പെടുത്തുക.
15. പൊൻകുന്നം ഗവണ്മെൻറ് ഹൈസ്കൂളിൻെറ ചുറ്റുമതിൽ കെട്ടുക. വി.എച്ച്.എസ്.സി.യിൽ പഠനോപകരണങ്ങൾ ലഭ്യമാക്കുക. അധ്യാപകരുടെ ഒഴിവ് നികത്തുക.
16. കത്തിപ്പോയ കാഞ്ഞിരപ്പള്ളി ഗവണ്മെൻറ് ഹൈസ്കൂളിന് പുതിയ കെട്ടിടം പണിയുക. ഈ വിദ്യാലയം സ്പോർട്സ് സ്കൂളായി ഉയർത്തുക. കായികപരിശീലകരെ സ്ഥിരപ്പെടുത്തുക. കായിക പ്രതിഭകൾക്ക് പരിശീലനത്തിന് യൂണിഫോറം നല്കുക. സ്കൂളിനോടനുബന്ധിച്ച് സ്റ്റേഡിയം നിർമിക്കുക. വിദ്യാലയത്തിന് ചുറ്റുമതിൽ കെട്ടുക.
17. ചിറക്കടവ് വി.എസ്.യു.പി. സ്കൂളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുക.
18. കാഞ്ഞിരപ്പള്ളി ഗവ. എച്ച്.എസ്.എൽ.പി. സ്കൂളിൽ മലയാളം മീഡിയം നേഴ്സറിസ്കൂൾ ആരംഭിക്കുക. കാഞ്ഞിരപ്പള്ളി ഗവ. എച്ച്.എസിലെ 'ഓപ്പറേഷൻ ഒളിംപിയ' പദ്ധതിയുടെ കേന്ദ്രത്തിൽ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
19. ചിറക്കടവ് ഗവ. എൽ.പി. സ്കൂളിൽ ആവശ്യത്തിനുള്ള അധ്യാപകരെ നിയമിക്കുക. അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുക. സ്കൂളിനോടനുബന്ധിച്ച് നേഴ്സറിസ്കൂൾ സ്ഥാപിക്കുക.
20. 5-ാം വാർഡിൽ ഐ.ടി.സി. സ്ഥാപിക്കുക.
21. 6-ാം വാർഡിൽ ഒരു ബാലവാടി സ്ഥാപിക്കുക.
22. കുട്ടികളുടെ എണ്ണം പരിഗണിക്കാതെതന്നെ എൽ.പി. സ്കൂളുകളിൽ കുറഞ്ഞത് 4 അധ്യാപകരെയെങ്കിലും നിയമിക്കണമെന്ന് 6-ാം വാർഡിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്നു.
23. നിലത്തെഴുത്താശാന്മാർക്ക് ധനസഹായം വർദ്ധിപ്പിക്കുക.
24. 7-ാം വാർഡിൽ ഒരു നേഴ്സറിസ്കൂൾ സ്ഥാപിക്കുക.
25. 8-ാം വാർഡിൽ പുതിയ ബാലവാടികൾ ആരംഭിക്കുക. നിലവിലുള്ളവയിൽ കുട്ടികൾക്ക് കളിക്കാനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക.
26. 8-ാം വാർഡിൽ ഒരു ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കുക.
27. എൻ.എസ്.എൽ.പി. സ്കൂളിൻെറ അറ്റകുറ്റപ്പണികൾ നടത്തുക.
28. എൽ.കെ.ജി., യു.കെ.ജി. ക്ലാസ്സുകളിൽ ബോധന മാധ്യമം മലയാളമാക്കുക.
29. പഠനത്തിൽ മോശമായ കുട്ടികൾക്ക് പ്രത്യേക പരിശീലനപരിപാടികൾ ഏർപ്പെടുത്തുക.
30. തെക്കേത്തുകവല എൻ.എസ്.എൽ.പി. സ്കൂളിനോടനുബന്ധിച്ച് പ്രീപ്രൈമറിസ്കൂൾ ആരംഭിക്കുക.
31. 9-ാം വാർഡിൽ അംഗൻവാടിക്ക് സമീപമുള്ള കിണറിന് ചുറ്റുമതിൽ കെട്ടുക, പുതിയ ബാലവാടി സ്ഥാപിക്കുക.
32. ഡി.വി.എൽ.പി. സ്കൂൾ, ഗവ. എൽ.പി. സ്കൂൾ, ചെറുവള്ളി എന്നിവ അപ്ഗ്രേഡ് ചെയ്യുക.
33. 9-ാം വാർഡിൽ ഒരു ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കുക.
34. സാക്ഷരതാപ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും പ്രവർത്തകർക്ക് ധനസഹായം നല്കുകയും ചെയ്യുക.
35. 10-ാം വാർഡിൽ നേഴ്സറിസ്കൂൾ സ്ഥാപിക്കുക.
36. ഗവ. എൽ.പി. സ്കൂൾ ചെറുവള്ളിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. ഇവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുക. നിലവാരം ഉയർത്തുക. വേണ്ടത്ര അധ്യാപകരെ നിയമിക്കുക.
37. ഡി.വി.എൽ.പി. സ്കൂളിൽ കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. കുട്ടികൾക്ക് കുടിവെള്ളം ലഭ്യമാക്കുക. ചുറ്റുമതിൽ കെട്ടുക. അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുക. നേഴ്സറിസ്കൂളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപികയ്ക്ക് പഞ്ചായത്തിൽനിന്നും ശമ്പളം നല്കുക.
38. നിർദ്ധനരായ കുട്ടികൾക്ക് പഞ്ചായത്തിൽനിന്നും പഠനോപകരണങ്ങൾ വിതരണം ചെയ്യുക.
39. അധ്യാപകരുടെ കഴിവുകളെ വിലയിരുത്തി എൽ.പി./യു.പി./എച്ച്.എസ്. തലങ്ങളിൽപ്പെട്ട ഓരോ

അധ്യാപകർക്ക് പഞ്ചായത്തിൽനിന്നും അവാർഡ് നല്കുന്ന ഒരു പദ്ധതി നടപ്പാക്കുക.

40. ചെറുവള്ളി എസ്.സി.റ്റി.എം.യു.പി. സ്കൂളിനടുത്ത് കുഴൽകിണർ സ്ഥാപിക്കുകയും, സ്കൂൾഗ്രൗണ്ട് മെച്ചപ്പെടുത്തുകയും ചെയ്യുക.

41. പുതിയ അൺഎയിഡഡ് സ്കൂളുകൾ അനുവദിക്കാതിരിക്കുക. അവയുടെ ദൂഷ്യവശങ്ങളെപ്പറ്റി ജനങ്ങളെ ബോധവല്ക്കരിക്കുക.

42. പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽനിന്നും വേർപെടുത്തിയാൽ അവ പുതുതായി ആരംഭിക്കുന്നത് ഗവണ്മെൻറ്/എയിഡഡ് മേഖലയിലായിരിക്കണം.


അനാഥാലയത്തിലെ മനുഷ്യാ പഠിക്കൂ!
പഠിക്കൂ. തടവറയിലെ മനുഷ്യാ
അടുക്കളയിലെ വീട്ടുകാരീ, പഠിക്കൂ!
പഠിക്കൂ, അറുപതു തികഞ്ഞ കിഴവാ?
വീടില്ലാത്ത നീ സ്കൂൾ തേടിയിറങ്ങണം
തണുത്തു വിറയ്ക്കുന്ന നീ ബുദ്ധി കൂർപ്പിച്ചെടുക്കണം
വിശക്കുന്ന മനുഷ്യാ, പുസ്തകം എത്തിപ്പിടിക്കൂ,
അതൊരായുധമാണ്

-ബ്രഹ്ത്

ഗതാഗതം—ഊർജം

ഗതാഗതം

കോട്ടയം—കുമളിറോഡിന്റെ ആവിർഭാവത്തിനുമുമ്പ് അത് ഒരു പ്രധാന നടപ്പാതയായിരുന്നു. കഴുതകളെ ഉപയോഗിച്ച് പല വ്യഞ്ജന സാധനങ്ങളും മറ്റും നമ്മുടെ നാട്ടിലേക്ക് കൊണ്ടുവരികയും ഇവിടെനിന്നുള്ള കാർഷിക വിളകളും വനവിഭവങ്ങളും തിരിച്ചു കൊണ്ടുപോവുകയും ചെയ്തിരുന്ന കച്ചവടസംഘങ്ങൾ ഈ മാർഗം ഉപയോഗിച്ചിരുന്നു. പൊൻകുന്നത്തുനിന്നും ചിറക്കടവ്ക്ഷേത്രം-മൂലേപ്ലാവ് വഴി എരുമേലിക്ക് പോകുന്ന നടവഴി മറ്റ് നാട്ടുകാരായ ശബരിമലതീർത്ഥാടകർ അന്ന് ഉപയോഗിച്ചിരുന്ന നടപ്പാതയായിരുന്നു. പൊൻകുന്നത്തുനിന്നും പാലായിലേക്കു പോകുന്നതിന് ഒരു നടപ്പാതയും അന്നുണ്ടായിരുന്നു. പഞ്ചായത്തിനുള്ളിൽ സഞ്ചരിക്കുന്നതിന് ഇടവഴികൾ മാത്രമാണ് ഈ നൂറാണ്ടിന്റെ പകുതിവരെ പ്രധാനമായും ഉണ്ടായിരുന്നത്.



1840-ൽ വാർഡ് ആൻറ് കോൺ കമ്പനിയുടെ നേതൃത്വത്തിൽ കോട്ടയം—കുമളിറോഡിന് സർവേ നടത്തി. 1860-ൽ തിരുവിതാംകൂറിൽ പൊതുമരാമത്തുവകുപ്പ് സ്ഥാപിതമാവുകയും 1863-ൽ മിസ്റ്റർ ബാർട്ടൻ ചീഫ് എൻജിനീയറായി ചുമതലയേല്ക്കുകയും ചെയ്തു. ഇക്കാലത്താണ് കോട്ടയം-കുമളിറോഡുപണി പൂർത്തിയായത്. 1885-ൽ പൊൻകുന്നം-പാലാറോഡും നിർമിതമായി. 1914-ൽ ദിവസേന 200-ലധികം കാളവണ്ടികൾ പോകുന്ന റോഡിൽ കാർട്ട്സ്റ്റാൻഡും മേച്ചിൽമൈതാനവും വേണമെന്ന് മുണ്ടക്കയം പ്ലാന്റേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടിരുന്നു. അന്നത്തെ ഗതാഗതത്തിന്റെ സ്വഭാവം ഇതിൽനിന്നും മനസിലാക്കാവുന്നതാണ്. റോഡിന്റെ പരിപാലനത്തിനായി കർഷകരിൽനിന്നും വണ്ടിക്കാരിൽനിന്നും വരിസംഖ്യ ഈടാക്കിയിരുന്നു. 1917-ൽ ഈ സംഖ്യ പ്രതിവർഷം 200 രൂപയിൽ അധികമാകരുതെന്ന് കർഷകർ ആവശ്യപ്പെട്ടിരുന്നതായും രേഖകളുണ്ട്.

കാർഷിക-കച്ചവടരംഗത്തെ പുരോഗതിയോടുകൂടി പൊൻകുന്നം ഒരു പ്രധാന കവലയായി ത്തീർന്നു. പഞ്ചായത്തിലെ കൃഷിയിടങ്ങളുടെ വികാസം പൊതുകേന്ദ്രത്തിലേക്ക് വിഭവങ്ങൾ എത്തിക്കേണ്ട ആവശ്യകതയുണ്ടാക്കി. 1895-ൽ സ്ഥാപിതമായ പൊൻകുന്നംചന്ത ചങ്ങനാശ്ശേരി കഴിഞ്ഞാൽ കിഴക്കൻമേഖലയിലെ ഏറ്റവും പ്രധാന ചന്തയായി ദ്രുതഗതിയിൽ വളർന്നുവന്നു. നമ്മുടെ പഞ്ചായത്തുമായി വളരെ അകന്ന പ്രദേശങ്ങളിൽനിന്നുപോലും ക്രയവിക്രയങ്ങൾക്കുവേണ്ടി ചൊവ്വ, വെള്ളി ദിവസങ്ങളിൽ വൻതോതിൽ ആളുകൾ എത്തിയിരുന്നു. വളർത്തുമൃഗങ്ങൾ, മൺപാത്രങ്ങൾ, പണിയായുധങ്ങൾ, പരമ്പ്, മുറം, കുട്ട, നാളികേരം, പച്ചക്കറി തുടങ്ങിയവയെല്ലാം ധാരാളമായി ചന്തയിലെത്തിയിരുന്നു. ഇപ്പോൾ രാജേന്ദ്ര മൈതാനം സ്ഥിതിചെയ്യുന്ന സ്ഥലം ചന്തയിലെത്തുന്ന വണ്ടികൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള വണ്ടിപ്പേട്ടയായിരുന്നു. ചന്തയുടെ ആവിർഭാവവും അതിനെത്തുടർന്ന് വൻതോതിലുള്ള മലഞ്ചരക്കു വ്യാപാരത്തിന്റെ ആരംഭവും വഴികളുടെ എണ്ണത്തിലുള്ള വർധനവ് ഒരു അടിയന്തിരാവശ്യം ആക്കി മാറ്റി. 1953-ൽ ഒന്നാമത്തെ പഞ്ചായത്തു സമിതിയുടെ രൂപീകരണത്തിനു ശേഷം മാത്രമാണ് പഞ്ചായത്തിനുള്ളിൽ ഇടവഴികൾ നേ ഡുകളായി രൂപാന്തര പ്പെട്ടുതുടങ്ങിയത്.

ഗതാഗതം-പ്രശ്നങ്ങൾ

നിലവിലുള്ള കണക്കുകൾ പരിശോധിച്ചാൽ നമ്മുടെ പഞ്ചായത്തിൽ ആകെ 105 റോഡുകൾ ഉള്ളതായി കാണാം. 105 റോഡുകൾ ഏതാണ്ട് 182 കി.മീ. ദൈർഘ്യത്തിലാണ് കിടക്കുന്നത്. ഇവയിൽ 97 എണ്ണം പഞ്ചായത്തിന്റെ ഉടമസ്ഥതയിലും 8 എണ്ണം പൊതുമരാമത്തുവകുപ്പിന്റെ ഉടമസ്ഥതയിലുമാണ്. ഏതാണ്ട് 100 കി.മീ. റോഡുകൾ ഇപ്പോഴും മൺറോഡുകളായി നിലനില്ക്കുന്നു. ഇവയിൽത്തന്നെ ബഹുഭൂരിപക്ഷം റോഡുകളുടെയും വീതി 5 മീറ്ററിൽ താഴെയാണ്.

വീതിയില്ലാത്ത റോഡുകൾ ഗതാഗതരംഗത്ത് ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നികന്നുപോയതും വെട്ടാത്ത

തുമായ ഓടകൾ റോഡുകളുടെ ദ്രുതഗതിയിലുള്ള നാശത്തിനു കാരണമാകുന്നുണ്ട്. ഓടകളില്ലാതെ മഴക്കാലത്ത് റോഡുകൾ തോടുകളാകുന്നു. ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾ നിർമിക്കാതിരിക്കുകയും റോഡിൽ വെള്ളം കെട്ടിക്കിടന്ന് വലിയ ഗർത്തങ്ങൾ രൂപംകൊള്ളുകയും ചെയ്യുന്നു. യഥാസമയങ്ങളിൽ റോഡുകളുടെ അറകുറപ്പണികൾ നടക്കുന്നില്ല. നടക്കുന്ന പ്രവർത്തനങ്ങൾതന്നെ ഫലപ്രദമാകുന്നില്ല. അറകുറപ്പണികൾക്കായി റോഡുകളുടെ ഗുണഭോക്താക്കളിൽ നിന്നുള്ള സന്നദ്ധപ്രവർത്തനംകൂടി സമാഹരിക്കേണ്ടതാണ്. വാഹനഗതാഗതമുള്ള റോഡുകളിൽ പല സ്ഥലത്തും വെയിറ്റിങ്ഷെഡുകളില്ലാത്തത് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

പി.ഡബ്ല്യു.ഡി. റോഡുകൾ

	പേര്	നീളം കി.മീ
1.	കെ.കെ.റോഡ്	4.0
2.	കെ.വി.എം.എസ്. മണ്ണംപ്ലാവ്	5.0
3.	കാഞ്ഞിരപ്പള്ളി-മണിമല	13.0
4.	മൂവാറ്റുപുഴ-പുനലൂർ സ്റ്റേറ്റ് ഹൈവേ (പൊൻകുന്നം-മണിമല റോഡ്)	10.0
5.	തെക്കേത്തുകവല-ചാമംപതാൽ	4.0
6.	ചിറക്കടവ്ക്ഷേത്രം-19-ാം മൈൽ റോഡ്	5.0
7.	പൊൻകുന്നം-പാലാ റോഡ്	1.5
8.	വാഴൂർ-മണിമല റോഡ്	1.0
	ആകെ	43.5

പഞ്ചായത്ത് റോഡുകൾ (സ്ഥിതിവിവരം)

	പേര്	നീളം കി. മീ.	വീതി മീ.	ടാർ	മെറ്റൽ	മണ്ണ്	പഞ്ചായത്ത്/ ബ്ലോക്ക്
1.	സനാതനം-കാഞ്ഞിരപ്പള്ളി ഗവ. ഹൈസ്കൂൾ റോഡ്	4.800	5	300 മീ.	-	4.500 മീ.	പഞ്ചായത്ത്
2.	അട്ടിക്കൽ-തമ്പലക്കാട്ട് റോഡ്	2.000	8	1800 മീ.	-	200 മീ.	"
3.	പവ്വത്തുപടി-മൂലേപ്ലാവ് റോഡ്	5.000	8	5000 മീ.	-	-	"
4.	താന്നിമൂട്-ആനക്കയം റോഡ്	1.000	7	300 മീ.	-	700 മീ	"
5.	അമ്പലം-കാരിപൊയ്ക റോഡ്	1.600	5	600 മീ	-	1000 മീ	"
6.	മുങ്ങത്തറക്കവല-പറപ്പള്ളിത്താഴത്തുപടി	2.000	6	900 മീ	-	1100 മീ	"
7.	വാളക്കയം-കാവുംഭാഗം റോഡ്	2.000	5	600 മീ	-	1400 മീ.	"
8.	കിഴക്കേപടി-കൈലാത്തുപടി റോഡ്	2.400	7	600 മീ	-	1800 മീ.	"
9.	രണ്ടാംമൈൽ-വാഴൂർ റോഡ്	3.600	8	-	-	3600 മീ	"
10.	വേട്ടോർപുരയിടം-കുമ്പുക്കൽ റോഡ്	3.600	8	3000 മീ	-	600 മീ	"
11.	മുട്ടത്തുപടി-പ്ലാവോലിപ്പടിറോഡ്	1.600	5	1600 മീ.	-	-	"
12.	പടനിലം-കാരയ്ക്കാമറ്റം റോഡ്	2.800	6	300 മീ.	-	2500 മീ.	"
13.	തെക്കുംമൂട്-നല്ലേടത്തുപടികാവുംഭാഗം	3.200	8	3200 മീ.	-	-	"
14.	കളമ്പുകാട്ടുപടി-കൊട്ടയ്ക്കാട് റോഡ്	2.000	5	600 മീ.	-	1400 മീ.	"
15.	കാളിയാനി-പുളിച്ചുമാക്കൽ	1.850	4.5	-	-	1850 മീ.	"
16.	നന്തൻപ്ലാക്കൽ-ഇളങ്ങോയിപ്പടി റോഡ്	3.200	7	-	-	3200 മീ.	"
17.	പി.എൻ.പി. റോഡ്	4.500	6.5	2500 മീ.	-	2000 മീ.	"
18.	ആനിവേലി-മാന്തറ റോഡ്	2.800	7	2800 മീ.	-	-	"
19.	ഇടത്തംപറമ്പ് റോഡ്	1.600	5	1000 മീ.	-	600 മീ.	"
20.	മറത്തിൽപടി-19-ാം മൈൽ റോഡ്	3.200	6	600 മീ.	-	2600 മീ.	"
21.	മണ്ണംപ്ലാക്കൽ-കൊല്ലമല-പറപ്പള്ളിത്താഴത്തുപടിറോഡ്	2.000	5	-	-	2000 മീ.	"
22.	കുഴിക്കാട്ടുപടിറോഡ്	1.600	6	-	250 മീ.	1350 മീ.	"
23.	തെക്കേത്തുപടി-പാലക്കയം റോഡ്	2.400	5	600 മീ.	-	1800 മീ.	"
24.	നേതാജി റോഡ്	1.600	5	-	-	1600 മീ.	"
25.	അമ്പലം-മൂലകുന്ന് റോഡ്	1.500	8	1500 മീ.	-	-	"

26. നെഹ്റു റോഡ്	2.000	8	300 മീ.	-	1700 മീ.	"
27. മാന്തറ-പനമറ്റം റോഡ്	1.600	5	600 മീ.	-	1000 മീ.	"
28. കുന്നത്തുപുഴ-കാവുംഭാഗം റോഡ്	2.400	5	-	-	2400 മീ.	"
29. മറ്റത്തിൽപടി-ഹോസ്പിറ്റൽപടി റോഡ്	2.600	8	600 മീ.	-	2000 മീ.	"
30. വേട്ടോർപുരയിടം-തകടിക്കൽ റോഡ്	1.600	5	-	-	1600 മീ.	"
31. മരുതോലിപ്പടി-പാറാംതോട് റോഡ്	2.000	5	-	-	2000 മീ.	"
32. പഴയചന്ത-തോണിപ്പാറ റോഡ്	2.500	5	1000 മീ.	-	1500 മീ.	"
33. ചൂപ്രത്തുകവല-കയ്യൂരി റോഡ്	1.380	5	-	-	1380 മീ.	"
34. ആനകുത്തി-കുടുമ്പിയാങ്കുഴി റോഡ്	1.600	5	-	1600 മീ.	-	"
35. പത്തശ്ശേരി റോഡ്	1.000	4	-	-	1000 മീ.	"
36. കരയോഗമന്ദിരം-ഏർത്തയിൽപടി റോഡ്	2.000	5	-	-	2000 മീ.	"
37. മഞ്ഞപ്പള്ളിക്കുന്ന്-കളമ്പുകാട്ടുപടിറോഡ്	1.600	6	1.600 മീ.	-	-	"
38. ബസ്സ്റ്റാൻഡ്-കോയിപ്പള്ളി റോഡ്	.500	6	500 മീ.	-	-	"
39. രാജേന്ദ്രമൈതാനം-തിയേറ്റർപടി-കോസ്മോലൈൻ റോഡ്	.250	6	250 മീ.	-	-	"
40. സബ്ജയിൽ റോഡ്	.600	5	-	-	600 മീ.	"
41. പോസ്റ്റോഫീസ് റോഡ്	.500	6	500 മീ.	-	-	"
42. ചേന്ദംപള്ളി-മുരുത്തുമല റോഡ്	.900	4.5	-	-	900 മീ.	"
43. അട്ടിക്കൽ-പഴയചന്ത റോഡ്	.600	5	150 മീ.	-	450 മീ.	"
44. തിയേറ്റർപടി-ലൈബ്രറിപടി റോഡ്	1.600	6	1600 മീ.	-	-	"
45. ഇടത്തംപറമ്പ്-വെള്ളക്കൽ റോഡ്	.800	4.5	300 മീ.	-	500 മീ.	"
46. കടുക്കാമലറോഡ്	.300	5	-	-	300 മീ.	"
47. കിണറ്റുകുറ്റി-കാട്ടറപ്പള്ളി റോഡ്	.850	4	-	-	850 മീ.	"
48. താന്നിപ്പാറ-പി.എൻ.പി.റോഡ്	.500	4	-	-	500 മീ.	"
49. കമ്മെക്കുഴിത്തിപ്പടി-പി.എൻ.പി.റോഡ്	.500	5	-	-	500 മീ.	"
50. മൂലേപ്പറമ്പിൽ-പ്ലാവോലി റോഡ്	.600	5	600 മീ.	-	-	"
51. വില്ലൻചിറ-തകടിയേൽപടി റോഡ്	1.500	5	300 മീ.	-	1200 മീ.	"
52. ഇളങ്ങോയിപ്പടി-4-ാം മൈൽ റോഡ്	.700	5	-	-	700 മീ.	"
53. കാബുങ്കൽപടി-ഇളങ്ങോയിപ്പടി റോഡ്	1.600	5	-	-	1600 മീ.	"
54. കെ.വി.എം.എസ്. പാറേക്കടവ് റോഡ്	.800	5	-	-	800 മീ.	"
55. മുങ്ങത്തറ-ഞള്ളിമാക്കൽ റോഡ്	1.140	3.50	-	-	11400 മീ.	"
56. പാലക്കൽപടി-വാഴവേലിപ്പടിറോഡ്	.890	3	-	-	890 മീ.	"
57. കുരങ്ങൻമല-പ്ലാവോലിപ്പടിറോഡ്	1.100	4	-	-	1100 മീ.	"
58. പടനിലം-കൊട്ടക്കാട്ടുപടി റോഡ്	1.200	4.5	-	-	1200 മീ.	"
59. കൊട്ടക്കാട്ടുപടി-ഇളങ്ങോയിപ്പടി റോഡ്	1.600	5	-	-	1600 മീ.	"
60. ഇല്ലത്തുപടി-ഉറുമ്പിൽപടി റോഡ്	.640	6	-	-	640 മീ.	"
61. പാമ്പൂരിപ്പടി-കാരയ്ക്കാമറ്റംറോഡ്	2.400	5	-	-	2400 മീ.	"
62. മണിമലക്കുന്ന്-അരീക്കുന്ന് റോഡ്	.880	4	-	-	880 മീ.	"
63. ശാന്തിറോഡ്	.730	6.5	-	-	730 മീ.	"
64. നേതാജി-കാരയ്ക്കാമറ്റം റോഡ്	1.200	5	-	-	1200 മീ.	"
65. കല്ലുക്കുളങ്ങര-തകടിഭാഗം റോഡ്	1.220	3.8	-	-	1220 മീ.	"
66. വയലിൽപടി-കാവുംഭാഗം	.800	4	-	-	800 മീ.	"
67. പാലത്തുപടി-കറുത്തമഞ്ഞാടി	1.140	4.5	-	-	1140 മീ.	"
68. കാട്ടറപ്പള്ളി-കയ്യൂരി റോഡ്	1.100	3	-	-	1100 മീ.	"
69. വണ്ടങ്കൽപടി-വെള്ളയ്ക്കൽ റോഡ്	.600	3.5	-	-	600 മീ.	"

70. ആഴാന്തക്കുഴി-അരീക്കുന്നു റോഡ്	1.100	3	-	-	1100 മീ.	"
71. കരിമുണ്ടസെറ്റിൽമെൻറ്കോളനി റോഡ്	.650	3	-	-	650 മീ.	"
72. പുളിക്കൽകവല-മുങ്ങത്തററോഡ്	1.100	4	-	-	1100 മീ.	"
73. 20-ാം മൈൽ-പുന്നത്താനം കോളനി റോഡ്	1.250	3	-	-	1250 മീ.	"
74. പുളിമൂട്-പനമറ്റംറോഡ്	.500	3	-	-	500 മീ.	"
75. കൈതമറ്റം-തമ്പലക്കാട് റോഡ്	.300	3	-	-	300 മീ.	"
76. പ്ലാവിലപ്പടി-കാട്ടിക്കുന്നത്ത് റോഡ്	.500	3	-	-	500 മീ.	"
77. ആഴാന്തിപ്പടി-പേരുക്കുഴി റോഡ്	.750	3	-	-	750 മീ.	"
78. വണ്ടങ്കൽപടി-മുണ്ടക്കൽപടി റോഡ്	.700	3	-	-	700 മീ.	"
79. മുതുകാട്ട്പടി-അരീക്കൽ റോഡ്	.800	3	-	-	800 മീ.	"
80. കാവുങ്കൽപടി-കൈലാത്തുപടി റോഡ്	.400	3	-	-	400 മീ.	"
81. മുട്ടത്തുപടി-ചിറക്കൽ പുതുവൽറോഡ്	1.000	3	-	-	1000 മീ.	"
82. കാവുങ്കൽപടി-ചേർപ്പത്തുകവല റോഡ്	.800	3	-	-	800 മീ.	"
83. കമ്മോടത്തുപടി-കത്തലാങ്കൽപടി റോഡ്	.800	3	-	-	800 മീ.	"
84. കുളവട്ടംപടി-കോടങ്കയം റോഡ്	.800	3	-	-	800 മീ.	"
85. 3-ാം മൈൽ-കോടങ്കയം റോഡ്	.800	3	-	-	800 മീ.	"
86. തെക്കേത്തുകവല-മലേതെക്കേയിൽ റോഡ്	.750	3.3	-	-	750 മീ.	"
87. തോണിപ്പാറ-മണിമലക്കുന്ന് റോഡ്	.900	3	-	-	900 മീ.	"
88. കിഴക്കേടത്തുപടി-കാരംതാനത്തുപടിറോഡ്	1.130	3	-	-	1130 മീ.	"
89. ചിറക്കടവ്-പള്ളിപ്പടി-ഗവ.ആയുർവേദാശുപത്രിപ്പടി റോഡ്	1.100	3	-	-	1100 മീ.	"
90. പൂവത്താഴത്തുപടി-ചുക്കനാനി റോഡ്	1.000	3	-	-	1000 മീ.	"
91. കുരങ്ങാടി-പൈങ്കരങ്കുന്നേൽപടി റോഡ്	.800	4	-	-	800 മീ.	"
92. ചെറ്റേൽപടി-കളരിപ്ലാക്കൽപടി റോഡ്	1.000	3	-	-	1000 മീ.	"
93. പനമറ്റം-കളപ്പുരയ്ക്കൽ റോഡ്	.500	3	-	-	500 മീ.	"
94. മുട്ടത്തുകുന്നേൽപടി റോഡ്	.500	3	-	-	500 മീ.	"
95. മേച്ചേരിപടി-ബാങ്കുപടി റോഡ്	.750	3.5	-	-	750 മീ.	"
96. മഞ്ഞപ്പള്ളിക്കുന്ന്-മന്ദിരംകരയോഗപ്പടി	1.000	3	-	-	1000 മീ.	"
97. ത്രിവേണി-മഹിളാസമാജം റോഡ്	.500	3	-	-	500 മീ.	"
ആകെ	138.05		36.10	1.85	100.10	

സാധ്യതകൾ

ആദ്യകാലത്ത് ബഹുജനപങ്കാളിത്തത്തോടെമാത്രം നിർമിച്ച റോഡുകളുടെ ഇന്നത്തെ എല്ലാ പുനരുദ്ധാരണപ്രവർത്തനങ്ങളിൽനിന്നും ജനങ്ങളെ ഒഴിവാക്കിയിരിക്കുന്നു. നമ്മുടെ സ്വന്തം റോഡുകളുടെ നിർമാണത്തിൽപോലും അഭിപ്രായങ്ങളില്ലാതെ കാഴ്ചക്കാരായി നാം മാറിയിരിക്കുന്നു. ഇത് മാറേണ്ടിയിരിക്കുന്നു. റോഡുനിർമാണരംഗത്ത് കഴിയുന്നത്ര ബഹുജനപങ്കാളിത്തം ഉറപ്പാക്കാവുന്ന ഒരു സമ്പ്രദായം ഉണ്ടാവണം. യുവജന-സാംസ്കാരിക സന്നദ്ധസംഘടനകളുടെ പ്രവർത്തനസാധ്യതയും ആരായേണ്ടതാണ്. റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ഒരു മുൻഗണനാക്രമം ഉണ്ടാക്കാവുന്നതാണ്. ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്കുകൾ നിർമിച്ചും അടിയന്തിരമായി ഓടകൾ തീർത്തും റോഡുകളുടെ സംരക്ഷണം ഉറപ്പാക്കേണ്ടതാണ്. ബസ്സർവീസ് ഉള്ള റോഡുകൾക്ക് അറ്റകുറ്റപ്പണികൾക്ക് മുൻഗണന കൊടുക്കുന്നത് നന്നായിരിക്കും. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 138 കിലോമീറ്റർ റോഡുകളിൽ 36 കിലോമീറ്റർ റോഡുകൾ മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ടാർ ചെയ്തവയിൽതന്നെ പലതും അറ്റകുറ്റപ്പണികൾ നടത്തേണ്ട സമയം കഴിഞ്ഞവയാണ്. മണ്ണുറോഡുകൾ കഴിയുന്നത്ര വേഗത്തിൽ വെട്ടി വീതി കൂട്ടി ടാർ ചെയ്യുന്നതിനും ടാർ ചെയ്തവ സംരക്ഷിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും ബഹുജന സഹകരണത്തോടെ ഒരു കർമപരിപാടി തയ്യാറാക്കണം.

വാഹനങ്ങൾ

ഏതാണ്ട് 220 ഓളം ബസ്സുകൾ നമ്മുടെ പഞ്ചായത്തിലൂടെ

കടന്നുപോകുന്നു. ഹൈറേഞ്ച് മേഖലകളിലേക്കുള്ള 100 ബസ്സുകളും മലബാർഭാഗത്തേക്കുള്ള 10 ബസ്സുകളും ഇവയിൽ പെടുന്നു. ടാക്സി കാറുകൾ, ജീപ്പുകൾ തുടങ്ങിയവയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ സമ്പന്നമാണ്. സ്വകാര്യവാഹനങ്ങൾ സംബന്ധിച്ച കണക്ക് ലഭിച്ചിട്ടില്ല.

ടാക്സി, ബസ്സുകൾ സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു:

3. ഹോട്ടൽമാലിന്യം ടൗണിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കാവാലിമാക്കൽ, പൂഴിക്കുന്നേൽ ഭാഗങ്ങളിലെയും കെ.വി.എം.എസ്. കവലയിലെയും ഹോട്ടൽമലിനജലം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണം.

4. പൊൻകുന്നത്ത് ചിതറിക്കിടക്കുന്ന സർക്കാർ ഓഫീസുകൾക്ക് ട്രഷറി കോമ്പൗണ്ടിൽ ഒരു മിനി സിവിൽസ്റ്റേഷൻ നിർമിക്കുവാൻ സർക്കാരിൽ സമ്മർദം

ടാക്സി-ബസ് പട്ടിക

ടാക്സി കാർ ആകെ	ടാക്സി ജീപ്പ് ആകെ	ലോറി ആകെ	ഓട്ടോറിക്ഷ ആകെ	ബസ് സർവീസ് മലബാർ ഭാഗത്തേക്ക്	ബസ് സർവീസ് ഹൈറേഞ്ച് ഭാഗത്തേക്ക്	ആകെ
60	120	150	225	10	100	220

വാഹനങ്ങളുടെ ബാഹുല്യം റോഡുകളുടെ അടിയന്തിര വിപുലീകരണത്തിന്റെ കാരണങ്ങളിലൊന്നാണ്.

പൊൻകുന്നം ടൗൺവികസനം

പൊൻകുന്നം ടൗൺവികസനത്തെ സംബന്ധിച്ച് അടിയന്തിരപ്രാധാന്യമുള്ള ചുരുക്കം ചില കാര്യങ്ങൾ മാത്രമാണ് ഇവിടെ അവതരിപ്പിക്കുന്നത്. മുൻപ് മലഞ്ചരക്കു വ്യാപാരകേന്ദ്രമായിരുന്ന പൊൻകുന്നത്തിന് വളരെ പ്രാധാന്യമുണ്ടായിരുന്നു. എന്നാൽ ഇന്ന് വികസനരംഗത്ത് പൊൻകുന്നംപട്ടണത്തിന് വളരെയൊന്നും മുന്നേറുവാൻ കഴിഞ്ഞിട്ടില്ലെന്നു കാണാം. ടൗണിൽ ദിവസേന ഉണ്ടാകുന്ന റോഡപകടങ്ങൾ വാഹനബാഹുല്യത്തെയും റോഡുകളുടെ അപര്യാപ്തതയെയും വെളിവാക്കുന്നുണ്ട്. വാഹനങ്ങളുടെ എണ്ണത്തിനനുസൃതമായി ടൗണിൽ സൗകര്യങ്ങൾ വർധിക്കുന്നില്ല. നമ്മുടെ ബസ്സ്റ്റാൻഡ് പലപ്പോഴും മരണക്കെണിയായി മാറാറുണ്ടെന്നതാണ് സത്യം. ബസ്സ്റ്റാൻഡ് വികസനം അടിയന്തിരപ്രാധാന്യമർഹിക്കുന്നു. ടൗൺവികസനത്തെ സംബന്ധിച്ച ചുരുക്കം ചില നിർദേശങ്ങൾ താഴെ ചേർക്കുന്നു:

1. പൊൻകുന്നം ബസ്സ്റ്റാൻഡ് വികസനത്തിനും ഷോപ്പിങ് കോംപ്ലക്സിന്റെ നിർമാണത്തിനുംവേണ്ടി ബസ്സ്റ്റാൻഡിനോടു ചേർന്നുള്ള സ്വകാര്യഉടമസ്ഥതയിലുള്ള 12 സെന്റോളം സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണം.

2. ടൗൺശുചീകരണം ചിട്ടയായും ക്രമമായും നടത്താൻ നടപടിയുണ്ടാവണം. ടൗൺമാലിന്യങ്ങൾ ശേഖരിച്ച് കൊണ്ടുപോകുന്നതിന് വാഹനവും നിക്ഷേപിക്കുന്നതിന് സ്ഥലവും വാങ്ങണം.

ചെലുത്തണം.

5. ടാക്സി ഓട്ടോകൾക്ക് സൗകര്യപ്രദമായ സ്റ്റാൻഡ് കണ്ടെത്താൻ ശ്രമിക്കണം.

6. രാജേന്ദ്രമൈതാനവും ചരിത്രപ്രസിദ്ധമായ കിണറും പുനരുദ്ധരിച്ച് സംരക്ഷിക്കണം.

7. ടൗണിനോട് ചേർന്നുള്ള റോഡുകളുടെ വികസനത്തിന് അടിയന്തിരപ്രാധാന്യം കൊടുക്കണം.

എ) എ.കെ.പാച്ചുപിള്ള റോഡ് (പോസ്റ്റോഫീസ് റോഡ്) വീതി കൂട്ടി ടാർ ചെയ്യുക.

ബി) ബസ്സ്റ്റാൻഡിനെയും പാലാറോഡിനെയും ബന്ധിപ്പിക്കുന്ന സബ്ജയിൽറോഡ് വാഹനഗതാഗതത്തിന് അനുയോജ്യമാക്കുക.

സി) പി.പി.റോഡിൽനിന്നും കെ.കെ.റോഡിലെ പഴയചന്തയിലേക്കുള്ള റോഡ്, രാജേന്ദ്രമൈതാനം റോഡ്, കോയിപ്പള്ളികോളനി റോഡ് തുടങ്ങിയവ അടിയന്തിര വികസനം അർഹിക്കുന്നവയാണ്.

8. കെ.കെ.റോഡിലെ വാഹനപാർക്കിങ് ഒഴിവാക്കണം.

കെ.എസ്.ആർ.ടി.സി. ഡിപ്പോ

വളരെ പ്രതീക്ഷയോടെ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാൻഡും ഡിപ്പോയും ഇന്ന് പ്രവർത്തനമാന്ദ്യത്തിലാണ്. ലാഭകരമായി പ്രവർത്തിച്ചിരുന്ന പല സർവീസുകളും നിർത്തലാക്കി. ഷെഡ്യൂളുകളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവും വെട്ടിക്കുറച്ചു. കണക്കുകൾ താഴെ ചേർക്കുന്നു:

കെ.എസ്.ആർ.ടി.സി. പ്രവർത്തനം പട്ടിക

വർഷം	ഷെഡ്യൂൾ എണ്ണം	ജീവനക്കാർ ആകെ എണ്ണം
1991	27	280
1996	16	161

ലാഭകരമായ സർവീസുകൾ നിർത്തലാക്കിയവ:

1) എറണാകുളം, തേക്കടി
2) തേക്കടി, ആലപ്പുഴ
3) പൊൻകുന്നം, മാനന്തവാടി
4) പൊൻകുന്നം, സുൽത്താൻബത്തേരി
5) പൊൻകുന്നം, തിരുവനന്തപുരം

കെ.എസ്.ആർ.ടി.സി. പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ ശ്രമങ്ങൾ ഉണ്ടാവണം.

ഗ്രാമസഭാനിർദേശങ്ങൾ

വാർഡ് ഒന്ന്

1. മാന്തറ-പനമറ്റം റോഡ് 8 മീറ്റർ വീതിയിൽ ടാർ ചെയ്യുകയും രണ്ടു കലുങ്കുകൾ തീർക്കുകയും ചെയ്യുക. ഈ റോഡിൽ 100 മീറ്റർ റീട്ടേണിങ്വാൾ പണിയണം.
2. ഒന്നാം മൈൽ-പനമറ്റം (നെഹ്റുറോഡ്) ടാർ ചെയ്യണം. ഈ റോഡും മാന്തറ-പനമറ്റം റോഡും തമ്മിൽ ബന്ധിപ്പിക്കുവാൻ കലുങ്കു തീർക്കുക.
3. ഇരുപതാം മൈൽ-പുന്നത്താനം റോഡ് ടാർ ചെയ്യണം.
4. ആനിവേലി-പനമറ്റം റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണം.
5. അട്ടിക്കൽ പഴയചന്ത റോഡ് (രാജീവ്ഗാന്ധിറോഡ്) കലുങ്കുകൾ തീർത്ത് ബൈപാസായി ഉപയോഗപ്പെടുത്തണം. കെ.കെ.റോഡുമായി സന്ധിക്കുന്ന ഭാഗത്ത് വെയിറ്റിങ്ഷെഡ് പണിയണം.
6. പുളിമൂട് പനമറ്റം റോഡ് ടാർ ചെയ്യണം.
7. പാട്ടുപാറ മഹലം റോഡ് ടാർ ചെയ്യണം.
8. അട്ടിക്കൽ മാന്തററോഡിൽ തേക്കുംതോട്ടംപടിക്കൽ 50 മീറ്റർ റീട്ടേണിങ്വാൾ കെട്ടണം.
9. പാട്ടുപാറ-മംഗലം കോളനിറോഡ് പഞ്ചായത്ത് ഏറ്റെടുക്കണം. ഈ റോഡിൽനിന്നും കോളനിയിലേക്ക് നടകൾ പണിയണം.

വാർഡ് രണ്ട്

1. റോഡ്സൗകര്യങ്ങൾ കുറവായ പത്താശേരിപ്രദേശത്ത് റോഡ് പണിയണം.
2. താന്നിമൂട്-ആനക്കയം റോഡ് തമ്പലക്കാടുമായി ബന്ധിപ്പിക്കുകയും ഈ റോഡ് ടാർ ചെയ്യുകയും ചെയ്യുക.
3. ശാന്തി-മഞ്ഞാവിൽ കോളനിറോഡ് ടാർ ചെയ്യണം.
4. കൊക്കോഫാക്ടറിക്ക് സമീപത്തുനിന്ന് മേലരുവിയിലേക്കുള്ള ഇടവഴി നടകെട്ടി സഞ്ചാരയോഗ്യമാക്കുക.
5. ചക്യാനിക്കുഴിഷാപ്പിനു സമീപമുള്ള ഇടവഴി വികസിപ്പിച്ച് റോഡാക്കുക.
6. ചേപ്പുംപാറ-ആനക്കയം റോഡ് ഗതാഗതയോഗ്യമാക്കുക. ആനക്കയംറോഡിൽ സംരക്ഷണഭിത്തി പണിയുക.
7. പൊൻകുന്നം ഗവ. ഹൈസ്കൂളിനു മുൻവശത്ത് റോഡരുകിൽ ഉപേക്ഷിക്കപ്പെട്ട ടാങ്ക് നീക്കം ചെയ്യുക.
8. റോഡരുകിൽ ചപ്പുചവറിടുന്നതും മലിനജലം ഒഴുക്കുന്നതും തടയണം.
9. പൊൻകുന്നം പോസ്റ്റാഫീസ് ജംഗ്ഷനിൽ ബസ്സ്റ്റോപ്പ് അനുവദിക്കണം.
10. റോഡുകൾക്ക് ഓടകൾ തീർക്കണം.
11. കോയിപ്പള്ളി ലക്ഷംവീടുകോളനിയിൽകൂടിയുള്ള വഴി നട കെട്ടി സുരക്ഷിതമാക്കുക.
12. ശാന്തിആശുപത്രിക്കു സമീപത്തുകൂടി കരിക്കാട്ടുകുന്നേൽ പുരയിടത്തിനടുത്തുകൂടി പോകുന്ന ഇടവഴി നട കെട്ടി നന്നാക്കുക.
13. റോഡുകളുടെ അറ്റകുറ്റപ്പണി വാർഡുമെമ്പറുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടത്തുക.

വാർഡ് മൂന്ന്

1. പൊൻകുന്നം ഗാരേജിൽനിന്നും നിർത്തലാക്കിയ ദീർഘദൂരസർവീസുകൾ പുനഃസ്ഥാപിക്കുക.
2. പൊൻകുന്നംടൗണിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്ററോഫീസ് സ്ഥാപിക്കുക.
3. പൊൻകുന്നം ടൗണിൽ വൺവെസംവിധാനം ഏർപ്പെടുത്തുക.
4. ജനവാസം കൂടുതലുള്ള പ്രദേശങ്ങളിൽ വാഹനങ്ങൾക്കു പോകത്തക്കവിധം റോഡുകൾക്ക് വീതി കൂട്ടുക.
5. കെ.കെ.റോഡിലും മറ്റും വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുക.
6. പൊൻകുന്നം ടൗണിൽ പൈപ്പുകൊണ്ടു നടപ്പാത വേർതിരിക്കുക.

വാർഡ് നാല്

1. കെ.വി.എം.എസ്. ആശുപത്രിക്ക് താഴ്ഭാഗത്തുള്ള പൈനാനിപുരയിടത്തിൽകൂടി ചിത്രാഞ്ജലി ജംഗ്ഷൻവരെയുള്ള റോഡിന്റെ ബാക്കി ഭാഗം ടാർ ചെയ്യുക. വഴിവിളക്കുകൾ കത്താൻ നടപടി ഉണ്ടാക്കുക.
2. കെ.വി.എം.എസ്. കവലയിൽ വെയിറ്റിങ് ഷെഡ്.
3. പൊൻകുന്നം ഗവ.ഹൈസ്കൂളിനടുത്തുള്ള പെട്രോൾ പമ്പിനു സമീപത്തുകൂടി കെ.വി.എം.എസ്. ആശുപത്രിയിലേക്കുള്ള പാരലൽ റോഡ് ഗതാഗതയോഗ്യമാക്കുക. ഇതിനാവശ്യമായ സ്ഥലം വ്യക്തികൾ നല്കും.
4. പി.എൻ.പി. റോഡ് വീതി കൂട്ടി ടാറിടണം.
5. കമലാബസാറിൽ ബസ്സ്റ്റോപ്പനുവദിക്കുക.
6. കെ.വി.എം.എസ്. കവലയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻ പടിഞ്ഞാട്ടു പോകുന്ന വാഹനങ്ങൾ ചിറ്റാട്ടുപടിക്കൽ നിർത്തണം.
7. വാളിപ്ലാക്കൽപടിക്കൽ പൊളിച്ചിട്ടിരിക്കുന്ന കലുങ്കു നന്നാക്കുക. റോഡു പണിയുക.
8. നേതാജിറോഡിൽനിന്നും പി.എൻ.പി. റോഡിലേക്ക് ഇറങ്ങുന്ന ഭാഗം ഗതാഗതയോഗ്യമാക്കുക.
9. വില്ലൻചിറ-തകടിയേൽപടി റോഡിൽ സ്ട്രീറ്റ്ലൈറ്റ് അനുവദിക്കുക.
10. തിയേറ്റർപടി കെ.വി.എം.എസ്. റോഡ് ടാർ ചെയ്യുക.
11. മഴുവഞ്ചേരിപടി, താവൂർഭാഗം എന്നിവിടങ്ങളിൽ കലുങ്ക് പണിയുക.
12. കെ.വി.എം.എസ്. റോഡിൽ സ്ട്രീറ്റ്ലൈറ്റ് അനുവദിക്കുക.
13. നേതാജി-അടിച്ചിപ്ലാവ് റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് ടാറിങ് നടത്തുക.
14. വാർഡിലെ ചെറിയ ഇടവഴികളിൽനിന്നും വീടുകളിലേക്ക് കയറാൻ ജനപങ്കാളിത്തത്തോടെ നട കെട്ടുക.
15. കെ.വി.എം.എസ്. റോഡിൽ പലയക്കുന്നേൽ പടിക്കൽനിന്ന് പി.എൻ.പി. റോഡിലേക്ക് കടക്കുന്ന ഭാഗത്തെ തോടിനു കലുങ്ക് പണിയുക.
16. ആശുപത്രിപ്പടി-മറ്റത്തിൽപ്പടി റോഡിന്റെ ടാറിങ് പൂർത്തിയാക്കുക.
17. വില്ലൻചിറ-തകടിയേൽപ്പടി റോഡിന്റെ ബാക്കി ഭാഗം ടാർ ചെയ്യുക.
18. പി.എൻ.പി. റോഡിൽ പാണ്ടിമാക്കൽ പടിക്കൽ കലുങ്ക് പണിയണം.

വാർഡ് അഞ്ച്

1. മഞ്ഞപ്പള്ളിക്കുന്ന് കവല കെട്ടിയുയർത്തി വീതി കൂട്ടി റോഡ് ശരിയാക്കണം.
2. പുനലൂർ ഹൈവേയുടെ റൂട്ട് മാറ്റാനുള്ള ശ്രമത്തെ പരാജയപ്പെടുത്തണം.
3. ഓടകൾ ഇല്ലാതാകുന്ന സ്ഥിതി ഒഴിവാക്കണം. ഓടകൾ ഇല്ലാത്തതിനാൽ വെള്ളം റോഡിലൂടെ ഒഴുകി റോഡുകൾ നശിക്കുന്നു. ഇങ്ങനെ കവിഞ്ഞൊഴുകുന്ന മലിനജലം കെട്ടിനില്ക്കുന്നതുമൂലം കൊതുകുകൾ പെരുകുന്നു. ഇത് തുടച്ചുമാറ്റപ്പെട്ട മലേറിയ തുടങ്ങിയ രോഗങ്ങളുടെ തിരിച്ചുവരവിന് കാരണമാകുന്നു.
4. അടഞ്ഞുകിടക്കുന്ന കലുങ്കുകൾ തുറക്കണം. ഇത്തരത്തിലുള്ള മൂന്നു കലുങ്കുകൾ പൊൻകുന്നം മണ്ണൻപ്ലാവ് റോഡിലുണ്ട്. വെള്ളമൊഴുക്കിനെ ഇത് തടസ്സപ്പെടുത്തുന്നു.
5. മഴക്കാലത്തുള്ള റോഡ്ടാറിങ് ഒഴിവാക്കണം.
6. റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കണം. ഏതു പ്രദേശത്താണോ റോഡു പണിയുന്നത് ആ പ്രദേശത്തുനിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ടോ മൂന്നോ ആളുകളടങ്ങുന്ന കമ്മിറ്റിക്ക് സാങ്കേതികവിദഗ്ധരിൽനിന്നും ഉപദേശം തേടിക്കൊണ്ട് ഇത്തരം റോഡു പണികളെ സൂപ്പർവൈസ് ചെയ്യാനുള്ള അധികാരം ഉണ്ടായിരിക്കണം.
7. മറ്റത്തിൽപ്പടി ആശുപത്രിപ്പടി റോഡ്, ഇടത്തംപറമ്പ് നെല്ലിമൂട്ടിൽപ്പടി റോഡ്, മറ്റത്തിൽപ്പടി പേരൂക്കവല റോഡ്, ആനകുത്തി കുടുംബിയാംകുഴി റോഡ്, കുര്യൻ പ്ലാക്കൽപ്പടി ആഴാന്തിക്കുഴി റോഡ്, പെരുവേലിൽപ്പടി മൂലേപ്പറമ്പിൽപ്പടി റോഡ്, കെ.വി.എം.എസ്. (ജയശ്രീ) പാറക്കടവ് റോഡ്, തിയേറ്റർപ്പടി വായനശാലാപ്പടി റോഡ് തുടങ്ങിയ റോഡുകൾക്ക് മുൻഗണന കൊടുത്ത് ടാറിങ് നടത്തണം.
8. അഴകാത്തുപടിക്കൽനിന്നും പുളിക്കൽഭാഗത്തേക്ക് വെട്ടിത്തുറന്ന റോഡിന്റെ നടുവിലെ കല്ലുകൾ നീക്കം ചെയ്യുകയും ആവശ്യമായ കലുങ്ക് നിർമിക്കുകയും വേണം.
9. അമ്പലം മൂലകുന്ന് റോഡിന്റെ മാക്കുന്നുഭാഗത്ത് ആവശ്യമായ വീതിയിൽ ടാറിങ് നടത്തുന്നില്ല. ഇവിടെ 8 മീറ്റർ വീതിയിൽ റോഡുണ്ട്. ആവശ്യമായ സറണ്ടർ ഫാറവും നല്കിയിട്ടുള്ളതാണ്. ഈ കാര്യത്തിന് മുൻഗണന നല്കി വീതി കൂട്ടേണ്ടതാണ്.
10. മുളവേലിപ്പടിക്കലുള്ള റോഡിന് കുറുകെ നടപ്പാലം കെട്ടുകയോ കുറഞ്ഞപക്ഷം രണ്ട് സിമിൻറ് സ്ലാബുകളെങ്കിലും സ്ഥാപിക്കുകയോ ചെയ്യണം.

വാർഡ് ആറ്

ടാർ ചെയ്യേണ്ട റോഡുകൾ

1. എൻ.എസ്.എസ്. കരയോഗം ഏർത്തയിൽപടിറോഡ്
2. ഗ്രാമദീപം വായനശാല കാഞ്ഞിരപ്പള്ളി ഹൈസ്കൂൾപടി റോഡ്
3. ഗ്രാമദീപം കാരിപൊയ്ക റോഡ്
4. ചിറക്കടവ് അമ്പലം കാരിപൊയ്ക റോഡ്

5. സനാതനം യു.പി.എസ്. കത്തലാങ്കൽപടി റോഡ്
6. ചേന്നംപള്ളിപ്പടി തെക്കേത്തുപടി റോഡ്
7. മറത്തിൽപടി ഗവ. ആശുപത്രിറോഡ്
8. ചിറക്കടവ് അമ്പലം മൂലകുന്നു റോഡിൽ കണയത്തോടിന്റെ ഭാഗത്ത് സംരക്ഷണഭിത്തി കെട്ടുക.

വാർഡ് ഏഴ്

1. കാട്ടറപ്പള്ളി-കയ്യൂരി റോഡ്, ചേർപ്പത്തുകവല കയ്യൂരി റോഡ്, കളരിപ്ലാക്കൽ വള്ളീഭാഗം റോഡ്, ഇടത്തംപറമ്പ് നെല്ലിമൂട് റോഡ്, കുരങ്ങൻമല-അരീക്കുന്നേൽപടി റോഡ്, ഇടത്തംപറമ്പ് വണ്ടങ്ങൻപടി മൈലാങ്കാവ് റോഡ് ഇവ അടിയന്തിരമായി ടാറിങ് നടത്തണം.
2. കല്ലൂക്കുളം-ചെന്നാകുന്ന് റോഡ്, പാമ്പക്കൽപടി വയലുങ്കൽ റോഡ്, കുമ്പളാനി-പന്യാംമാക്കൽ റോഡ്-ചിലമ്പിൽപടി, വയലുങ്കൽ-പാമ്പക്കൽപടി (ചെന്നാകുന്ന്) റോഡ് തുടങ്ങിയവയുടെ പണി പൂർത്തിയാക്കണം.
3. മുട്ടത്തുകവല-ഇരുമ്പുകുഴി റോഡ് കുണ്ടും കുഴിയുമായി ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. അടിയന്തിരമായി അറകുറപ്പണികൾ നടത്തണം.

വാർഡ് എട്ട്

1. കല്ലൂർപടി അരുക്കുലന്നൽ റോഡ് ഗതാഗതയോഗ്യമാക്കുക.
2. ചെമ്മാക്കൽപടി-കുരങ്ങൻമല റോഡ്
3. വേട്ടോർപുരയിടം-കാരക്കാമറ്റം റോഡ് ടാർ ചെയ്യുക.
4. തെക്കേത്തുകവല-കളമ്പുകാട്ടുപടി റോഡ് പൂർത്തിയാക്കുക.
5. തെക്കേത്തുപടി-പാലക്കയം റോഡ് പൂർത്തിയാക്കുക.
6. എസ്.ആർ.വി. പടി-കത്തലാങ്കൽപടി റോഡ് ടാർ ചെയ്തു പൂർത്തിയാക്കുക. ഈ റോഡ് പി.ഡബ്ല്യു.ഡി. ഏറെറടുക്കുക.
7. വേട്ടോർപുരയിടം-കാരക്കാമറ്റം റോഡിലെ കലുങ്കു പണി തീർക്കുക.
8. തെക്കേത്തുപടി-കാരിപൊയ്ക റോഡ് ടാർചെയ്ത് പറപ്പള്ളിത്താഴെ റോഡിലേക്കു ചേർക്കുക.
9. പടനിലം-കാരക്കാമറ്റം റോഡിന്റെ ടാറിങ്ജോലി തീർക്കുക.
10. മുങ്ങത്തക്കവല-മംഗലത്തുപടി റോഡിലെ കലുങ്കുപണി തീർക്കുക.
11. വേട്ടോർപുരയിടം കുമ്പുക്കൽ റോഡ് പി.ഡബ്ല്യു.ഡി. ഏറെറടുക്കുക.
12. ചിറക്കടവ് അമ്പലം 19-ാം മൈൽ റോഡിലൂടെ ബസ്സർവീസ് ആരംഭിക്കുക.
13. കുരങ്ങുംമല അരിക്കുന്നേൽ റോഡ് ടാർ ചെയ്യുക.
14. വേട്ടോർപുരയിടം തകടിഭാഗം റോഡിൽ അരിഞ്ഞേടത്തുഭാഗത്ത് കലുങ്ക് നിർമിക്കുക.

വാർഡ് ഒൻപത്

1. പാറാംതോട്-മൂലേപ്ലാവു റോഡ് ടാർ ചെയ്യുക. ഇരുവശവും ഓട തീർക്കുക.
2. ഭജനമഠം കൊട്ടാടിക്കുന്നു-തെക്കേത്തുകവല റോഡ് ടാർ ചെയ്യുക.
3. ചെറുവള്ളി അമ്പലം-തെക്കുംഭാഗം കുന്നത്തുപുഴ റോഡ് ടാർ ചെയ്യുക.
4. പാലേക്കുഴി-പാമ്പൂരിക്കൽപടി റോഡ് ടാർ ചെയ്യുക.
5. പടനിലം-പാറാന്തോടുകോളനി റോഡ് ടാർ ചെയ്യണം.
6. കിഴക്കേക്കവല-കൈലാത്തുകവല റോഡിൽ ശേഷിക്കുന്ന ഭാഗം ടാർ ചെയ്യുക.
7. തെക്കേത്തുകവല-മലയിൽ തെക്കേൽപടി റോഡ് ടാർ ചെയ്യുക. കലുങ്കുപണി തീർക്കുക.
8. കൊട്ടാടിക്കൽപടി-മരുതോലിൽപടി റോഡ് ഒരു കിലോമീറർ ടാർ ചെയ്യുക.
9. വാഴവേലിപ്പടി-വയലിപ്പടി റോഡ് ടാറ് ചെയ്യുക.
10. ചേർപ്പത്തുകവല-തെക്കേത്തുകവല പി.ഡബ്ല്യു.ഡി. റോഡ് മെയിൻറനൻസ് നടത്തുക.
11. ചെറുവള്ളി അമ്പലം, കൈലേത്തുകവല, പാറാംതോടു കോളനി എന്നിവിടങ്ങളിൽ വെയിറിങ് ഷെഡ് നിർമിക്കുക.

വാർഡ് പത്ത്

1. വാർഡിലെ 5 റോഡുകൾ നന്നാക്കുക.
2. മണ്ണംപ്ലാവ്-കൊല്ലാംപടി റോഡ് ടാർ ചെയ്യുകയും ഓട നിർമിക്കുകയുംചെയ്യുക.
3. ഇടശ്ശേരിപ്പടി റോഡിന് വീതി കൂട്ടുക.
4. കത്തലാങ്കൽപ്പടി-പറപ്പള്ളിത്താഴെ റോഡിന്റെ ബാക്കി ഭാഗം ടാർ ചെയ്യുക. ഇത് പി.ഡബ്ല്യു.ഡി. ഏറെറടുക്കുക.
5. കാരിപൊയ്ക-മുങ്ങത്തറക്കവല റോഡ് നന്നാക്കുക.
6. മോട്ടോർപുര കുമ്പുക്കൽ റോഡ് ബ്ലോക്ക് ഏറെറടുക്കുക.
7. പഞ്ചായത്തുവക സ്ഥലങ്ങൾ സ്വകാര്യവ്യക്തികൾ കയ്യേറുന്നതിനെതിരെ നടപടി സ്വീകരിക്കുക.
8. മണ്ണംപ്ലാവ്-കൊല്ലപ്പടിറോഡും മോട്ടോർപുരയിടം-കുമ്പുക്കൽ റോഡും കാരിപൊയ്ക മുങ്ങത്തറക്കവല റോഡും സഞ്ചാരയോഗ്യമാക്കുക.
9. സെൻറ് ഇഫ്രേംസ് ഹൈസ്കൂൾ ആയുർവേദാശുപത്രി റോഡ് , ക്രേപ്പുമില്ലുപടി-കത്തലാങ്കൽപടി റോഡ് ഇവ ടാർ ചെയ്യുക.
10. മൂന്നാം മൈൽ-കോട്ടകയം റോഡ് പണിയുക.
11. മുങ്ങത്തറ-മുസ്ലിംപള്ളി റോഡിലെ ചപ്പാത്തു നന്നാക്കുക.
12. കാഞ്ഞിരപ്പള്ളി-മണിമല, പൊൻകുന്നം-എരുമേലി കെ.എസ്.ആർ.ടി.സി. ബസ് ആരംഭിക്കുക.
13. ചിറക്കടവ് സെൻറ് ഇഫ്രേംസ് എച്ച്.എസ്.—ഗവ. ആശുപത്രിപടി റോഡ് ടാർ ചെയ്യുക.

വാർഡ് പതിനൊന്ന്

1. വാളക്കയം-അമ്പലംപടി റോഡിന്റെ ടാറിങ് പൂർത്തിയാക്കുക.
2. കുന്നത്തുപുഴ-അമ്പലം റോഡ് ടാർ ചെയ്യുക.
3. പടനിലം-കാരക്കാമറ്റം റോഡിന്റെ ടാറിങ് പൂർത്തിയാക്കുക.
4. വാഴവേലിപ്പടി-വയലിപ്പടി റോഡ് ടാർ ചെയ്യുക.
5. പൊൻകുന്നം-മണിമല, കാഞ്ഞിരപ്പള്ളി-മണിമല കെ.എസ്.ആർ.ടി.സി. ആരംഭിക്കുക.
6. മണ്ണനാനി, ചെറുവള്ളി, അമ്പലംപടി, വാളക്കയം, കാരക്കാമറ്റം എന്നിവിടങ്ങളിൽ വെയിറ്റിങ് ഷെഡ് പണിയുക.
7. ചെറുവള്ളി അമ്പലം മണ്ണനാനി റോഡിലും കുന്നത്തുപുഴ കാരക്കാമറ്റം ഭാഗത്തും വഴിവിളക്കുകൾ കത്തിക്കുക.
8. പടനിലം, പഴയിടം, കുന്നത്തുപുഴ, വാളക്കയം, കാരക്കാമറ്റം എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് അനുവദിക്കുക.
9. പാറാംതോട്-മരുതോലിൽ റോഡ് ടാർ ചെയ്യുക.
10. ചെറുവള്ളി അമ്പലംഭാഗത്ത് ത്രീഫേസ് കമ്പിവലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
11. മണ്ണനാനി ചെറുവള്ളി റോഡിലെ ടെലഫോൺ കുഴികൾ നികത്തുക.
12. വാർഡിലെ പി.ഡബ്ല്യു.ഡി. റോഡിന്റെ അറ്റകുറ്റപ്പണി നടത്തുക.
13. കിഴക്കേകവല-കൈലാത്തുകവല റോഡിലെ കലുങ്കു പൂർത്തിയാക്കുക.

വാർഡ് പന്ത്രണ്ട്

1. പൗവ്വത്തുകവല-മൂലേപ്ലാവ് റോഡ് റീടാർ ചെയ്യുകയും കഴിയുമെങ്കിൽ പി.ഡബ്ല്യു.ഡി.യെ ഏറ്റെടുപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും വേണം. ഈ റോഡ് 9, 12 വാർഡുകളെ ബന്ധിപ്പിക്കുന്നത് മാത്രമല്ല ഏതാണ്ട് അഞ്ചോളം ബസ്സർവീസുകളുമുണ്ട്. പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ട ഈ റോഡിന്റെ ടാറിങ് പൊട്ടിപ്പൊളിഞ്ഞ് കുണ്ടും കുഴിയുമായി കിടക്കാൻ തുടങ്ങിയിട്ട് നാളുകളായി. ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കണം.
2. പൊൻകുന്നം സർവീസ് ബാങ്കിന്റെ ചെറുവള്ളി ബ്രാഞ്ചുപടി മഞ്ഞപ്പള്ളിപടി റോഡും തത്തൻപ്ലാവ് ഇളങ്ങോയി റോഡും തമ്മിൽ മഞ്ഞപ്പള്ളിപടിക്കൽ തോട്ടിനു കുറുകെ ഒരു നടപ്പാലംകൊണ്ട് ബന്ധിപ്പിക്കുക.
3. വാഴൂർ വലിയതോടിനു കുറുകെ ഇടമണ്ണേൽപടിക്കൽ ഒരു നടപ്പാലം നിർമിക്കുക.
4. ഉള്ളായം തകിടിപ്പുറം റോഡ് നിർമിക്കുന്നതിന് ധനസഹായം ലഭ്യമാക്കുക.
5. പുളിച്ചുമാക്കൽ നിർമിക്കപ്പെട്ടിരിക്കുന്ന നടപ്പാലം ഇടിഞ്ഞുപൊളിഞ്ഞ നിലയിലാണ്. ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്.
6. വയലിപ്പടി-സൊസൈറ്റിപ്പടി തത്തൻപ്ലാവ്, (അടാമറ്റം) ഇളങ്ങോയിപ്പടി, ഉള്ളായം-മുടക്കയം എന്നീ റോഡുകൾ ടാർ ചെയ്യേണ്ടതാണ്.
7. ഇളങ്ങോയി കലുങ്ക് പണിയുക.
8. 4-ാം മൈൽ ഇളങ്ങോയി റോഡ് ഗതാഗതയോഗ്യമാക്കുക.

ഊർജം

1950 മാർച്ച് 16-ാം തീയതി കൂടിയ പൊൻകുന്നം വില്ലേജ് യൂണിയന്റെ കമ്മിറ്റിയോഗത്തിൽ താഴെപ്പറയുന്ന ഒരു തീരുമാനം എടുക്കുകയുണ്ടായി. "പാലായിൽനിന്നും പൊൻകുന്നത്തേക്ക് ഇലക്ട്രിക് ലൈൻ നീട്ടിക്കിട്ടുന്നതിന് വേണ്ട നടപടികൾ നടത്തുന്നതിന് ഡയറക്ടർ അവർകളോട് അപേക്ഷിക്കാൻ തീരുമാനിച്ചു." ഇതേത്തുടർന്ന് 1952-ഓടുകൂടി നമ്മുടെ പഞ്ചായത്തിൽ ആധുനികമനുഷ്യന്റെ ശാസ്ത്രീയ നേട്ടങ്ങളിൽ ഒന്നായ വൈദ്യുതി എത്തിച്ചേർന്നതായി മനസ്സിലാക്കാം.

നമ്മുടെ ജീവിതക്ലേശങ്ങൾ ലഘൂകരിക്കാൻ വൈദ്യുതി വഹിക്കുന്ന പങ്ക് വളരെ വിലപ്പെട്ടതാണ്. വൈദ്യുതി ഇല്ലാത്ത ഏതാനും നിമിഷങ്ങൾപോലും നമുക്കിന്ന് തീർത്തും ദുസ്സഹമായിത്തീർന്നിട്ടുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ 6285 കുടുംബങ്ങളിൽ ഇനിയും വൈദ്യുതി കടന്നുചെല്ലാത്ത 2092 കുടുംബങ്ങൾകൂടി അവശേഷിക്കുന്നു. 33 ശതമാനത്തോളം കുടുംബങ്ങൾ ഇന്നും ഇരുട്ടിലാണ് (അവലംബം: റേഷൻകാർഡ് കണക്ക്). ഇവരിൽ വൈദ്യുതി കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്നത് കേവലം 92 കുടുംബങ്ങൾ മാത്രമാണ്. 33 ശതമാനത്തോളം കുടുംബങ്ങൾ ഇരുട്ടിൽ കഴിയുമ്പോൾ നമ്മുടെ വികസന സങ്കല്പങ്ങൾ സാക്ഷാത്കരിക്കുവാൻ ഇനിയും എത്രയോ മുന്നേറേണ്ടിയിരിക്കുന്നു.

വൈദ്യുതി ഗാർഹിക വ്യാപാരാവശ്യങ്ങൾക്കായാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതലുപയോഗിക്കുന്നത്. വ്യാവസായികാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. വൈദ്യുതി ഉപഭോക്താക്കളെ സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു.

ഉപഭോക്താക്കൾ ആകെ	5390
ഗാർഹികം	4246
വ്യാപാരം	935
വ്യവസായം	61
കാർഷികം	19

27 ട്രാൻസ്ഫോർമറുകൾ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും ഉപഭോക്താക്കളുടെ ഏറ്റവും വലിയ പരാതി വോൾട്ടേജിന്റെ അപര്യാപ്തതയെക്കുറിച്ചാണ്. രാത്രി 10 മണിക്കുശേഷം മാത്രമാണ് പല സ്ഥലത്തും വൈദ്യുതി വെളിച്ചത്തിൽ വായിക്കുവാൻ കഴിയുന്നത്. വൈദ്യുതി ച്ചോർച്ച തടഞ്ഞും ടച്ചിങ്ങുകൾ മുറിച്ചുമാറ്റിയും ആവശ്യമെങ്കിൽ കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും അടിയന്തിരമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതാണ്. കത്താത്ത തെരുവുവിളക്കുകളെ സംബന്ധിച്ചും ഗ്രാമസഭകളിൽനിന്നും ധാരാളം പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തെരുവിളക്കുകൾ മുടക്കംകൂടാതെ പ്രകാശിക്കുവാൻ നടപടികൾ ഉണ്ടാവേണ്ടതാണ്. തെരുവുവിളക്കുകളെ സംബന്ധിച്ച കണക്ക് താഴെ ചേർക്കുന്നു.

തെരുവുവിളക്കുകൾ	
ആകെ എണ്ണം	1006
40 വോൾട്ട്	897
60 വോൾട്ട്	4
100 വോൾട്ട്	1
ട്യൂബ്	87
സോഡിയം വേപ്പർ	17
തെരുവുവിളക്കിന് പഞ്ചായത്തടയ്ക്കുന്ന പ്രതിമാസ വാടക	14612 രൂപ

വിറക്

പാചക ആവശ്യങ്ങൾക്ക് ബഹുഭൂരിപക്ഷം വീടുകളിലും വിറകാണുപയോഗിക്കുന്നത്. വിറകിന്റെ ക്ഷാമവും വിലവർദ്ധനവും രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. പ്രധാനമായും തെങ്ങുല്പന്നങ്ങളും റബ്ബർവിറകുമാണ് നമ്മൾ ഉപയോഗിക്കുന്നത്. ചില ചെറുകിട വ്യവസായങ്ങൾക്കും വിറക് ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്.

മണ്ണെണ്ണ

നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി എത്താത്ത 33% വീടുകളിലും വെളിച്ചത്തിനായി മണ്ണെണ്ണ ഉപയോഗിക്കുന്നു. പാചകാവശ്യങ്ങൾക്കും മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണയുടെ ലഭ്യത കുറഞ്ഞുവരുന്നതു സംബന്ധിച്ച പരാതികൾ വ്യാപകമാണ്. റേഷൻകടകളിൽ അർഹമായ വിഹിതം മണ്ണെണ്ണ ലഭിക്കുന്നില്ലെന്നാണ് കടയുടമകളുടെ പരാതി. മണ്ണെണ്ണ ഉപഭോഗം സംബന്ധിച്ച കണക്ക് പട്ടികപ്പെടുത്തിയിരിക്കുന്നു.

മണ്ണെണ്ണ പെർമിറ്റുകൾ ആകെ എണ്ണം	526
പെർമിറ്റുവഴി വിതരണം ചെയ്ത മണ്ണെണ്ണ (ഒരു മാസം)	5022 ലി.
കാർഡുവഴി വിതരണം ചെയ്ത മണ്ണെണ്ണ (ഒരു മാസം)	17245 ലി.

പാചകവാതകം

ഇൻഡേൻ കമ്പനിയുടെ ഒരു ഗ്യാസ് ഏജൻസി പൊൻകുന്നത്ത് പ്രവർത്തിക്കുന്നു. ഗ്യാസ് ഏജൻസികണക്കുകൾ അനുസരിച്ച് ചിറക്കടവ് പഞ്ചായത്തിലെ 1856 കുടുംബങ്ങൾ പാചകവാതകം ഉപയോഗിക്കുന്നുണ്ട്. 966 പേർ പാചകവാതക കണക്ഷനായി കാത്തിരിക്കുന്നവരാണ്. പാചകവാതകലഭ്യതയെസംബന്ധിച്ചും വിതരണത്തിലെ അപാകതകൾ സംബന്ധിച്ചും ഉപഭോക്താക്കൾക്ക് വ്യാപകമായ പരാതിയാണുള്ളത്.

ഗോബർഗ്യാസ് പ്ലാന്റ്

പഞ്ചായത്തിൽ പശുവളർത്തൽ വ്യാപകമാണെങ്കിലും ഗോബർഗ്യാസ് പ്ലാന്റുകൾ വളരെ കുറവാണെന്നു കാണം. ഗോബർഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുന്നതിന് ഒരു പരിപാടി തയ്യാറാക്കേണ്ടതാണ്. റബ്ബർഷീറ്റ് അടിക്കുമ്പോൾ ലഭിക്കുന്ന വെള്ളത്തിൽനിന്നും പാചകാവശ്യത്തിന് ഉപയോഗിക്കാവുന്ന ഗ്യാസ് ഉല്പാദിപ്പിക്കുന്ന പ്ലാന്റുകൾ നിർമ്മിച്ചുവരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ വളരെയേറെ സാധ്യതയുള്ള ഇത്തരം പ്ലാന്റുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പാരമ്പര്യേതര ഊർജസ്രോതസ്സുകളെ ചൂഷണം ചെയ്ത് നമ്മുടെ ആവശ്യങ്ങൾക്ക് ഉപയുക്തമാക്കുന്ന പ്രവർത്തനങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ നടക്കുന്നില്ല. സൗരോർജവിളക്കുകൾ, സൗരോർജപമ്പുകൾ, സൗരോർജവയറിങ് തുടങ്ങിയവയുടെ ലഭ്യതയെക്കുറിച്ചും സാധ്യതയെക്കുറിച്ചും ജനങ്ങളെ ബോധവത്കരിക്കേണ്ടതാണ്. ശാസ്ത്ര-സാഹിത്യ പരിഷത്തിന്റെ ദക്ഷതകൂടിയ അടുപ്പുകളുടെ പ്രചാരണം പഞ്ചായത്തുതലത്തിൽ വ്യാപകമാക്കണം. വിറകിന്റെ ഉപഭോഗം $^1/_3$ ആയി കുറയ്ക്കുവാൻ കഴിയുന്ന ഈ അടുപ്പുകൾ സബ്സിഡി കൊടുത്തും പ്രചരിപ്പിക്കേണ്ടതാണ്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

വാർഡ് 1

1. 20-ാം മൈൽ പുന്നത്താനം കോളനിയിലേക്ക് റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
2. മാന്തറ പനമറ്റം റോഡിൽ 12 തേക്കു പോസ്റ്റുകൾ മാറ്റി കോൺക്രീറ്റ് തൂൺ ഇടേണ്ടതാണ്. ഇലക്ട്രിക് ലൈനുകൾ താഴ്ന്നു കിടക്കുന്നു. ശരിയാക്കണം.

പാലാ-പൊൻകുന്നം റോഡിൽ സി.എസ്.ഐ. പള്ളി സെമിത്തേരിയിലേക്കുള്ള വഴിയിൽ വഴിവിളക്ക് സ്ഥാപിക്കുക.

3. വഴിവിളക്കുകൾ കത്തിക്കണം. വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.
4. 1-ാം മൈൽ, പുളിഞ്ചുവട് കവല, തൊമ്മനാമറ്റം, മാന്തറ പള്ളിക്കവല ഈ സ്ഥലങ്ങളിൽ മെർക്കുറിലാമ്പുകൾ സ്ഥാപിക്കണം.
5. പാട്ടുപാറക്കവലയിൽ മെർക്കുറിലാമ്പ് സ്ഥാപിക്കണം.

വാർഡ് 2

1. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.
2. എല്ലാ റോഡിലെയും തെരുവുവിളക്കുകളും പ്രധാന ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കണം.
3. ഇപ്പോഴുള്ള സ്ട്രീറ്റ് ലൈറ്റ് കത്തുന്നതിന് നടപടി വേണം.
4. വോൾട്ടേജ് കുറവുള്ള സ്ഥലങ്ങളിൽ അഡീഷണൽ ലൈൻ വലിക്കുകയോ ട്രാൻസ്ഫോർമർ സ്ഥാപിക്കുകയോ ചെയ്യണം.
5. ദുർബ്ബല വിഭാഗങ്ങൾക്ക് വൈദ്യുതി നൽകുന്നതി നാവശ്യമായ സഹായം നൽകണം.
6. മേലരുവി തോട്ടിൽ ഒരു മിനി വൈദ്യുതപദ്ധതി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണം.

വാർഡ് 3

1. സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.
2. 20-ാം മൈലിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.
3. കുക്കിങ്ഗ്യാസ് വിതരണത്തിലുള്ള അഴിമതി പരിഹരിക്കണം.
4. ആധുനിക അടുപ്പുകൾ (പുകയില്ലാത്ത) ഉപയോഗിക്കുന്നതിന് ജനങ്ങളിൽ ബോധവത്കരണം നടത്തണം.

വാർഡ് 4

1. പൊന്നയ്ക്കകുന്നേൽ മുതൽ ചിത്രാഞ്ജലിഭാഗംവരെയുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. സൗജന്യനിരക്കിൽ സോളാർ ലാമ്പുകൾ വിതരണം ചെയ്യുക.

വാർഡ് 5

1. സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നില്ല. ഇത് പരിഹരിക്കണം. മഞ്ഞപ്പള്ളിക്കുന്ന് പേരുക്കവലവരെയുള്ള സ്ട്രീറ്റ് ലൈറ്റ് മണിമലക്കുന്നുവരെ നീട്ടുക. മന്ദിരം സ്കൂൾ പരിസരത്തും മഞ്ഞപ്പള്ളിക്കുന്നിലും ഓരോ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കണം. ടച്ചിങ് മുറിച്ചുമാറ്റണം. തെരുവുവിളക്കിന്റെ സംരക്ഷണം പഞ്ചായത്തിനു നൽകണം. മണ്ണെണ്ണ ലഭ്യത കൂട്ടണം. ഗോബർഗ്യാസ്, റബ്ബർ ഷീറ്റ് ജലഗ്യാസ് പ്ലാൻറുകൾ ഇവ സ്ഥാപിക്കാൻ സഹായം നൽകണം.

വാർഡ് 6

1. ഗ്രാമദീപം ജംഗ്ഷൻ, പറപ്പള്ളി താഴത്തുകവല, എസ്.ആർ.വി.എൻ.എസ്.എസ്.ഹൈസ്കൂൾ, പൊന്നയ്ക്കൽകുന്ന് എന്നിവിടങ്ങളിൽ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കുക.
2. താവൂർ ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

വാർഡ് 7

1. പ്ലാവോലിൽ, മുട്ടത്തുകവല ഭാഗത്തെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.
2. പുകയില്ലാത്ത അടുപ്പുകൾക്ക് പ്രചരണം കൊടുക്കണം.
3. ബയോഗ്യാസ് പ്ലാൻറുകളും റബ്ബർഷീറ്റ് വെള്ളത്തിൽ നിന്നും ലഭിക്കുന്ന ഗ്യാസ്പ്ലാൻറുകളും പ്രചരിപ്പിക്കണം.
4. സൗരോർജ വിളക്കുകൾ എല്ലാ കവലയിലും സ്ഥാപിക്കണം.
5. പ്ലാവോലിക്കവലയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
6. കവലകളിൽ സോഡിയം വേപ്പർലാമ്പുകൾ സ്ഥാപിക്കുക.

വാർഡ് 8

1. വൈദ്യുതി എത്താത്ത ഭാഗത്ത് ലൈൻ വലിച്ച് കണക്ഷൻ കൊടുക്കുക.
2. ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി കൊടുക്കുക.
3. 8-ാം വാർഡിലെ തെരുവുവിളക്കുകൾ കത്തിക്കുക.
4. വേട്ടോർ പുരയിടം-മുങ്ങത്രറോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.
5. വേട്ടോർപുരയിടം-അരിഞ്ചടത്തുപടി റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

വാർഡ് 9

1. കൈലാത്തുകവല ഭജനമഠം ഭാഗത്ത് വോൾട്ടേജ് ക്ഷാമം. കിഴക്കേകവലയിൽനിന്നും കൈലാത്തുകവലവരെ അനുവദിച്ചിട്ടുള്ള 11 കെ.വി. ലൈൻ വലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
2. വഴിവിളക്കുകൾ കത്തുന്നില്ല. കൈലാത്തുകവല, ചേർപ്പത്തുകവല, പാറാംതോടു കോളനി എന്നിവിടങ്ങളിൽ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കണം.

വാർഡ് 10


1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ ഒരു ട്രാൻസ് ഫോർമർകൂടി അനുവദിക്കണം.
2. പള്ളിപ്പടി മണ്ണംപ്ലാവ്, കത്തലാങ്കൽ പടി, മൂന്നാംമൈൽ എന്നിവിടങ്ങളിൽ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കുക.
3. പറപ്പള്ളിത്താഴെ, കത്തലാങ്കൽപടി, കുമ്പുക്കൽ-മുണ്ടത്തക്കവല, മൂന്നാംമൈൽ, കോടക്കയം റോഡ്, പാലക്കയം, തെക്കേത്തുപടി റോഡ് ഇവിടെ സ്ട്രീറ്റ് ലൈറ്റനുവദിക്കുക.

വാർഡ് 11

1. പടനിലം, ചെറുവള്ളി അമ്പലം റോഡിലും കിഴക്കേപടി കൈലാത്തുകവല റോഡിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക.
2. പടനിലത്തു സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കുക.
3. ചെറുവള്ളി അമ്പലം മണ്ണനാനി റോഡിലും കുന്നത്തുപുഴ കാരയ്ക്കാമറ്റം ഭാഗത്തും വഴിവിളക്കുകൾ കത്തിക്കുക.
4. പഴയിടം, കുന്നത്തുപുഴ, വാളക്കയം, കാരയ്ക്കാമറ്റം എന്നിവിടങ്ങളിൽ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കുക.
5. ചെറുവള്ളി അമ്പലം ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് ത്രീഫേസ് വലിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കുക.

വാർഡ് 12

1. മൂലേപ്ലാവ് (വളവ്) പള്ളിപ്പടി, അടാമറ്റം, ഉള്ളായം, കൈലാത്തുകവല, പുളിച്ചുമാവ്, കറുത്ത മണ്ണാടി എന്നിവിടങ്ങളിൽ സോഡിയം വേപ്പർലാമ്പ് സ്ഥാപിക്കുക.
2. കൈലാത്തുകവലയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം. കൈലാത്തുകവലയിലും സമീപപ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഇതിനായി 1990 മുതൽ ജനങ്ങൾ ബോർഡിനോട് ആവശ്യപ്പെട്ടിട്ടും ഫലമുണ്ടാകാതെ വന്നപ്പോൾ കോട്ടയത്തെ ഉപഭോക്തൃകോടതിയിൽ ഇവിടത്തെ സ്ഥലവാസികൾ പരാതിനൽകുകയും ഈ ട്രാൻസ്ഫോർമറിന് ഒന്നാം മുൻഗണന നൽകണമെന്ന് 1992-ൽ വിധിക്കുകയും ചെയ്ത് ബോർഡിനെ അറിയിക്കുകയും ചെയ്തതാണ്. പ്രാരംഭനടപടികൾ തുടങ്ങിയപ്പോൾ ചില ആളുകൾ ഹൈക്കോടതിയിൽ നിന്ന് ഇൻജക്ഷൻ ഓർഡർ വാങ്ങി. ഇപ്പോൾ ഹൈക്കോടതിയുടെയോ മറ്റ് കോടതികളുടെയോ യാതൊരുവിധ നിയന്ത്രണങ്ങളുമില്ല എന്നാണ് ഈ നാട്ടുകാരുടെ അറിവ്. ഇപ്പോൾ ഇത് വലിക്കാതിരിക്കുന്നതിനുള്ള കാരണം ബോർഡിന്റെ അനാസ്ഥയും ബോർഡിലെ ചില ഉദ്യോഗസ്ഥന്മാരുടെ താല്പര്യക്കുറവുമാണ്. ഇതിനു നടപടിയുണ്ടാകണമെന്ന് ഈ ഗ്രാമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു.
3. കൈലാത്തുകവലയിൽ ഒരു സോഡിയം വേപ്പർലാമ്പ് അത്യാവശ്യമായും സ്ഥാപിക്കണം. സന്ധ്യയാകുമ്പോൾ കൈലാത്തുകവല അന്ധകാരപൂർണ്ണമാണ്.
4. തെരുവുവിളക്കുകൾ മുഴുവനും കത്തിക്കണം.
5. തേക്കുംമൂട്-കാവുംഭാഗം റോഡിലെ സമീപവാസികൾക്കും വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ ക്ഷാമം പരിഹരിക്കുന്നതിനായി ഏറത്തുപടിക്കടുത്ത് വയലിപ്പടി റൂട്ടിൽ റോഡിനോട് ചേർന്ന് 11 കെ.വി. ലൈൻ ക്രോസുചെയ്യുന്ന ഭാഗമുണ്ട്. ആരുടെയും വസ്തുവകകൾ നശിപ്പിക്കാതെയും നഷ്ടപ്പെടുത്താതെയും തന്നെ ട്രാൻസ്ഫോർമർ ഈ ഭാഗത്ത് സ്ഥാപിക്കാൻ കഴിയും. ഇതിൽ സത്വരനടപടികളുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.



പാർപ്പിടം

ചരിത്രപശ്ചാത്തലം

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭകാലഘട്ടത്തിൽ ഈ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും നിബിഡവനങ്ങ ളായിരുന്നു. എന്നു മാത്രമല്ല, പരിമിതമായ ജനവാസം മാത്രമാണീ പ്രദേശത്തുണ്ടായിരുന്നത്. നാലോ അഞ്ചോ ജന്മികൾ, ഏതാനും കർഷകർ എന്നിവരുടെ ഭവനങ്ങൾക്കു പുറമെ ജന്മിമാർക്ക് അടിയാൻ പണിചെയ്തിരുന്ന അവർണ്ണ സമുദായത്തിൽപ്പെട്ടവരുടെ കൂരകളും മാത്രമായിരുന്നു ഇവിടെയുണ്ടായിരുന്ന പാർപ്പിടങ്ങൾ. ചിറക്കടവ് ക്ഷേത്രത്തിന് സമീപത്തായി ഏതാനും ബ്രാഹ്മണരുടെയും അമ്പലവാസികളുടെയും ഗൃഹങ്ങളും കാണാമായിരുന്നു.

പരമ്പരാഗത വാസ്തുശില്പകല

പാർപ്പിടങ്ങൾ എണ്ണത്തിൽ കുറവായിരുന്നുവെങ്കിലും അവയുടെ നിർമ്മിതിക്ക് ഉദാത്തവും സങ്കീർണ്ണവും അതിലേറെ ശാസ്ത്രീയവുമായ വാസ്തുശില്പമാതൃകകളാണ് ഇവിടെ അനുവർത്തിച്ചുപോന്നിരുന്നത്. വീടുകളുടെ സ്ഥാനം നിർണ്ണയിക്കുന്നതിലും അതിന്റെ ദർശനത്തിന്റെ കാര്യത്തിലും ശാസ്ത്രീയമായ ഒട്ടേറെ മാനദണ്ഡങ്ങൾ അക്കാലത്തുണ്ടായിരുന്നു. അക്കാലത്തെ ക്ഷേത്രങ്ങളും ജന്മിഭവനങ്ങളും അന്നത്തെ ആശാരിമാരുടെയും കല്പണി ക്കാരുടെയും ശില്പകലാചാതുരിക്ക് മകുടോദാഹരണ ങ്ങളാണ്. അന്നത്തെ രൂപകല്പനയും ചില സങ്കീർണ്ണമായ കൂട്ടിച്ചേർപ്പുകളും ഇന്നിന്റെ ശാസ്ത്രസന്തതികൾക്കു മുമ്പിൽ ഒരു ചോദ്യച്ചിഹ്നമായി അവശേഷിക്കുന്നു എന്നതാണ് സത്യം. ഈ ഭവനങ്ങളുടെ ഏതു മുക്കിലും മൂലയിലും സൂര്യ പ്രകാശവും ശുദ്ധവായുവും യഥേഷ്ടം കടന്നുവരത്തക്ക വിധമായിരുന്നു ആസൂത്രണം ചെയ്തിരുന്നത്. ഇത്തരം വീടുകളോടനുബന്ധിച്ചുള്ള കിണറുകളിൽ കുടിവെള്ള ത്തിന്റെ സുലഭതയും കാണാവുന്നതാണ്. ഇതായിരുന്നു ജന്മിഭവനങ്ങളുടെ സ്ഥിതിയെങ്കിലും സാധാരണക്കാർ സ്വയം വീടുകളും കൂരകളും നിർമ്മിക്കുകയാണ് ചെയ്തിരു ന്നത്. എങ്കിലും ഇത്തരക്കാരും സ്ഥാനം നിർണ്ണയിക്കുന്ന തിലും രൂപകല്പനചെയ്യുന്ന കാര്യത്തിലും അക്കാലത്തെ വിദഗ്ദ്ധരുടെ സഹായം തേടിയിരുന്നു. നാലുകെട്ടുകൾ ഗത കാലസംസ്കൃതിയുടെ അവശേഷിപ്പുകളായി അവിടവിടെ ക്കാണാം. വീടുകളുടെ സമീപത്തായി കുവളം, പ്ലാവ്, പുളി, അത്തി മുതലായ വൃക്ഷങ്ങൾ വിവിധ ദിക്കുകളിൽ നട്ടുപി ടിപ്പിക്കുന്നതിനു പിന്നിൽപ്പോലും ശാസ്ത്രീയമായ ധാരണക ളാണുണ്ടായിരുന്നത്. പഴയ തറവാടുകളോടനുബന്ധിച്ച് സർപ്പക്കാവുകൾ സർവ്വസാധാരണമായിരുന്നു. ഈ കാവുകൾ ആ പ്രദേശത്തിന്റെ പരിസ്ഥിതിസംതുല നാവസ്ഥ നിലനിർത്തുന്നതിൽ വഹിച്ച പങ്ക് വളരെ വലുതായിരുന്നുവെന്ന് ഇന്ന് നമുക്ക് മനസിലാക്കുവാൻ കഴിഞ്ഞു. വീടുകളുടെ മേൽക്കൂരകൾ മേഞ്ഞിരുന്നത് തെങ്ങോലയും പനയോലയും ഉപയോഗിച്ചായിരുന്നതിനാൽ വീടുകളുടെ അന്തർഭാഗത്ത് സമശീതോഷ്ണാവസ്ഥ എപ്പോഴും നിലനിന്നിരുന്നു. ആണ്ടിലൊരിക്കലുള്ള പുര മേയൽചടങ്ങ് ഓരോ വീടിന്റെയും ഒരുത്സവംതന്നെ യായിരുന്നു.

കുടിയേറകർഷകരുടെ ആഗമനത്തോടെ കാടുകൾ വൻതോതിൽ വെട്ടിത്തെളിച്ച് കൃഷിയിടങ്ങളാക്കുകയും ഇതോടൊപ്പം കൂടുതൽ വാസസ്ഥാനങ്ങളുണ്ടാ വുകയുംചെയ്തു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇരുപതിൽ താഴെ കുടിയേറ കർഷകകുടുംബങ്ങളേ ഉണ്ടായിരുന്നുള്ളുവെങ്കിലും പിന്നീട് അണു കുടുംബചിന്താ ഗതിയുടെ വേലിയേറ്റംമൂലമാകാം ധാരാളം പാർപ്പിടങ്ങൾ അവിടവിടെ ഉയരാൻ തുടങ്ങി. പൊൻകുന്നത്തെ മലഞ്ചര ക്കുവ്യാപാരവികസനവുംകൂടിയായതോടെ ഓടു മേഞ്ഞ കടകളും കെട്ടിടങ്ങളും എണ്ണത്തിൽ പെരുകാൻ തുടങ്ങി.

1970-കളോടെ ഗൾഫിലും മറ്റു വിദേശരാജ്യങ്ങളിലും തൊഴിലിനായി ഭാഗ്യാന്വേഷികളായി ധാരാളം ആളുകൾ പോവുകയും അവർക്കുണ്ടായ സാമ്പത്തികനേട്ടത്തിന്റെ ഗണ്യമായ ഭാഗവും രമ്യഹർമ്മ്യങ്ങൾ നിർമ്മിക്കുന്നതിനായും അതിന്റെ അനുബന്ധസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതി നായും ചെലവഴിച്ചതോടെ പാശ്ചാത്യശൈലിയുടെ ഒരു

കടന്നുകയറ്റംതന്നെ ഇവിടെയുണ്ടായി എന്ന് കാണാം. ഇതിന്റെ മറുവശം എന്നോണം തലചായ്ക്കാൻ സ്വന്തമായി സ്ഥലമില്ലാതെ റോഡിന്റെയും തോടിന്റെയും ഓരങ്ങളിൽ കൂരകൾകെട്ടി അന്തിയുറങ്ങുന്ന നമ്മുടെ സഹോദരങ്ങളുടെ ചിത്രം കരളലിയിക്കുന്നതാണ്.

പാർപ്പിടനിർമ്മാണത്തിൽ ഇന്നു നിലനിൽക്കുന്ന വികലമായ ജാടകളെ തൂത്തെറിഞ്ഞുകൊണ്ട് സാമൂഹ്യ, ശാസ്ത്ര, സൗന്ദര്യബോധങ്ങളുൾക്കൊള്ളുന്ന ഒരു സാംസ്കാരികസമന്വയംതന്നെ ഇവിടെയുണ്ടാകേണ്ടത് വരുംതലമുറയുടെ നിലനില്പിനുതന്നെ അനിവാര്യമാണ്.

നിലവിലുള്ള വീടുകളെപ്പറ്റി ഒരു വിശകലനം

ഓരോ വർഷവും നൂറിൽപ്പരം കെട്ടിടങ്ങൾ നമ്മുടെ പഞ്ചായത്തിൽ കൂടുതലായുണ്ടാവുന്നു എന്നു കാണാം. 1995-'96-ൽ മാത്രം 2.15% വർദ്ധനയാണീ മേഖലയിൽ കാണുവാൻ കഴിഞ്ഞത്. ഈ പഞ്ചായത്തിൽ ഏറ്റവും അധികം വീടുകളുള്ളത് 4-ാം വാർഡിലാണ്. ജനസംഖ്യാനുപാതികമായി പാർപ്പിടങ്ങളുണ്ട് എന്നത് ഈ പഞ്ചായത്തിന്റെ പൊതുനിലവാരം കാണിക്കുന്നു. ഇവിടെ ഒന്നിലധികം നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം 145 ആണ്. ഇതിൽ ഭൂരിഭാഗവും നിലകൊള്ളുന്നത് 1, 3, 4 വാർഡുകളിലാണ്. ഈ വാർഡുകളിൽ കൂടുതൽ നിലകളുള്ള വീടുകളോടുള്ള ഭ്രമം വർദ്ധിക്കുന്നതായിക്കാണാം.

മേൽപ്പുരയുടെ സ്വഭാവത്തെപ്പറ്റി പറഞ്ഞുതുടങ്ങുമ്പോൾ ഇവിടെയുള്ള വീടുകളിൽ 75 ശതമാനവും ഓടിട്ടവയാണ്. ഈ വീടുകൾ മുഴുവനെന്നോണം സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയുമാണ്. ഓല കെട്ടിയ വീടുകൾ 10 ശതമാനത്തോളം വരും. പഴമയെ താലോലിക്കുന്ന ഇവർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് പറയേണ്ടതില്ലല്ലോ? മോഡേൺ റൂഫ് മുതലായവകൊണ്ട് മേൽപ്പുര നിർമ്മിച്ചിരിക്കുന്നവർ 4 ശതമാനം വരും. കോൺക്രീറ്റ് മേൽപ്പുരയുള്ളവ 8 ശതമാനത്തോളമുണ്ട്. ആധുനികവത്കരണത്തിന്റെയും പണക്കൊഴുപ്പിന്റെയും ഒരു കടന്നുകയറ്റം കോൺക്രീറ്റ് കെട്ടിടങ്ങളിൽ ദർശിക്കാം. മഹത്തായ വാസ്തുശില്പകലാപൈതൃകം അവകാശപ്പെട്ട നാം ഇന്ന് മറ്റാരെയൊക്കെയോ എന്തിനുവേണ്ടിയെന്നറിയാതെ സ്വന്തം അസ്തിത്വങ്ങളെപ്പോലും മറന്നുകൊണ്ട് അന്ധമായി അനുകരിക്കുന്ന ഈ അവസ്ഥ കാലത്തെ പിന്നോട്ടടിക്കുംവിധമാണ് എന്നതല്ലേ സത്യം.

ഈ പഞ്ചായത്തിൽ സ്വന്തമായി ഒരു പാർപ്പിടം നിർമ്മിക്കാൻ കഴിയാത്ത കുടുംബങ്ങളുടെ എണ്ണം 791 ആണ്. ഈ അവസ്ഥ തീർത്തും പ്രോത്സാഹജനകമല്ല. എന്നു മാത്രമല്ല ഇതിൽ 647കുടുംബങ്ങൾ വീടു നിർമ്മിക്കാൻ തീർത്തും ശേഷിയില്ലാത്തവരുമാണ്. വിവിധ പദ്ധതികളിലായി 146 വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെങ്കിലും ലക്ഷ്യത്തിൽനിന്ന് കാതങ്ങൾ ദൂരെയാണ് നമ്മൾ. അടിയന്തിരമായി പാർപ്പിടമില്ലാത്ത കുടുംബങ്ങൾക്കെല്ലാം ഒരു കൊച്ചുവീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ഒരു ബൃഹത് പദ്ധതിതന്നെ പഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

ഭൂരിഭാഗം കോളനികൾക്കും അടിസ്ഥാനസൗകര്യങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല എന്നാണ് അറിയുവാൻ കഴിയുന്നത്. പാർപ്പിടങ്ങൾ ഉണ്ടെങ്കിലും അനുബന്ധസൗകര്യങ്ങളുടെ അപര്യാപ്തത ഒരു കീറാമുട്ടിയായിത്തന്നെ നിലനിൽക്കുന്നു. കോളനികൾ അടിസ്ഥാനസൗകര്യങ്ങൾ കൈവരിക്കുന്നതിനായി ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

ഒരു ഹൗസിങ് സൊസൈറ്റിപോലും പഞ്ചായത്തിൽ സ്ഥാപിതമായിട്ടില്ല. ഹൗസിങ് കോളനികളും ഉള്ളതായി അറിവില്ല. ഇവിടെ ഒരു ഹൗസിങ് സൊസൈറ്റി രൂപവത്കരിച്ച് നമ്മുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസൃതമായ ഭവനനിർമ്മാണപദ്ധതികൾക്കുള്ള ധനസഹായം നൽകാൻ സൊസൈറ്റിക്കു കഴിയണം.

ചെലവു കുറഞ്ഞ നിർമ്മാണശൈലിക്കു കടകവിരുദ്ധമായ നിർമ്മാണശൈലിയാണ് ഇവിടെ പ്രചാരം നേടിക്കൊണ്ടിരിക്കുന്നത്. ഈ രംഗത്ത് അനാവശ്യച്ചെലവുകൾ ഏറെയാണ്. ദുർവ്യയം നടത്തി കൊട്ടാരസദൃശമായി നിർമ്മിക്കുന്ന ഭവനനിർമ്മാണപ്രവർത്തനങ്ങൾക്ക് തടയിടേണ്ടത് കാലഘട്ടത്തിന്റെതന്നെ ആവശ്യമാണ്.

കെട്ടിടനിർമ്മാണസാമഗ്രികൾ സുലഭമാണിവിടെ. ഒരു പരിധിവരെ ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ സാമഗ്രിയായി പരിഗണിക്കാവുന്ന ഹോളോബ്രിക്സിന്റെ നിർമ്മാണം ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. ഇത് ഒരു തൊഴിൽദായകമേഖലയുംകൂടിയാണ്.

പാരമ്പര്യമായി കെട്ടിടനിർമ്മാണം നടത്തുന്ന തൊഴിലാളികളിവിടെയുണ്ടെങ്കിലും ഇന്ന് ഇവിടെ പുതുതായി നിർമ്മിക്കുന്ന ഭവനങ്ങളിൽ ഭൂരിഭാഗവും നിർമ്മിക്കുന്നത് തമിഴ്നാട്ടിൽനിന്നെത്തുന്ന തൊഴിലാളികളാണ് എന്നതാണ് വാസ്തവം. പ്രവാസികളായെത്തുന്ന ഈ തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും വൈദഗ്ദ്ധ്യമുള്ളവരല്ല എന്നത് പലതരത്തിലുള്ള കുഴപ്പങ്ങൾക്കും കാരണമാവുന്നുണ്ട്. കോൺട്രാക്ട് അടിസ്ഥാനത്തിൽ വീടു പണിയുന്ന രീതി അത്രകണ്ട് വ്യാപകമല്ല.

സാധ്യതകൾ

1. പഞ്ചായത്തിലെ ഓലമേഞ്ഞ വീടുകളെല്ലാം ഓടുമേയുവാനുള്ള ഒരു പദ്ധതി.
2. എല്ലാ വീടുകളിലും വൈദ്യുതിയെത്തിക്കുവാനുള്ള നടപടി.
3. ഒന്നാം വാർഡിലെ 80 കുടുംബങ്ങൾക്ക് സ്വന്തമായി പാർപ്പിടം ഇല്ലാത്തതിനാൽ ഇവർക്ക് പാർപ്പിടം നിർമ്മിച്ചുനൽകുക.

4. സ്വന്തമായി വാസയോഗ്യമായ വീടുകളില്ലാത്തവർക്ക് വീടു നിർമ്മിച്ചുനൽകുക.
5. റോഡിന്റെയും തോടിന്റെയും പുറമ്പോക്കിൽ നിവസിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ പഞ്ചായത്ത് സ്ഥലം വാങ്ങുക. അവരെ പുനരധിവസിപ്പിക്കുക.
6. വീടുകൾക്ക് മെയിൻറനൻസ് ഗ്രാൻറ് നൽകുക.
7. പഞ്ചായത്തിലെ ലക്ഷംവീട് നിവാസികളുടെ ഇപ്പോഴത്തെ ശോച്യാവസ്ഥ പരിഹരിക്കുക.
8. ഭവനനിർമ്മാണവായ്പകളുടെ നടപടികൾ കാര്യക്ഷമമാക്കുക,ലോണുകളുടെ പലിശയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുക.
9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് വീടു മേയാനുള്ള സാമ്പത്തികസഹായം നൽകുക.
10. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേക്ക് നിർമ്മിതികേന്ദ്രത്തിന്റെ ഒരു യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.
11. വീടിന്റെ അറ്റകുറ്റപ്പണിക്കു സാമ്പത്തിക സഹായം നൽകുക.
12. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടു വയ്ക്കുന്നതിനായി നൽകുന്ന സാമ്പത്തികസഹായത്തിന്റെ അപര്യാപ്തത പരിഹരിക്കുക.
13. ഭവനനിർമ്മാണ സഹകരണസംഘം സ്ഥാപിച്ച് അനുബന്ധവ്യവസായങ്ങൾ തുടങ്ങുക.
14. നാലാം വാർഡിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന നൂറമ്പതോളം കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനുള്ള ധനസഹായം നൽകുക.
15. സ്വന്തമായി പാർപ്പിടമില്ലാത്തവർക്ക് വീട്, കക്കൂസ് എന്നിവ നിർമ്മിച്ച് വൈദ്യുതിയും എത്തിക്കുക.
16. ഏഴാം വാർഡിൽ സ്വന്തമായി വീടില്ലാത്ത 38 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകുക.
17. ഓടിടാത്ത എല്ലാ കുടിലുകളും ഓടിടുന്നതിനുള്ള സാമ്പത്തികസഹായം നൽകുക.
18. 9-ാം വാർഡിലെ ലക്ഷംവീടു കോളനിയിലെ ഓലമേഞ്ഞതും ദുർബ്ബലവുമായ വീടുകൾ ഓടുമേഞ്ഞ് ബലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
19. സ്വന്തമായി വീടില്ലാത്തവർക്ക് വീടു നിർമ്മിച്ചു നൽകുക.
20. വീടിനു മുകളിലേക്ക് ഭീഷണിയായി ചാഞ്ഞു നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റുക.
21. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്കു വീടു നിർമ്മിച്ചുനൽകുവാൻ നടപടി സ്വീകരിക്കുക.

മാളിക വിട്ടു നീ കെട്ടി മേയാത്തൊരീ
കൂരകളിലേക്കു വന്നാൽ
മഴയിൽ കുതിർന്ന മൺചുവരുകൾ
പറയുന്ന മറ്റൊരു ചിത്രം കാണാം

-ബ്രഹ്ത്

സാമൂഹ്യക്ഷേമം

അവലോകനം

ആസൂത്രണപ്രക്രിയയുടെ പ്രധാന വെല്ലുവിളികളായി നിലകൊള്ളുന്നത് ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണ്. അവനവന്റെ ശേഷിക്കൊത്ത് തൊഴിൽ ലഭിക്കാത്തതാണ് ദാരിദ്ര്യത്തിന്റെ അടിസ്ഥാനഘടകം. ആദ്യത്തെ മൂന്ന് പദ്ധതികളും ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയവ ആയിരുന്നെങ്കിലും ഫലപ്രാപ്തിയിൽ വളരെയധികം പിന്നോക്കം പോയിരിക്കുന്നു. ദാരിദ്ര്യജനവിഭാഗങ്ങൾ കൂടുതൽ ദാരിദ്ര്യത്തിലേക്കും സമ്പന്നവിഭാഗങ്ങൾ കൂടുതൽക്കൂടുതൽ ഉയർച്ചയിലേക്കും പോകുന്ന ചിത്രമാണ് നമുക്കു മുമ്പിലുള്ളത്. എല്ലാ പദ്ധതികളുടെയും നേട്ടം സമൂഹത്തിലെ മധ്യവർഗ്ഗത്തിനോ മേലേക്കിടയിലുള്ളവർക്കോ ലഭിക്കുന്ന കാഴ്ചയാണിന്ന്. സാമൂഹികമായ ഈ പിന്നോക്കാവസ്ഥയുടെ പരിണതഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളും കുട്ടികളുമാണ്.

പട്ടികജാതിക്കാരിൽ ഒരു ചെറിയ ശതമാനമൊഴികെ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. അവരിൽതന്നെ ഭൂരിഭാഗവും കുടികിടപ്പ് കിട്ടിയ 10 സെൻറ് ഭൂമി മാത്രം കൈവശമുള്ളവരാണ്. അവതന്നെ പല തവണ ഭാഗംചെയ്തു പോകേണ്ടതായിവന്നിട്ടുണ്ട്. പട്ടികവർഗ്ഗക്കാർ എണ്ണത്തിൽ കുറവാണെങ്കിലും എല്ലാവരുംതന്നെ ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്നതാണ് അവസ്ഥ.

ഗതകാലചരിത്രങ്ങൾ വ്യക്തമാക്കുന്നത് നമ്മുടെ പഞ്ചായത്ത് സാമൂഹികപുരോഗതി കൈവരിക്കുന്നതിൽ വളരെയേറെ മുൻപന്തിയിലായിരുന്നു എന്നാണ്. എന്നാലും ഇന്നും പ്രശ്നങ്ങൾ പലയിടത്തും അവശേഷിക്കുന്നുണ്ട്. സ്ത്രീയുടെ സാമൂഹികപദവി പൂർണ്ണമായും ഉയർത്താനും അവരെ സാമൂഹ്യമുഖ്യധാരയിലേക്ക് പൂർണ്ണമായും എത്തിക്കാനും നമുക്കു കഴിഞ്ഞിട്ടില്ല. മഹിളാസമാജങ്ങളുടെയും അംഗൻവാടികളുടെയും പ്രവർത്തനത്തിൽ എന്തോ ഒരു മരവിപ്പ് ബാധിക്കുകയും അവർ എല്ലാം ഉള്ളിലൊതുക്കിക്കൊണ്ട് അണുകുടുംബങ്ങളുടെ കേന്ദ്രത്തിലേക്ക് ഉൾവലിഞ്ഞിരിക്കുന്ന അവസ്ഥയാണിന്ന്. വനിതാ സഹകരണങ്ങൾ നാമമാത്രമാണ് എന്നുമാത്രമല്ല ഉള്ളവയുടെതന്നെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. സർക്കാരിന്റെ സാമൂഹികക്ഷേമ പ്രവർത്തനങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മയും ഒരു പ്രശ്നംതന്നെ. ഈ പദ്ധതികൾ താഴേത്തട്ടിലെ ആളുകളിലെത്തിക്കുവാനുള്ള യാതൊരു വിധ സംവിധാനങ്ങളും ഇന്നില്ലാത്തതാവാം ഇതിനു കാരണം.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളിൽ 29.4% ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഒരു കുടുംബത്തിന്റെ ശരിയായ, വാർഷികവരുമാനം കണ്ടെത്തുന്നതിന് ഒരു മാനദണ്ഡം നമുക്കില്ലാത്തതും ഈ എണ്ണത്തിലുള്ള വർദ്ധനവിന് നിദാനമായേക്കാം. എങ്കിലും നല്ലൊരു ശതമാനം കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്നുള്ള സത്യത്തെ ഈയൊരു മുടന്തൻന്യായം പറഞ്ഞ് ന്യായീകരിക്കാനാവില്ലല്ലോ. ഇത് നമ്മുടെ പഞ്ചായത്തിലെ ഏതാണ്ട് $^1/_3$ ഭാഗവും സാമൂഹികമായി പിന്നോക്കമാണ് എന്ന് വെളിവാക്കുന്നതോടൊപ്പം ഇതുവരെ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വികലതയും വിളിച്ചോതുന്നു. ഒൻപതാം പദ്ധതിയെങ്കിലും പ്രഥമസ്ഥാനം നൽകേണ്ടത് സാമൂഹികക്ഷേമപദ്ധതികൾക്കായിരിക്കണം എന്ന പാഠം ഇതിൽ നിന്നുൾക്കൊള്ളേണ്ടിയിരിക്കുന്നു.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 2498 കുടുംബങ്ങളിൽ 83 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടേതാണ്. ഇതിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരിഭാഗവും ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെ നിലകൊള്ളുന്നു എന്നു കാണാം. ഇവിടെയും നമ്മുടെ പദ്ധതികളുടെ പാളിച്ചകളും ലക്ഷ്യബോധത്തിൽനിന്ന് അവ എത്രമാത്രം വ്യതിചലിച്ചിരിക്കുന്നു എന്നും മനസ്സിലാക്കാം.

സാമൂഹികക്ഷേമപദ്ധതികൾ

വിവിധ ക്ഷേമപദ്ധതികളിൽനിന്ന് സഹായം ലഭിച്ച കുടുംബങ്ങൾ 479 മാത്രമാണ്. ആകെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽ 19% ആളുകൾക്ക് മാത്രമാണ് ധനസഹായം ലഭിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ അർഹരായവരെ ഒരു സാമൂഹിക സാമ്പത്തിക സർവെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തി അവരിൽ ഏറ്റവും അർഹതയുള്ളവർക്ക് കൂടുതൽ സഹായങ്ങൾ നൽകി അവരെ കൈപിടിച്ച് സാമൂഹ്യമുഖ്യധാരയിലേക്ക് ഉയർത്തുന്നതിനനിവാര്യമായ പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പാക്കേണ്ടത് കാലഘട്ടത്തിന്റെതന്നെ ആവശ്യമാണ്. സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങളെയും നാം പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളിൽ ആകെയുള്ളതിൽ 92.7% കുടുംബങ്ങൾക്കും സർക്കാരിൽനിന്ന് സഹായങ്ങൾ നൽകുവാൻ കഴിഞ്ഞു എന്നത് പ്രശംസനീയമാണ്. ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ ചെലവഴിച്ച തുകകൾ ഇതിന്റെ ഗുണഭോക്താക്കളോ അവരുടെ ഇടനിലക്കാരോ ദുരുപയോഗം ചെയ്തിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അത്തരം പ്രവണതകളെ ഉന്മൂലനാശം ചെയ്യേണ്ട ബാധ്യത സമൂഹവും സർക്കാരും കൂട്ടായി ഏറ്റെടുക്കുകയും കൂടുതൽ പുരോഗമനപരമായ പദ്ധതികൾ നടപ്പിലാക്കി ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി യത്നിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

വിവിധ പദ്ധതികളിലൂടെ സാമ്പത്തികസഹായം നൽകിയതിൽ വെറും 6% കുടുംബങ്ങളെ മാത്രമാണ് ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്കുയർത്തുവാൻ കഴിഞ്ഞിട്ടുള്ളത്. ഇതിൽനിന്നും നമ്മുടെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിൽ എത്രമാത്രം പിന്നോക്കം പോയിരിക്കുന്നു എന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. അതുകൊണ്ട് എന്തൊക്കെ വൈകല്യങ്ങളും അരിഷ്ടതകളുമാണ് ഈ മേഖലയിൽ നിലനില്ക്കുന്നത് എന്ന് ശാസ്ത്രീയമായി പഠിച്ചതിനുശേഷം മാത്രമേ ഇനിയുള്ള പദ്ധതികൾ നടപ്പിലാക്കാവൂ.

ഭവനനിർമ്മാണം

ഈ പഞ്ചായത്തിൽ ഇനിയും വാസയോഗ്യമായ വീടില്ലാത്ത 791 കുടുംബങ്ങളിൽ 19% ആളുകൾക്ക് മാത്രമേ വിവിധ പരിപാടികളിലായി വീടുകൾ അനുവദിക്കുവാൻ നമുക്കു സാധിച്ചിട്ടുള്ളൂ. ഇതിൽ 5 വീടുകൾ മാത്രമേ പൂർത്തിയാക്കുവാനുള്ളൂ. ഇനിയും 647 വീടുകൾകൂടി അടിയന്തിരമായി നിർമ്മിച്ചു നൽകേണ്ടതാവശ്യമാണ്. ഇതിനായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ബൃഹത്പദ്ധതിതന്നെ ആവിഷ്കരിച്ച് നടപ്പാക്കണം.

കക്കൂസുകൾ സംബന്ധിച്ച്

സർവ്വെപ്രകാരം 1418 ഭവനങ്ങളിൽ സാനിട്ടറി കക്കൂസുകൾ ഇല്ലാത്തവയാണ്. ഇത് ആകെ കുടുംബങ്ങളുടെ 17 ശതമാനത്തോളം വരും എന്നത് ആരോഗ്യകരമായ ഒരു പ്രവണതയല്ല. വിവിധ പദ്ധതികളിലായി അനുവദിച്ച 96 കക്കൂസുകളിൽ 82 എണ്ണം മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞുള്ളൂ. പരിസരശുചിത്വത്തിനും വ്യക്തിശുചിത്വത്തിനും അമിതപ്രാധാന്യം നൽകുന്ന മലയാളിയുടെ അവസ്ഥ ഇതാണെന്നതിൽ നമുക്ക് ലജ്ജിക്കേണ്ടിയിരിക്കുന്നു. പദ്ധതിപ്പണത്തിന്റെ ഭൂരിഭാഗവും റോഡുകൾക്കും ഒരിക്കലും തീരാത്ത ബൃഹത്പദ്ധതികൾക്കും ചെലവഴിച്ച നാം ചെറുതെങ്കിലും അടിസ്ഥാനപരമായ ആവശ്യങ്ങളെ കണ്ടില്ലായെന്ന് നടിച്ചു എന്നുവേണം ഇതിൽനിന്ന് മനസ്സിലാക്കുവാൻ. ഈ പദ്ധതിയിലൂടെ നമുക്ക് എല്ലാ വീടുകളിലും സാനിട്ടേഷൻ സൗകര്യം എത്തിക്കാൻ കഴിയണം.

തൊഴിൽ പരിശീലനം

ട്രൈസം-തൊഴിൽ പരിശീലനം നേടിയവർ 22 മാത്രമാണ്. ഇവരിൽ 18 പേർക്ക് മാത്രമേ സ്വയം തൊഴിൽ ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ നാടെന്ന് അവകാശപ്പെടുന്ന നാം ഇത്തരം പരിശീലന പദ്ധതികളിൽ പങ്കെടുക്കാതിരിക്കുന്നതിന് പിന്നിൽ വിമുഖതയും അലസതയും ഒരു പരിധിവരെ അജ്ഞതയും ആവാം.

DWCRA പദ്ധതിപ്രകാരം 4 യൂണിറ്റുകളിലായി 35 പേർക്ക് മാത്രമേ തൊഴിൽസംരംഭങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളൂ.

സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് നൂലാമാലകളും പ്രചാരണങ്ങളുടെ അപര്യാപ്തതയും ഉണ്ടെങ്കിലും സംരംഭങ്ങൾ ചൂഷണം ചെയ്യുന്നതിൽ ഈ പഞ്ചായത്തിലെ യുവജനങ്ങൾ ഇതികർത്തവ്യതാമൂഢരായി നിലകൊള്ളുന്നതായി ഇതിൽനിന്ന് മനസ്സിലാക്കാം. ഇക്കാരണത്താൽ സ്വയംതൊഴിൽ പദ്ധതികളെ അധികരിച്ച് ഒരു സമഗ്രബോധവത്കരണംതന്നെ അനിവാര്യമാണ്.

ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി — RAP

ആകെയുള്ള 150 ഗ്രാമീണ കൈത്തൊഴിലുകാരിൽ 4 പേർക്കു മാത്രമേ ഉപകരണങ്ങൾ നൽകിയിട്ടുള്ളൂ. ഈ സഹായത്തിനർഹതയുള്ളവർ ഇനിയും 132 പേർകൂടി ഈ പഞ്ചായത്തിലുള്ളതായി കണക്കുകൾ പറയുന്നു. വളരെയാതനയും ദുരിതവും അനുഭവപ്പെടുന്ന ഗ്രാമീണ

കൈത്തൊഴിലുകാർക്കുള്ള ഇത്തരം സഹായങ്ങൾ പരമാവധി ആളുകളിലെത്തിക്കുവാൻ നമുക്കു കഴിയണം.

C.C.S. for SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം:

ഈ പരിപാടി അനുസരിച്ച് 95 കിണറുകളും 134 പമ്പുസെറ്റുകളും അനുവദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഏതാണ്ട് 96 ഏക്കർ സ്ഥലത്ത് ജലസേചനം നടത്തുവാൻ കഴിയുന്നുണ്ട്. എങ്കിലും ഇന്നേവരെ കുളങ്ങളോ വാട്ടർ ടാങ്കുകളോ പമ്പുഹൗസുകളോ ഒന്നുംതന്നെ ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല എന്നത് ഒരു പോരായ്മതന്നെ.

അംഗനവാടികൾ

ആകെ 9 അംഗനവാടികളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇതിലൂടെ മൂന്നു വയസ്സുവരെയുള്ള 149 കുട്ടികളും 3 മുതൽ 5 വയസ്സുവരെയുള്ള 135 കുട്ടികളും ഉൾപ്പെടെ ആകെ 284 കുട്ടികൾക്ക് വിവിധ കളികളിലൂടെ വിദ്യാഭ്യാസം നൽകുവാൻ കഴിയുന്നുണ്ട്. മാത്രവുമല്ല ഈ 284 കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കുവാനും സാധിക്കുന്നുണ്ട്. അംഗനവാടികളുടെ ആഭിമുഖ്യത്തിൽ മുലയൂട്ടുന്ന 50 'അമ്മമാർക്കും 20 ഗർഭിണികൾക്കും പോഷകാഹാരം നൽകുവാൻ കഴിയുന്നുണ്ട്. നമ്മുടെ സാമൂഹികവ്യവസ്ഥിതിയുമായി തട്ടിച്ചുനോക്കുമ്പോൾ അംഗുലീപരിമിതമായ ആളുകൾക്ക് മാത്രമേ പോഷകാഹാരം നൽകുവാൻ കഴിയുന്നുള്ളൂ.

വികലാംഗർക്കുള്ള സ്ഥാപനങ്ങൾ

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി കാഞ്ഞിരപ്പള്ളി രൂപതയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 'ആശാനിലയം' ഈ രംഗത്തെ ഏക സ്ഥാപനമാണ്. ഇവിടെ 78 കുട്ടികളും 12 അദ്ധ്യാപകരും ഉണ്ട്. ഇതിൽ 28 കുട്ടികൾ ഇവിടെയുള്ള ബോർഡിങ്ങിലാണ് താമസിക്കുന്നത്. സമീപസ്ഥങ്ങളായ പഞ്ചായത്തുകൾക്കുകൂടി പ്രയോജനപ്പെടുന്ന ഈ സ്ഥാപനം ചെയ്യുന്ന സാമൂഹിക സേവന പ്രവർത്തനങ്ങൾ അഭിനന്ദനങ്ങൾ അർഹിക്കുന്നവതന്നെ.

സ്കോളർഷിപ്പ്

ഈ പഞ്ചായത്തിൽ 28 വിദ്യാർത്ഥികൾക്ക് വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്.

പെൻഷനുകൾ

ഇവിടെ 119 വിധവകൾക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. 44 പേർക്ക് അഗതിപെൻഷൻ കിട്ടുന്നുണ്ട്. വാർദ്ധക്യകാല പെൻഷൻ 62 പേർക്കും കാൻസർരോഗികൾക്കുള്ള പെൻഷൻ 2 പേർക്കും ക്ഷയരോഗപെൻഷൻ ഒരാൾക്കും ലഭിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് ആനുകൂല്യങ്ങൾ ലഭിക്കേണ്ട എല്ലാവർക്കും ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഇടത്തട്ടുകാരുടെ ചൂഷണം നിലനിൽക്കുന്നതായി അറിവില്ലെങ്കിലും ചൂഷണം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥത്തിൽ അർഹരായ ഗുണഭോക്താക്കളെ ഗ്രാമസഭകൾ കണ്ടെത്തുകയും ആനുകൂല്യങ്ങൾ അർഹരായവരുടെ കൈകളിലെത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതും നന്നായിരിക്കും. മഹിളാസമാജങ്ങൾ നിർജീവമായിരിക്കുന്ന സ്ഥിതിവിശേഷമാണിവിടെ നിലനിൽക്കുന്നത്. സ്ത്രീക്ഷേമപ്രവർത്തനങ്ങൾ പരാജയപ്പെടാനുള്ള പ്രധാനകാരണം മഹിളാസംഘടനകളുടെ പിന്നോട്ടുള്ള പോക്കുതന്നെ. മഹിളാസംഘടനകളെ പുനരുജ്ജീവിപ്പിക്കണം. അംഗനവാടികളും വനിതാസമാജങ്ങളും കേന്ദ്രീകരിച്ച് പോഷകാഹാരം നൽകലും പ്രതിരോധചികിത്സാപദ്ധതികളും നടപ്പിലാക്കണം. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വേണ്ട പ്രചാരണവും പോഷണവും നൽകേണ്ടതാണ്. 14 വയസ്സിൽ താഴെ മാത്രം പ്രായമുള്ള കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്ന പ്രവണത ഇപ്പോഴും നമ്മുടെ ഗ്രാമപ്രദേശങ്ങളിലും ചില സ്ഥാപനങ്ങളിലും നിലനിൽക്കുന്നുണ്ട്. ഇതിനെതിരെ വളരെ ശക്തമായി നീങ്ങേണ്ടതു നമ്മുടെ സാമൂഹിക വികസനത്തിന് അനിവാര്യമാണ്.


സാധ്യതകൾ

1. കൈവശഭൂമിക്കു പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കണം.
2. എല്ലാ വീടുകൾക്കും കക്കൂസ്, കുളിമുറി എന്നിവ ലഭ്യമാക്കുക.
3. അംഗനവാടികൾ ഇല്ലാത്തിടങ്ങളിൽ തുടങ്ങുക.
4. വനിതകൾക്കായി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
5. കോളനികളിൽ പൊതു കക്കൂസുകൾ നിർമ്മിക്കുക.
6. 3-ാം വാർഡിലെ നൂറോളം വീടുകളിൽ കക്കൂസും വൈദ്യുതിയും എത്തിക്കുക.
7. കാവാലിമാക്കൽ, പൂഴിക്കുന്നു പ്രദേശങ്ങളിൽ ഹോട്ടലുകളിൽനിന്നുള്ള മലിനജലം ഒഴുകിയെത്തി രോഗം പരത്തുന്നു. ഇതിനെതിരെ സത്വരനടപടികളെടുക്കുക.
8. വൈദ്യുതശ്മശാനം നിർമ്മിക്കുകയോ നിലവിലുള്ളത് നവീകരിക്കുകയോ ചെയ്യുക.
9. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കുക.
10. വനിതാസമാജങ്ങൾ സ്ഥാപിക്കുക.
11. അടിച്ചിലാവുഭാഗം, ചേപ്പുംപാറ ഭാഗം, പൊന്നക്കൽകുന്ന്, ചിത്രാഞ്ജലി ഭാഗം, കെ.വി.എം.എസ് ഭാഗം എന്നിവിടങ്ങളിൽ അംഗനവാടികൾ തുടങ്ങുക.

12. കെ.വി.എം.എസ്. ഭാഗത്ത് ഒരു 'ക്രഷ്' തുടങ്ങുക.
13. സമൂഹത്തിലെ അക്രമവാസനകൾക്കും ഭീകര പ്രവർത്ത നങ്ങൾക്കുമെതിരെ ബോധവത്കരണം നടത്തുക.
14. 7-ാം വാർഡിൽ കക്കൂസില്ലാത്ത 102 വീടുകളുണ്ട്. ഇവയ്ക്ക് കക്കൂസനുവദിക്കുക.
15. സ്കൂളുകളിലെ ഉച്ചക്കഞ്ഞിവിതരണം വ്യാപക മാക്കുക.
16. ടാപ്പിങ് തൊഴിലാളികളെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുക.
17. പെൻഷൻ പദ്ധതിയുടെ വിതരണം ഗ്രാമസഭയുടെ പങ്കാളിത്തത്തോടെ നടത്തുക.
18. 9-ാം വാർഡിലെ വീടുകളിൽ കക്കൂസും വൈദ്യുതിയും ലഭ്യമാക്കുക.
19. പട്ടയം ലഭിക്കാത്ത കോളനിനിവാസികൾക്ക് അവ ലഭ്യമാക്കുക.
20. കുടികിടപ്പുകാരുടെ വീടുകളുടെ മുകളിലേക്ക് ചാഞ്ഞുനിൽക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റുക.
21. 11-ാം വാർഡിൽ 30% വീടുകൾക്കും കക്കൂസ് ഇല്ല. കക്കൂസുകൾ നിർമ്മിച്ചുനൽകുക.

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം (വർഷം തിരിച്ച്)

1991-92	1992-93	1993-94	1994-95	1995-96
8206	8362	9100	9243	9442



കെട്ടിടങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ

മേൽപ്പുരയുടെ സ്വഭാവം

ഒരു നിലയുള്ള കെട്ടിടങ്ങൾ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം	കോൺക്രീറ്	ഓട്	ഓല	മറ്റുള്ളവ
1	572	22	11	456	64	19
2	723	3	28	523	131	38
3	709	47	138	465	28	31
4	1155	31	90	941	70	23
5	722	7	68	602	24	21
6	605	6	40	375	71	23
7	615	6	34	476	79	20
8	836	4	54	610	136	32
9	762	4	53	556	57	92
10	592	13	73	408	83	15
11	587	1	33	485	48	20
12	618	1	49	517	42	9
ആകെ	8496	145	671	6414	833	343

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെഎണ്ണം ഐ.ആർ.ഡി.പി. സർവ്വേപ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	44	10	10	ഇല്ല	34
2	112	66	66	ഇല്ല	46
3	14	2	2	ഇല്ല	12
4	59	4	4	ഇല്ല	55
5	50	5	4	1	45
6	48	10	8	2	38
7	41	5	5	ഇല്ല	36
8	58	6	6	ഇല്ല	52
9	174	14	14	ഇല്ല	160
10	49	14	12	2	35
11	26	5	5	ഇല്ല	21
12	116	10	10	ഇല്ല	106
ആകെ	791	151	146	5	640

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾ(IRDP സർവ്വേ പ്രകാരം)

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	102	9	25	9	12	136
2	292	13	28	13	22	333
3	89	2	20	2	15	101
4	362	12	76	8	4	286
5	331	4	63	4	6	268
6	222	6	52	6	4	170
7	152	2	32	2	15	186
8	253	5	26	5	18	284
9	195	6	25	6	15	226
10	197	18	49	16	6	148
11	188	5	29	5	18	222
12	115	1	25	1	13	141
ആകെ	2498	83	479	77	148	2501

ട്രൈസം- തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	എംബ്രോയിഡറി	1	1	-	-
2	ഓട്ടോമൊബൈൽ	1	1	-	-
	റേഡിയോ & ടി. വി.	1	1	-	-
3	എംബ്രോയിഡറി	1	1	-	-
4	പ്ലംബിങ്	3	3	-	-
	ഇലക്ട്രീഷ്യൻ	2	2	-	-
	ടൂ വീലർ റിപ്പയറിങ്	3	3	-	-
	ഓട്ടോമൊബൈൽ	1	1	-	-
5	ബ്യൂട്ടീഷൻ	1	-	-	1
6	മരപ്പണി	2	2	-	-
	ഹാൻഡിക്രാഫ്റ്റ്	1	-	-	1
7	പ്ലംബിങ്	1	1	-	-
8	റേഡിയോ & ടി.വി.	1	1	-	-
	സ്പിന്നിങ്	1	-	-	1
	കമ്പോസിങ്	1	1	-	1
9	എംബ്രോയിഡറി	2	2	-	-
	പ്ലംബിങ്	1	1	-	-
	ബ്ലാക് സ്മിത്ത്	1	1	-	-

10	മാറ്റ്വീവിങ്	4	-	-	4
	ടൂ വീലർ റിപ്പയറിങ്	2	2	-	-
	ഓട്ടോ മൊബൈൽ	2	2	-	-
	കമ്പോസിംഗ്	1	1	-	-
11	റേഡിയോ & ടി.വി.	4	1	-	-
	ടൂ വീലർ റിപ്പയറിംഗ്	1	1	-	-
	എയർ കണ്ടീഷനിംഗ്	1	1	-	-
	ഇലക്ട്രീഷ്യൻ	1	1	-	-
	എംബ്രോയിഡറി	1	1	-	-
12	കമ്പോസിംഗ്	1	1	-	-
	ഫിറ്റർ	1	1	-	-

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ് നമ്പർ	തൊഴിൽസംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം
4	ഡയറി യൂണിറ്	1994-95	9
7	പശുവളർത്തൽ യൂണിറ്	1996-97	7
11, 12	ഡയറി യൂണിറ്	1995-96	7
11, 12	കോഫീബാർ	1994-95	10

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

വാർഡ് നമ്പർ	R.D.P. സർവ്വേപ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെ എണ്ണം	സഹായം ലഭിച്ച വരുടെ എണ്ണം	ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം	കുറിപ്പ്
1	2	3	4	5
I	6	-	6	
II	16	1	15	
III	5	-	5	
IV	16	-	16	
V	14	1	13	
VI	12	-	12	
VII	14	-	14	
VIII	12	1	11	
IX	15	1	14	
X	10	-	10	
XI	21	-	21	
XII	9	-	9	
ആകെ	150	4	146	

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
I	58	6	6	52
II	174	9	9	165
II	21	-	-	21
IV	191	8	8	183
V	220	5	4	215
VI	138	14	12	124
VII	116	10	10	106
VIII	99	9	-	90
IX	68	4	4	64
X	117	14	12	103
XI	102	9	9	93
XII	104	8	8	96
ആകെ	1408	96		1312

അംഗനവാടികൾ

നമ്പർ	പേര്, മേൽവിലാസം	കുട്ടികളുടെ എണ്ണം 0-3 വയസ്സുവരെ	3-5 വയസ്സുവരെ	അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം	അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം
1.	ത്രിവേണി, കളമ്പുകാട്ട്	14	27	41	3	3
2.	അംഗനവാടി, പാറാംതോട്	16	15	31	3	5
3.	ചിറക്കടവ് ഈസ്റ്റ്	10	31	41	2	7
4.	ചെറുവള്ളി	17	12	29	2	4
5.	മൂലകുന്ന്	16	4	20	3	3
6.	കോയിപ്പള്ളി	28	14	42	3	5
7.	നരിയനാനി	16	6	22	-	8
8.	പറപ്പള്ളിത്താഴെ	17	9	26	3	7
9.	വാളക്കയം	15	17	32	1	9
	ആകെ	149	135	284	20	51

പൊതുവിതരണം

നമ്മുടെ പഞ്ചായത്തിൽ ആകെ 18 പൊതുവിതരണ കേന്ദ്രങ്ങളാണുള്ളത്. ഈ കടകളിലെല്ലാമായി 6285 റേഷൻകാർഡുടമകളാണ് റേഷൻ വാങ്ങുന്നത്. പൊൻകുന്നം ടൗണിലാണ് മാവേലിസ്റ്റോർ പ്രവർത്തിക്കുന്നത്. കഴിഞ്ഞ ഓണക്കാലത്ത് ഫലപ്രദമായി പ്രവർത്തിക്കുവാൻ മാവേലിസ്റ്റോറിനു കഴിഞ്ഞിട്ടുണ്ട്. ഓണക്കാലത്തുണ്ടാവാൻ സാധ്യതയുള്ള അഭൂതപൂർവ്വമായ വിലക്കയറ്റം ഒരളവുവരെ നിയന്ത്രിക്കുവാൻ മാവേലിസ്റ്റോറിന്റെ പ്രവർത്തനംമൂലം കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ പ്രധാന കേന്ദ്ര

ങ്ങളിൽ ഒന്നായ തെക്കേത്തുകവലയിൽ ഒരു മാവേലി സ്റ്റോർ ആരംഭിക്കണമെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്.

പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് കാർഡുടമകൾക്കും കടയുടമകൾക്കും ഏറെ പരാതികളാണുള്ളത്. പഞ്ചായത്തുകൾക്ക് കടപരിശോധനയ്ക്കും മറ്റുമുള്ള അധികാരം അടുത്ത കാലത്തു നൽകുകയുണ്ടായി. ഇത് ഫലപ്രദമായി എങ്ങനെ നടപ്പാക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കണം. കാർഡുടമകളുടെയും കടയുടമകളുടെയും പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിച്ച് നമ്മുടെ ജീവനാഡികളായ പൊതുവിതരണകേന്ദ്രങ്ങളെ സംരക്ഷിച്ച് മുന്നോട്ടു നയിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

തുടക്കത്തിൽ ഉപഭോക്തൃസംരക്ഷണപ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ കാര്യക്ഷമമായി നടന്നിരുന്നു. എന്നാൽ ഇന്ന് ആ രംഗത്ത് കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നില്ല.



വനിത

വ ണ്ടുമുതൽ നമ്മുടെ പ്രദേശത്ത് കാർഷികവൃത്തിയിൽ (മാറാൾപണിയുൾപ്പെടെ) സ്ത്രീകൾ സജീവമായി പങ്കെടുത്തിരുന്നു. കുടിയേറ്റ കർഷകരുടെ വരവോടെ കാർഷികപ്രവർത്തനരംഗത്തെ സ്ത്രീപുരുഷസമത്വം കൂടുതൽ ശക്തമായി. എന്നാൽ ഈ സമത്വം അധ്വാനത്തിന്റെ കാര്യത്തിൽ മാത്രമാണുണ്ടായിരുന്നത്. കൂലിയോ പ്രതിഫലമോ നിശ്ചയിക്കേണ്ടിവരുമ്പോൾ പുരുഷന്മാരുടേതിന്റെ പകുതിയോ പലപ്പോഴും മൂന്നിലൊന്നോ മാത്രമെ സ്ത്രീകൾക്ക് പ്രതിഫലം കൊടുത്തിരുന്നുള്ളു. എന്നാൽ, കഠിനമായ ജോലികൾ ഒഴിവാക്കുക തുടങ്ങിയ ഔദാര്യങ്ങളൊന്നും അനുവദിച്ചിരുന്നുമില്ല.

ചന്തയുടെ സ്ഥാപനത്തോടെ പച്ചക്കറിവ്യാപാരം, ചായക്കട തുടങ്ങിയ ചെറുകിട വ്യാപാരസ്ഥാപനങ്ങളിൽ സ്ത്രീകൾ സജീവമായി പങ്കെടുത്തു തുടങ്ങി. ഈ രംഗത്ത് സാമ്പത്തികചൂഷണം ഉണ്ടായിരുന്നില്ല. മുസ്ലിം വ്യാപാരി സമൂഹത്തിന്റെ വരവ് ചെറുകിട വ്യാപാരരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിച്ചു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തോടെ പൊൻകുന്നം സി.എം.എസ്. സ്കൂളും കാഞ്ഞിരപ്പള്ളിയിലെ പെൺപള്ളിക്കൂടങ്ങളും സ്ഥാപിതമായതോടെ ഔപചാരിക വിദ്യാഭ്യാസത്തിനുള്ള സൗകര്യമുണ്ടായി. എന്നാൽ, ഭൂരിപക്ഷം സ്ത്രീകളും പ്രൈമറിതലംവരെയേ വിദ്യാഭ്യാസം നടത്തിയിരുന്നുള്ളു. വളരെയുയർന്ന സാമ്പത്തികശേഷിയുള്ള കുടുംബങ്ങളിലെ അംഗങ്ങളായ പെൺകുട്ടികൾ മാത്രമാണ് പ്രൈമറിതലത്തിനു മുകളിൽ വിദ്യാഭ്യാസം തുടർന്നിരുന്നത്. അതിനുമുമ്പ് കാർഷിക-ഗൃഹ ജോലിയിലുള്ള പരിശീലനം, മതവിദ്യാഭ്യാസം, ഉന്നത ഹിന്ദു കുടുംബങ്ങളിൽ ലഭിച്ചിരുന്ന സംഗീത-നൃത്തപരിശീലനം, കുലത്തൊഴിലുകളിലുള്ള പരിശീലനം എന്നിവ മാത്രമേ ഉണ്ടായിരുന്നുള്ളു.

നമ്മുടെ പ്രദേശത്തെ ആദ്യബിരുദധാരിണികളിൽ ഒരാളാണ് സിസ്റ്റർ 'ലയോള'. 1921-ൽ അധ്യാപന രംഗത്തേക്ക് ക്രിസ്ത്യൻസന്യാസിനിമാർ കടന്നുവന്നു. പള്ളികളും മിഷനറികളും സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിനും വിവിധ രംഗങ്ങളിലെ സ്ത്രീപങ്കാളിത്തം വർധിപ്പിക്കുന്നതിനും വിലപ്പെട്ട സേവനം നല്കിയിട്ടുണ്ട്.

ശ്രീ സി.കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ ആവിർഭവിച്ച തിരുവിതാംകൂർ നായർസഭയുടെ പ്രവർത്തനഫലമായി 1910-ൽ ചിറക്കടവ് കരയോഗം സ്ഥാപിതമായി. അതിനും, മറ്റു സാംസ്കാരികപ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്ത ശ്രീ വൈക്കം സി.കെ. നാരായണപിള്ള, തീർത്ഥപാദപരമഹംസസ്വാമി എന്നിവരുടെയൊക്കെ ശ്രമഫലമായി ഹിന്ദുവിഭാഗങ്ങളിലും സ്ത്രീകൾ നവീന വിദ്യാഭ്യാസം നേടുന്നതിനും സാമൂഹ്യ- സാംസ്കാരിക മണ്ഡലങ്ങളിൽ കടന്നുവരുന്നതിനും വഴിയൊരുങ്ങി. എസ്.എൻ.ഡി.പി. ശാഖയും കരയോഗവും സജീവമായി പ്രവർത്തിക്കുന്ന മഹിളാസംഘടനകൾക്ക് രൂപംകൊടുത്തു. എന്നാൽ, ഇത്തരം പരിഷ്കരണപ്രവർത്തനങ്ങൾ ഉയർന്ന വിഭാഗങ്ങളിൽ മാത്രമേ എന്തെങ്കിലും ചലനം സൃഷ്ടിച്ചിരുന്നുള്ളു.

നിവർത്തനപ്രക്ഷോഭം അതിനകം വിദ്യാഭ്യാസം നേടിക്കഴിഞ്ഞിരുന്ന ക്രിസ്ത്യൻസ്ത്രീകൾക്ക് രാഷ്ട്രീയ പ്രവർത്തനത്തിന്റെ ആദ്യപാഠം പകർന്നുകൊടുത്തു. തുടർന്ന് സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനങ്ങളും, ഭാരതത്തിന്റെതന്നെ രാഷ്ട്രീയചരിത്രത്തിന്റെ ഭാഗമായിത്തീർന്ന അക്കാമ്മ ചെറിയാൻ, റോസമ്മ എന്നിവരുടെ നേതൃത്വപരമായ പങ്കാളിത്തവും നമ്മുടെ പ്രദേശത്ത് സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്നതിലും എല്ലാ രംഗങ്ങളിലും അവരുടെ സജീവത വർധിപ്പിക്കുന്നതിനും സഹായിച്ചു. സാഹിത്യകാരിയും രാഷ്ട്രീയപ്രവർത്തകയും

പത്രപ്രവർത്തകയുമായി മാറിയ എ.പി.മറിയാമ്മ ഈ ഉണർവിന്റെ ഫലമായി നമ്മുടെ പ്രദേശത്ത് ഉയർന്നുവന്ന പ്രതിഭാശാലിനിയാണ്.

1953-ൽ കമ്യൂണിസ്റ്റ്പാർട്ടിയുടെ ആവിർഭാവവും ബഹുജനസംഘടനാരംഗങ്ങളിൽ സാധാരണക്കാരായ വീട്ടമ്മമാരും തൊഴിലാളിസ്ത്രീകളും കടന്നുവരുന്നതിന് വഴിയൊരുക്കി. അതിന്റെ പ്രചാരണപ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട കലാസമിതികളിലും നാടകസംഘങ്ങളിലും സ്ത്രീകൾ വളരെ സജീവമായി പങ്കെടുത്തിരുന്നു. രാഷ്ട്രീയയോഗങ്ങൾ, ജാഥകൾ എന്നിവയിലൊക്കെയുള്ള വൻപങ്കാളിത്തം സ്ത്രീകളിൽ സാമൂഹ്യബോധം ഉളവാക്കാൻ സഹായിച്ചു.



ഇന്ന് നമ്മുടെ പഞ്ചായത്തിൽ (1991-ലെ കാനേഷുമാരി കണക്ക്) 15868 സ്ത്രീകളാണുള്ളത്. ഇത് ആകെ ജനസംഖ്യയുടെ 49.87 ശതമാനമാണ്. പട്ടികജാതി-പട്ടിക വർഗവിഭാഗങ്ങളിൽ സ്ത്രീകളുടെ ശതമാനം 51.63 ആണ്.

സ്ത്രീസാക്ഷരതയുടെ ശതമാനം നമ്മുടെ പഞ്ചായത്തിൽ 85.83 ആണ്. ജില്ലയിലെ സാക്ഷരതാശതമാനം 94-ഉം സംസ്ഥാനത്തിലേത് 88.16 ഉം ആണ്. ഇക്കാര്യത്തിൽ നമ്മുടെ പിന്നോക്കാവസ്ഥ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. നേടിയ വിദ്യാഭ്യാസത്തിനനുസരിച്ച തൊഴിൽ ലഭിച്ചിട്ടുള്ള സ്ത്രീകളുടെ എണ്ണം കുറവാണ്. സ്ത്രീജനസംഖ്യയിൽ 8.48 ശതമാനം പേർക്ക് മാത്രമാണ് ഭാഗിക മായെങ്കിലും തൊഴിലുള്ളത്. വിദ്യാഭ്യാസം എല്ലാ വിഷയങ്ങളിലും സിദ്ധിച്ചിട്ടുള്ള സ്ത്രീകളുടെ എണ്ണം കുറവല്ല. കുടുംബ ത്തിന്റെ വലിപ്പം കുറഞ്ഞിട്ടുണ്ട്. അമ്മമാരിൽ 42 ശതമാനത്തിൽ താഴെയുള്ള വർക്കേ രണ്ടിൽ കൂടുതൽ കുട്ടികളുള്ളു. അതുകൊണ്ട് തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണത്തിലുള്ള കുറവ് മറ്റു കാരണങ്ങളാലാണ് വന്നിരിക്കുന്നത്. ഒന്നാമതായി ഇടത്തരക്കാരായ ഭൂരിപക്ഷം പേർക്കും അധ്യാപനസർവീസ് രംഗങ്ങളിലൊഴികെ പണിയെടുക്കുന്നതിനോട് അനുകൂലമായ മനോഭാവമല്ല ഉള്ളത്. സഹകര ണമേഖലയിലും ചെറുകിട വ്യവസായ വ്യാപാരരംഗങ്ങളിലും മറ്റും സ്ത്രീപങ്കാളിത്തം അടുത്ത കാലംവരെ തീരെയില്ലായിരുന്നുവെന്നു പറയാം. ചുരുക്കം ഡയറി-തയ്യൽ യൂണിറ്റുകൾ മാത്രമാണ് നിലവിലു ണ്ടായിരുന്നത്. അടുത്ത കാലത്ത് രൂപംകൊണ്ടിട്ടുള്ള വനിതാ സഹകരണസംഘം ശ്രദ്ധേയമായ ഒരു ചുവടുവയ്പാണ്. പ്രവർത്തനമാരംഭിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ പ്രസ്തുത സംഘത്തിന് അഭിനന്ദനാർഹമായ വളർച്ചയുണ്ടായിട്ടുണ്ട്. ഇത് സഹകരണമേഖലയിൽ സ്ത്രീകൾക്കുള്ള സാധ്യതയെ സൂചിപ്പിക്കുന്നുണ്ട്.

പരമ്പരാഗത കാർഷികജോലികൾ റബ്ബർകൃഷിക്കു വഴിമാറിക്കൊടുത്തതും, സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരത്തിലും സാമൂഹ്യരംഗത്തു പൊതുവെയും അപര്യാപ്തമായിട്ടെങ്കിലും ഉണ്ടായ വികാസം കൂലിപ്പണിയിലും മറ്റുമുള്ള ആഭിമുഖ്യം ഇല്ലാതെയാക്കിയതും ഈ തൊഴിലില്ലായ്മയുടെ കാരണങ്ങളാണ്. സ്ത്രീസാക്ഷരത യിലും സാമൂഹ്യപദവിയിലും ഉണ്ടായിട്ടുള്ള വികാസം ക്രിയാത്മകവും വികസനോന്മുഖവും ആക്കുക എന്നത് അടിയന്തിരപ്രാധാന്യമർഹിക്കുന്നു.

നിലവിലുള്ള നഴ്സിംഗ്, സമാന്തരവിദ്യാഭ്യാസമേഖലകളിൽ കടുത്ത ചൂഷണം നിലനില്ക്കുന്നുണ്ട്. സെയ്ൽസ് ഗേൾസ് മേഖല, മഹിളാപ്രധാൻ ഏജൻസി എന്നിവയൊന്നും ഇനി കാര്യമായ വികാസം പ്രതീക്ഷിക്കാവുന്ന രംഗങ്ങളല്ല. ഡയറിയൂണിറ്റുകളിൽ 35-ൽപരം വനിതകൾക്ക് തൊഴിൽ വസരമുണ്ട്. നഴ്സിംഗ്രംഗം ആശുപത്രിയിലെ മറ്റ് തസ്തികകൾ എന്നിവയിലൊക്കെയായി 150 സ്ത്രീകൾ ജോലിയെടുക്കുന്നുണ്ട്. 25 പേർ മഹിളാപ്രധാൻ ഏജൻറുമാരായി പ്രവർത്തിക്കുന്നു. സെയ്ൽസ്ഗേൾസ്, ടെലഫോൺ ബൂത്ത് ഓപ്പറേറ്റർമാർ, ടൈപ്പ്റൈറ്റിംഗ് ഇൻസ്ട്രക്ടർമാർ, ചെറുകിട വ്യാപാരികൾ, സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപികമാർ തുടങ്ങിയവർ എല്ലാംകൂടി 100-ൽ താഴെ പേർ ഉണ്ട്. ഇതിനു പുറമെ സ്വകാര്യവ്യക്തികൾ നടത്തുന്ന വിവിധ സസ്യ നേഴ്സറികളിലായി 75-ഓളം സ്ത്രീകൾക്ക് ഭാഗികമായി തൊഴിലുണ്ട്. കൂടാതെ, പലഹാര നിർമാണം, മറ്റ് ആഹാരസാധനങ്ങളുടെ നിർമാണം (കറിപ്പൊടി, അച്ചാർ, പപ്പടം), തയ്യൽ തുടങ്ങിയ മേഖലകളിലും കുറെ ആളുകൾ തൊഴിലെടുക്കുന്നുണ്ട്.

ഗ്രാമീണവനിതാ-ശിശുവികസനപരിപാടിയുടെ ഭാഗമായി 4 യൂണിറ്റുകളുണ്ട്. വിധവാ പെൻഷൻ ലഭിക്കുന്നവർ 119 പേരുണ്ട്. അംഗൻവാടികളും ഫീഡിംഗ് സെൻറുകളും ആവശ്യ ത്തിനില്ലെന്നു മാത്രമല്ല, ഉള്ളവയിൽ സ്ത്രീകളുടെ പങ്കാളിത്തം പരിമിതവുമാണ്. വായനശാലകൾ, കലാ-സാംസ്കാരിക സമിതികൾ എന്നിവയിലൊന്നും കാര്യമായി സ്ത്രീപങ്കാളിത്തമില്ല. ഉത്സവങ്ങൾ, സിനിമകൾ, ടി.വി സീരിയലുകൾ എന്നിവയാണ് വിനോദോപാധികളായി ഉള്ളത് എന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. വിവിധ വനിതാപ്രസിദ്ധീകരണങ്ങൾ 700 കോപ്പികൾ ഏജൻറുമാർവഴി ചെലവാകുന്നുണ്ട്. ഇത് ആകെ വിതരണംചെയ്യുന്ന പ്രസിദ്ധീകരണങ്ങളുടെ 10 ശതമാനംവരും. നാടൻകലകളും മറ്റും യുവജനോത്സവപ്പന്തലുകളിൽ മാത്രമായി ചുരുങ്ങിപ്പോയിരിക്കുന്നു. ബഹുജന സർവീസ് സംഘടനാനേതൃ

ത്വത്തിലുള്ള സ്ത്രീകളുടെ എണ്ണം വിരലിലെണ്ണാവുന്നിടത്തോളം മാത്രമാണ്. അഭിഭാഷകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, അധ്യാപികമാർ തുടങ്ങിയവരെല്ലാം കൂടിയാലും 200-ൽ താഴെ പേരേ വരൂ.

പൊൻകുന്നം കത്തോലിക്കാപ്പള്ളിയോടനുബന്ധിച്ചുള്ള ആരാധനാമഠം പതിനൊന്നോളം മഠങ്ങളുള്ള സമൂഹത്തിന്റെ പ്രൊവിൻഷ്യൽഹൗസാണ്. തൊഴിലെടുക്കുന്നവരും വിദ്യാർത്ഥിനികളുമായ പുറംനാട്ടുകാരായ സ്ത്രീകൾക്കായി 2 പ്രൈവറ്റ് ഹോസ്റ്റലുകൾ പൊൻകുന്നത്തുണ്ട്. രണ്ടിലുംകൂടി 60 സ്ത്രീകൾ താമസിക്കുന്നു. ചിറക്കടവ് കർമലീത്താമഠം നല്ല നിലയിൽ ഒരു ബാലികാമന്ദിരം നടത്തുന്നുണ്ട്. ഒരു ഡേ കെയർ സെൻറും നല്ല നിലയ്ക്ക് പ്രവർത്തിക്കുന്നുണ്ട്. ആരാധനാമഠത്തിന്റെ കീഴിലുള്ള പാവന വനിതാഹോസ്റ്റലാണ് ഇതു നിയന്ത്രിക്കുന്നത്. റോമൻകത്തോലിക്കാസന്യാസിനിമാർ വനിതാക്ഷേമരംഗത്ത് ശ്രദ്ധേയമായി പ്രവർത്തിക്കുന്നുണ്ട്. എസ്.എൻ.ഡി.പി.യുടെ ആഭിമുഖ്യത്തിലുള്ള സമാജവും സജീവമാണ്.

പ്രത്യേകം സൂചിപ്പിക്കേണ്ട മറെറാരു കാര്യം വീട്ടമ്മമാരുടെ അധ്വാനമാണ്. ഏതാണ്ട് 16 മുതൽ 20 വരെ മണിക്കൂറുകൾ ഇവർക്ക് ഗൃഹജോലികളിൽ വ്യാപൃതരാകേണ്ടിവരുന്നു. ആധുനികവത്കരണം ഇതിന് പറയത്തക്ക കുറവൊന്നും വരുത്തുന്നില്ല. ഇതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഓരോ കുടുംബവും ഒറപ്പെട്ടാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് എന്നതാണ്.

ഗ്രാമസഭകളും അവയുടെ കീഴിൽ കുടുംബങ്ങളുടെ ഗ്രൂപ്പുകളും (അയൽക്കൂട്ടങ്ങൾ) സജീവമായി പ്രവർത്തിച്ചാൽ ഇന്നുള്ള അധ്വാനത്തിൽ വലിയൊരു പങ്ക് കൂട്ടായ പ്രവർത്തനങ്ങൾവഴി ലഘൂകരിക്കുവാൻ കഴിയും. അവയുടെ ഫലങ്ങൾ സാമൂഹ്യവികാസത്തിനുപയോഗപ്പെടുത്താൻ കഴിയുകയും ചെയ്യും. വിഭാഗീയ പ്രവണതകളും ആശയപരമായ പിഴവുകളും അവസാനിപ്പിക്കുവാനും ഇത്തരം പ്രായോഗികസഹകരണം മാത്രമേ ഫലപ്രദമായുള്ളു.

പ്രശ്നങ്ങൾ

1. സാമൂഹ്യരംഗത്തെ പങ്കാളിത്തത്തിന്റെ അഭാവവും, വിദ്യാഭ്യാസവളർച്ചയ്ക്ക് അനുഗുണമായി സാമൂഹ്യപദവിയിൽ ഉയർച്ചയുണ്ടാകാത്തതും പ്രധാന പ്രശ്നമാണ്.
2. വിഭാഗീയചിന്താഗതികൾ, വ്യക്തിപരമായി മാത്രം ചിന്തിക്കൽ എന്നിവമൂലം സാമൂഹ്യ ഏകീകരണത്തിനും വികാസത്തിനും മാന്ദ്യമുണ്ടാകുന്നു.
3. സൗന്ദര്യബോധം, സദാചാരബോധം, സാമൂഹ്യബോധം എന്നിവയെല്ലാം കമ്പോള-ഉപഭോഗസംസ്കാരത്തിന് കീഴ്പ്പെടുന്നു. സാമൂഹ്യവിരുദ്ധശക്തികൾ ഇതു മുതലെടുക്കുന്നു.
4. സ്ത്രീധനസമ്പ്രദായം എല്ലാ വിഭാഗങ്ങളിലും ശക്തമായി നിലനില്ക്കുന്നുവെന്നത് അനേകം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
5. തൊഴിലിനെക്കുറിച്ചും കുടുംബത്തിലെയും സമൂഹത്തിലെയും പങ്കിനെക്കുറിച്ചും മധ്യവർഗബോധം നിലനില്ക്കുന്നു.
6. സാക്ഷരതാശതമാനം ജില്ലാ-സംസ്ഥാനതലങ്ങളേക്കാൾ കുറവാണ്.
7. ഭാഗികമായെങ്കിലും തൊഴിലുള്ളത് 8.48 ശതമാനം പേർക്കു മാത്രമാണ്.
8. സഹകരണമേഖല, ചെറുകിട വ്യവസായ സംരംഭങ്ങൾ, സർക്കാർ സാമൂഹ്യക്ഷേമപരിപാടികൾ എന്നിവയിലുള്ള പങ്കാളിത്തം വളരെ കുറവാണ്.
9. പെരുകിവരുന്ന സാമൂഹ്യവിരുദ്ധശക്തികൾ നാനാതരത്തിലുമുള്ള ഭീഷണികൾ ഉണ്ടാക്കുന്നു.
10. നിലവിലുള്ള സാമൂഹ്യക്ഷേമരംഗത്തെ സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്.

ഗ്രാമസഭാനിർദേശങ്ങൾ

1. സ്ത്രീകളുടെ സഹകരണസംഘം രൂപീകരിച്ചുകൊണ്ട് തയ്യൽപരിശീലനകേന്ദ്രം തുടങ്ങണം.
2. അംഗൻവാടികൾ തുടങ്ങണം. സാമൂഹ്യക്ഷേമപ്രവർത്തനകേന്ദ്രങ്ങളായി അവയെ മാറ്റാൻ കഴിയണം.
3. സ്വയംതൊഴിൽ സൗകര്യമുണ്ടാക്കാൻ കോഴിവളർത്തൽകേന്ദ്രം തുടങ്ങണം.
4. റെഡിമെയ്ഡ് വസ്ത്രനിർമാണയൂണിറ്റ് തുടങ്ങണം.

1. ഡോക്യുമെന്റേഷൻ ആൻഡ് ഇൻഫർമേഷൻ സെൻറർ വേണം.
2. നാടൻകലകളും നൃത്തവും പരിശീലിപ്പിക്കുന്ന സ്ഥാപനം വേണം.
3. ഇലക്ട്രോണിക് ഉപകരണങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയോ അവയുടെ ഭാഗങ്ങളോ അസംബിൾ ചെയ്യുകൊടുക്കുന്ന യൂണിറ്റുകൾ കെൽട്രോണും മറ്റു വൻകിട കമ്പനികളുമായി കരാർചെയ്ത് ആരംഭിക്കാം.
4. ഒരു വീഡിയോ തീയേറ്റർ ആരംഭിക്കുക. ഫിലിംക്ലബ്/സൊസൈറ്റി രൂപീകരിക്കുക. ഇതുവഴി മാധ്യമരംഗത്തിന്റെ അനാശാസ്യ കടന്നുകയറ്റം ചെറുക്കാം. നല്ല ചിത്രങ്ങൾ കാണിച്ച് സ്ത്രീകളുടെ അഭിരുചിയും ആസ്വാദനശേഷിയും ഉയർത്താം.
5. അംഗൻവാടിയും ഫീഡിംഗ്സെൻറും വേണം. ഒന്നിലധികം കേന്ദ്രങ്ങളിൽ അത്യാവശ്യമുണ്ട് (വിക്രാന്ത്നഗർകോളനി, തോണിപ്പാറ, പോളിടെക്നിക് ടൗൺ, കാവാലിമാക്കൽ).

4245
KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY

6. പബ്ലിക് ലൈബ്രറിയുമായി ബന്ധപ്പെട്ട് വനിതാ സമാജവും വനിതാകലാസമിതിയും. വേണം. ഇവയുടെ ആഭിമുഖ്യത്തിൽ മത്സരങ്ങൾ, പരിശീലനപരിപാടികൾ, ബോധവത്കരണപരിപാടികൾ എന്നിവ സ്ഥിരമായി നടത്തണം.
7. ഒരു വനിതാസഹകരണ സമാന്തരകോളേജ് തുടങ്ങണം. ട്യൂഷൻ സെൻററും നടത്താം.
8. ക്രഷുകളും കൂടുതൽ ഡേ കെയർ സെൻററുകളും തുടങ്ങണം.
9. അഭ്യസ്തവിദ്യരായ യുവതികൾക്കും വിദ്യാർത്ഥിനികൾക്കും പ്രയോജനപ്പെടുന്ന കരിയർ/എഡ്യൂക്കേഷൻ/കൾച്ചറൽ ഗൈഡൻസ് സെൻറർ തുടങ്ങണം.

1. ബോധവത്കരണസെമിനാറുകൾ നടത്തണം.
2. അടുക്കളത്തോട്ടത്തിന് വിത്തുകൾ വിതരണം ചെയ്യണം.
3. കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യണം.
4. തയ്യൽമെഷീനുകൾ വിതരണം ചെയ്യണം.
5. നിർധനരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം വേണം.

1. ബോധവത്കരണസെമിനാറുകൾ നടത്തണം.
2. മഹിളാസമാജങ്ങളും അംഗൻവാടികളും തുടങ്ങണം.
3. ഇവയുടെ ആഭിമുഖ്യത്തിൽ ചർച്ചാക്ലാസ്സുകളും പ്രദർശനക്ലാസ്സുകളും നടത്തണം. വിവിധ വിഷയങ്ങളിൽ വിജ്ഞരായവരെ കൊണ്ടുവന്ന് ക്ലാസ്സുകൾ നടത്തണം.
4. സ്ത്രീകൾക്കായി പഞ്ചായത്ത് തലത്തിൽ ഒരു സാംസ്കാരികകേന്ദ്രം ആരംഭിക്കണം. ബോധവത്കരണത്തിനും പ്രശ്നപരിഹാരത്തിനുമുള്ള വേദിയായി ഇതു മാറണം. ഇതിനോടനുബന്ധിച്ച് കൗൺസിലിംഗ് സെൻറർ ആരംഭിക്കണം. അക്രമങ്ങളെ ചെറുത്തുനില്ക്കുന്നതിനും കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇതു സഹായകമാകും.
5. വീട്ടമ്മമാർക്ക് അടുക്കളത്തോട്ടനിർമാണത്തിന് പരിശീലനവും വിത്തുകളും നല്കണം.
6. ചെറുകിട വ്യവസായയൂണിറ്റുകൾ വനിതകൾക്കായി ആരംഭിക്കണം.

1. വനിതാസമാജം നിലവിലില്ല. ഒരു വനിതാസമാജം സ്ഥാപിക്കുക.
2. സ്ത്രീകൾക്കായി റബ്ബർബോർഡ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമാണം, കവർനിർമാണം, തയ്യൽ മുതലായവയ്ക്ക് കുടിൽവ്യവസായപദ്ധതികൾ ഉണ്ടാക്കണം.

1. അംഗൻവാടി ആരംഭിക്കണം.
2. പട്ടികജാതി-പട്ടികവർഗത്തിലെ പരിശീലനം നേടിയ വനിതകൾക്ക് തയ്യൽമെഷീൻ വിതരണംചെയ്യുക. ഇവർക്ക് ലഭ്യമാക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ സെമിനാറുകൾ സംഘടിപ്പിക്കുക.

1. കുടിൽവ്യവസായം നടത്തുന്ന സ്ത്രീകൾക്ക് സാമ്പത്തികസഹായം നല്കണം.
2. ഒരു വനിതാസഹകരണസംഘം തുടങ്ങണം.
3. തയ്യൽപരിശീലനകേന്ദ്രവും വ്യവസായയൂണിറ്റും വേണം. ത്രിവേണിമഹിളാസമാജത്തോട് അനുബന്ധിച്ച് വേണം ഇത് തുടങ്ങേണ്ടത്.
4. സ്ത്രീകൾക്ക് കോഴി, ആടുമാട്, പന്നി, മുയൽ എന്നിവയെ വളർത്താൻ സഹായം നല്കണം.
5. സ്ത്രീകൾക്ക് പച്ചക്കറികൃഷിക്കും സംഭരണ-വിതരണത്തിനും പ്രോത്സാഹനം നല്കണം.
6. വീടില്ലാത്ത സ്ത്രീകൾക്ക് വീട് നിർമിച്ചു കൊടുക്കണം.
7. പെരുമ്പാറാൽകുളം വൃത്തിയാക്കി കുടിവെള്ളക്ഷാമം പരിഹരിക്കുക. കുളത്തിന് സമീപമുള്ള തോട് വൃത്തിയാക്കുകയും കക്കൂസുകൾ ഇല്ലാത്തവർക്ക് കക്കൂസ് നിർമിച്ചു കൊടുക്കുകയും ചെയ്യുക.

1. തയ്യൽ, കരകൗശലവസ്തുനിർമാണം, നെയ്ത്ത് എന്നിവയിൽ അഭ്യസ്തവിദ്യരായ വനിതകൾക്ക് തൊഴിൽപരിശീലനം കൊടുക്കാൻ നടപടികൾ സ്വീകരിക്കണം.
2. സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കണം.
3. ചൂരൽ, വള്ളി, ഒട്ടൽ, ഈറ, പ്ലാസ്റ്റിക് തുടങ്ങിയ സാധനങ്ങൾ ഉപയോഗിച്ച് കുട്ട, വട്ടി, പരമ്പ്, പായ തുടങ്ങിയ നിരവധി സാധനങ്ങൾ നിർമിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിച്ച് വനിതകൾക്ക് തൊഴിൽ നല്കാവുന്നതാണ്.

1. ഒരു വനിതാഗ്രന്ഥശാല സ്ഥാപിക്കുക (വനിതകൾ നടത്തുന്ന 'വനിതകൾ അംഗങ്ങളായ' വനിതകൾ പുസ്തകവിതരണം നടത്തുന്ന ഗ്രന്ഥശാല).
2. സംവരണനിയമങ്ങൾ കർശനമായി നടപ്പാക്കുക.
3. തൊഴിൽരഹിതവനിതകൾക്ക് പരിശീലനകേന്ദ്രങ്ങളും ചെറുകിട വ്യവസായയൂണിറ്റുകളും സ്ഥാപിക്കുക (തയ്യൽകേന്ദ്രം, കറിപൗഡർ യൂണിറ്റ്, അച്ചാർ യൂണിറ്റ്, ടൈപ്റൈറ്റിംഗ് യൂണിറ്റ്).
4. ശിശുസംരക്ഷണകേന്ദ്രം സ്ഥാപിച്ച് പണിയെടുക്കുന്ന അമ്മമാരെ സഹായിക്കുക.

5. വനിതാഗ്രാമസേവികയുടെ സേവനം കാര്യക്ഷമമാക്കുക.
6. ബോധവത്ക്കരണ സെമിനാറുകൾ നടത്തുക.
7. പശു, ആട്, കോഴി എന്നിവയെ സൗജന്യമായി വിതരണം ചെയ്ത് നിർധനരായ വനിതകളെ സഹായിക്കുക.

1. താഴ്ന്ന വരുമാനക്കാരായ സ്ത്രീകൾക്ക് വളർത്തുമൃഗങ്ങളെ ലഭ്യമാക്കുക.
2. കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ അവ നിർമിക്കണം.
3. ദേശസേവിനിമഹിളാസമാജത്തിന് കൂടുതൽ തയ്യൽ മെഷീനുകൾ ലഭ്യമാക്കണം.
4. സർവോദയമഹിളാസമാജത്തോടനുബന്ധിച്ച് നടക്കുന്ന നേഴ്സറിസ്കൂളിൽ കുട്ടികൾക്കായി കക്കൂസും മൂത്രപ്പുരയും നിർമിക്കണം.

1. റേഷൻകട പുനഃസ്ഥാപിക്കണം.
2. അംഗൻവാടികളും ബാലവാടികളും തുടങ്ങണം.
3. വനിതാവ്യവസായ യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ തുടങ്ങുവാൻ നടപടികളുണ്ടാവണം.
4. വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കുക.
5. ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ (1991-ലെ സെൻസസ്)

ക്രമ നമ്പർ	തൊഴിൽമേഖല	പുരുഷൻ	സ്ത്രീ	ആകെ
1	കൃഷി, ചെറുകിട പ്ലാന്റേഷൻ, മൃഗസംരക്ഷണം	2805	76	2881
2	കർഷകത്തൊഴിലാളി	1142	115	1257
3	പാറ പൊട്ടിക്കൽ	38	-	38
4	ഗൃഹനിർമാണം, നിർമാണജോലികൾ	507	23	530
5	കച്ചവടം, ട്രാൻസ്പോർട്ടിംഗ്	1286	77	1363
6	വാർത്താവിനിമയം	575	23	598
7	സർവീസിംഗ്, റിപ്പയറിംഗ്	527	44	571
8	മററു ജോലികൾ	991	784	1775
9	ഭാഗികമായി മാത്രം തൊഴിലുള്ളവർ	198	211	409
10	തൊഴിൽരഹിതർ	7775	14595	22370
	ആകെ	15844	15948	31792

"ഞാൻ ഈ രാജ്യത്തെ സ്ത്രീകളോട്, പുരുഷന്മാരോട് പറയുന്നതെന്തോ അതുതന്നെ പറയും. കരുത്തും ശുഭ്രപ്രതീക്ഷയുമുള്ളവരാകുവിൻ, നിർലജ്ജരാകുവിൻ, നമുക്കു വാങ്ങുവാൻ ചിലതുള്ളതോടൊപ്പം ലോകത്തിൽ വേറെ ഏതു ജനതയെക്കാളും അളവറ് അധികം കൊടുക്കുവാനുണ്ടെന്നുള്ളത് ഓർമ്മിക്കുവിൻ".

-സ്വാമി വിവേകാനന്ദൻ

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നിബിഡവനപ്രദേശങ്ങൾ ആയിരുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് വനവിഭവങ്ങൾ ശേഖരിക്കുന്നതിനും മറ്റും ഉണ്ടായിരുന്ന പട്ടികവർഗ വിഭാഗങ്ങളെക്കുറിച്ചോ പുരാതന ജനവാസകേന്ദ്രങ്ങളിൽ ഉണ്ടായിരുന്നവരെക്കുറിച്ചോ കാര്യമായ അറിവൊന്നുമില്ല.

1850-നു മുമ്പ് ജന്മിമാരുടെ കാർഷികാവശ്യങ്ങൾക്കായി അവരുടെ ചേരിക്കൽ താമസിച്ചിരുന്ന ചുരുക്കം ചില 'അടിയാന്മാരുടെ കുടികൾ' മാത്രമെ ഉണ്ടായിരുന്നുള്ളു. പിന്നീട് കൃഷിയുടെ വ്യാപനത്തോടെ വനം തെളിച്ചു കൃഷിയിറക്കാൻ, വഞ്ഞിപ്പുഴ ആസ്ഥാനമായ ചെങ്ങന്നൂർ ഭാഗത്തുനിന്നും, വെന്നിമല, പുതുപ്പള്ളി എന്നിവിടങ്ങളിൽ നിന്നും 'അടിയാന്മാരെ' കൊണ്ടുവന്ന് പാർപ്പിടം സ്ഥാപിക്കാൻ സ്ഥലം കൊടുത്തു.

കുടിയേറകർഷകരും അവരവരുടെ സ്ഥലങ്ങളിൽനിന്നെല്ലാം കുറെ പണിക്കാരെയും കൊണ്ടുവന്നിരുന്നു.

കർഷകരുടെ കൂടെ വന്നവർ ക്രിസ്തുമതം സ്വീകരിച്ചില്ലെങ്കിലും ക്രിസ്ത്യൻ പേരിലാണ് അറിയപ്പെട്ടത്. പല ഭാഗങ്ങളിൽനിന്നും വന്നവരായതിനാൽ തനതായ ഒരു സാംസ്കാരികപാരമ്പര്യം ഇവർക്ക് ഇല്ലാതെവന്നു. ഉദ്ഗ്രഥിതമായ പുതിയതൊന്ന് രൂപപ്പെട്ടുമില്ല. തകിടിക്കൽ കുടിയാന്മാരും മറ്റും ഒരു പാലയുടെ ചുവട്ടിൽ ഏതോ മൂർത്തിയെ സങ്കല്പിച്ച് കല്ല് സ്ഥാപിച്ച് വെള്ളംകുടിയും കോഴിവെട്ടലും നടത്തിയിരുന്നു. ചില മന്ത്രവാദികളും ഉണ്ടായിരുന്നു. ഇവർ പുരോഹിതന്മാരുടെ പങ്കു വഹിച്ചിരുന്നിരിക്കണം.

19-ാം നൂറ്റാണ്ടിന്റെ പകുതിയോടെ ജന്മികളുടെ സാമൂഹ്യപദവി ക്ഷയിച്ചുതുടങ്ങിയിരുന്നു. ഇവരിൽ അധികംപേരും ആചാരങ്ങൾ നിലനിർത്തുന്ന കാര്യത്തിലും അടിയാന്മാരെ തങ്ങളുടെ അസ്തിത്വത്തിന്റെ ഭാഗമായി കരുതുന്ന കാര്യത്തിലും അലംഭാവം പുലർത്തി. അതുകൊണ്ട് ഈ അടിയാന്മാർക്ക് ജന്മിത്വത്തിന്റെ സംരക്ഷണമോ ജന്മിമാരുമായി സ്വയം ബന്ധപ്പെടുത്തി സമൂഹത്തിന്റെ ഭാഗമാകാനുള്ള സാധ്യതയോ ഇല്ലാതെവന്നു. ക്രിസ്ത്യൻ കൃഷിക്കാരുടെ ഭാഗത്തും പണിക്കാരെ സമൂഹത്തിനുള്ളിൽ പ്രവേശിപ്പിച്ച് അക്കാലത്ത് രൂപപ്പെട്ട പുതിയ സമൂഹത്തിന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളുമുണ്ടായില്ല. അങ്ങനെ ഒരുതരം അനാഥത്വവും അനാശ്രിതത്വവും നമ്മുടെ ഭാഗത്തുള്ള പട്ടികജാതി പട്ടികവർഗങ്ങളിൽ നിലനിന്നുപോന്നു.

സമീപത്തുള്ള പല പ്രദേശങ്ങളിലുമുണ്ടായിരുന്നതുപോലെ അത്ര കടുത്ത മർദ്ദനവും ചൂഷണവും അനുഭവിക്കേണ്ട സ്ഥിതി ഇവിടെ ഉണ്ടായിരുന്നില്ല. ജന്മിമാരുടെ പദവിയിൽ ഉണ്ടായ ഇടിവ്, ചർച്ച് മിഷൻ സൊസൈറ്റിയുടെ (സി.എം.എസ്) പ്രവർത്തനങ്ങൾ, നവോത്ഥാന ആശയങ്ങളുടെ ആവിർഭാവം എന്നിവയാണ് കാരണങ്ങൾ. അതുകൊണ്ട് സംഘടനാപ്രവർത്തനമോ ചെറുത്തുനില്പോ സംഘടിപ്പിക്കുവാൻ സാമൂഹ്യപ്രേരണ ഉണ്ടായില്ല. പൊൻകുന്നവും തമ്പലക്കാടും കേന്ദ്രമാക്കി ഇതിനകം ആരംഭിച്ചുകഴിഞ്ഞിരുന്ന ചർച്ച് മിഷൻ സൊസൈറ്റി പ്രവർത്തനം അവമാനവീകരണത്തിന് വിധേയരാകാതെ അന്നത്തെ അവർണവിഭാഗക്കാരെ സംരക്ഷിക്കത്തക്കശക്തിയായി വളർന്നിരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഈ രണ്ടു കേന്ദ്രങ്ങളിലും പ്രവർത്തനമാരംഭിച്ച പ്രാർത്ഥനാലയങ്ങളും സ്കൂളുകളും തുടക്കംമുതൽ ഇവർക്ക് വെളിച്ചം പകർന്നുകൊടുത്തു. ശ്രീവിജ്ഞാനചന്ദ്രസേനൻ സ്ഥാപിച്ച ശ്രീദയാനന്ദ യു.പി.സ്കൂളിൽ (എസ്.ഡി.യു.പി. സ്കൂൾ) തുടക്കം മുതൽ അവർണസമുദായക്കാർക്ക് പ്രവേശനം അനുവദിച്ചിരുന്നു.

സംഘടനകൾ

1920-കളിൽ ഉണ്ടായ പരിമിതമായ സംഘടനാപ്രവർത്തനത്തിന്റെ ഫലമായി അനുവദിച്ചു കിട്ടിയതാണ് കെ.കെ. റോഡ് 19-ാം മൈൽ വട്ടക്കുഴിഭാഗത്തുള്ള ശ്മശാനം. (76 വർഷങ്ങൾക്കുശേഷവും ഈ ശ്മശാനത്തിൽ പ്രവേശിക്കുന്നതിന് ഒരു പൊതുവഴി ഇല്ലാത്ത അവസ്ഥ തുടരുകയാണ്.) കേരള സാംബവർമഹാസഭ, സാംബവർ സൊസൈറ്റി, അഖിലകേരള വേലൻമഹാസഭ,

മണ്ണാൻമഹാസഭ, പുലയൻ മഹാസഭ എന്നിവയുടെയൊക്കെ പ്രവർത്തനം പല ഘട്ടങ്ങളിലായി ആരംഭിച്ചു. നമ്മുടെ തൊട്ടടുത്ത എലിക്കുളം പഞ്ചായത്തിൽ കുടിയിറക്കു പ്രശ്നങ്ങളിൽ ഇടപൊടുന്നതിനുവേണ്ടി 1965-ൽ സ്ഥാപിതമായ ബി.ഡി.സിൽ-ന്റെ നേതൃത്വത്തിൽ ആരംഭിച്ച 'തമ്പലക്കാട് പട്ടികജാതി സഹകരണ സംഘം' ഇപ്പോഴും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ സംഘാടകരിലൊരാളായ ശ്രീ പാട്ടത്തിൽ കുഞ്ഞാപ്പൻ ഇപ്പോൾ നമ്മുടെ പഞ്ചായത്തിലാണ് താമസിക്കുന്നത്.

കോയിപ്പള്ളി കോളനിഭാഗത്ത് സജീവമായി പ്രവർത്തിച്ചിരുന്ന 'അംബദ്കർ ക്ലബ്', പി.പി.റോഡ് 1-ാം മൈൽ ഭാഗത്ത് പ്രവർത്തിച്ചിരുന്ന ക്ലബ് തുടങ്ങിയവയൊക്കെ കലാകായിക പരിപാടികളും നാടകങ്ങളും മറ്റും സംഘടിപ്പിച്ചിരുന്നു. ഇന്ന് അവയുടെയൊക്കെ പ്രവർത്തനം നിർജീവമാണ്.

ഇന്നത്തെ അവസ്ഥ

1991 സെൻസസ്പ്രകാരം 469 പട്ടികജാതി കുടുംബങ്ങളിലായി 1989 അംഗങ്ങൾ ഉണ്ട്. ഇവരിൽ 965 പുരുഷന്മാരും 1024 പേർ സ്ത്രീകളുമാണ്. പട്ടികവർഗവിഭാഗത്തിൽ 7 കുടുംബങ്ങളിലായി 91 അംഗങ്ങളുമുണ്ട്. ഇതിൽ 41 പുരുഷന്മാരും 50 സ്ത്രീകളുമാണ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലുള്ളവർ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 6.5% വരും.

ഐ.ആർ.ഡി.പി. സർവ്വെപ്രകാരം നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ 83 പട്ടികജാതി-പട്ടിക വർഗകുടുംബങ്ങൾ ഉണ്ട്.

പട്ടികവർഗം

പട്ടികവർഗവിഭാഗത്തിൽ പെടുന്ന 7 കുടുംബങ്ങളിൽ 2 കുടുംബങ്ങൾക്ക് പാർപ്പിടസൗകര്യമില്ല. 4 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഈ 7 കുടുംബങ്ങളും കൂലിപ്പണി ചെയ്തു ജീവിക്കുന്നു. പരമാവധി വിദ്യാഭ്യാസം 10-ാം ക്ലാസ് ആണ്. (ആരും 10-ാം ക്ലാസ് ജയിച്ചിട്ടില്ല.) സർക്കാർ മേഖലയിലോ സ്ഥിരമായോ തൊഴിലുള്ളവർ ആരുമില്ല. 10 സെൻറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ ആരുമില്ല. നിലവിലുള്ള വീടുകൾ വളരെ പരിമിതമായ സൗകര്യമുള്ളവയാണ്. കുടിവെള്ളത്തിന്റെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. പൊതുസാനിറേഷൻ സൗകര്യം വളരെ പരിമിതമാണ്.

കോളനികൾ

ആകെ 10 കോളനികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇവയിൽ രണ്ടെണ്ണം ഐ.എച്ച്.ഡി.പി. കോളനികളാണ്. ഒരെണ്ണം പട്ടികവർഗകോളനിയാണ്. (കോളനി പട്ടിക ചുവടെ ചേർക്കുന്നു.)

വൈദ്യുതീകരിക്കപ്പെട്ട കോളനി ഒരെണ്ണം മാത്രമാണുള്ളത്. കോളനികളിലെ അധികംപേരും പലതരം കൂലിപ്പണികളും കൈത്തൊഴിലുകളും ഉപജീവനമാർഗമായി സ്വീകരിച്ചിട്ടുള്ളവരാണ്.

പ്രശ്നങ്ങൾ

ഉന്നതവിദ്യാഭ്യാസം, സർക്കാർ സർവ്വീസിൽ ഉന്നത സ്ഥാനം, വിവിധ കലാരംഗങ്ങളിൽ ഉയർന്ന സ്ഥാനങ്ങൾ എന്നിവയെല്ലാം നേടിയ കുറെ പേർ ഉണ്ടായിട്ടുണ്ടെങ്കിൽപോലും പൊതുവിൽ അതുകൊണ്ടു വേണ്ടത്ര പ്രയോജനം ഉണ്ടായിട്ടില്ല. നമ്മുടെ പഞ്ചായത്തുപ്രദേശത്തെ പട്ടികജാതി-പട്ടികവർഗ വിഭാഗക്കാരുടെ സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടാത്ത പ്രശ്നമായി അവശേഷിക്കുന്നു. വ്യാപാര വ്യവസായരംഗത്തെ പങ്കാളിത്തം, പ്രാഥമിക സൗകര്യങ്ങളെങ്കിലുമുള്ള പാർപ്പിടങ്ങളുടെ ലഭ്യത, വിദ്യാഭ്യാസരംഗത്ത് ശരിയായ ദിശാനിർണയം ലഭിക്കുവാനുള്ള സാധ്യത തുടങ്ങിയവയുടെയെല്ലാം കാര്യത്തിൽ ഈ പിന്നോക്കാവസ്ഥ പ്രകടമാണ്.

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ ഭൂരിപക്ഷം പേരും വിവിധ കോളനികളിലാണ് താമസിക്കുന്നത്. ഇതിനു പുറമെ റോഡ്-തോട് പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങളുമുണ്ട്. ഇവർക്ക് കൈവശഭൂമിക്ക് പട്ടയം കിട്ടിയിട്ടില്ല.

പാരമ്പര്യ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുറെ കുടുംബങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്.

പ്രൈമറി വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികൾ ഇല്ല എന്നുതന്നെ പറയാം. എന്നാൽ പ്രൈമറി ഘട്ടത്തിനു ശേഷമുള്ള കൊഴിഞ്ഞുപോക്ക് ഇപ്പോഴും ഒരു പ്രധാന പ്രശ്നമാണ്. സാമ്പത്തികകാരണങ്ങളോടൊപ്പം ശരിയായ ദിശാനിർണയത്തിന്റെ അഭാവം, കൂലിപ്പണിക്കാരായ മാതാപിതാക്കൾക്ക് കുട്ടികളെ ശ്രദ്ധിക്കുന്നതിന് അവസരം ഇല്ലായ്മ തുടങ്ങിയവയാണ് ഇതിനു കാരണങ്ങൾ.

സാമൂഹ്യപദവിയുടെ കാര്യത്തിൽ പ്രകടമായ ഉച്ചനീചത്വം നിലവിലില്ലെങ്കിലും വിവിധ സമുദായ വിഭാഗങ്ങൾ തമ്മിൽ ആവശ്യത്തിന് ഇടപഴകാത്തതിന്റെ പ്രശ്നങ്ങൾ നിലവിലുണ്ട്. പട്ടികജാതി പട്ടികവർഗവിഭാഗങ്ങളിലധികംപേരും വിവിധ സാമുദായികസംഘടനയുടെ പ്രവർത്തകരാണ്. രാഷ്ട്രീയപാർട്ടികൾക്ക് ഇവരുടെ സാമൂഹ്യ പ്രശ്നങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കാൻ സാധിക്കുന്നില്ല

എന്നത് പൊതുരാഷ്ട്രീയധാരയിലേക്ക് കടന്നുവരുന്നതിന് തടസ്സമാകുന്നുണ്ട്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1) ഭവനനിർമാണപദ്ധതികൾ ആവിഷ്കരിക്കണം.

2) പ്രത്യേക തൊഴിൽപദ്ധതികൾ ആവിഷ്കരിക്കുക.

3) ഭൂമിയുള്ളവർക്ക് കൃഷിനടത്തിപ്പിനു സഹായവും അവർക്കായി ബോധവല്കരണപരിപാടികളും വേണം.

4) ഗ്രന്ഥശാലകൾ കോളനികളിൽ സ്ഥാപിക്കണം.

5) ശുചിത്വബോധവും ആരോഗ്യസംരക്ഷണവും സംബന്ധിച്ച ബോധവത്കരണപരിപാടികൾ ആവിഷ്കരിക്കണം.

6) മെഡിക്കൽ ക്യാമ്പുകൾ വേണം.

7) വെള്ളം, വെളിച്ചം, വഴി, കക്കൂസ് എന്നിവയ്ക്ക് മുൻഗണന നല്കി നടപ്പിലാക്കണം.

8) ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി വീടു നിർമിക്കുവാൻ സഹായം വേണം.

9) കൈവശഭൂമിക്കു പട്ടയം ലഭിക്കുവാൻ നടപടിയുണ്ടാവണം.

10) വീടുകൾ വൈദ്യുതീകരിക്കണം.

11) അംഗൻവാടികൾ സ്ഥാപിക്കുക. (ട്രെയിനിംഗ് ലഭിച്ച പട്ടികജാതി പട്ടികവർഗസ്ത്രീകളുടെ സേവനം പ്രയോജനപ്പെടുത്തുക.)

12) സാമ്പത്തികപരാധീനതമൂലം വിദ്യാഭ്യാസം തുടരാതിരിക്കുന്ന കുട്ടികൾ അതു തുടരുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

13) ആഴ്ചയിലൊരിക്കൽ സർക്കാർ ഡോക്ടറുടെ സേവനം കോളനികളിൽ ലഭ്യമാക്കുക.

14) ആനുകൂല്യങ്ങൾ അർഹരായവർക്ക് ലഭ്യമാക്കുവാൻ നടപടികളെടുക്കുക.

15) പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ സേവനം (സബ് സെൻറർ) എല്ലാ കോളനികളിലും ലഭ്യമാക്കുക.

16) 19-ാം മൈൽ ശ്മശാനത്തിലേക്ക് അടിയന്തിരമായി വഴിസൗകര്യം ഉണ്ടാക്കുകയും ശ്മശാനം പരിഷ്കരിക്കുകയും ചെയ്യുക.

17) സഹകരണസംഘങ്ങൾ സ്ഥാപിക്കുകവഴി വ്യാപാരവ്യവസായരംഗങ്ങളിൽ തൊഴിൽസാധ്യത ഉണ്ടാക്കുക.

18) വിദ്യാഭ്യാസത്തിനു പ്രോത്സാനം കൊടുക്കുവാൻ സഹകരണമേഖലയിലോ അല്ലാതെയോ ബുക്ക് ബാങ്കുകൾ, ട്യൂഷൻ സെൻററുകൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനകേന്ദ്രങ്ങൾ, കമ്പ്യൂട്ടർ വിദ്യാഭ്യാസകേന്ദ്രം എന്നിവ സ്ഥാപിക്കുക.

19) ക്ലബ്ബുകളും കലാസമിതികളും സംഘടിപ്പിക്കുക.

20) തയ്യൽ കേന്ദ്രങ്ങൾ, തയ്യൽ പരിശീലനകേന്ദ്രങ്ങൾ, കറിപ്പൊടി നിർമാണയൂണിറ്റ്, ബാർസോപ്പ് നിർമാണയൂണിറ്റ് എന്നിവ സ്ഥാപിക്കണം.

21) കോഴിവളർത്തൽ കേന്ദ്രം സ്ഥാപിക്കണം.

22) അംബദ്കർ ക്ലബ്ബിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.

23) ചെന്നാക്കുന്ന് പട്ടികജാതി കോളനിയുടെ സമഗ്രവികസനത്തിന് വേണ്ട നടപടികൾ സ്വീകരിക്കുക.

24) തയ്യൽമെഷീൻ വിതരണം ചെയ്യുക.

25) ലഭ്യമാക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുക.

26) പരമ്പരാഗത കുടിൽവ്യവസായങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുക.

27) വീടുകളുടെ അറകുറപ്പണികൾക്ക് സഹായം ലഭ്യമാക്കുക.

28) കരിമുണ്ട കോളനിയിലേക്ക് വഴിസൗകര്യത്തിനായി കലുങ്ക് പണിയുക.

29) പെൺകുട്ടികൾക്ക് വിവാഹത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ നടപടി വേണം.

30) കുട്ടികൾക്ക് സാമ്പത്തിക പിന്നോക്കാവസ്ഥമൂലം വിദ്യാഭ്യാസം തുടരുവാൻ കഴിയാതെ വരുന്നു. ഇതിനു പരിഹാരം ഉണ്ടാവണം.

31) XII-ാം വാർഡിൽ പുറമ്പോക്കിൽ താമസിക്കുന്ന വനജ ആററുപുറത്ത്, സരോജിനി ആററുപുറത്ത്, ശാന്തമ്മ മാതേമ്പാറ, മണിയമ്മ ഏറത്തുമുറിയിൽ എന്നിവർക്ക് വീടുവെക്കുന്നതിന് വാർഡിനുള്ളിൽ സ്ഥലവും വീടുവെക്കുന്നതിന് ധനസഹായവും നല്കുക.

32) വീടു വെക്കുന്നതിന് ജാനകി മുത്തുപ്ലാക്കൽ, ചക്കികറുമ്പൻ എന്നിവർക്ക് ബ്ലോക്കിൽനിന്നും കിട്ടിയതുക തീർത്തും അപര്യാപ്തമാണ്. ഇവർക്ക് വീട് വയറിംഗ് നടത്തിയെങ്കിലും വൈദ്യുതി കണക്ഷൻ കിട്ടിയിട്ടില്ല. ഇക്കാര്യങ്ങളിൽ നടപടി ഉണ്ടാവണം.

ക്രമനമ്പർ	കോളനിയുടെ പേര്	സ്ഥിതിചെയ്യുന്ന വാർഡ്	മറ്റു വിവരങ്ങൾ	വീടുകളുടെ എണ്ണം
1	തൊമ്മിത്താഴെ	രണ്ടാം വാർഡ്		38
2	ശാന്തിഗ്രാം	"		75
3	പത്താശാരി	"		32
4	കോയിപ്പള്ളി	"		136
5	ഐക്കരപ്പറമ്പ്	നാലാം വാർഡ്	ലക്ഷംവീട്	16
6	കുരങ്ങാടി (ചെന്നാക്കുന്ന്)	ഏഴാം വാർഡ്	പട്ടികജാതി കോളനി	40
7	കളമ്പുകാട്	എട്ടാം വാർഡ്	ലക്ഷംവീട്	15
8	കൊട്ടാടിക്കുന്ന്	ഒൻപതാം വാർഡ്	ലക്ഷംവീട്	32
9	പാറാംതോട്	"	I.H.D.P. പട്ടികവർഗ്ഗം	43
10	കരിമുണ്ട	പത്താംവാർഡ്	I.H.D.P.	42

വിഭാഗം	കുടുംബങ്ങൾ	ജനസംഖ്യ		
		പുരുഷൻ	സ്ത്രീ	ആകെ
പട്ടികജാതി	469	965	1024	1989
പട്ടികവർഗ്ഗം	7	41	50	91

പഞ്ചായത്തിലെ ആകെ ജനസംഖ്യ	പട്ടികജാതി/വർഗ ജനസംഖ്യ	ശതമാനം
31813	2080	6.5
വിവിധ പദ്ധതികളിൽ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ		77
ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ള കുടുംബങ്ങൾ		83

പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾ

വിഭാഗം	എണ്ണം	ലംപ്സം ഗ്രാൻറ് തുക
എൽ.പി.	177	14280 രൂ.
യു.പി.	146	16100 രൂ.
ഹൈസ്കൂൾ	139	26950 രൂ.
ആകെ	462	57330 രൂ.

മാതൃകകൾ എന്ന നിലയിൽ ആദർശങ്ങൾ നല്ലതാണ്. ആവശ്യവുമാണ്. സമൂഹത്തിനോ വ്യക്തിക്കോ മാതൃകയില്ലാതെ കഴിഞ്ഞുകൂടാൻ സാധ്യമല്ല. പക്ഷേ, കാലത്തിനും സാഹചര്യങ്ങൾക്കും വരുന്ന മാറ്റങ്ങൾക്കനുസരണമായി മാതൃകയിലും മാറ്റമുണ്ടായേ തീരൂ. ഒരു മാതൃകയും ശാശ്വതമായി ഉറപ്പിച്ചു നിറുത്താനാവില്ല.

-ഡോ. ബി.ആർ. അംബേദ്കർ

പൊൻകുന്നം സർവീസ് സഹകരണബാങ്ക്

ക്ലിപ്തം. നമ്പർ 527 സ്ഥാപിതം 1922 (ക്ലാസ് I സ്പെഷ്യൽ ഗ്രേഡ് ബാങ്ക്)

പൊൻകുന്നം. ഫോൺ: 721223

ബ്രാഞ്ചുകൾ:	1. പൊൻകുന്നം	ഫോൺ:	പൊൻകുന്നം 721223
	2. കുന്നുംഭാഗം	"	കാഞ്ഞിരപ്പള്ളി 2911
	3. ചെറുവള്ളി	"	മണിമല 7119
	4. തെക്കേത്തുകവല	"	പൊൻകുന്നം 721664
	5. പ്രഭാതസായാഹ്ന ബ്രാഞ്ച്	"	പൊൻകുന്നം 721223

ഹെഡ്ഡാഫീസിൽ ലോക്കർ സൗകര്യം

അംഗങ്ങൾ - 11000

നിക്ഷേപം - 14 കോടി

വായ്പ ബാക്കി - 9.5 കോടി

നിക്ഷേപങ്ങളുടെ പലിശനിരക്കുകൾ

30 ദിവസം മുതൽ 1 വർഷംവരെ 13%

1 വർഷത്തിനുമേൽ 3 വർഷംവരെ 14.5%

3 വർഷത്തിനുമേൽ 5 വർഷംവരെ 15%

5 വർഷത്തിനുമേൽ 15.5%

കൂടാതെ 60 മാസംകൊണ്ട് നിക്ഷേപം ഇരട്ടിയാകുന്ന 'സ്വയംവർദ്ധിനി നിക്ഷേപം'

പ്രസിഡൻറ്

ശ്രീ വി.ജെ. ആൻറണി,

വെട്ടിക്കാട്ട്, ചിറക്കടവ്

സെക്രട്ടറി

ശ്രീ പി. തോമസ് മാത്യു,

പന്തിരുവേലിൽ, പൊൻകുന്നം

ഭരണസമിതിയംഗങ്ങൾ

ശ്രീ വി.എസ്. രവീന്ദ്രൻനായർ, മറ്റക്കാട്ട്, തെക്കേത്തുകവല (വൈസ് പ്രസിഡൻറ്)

ശ്രീ പി.എം. മൈക്കിൾ, നടക്കൽ, പൊൻകുന്നം


ശ്രീ കെ.സി. മധുസൂദനൻപിള്ള, കൂനാനിക്കൽ, ചെറുവള്ളി

ശ്രീ വി. പ്രഭാകരൻനായർ, സുരേഷ് ഭവൻ, ചെറുവള്ളി

ശ്രീ ടി. ജോസഫ്, തുണ്ടത്തിൽ, പൊൻകുന്നം

ശ്രീ എം.കെ. നാരായണൻ, വടക്കേടത്ത്, ചിറക്കടവ് ഈസ്റ്റ്

ശ്രീമതി പി. രാജമ്മ, അഴകാത്തുകരോട്ട്, പൊൻകുന്നം



സഹകരണം

നമ്മുടെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന്റെ തുടക്കം 1099 കന്നിമാസത്തിലാണ് (1924). അന്നാണ് പൊൻകുന്നം സഹകരണ ബാങ്ക് ജന്മമെടുത്തത്. ശ്രീ പി.ജെ.ജോസഫ് പരപ്പനാട്ട് ആദ്യപ്രസിഡന്റായി പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് പൊൻകുന്നം സർവീസ് സഹകരണ ബാങ്ക് എന്ന പേരിൽ ഇന്ന് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഈ സ്ഥാപനത്തെ ഇന്നത്തെ നിലയിലെത്തിക്കാൻ യത്നിച്ച മഹാരഥന്മാരുടെ കൂട്ടത്തിൽ പ്രമുഖരായവരാണ് സർവശ്രീ പൊൻകുന്നം പി.ജെ. ജോസഫ്, എം.എം.മത്തായി, പി.റ്റി.ചാക്കോ, കെ.റ്റി. ആൻറണി, പി.എം.മാത്യു, ഡോ.ആൻഡ്രൂ വാരിക്കാട്ട്, വി.ജെ.ആൻറണി തുടങ്ങിയവർ. പൊൻകുന്നം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ ബാങ്കിന്റെ പ്രവർത്തനപരിധി ചിറക്കടവ് പഞ്ചായത്തിലെ ഏഴു വാർഡുകളാണ്. പരസ്പരസഹായസംഘം എന്ന പേരിൽ തുടങ്ങിയ ഈ സ്ഥാപനം 1944-ൽ അർബൻബാങ്കായും തുടർന്ന് സർവീസ്ബാങ്കായും മാറുകയാണുണ്ടായത്. വളരെ കുറഞ്ഞ മൂലധനത്തോടും അംഗങ്ങളോടുംകൂടി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിന് ഇന്ന് പതിനോരായിരത്തിലധികം അംഗങ്ങളും 1200 ലക്ഷത്തിൽപ്പരം രൂപ പ്രവർത്തനമൂലധനവുമുണ്ട്. അംഗങ്ങളുടെയും നിക്ഷേപകരുടെയും നിർലോപമായ സഹകരണംകൊണ്ടാണ് ബാങ്കിന് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. കാലാകാലങ്ങളിൽ വന്ന ഭരണസമിതികളുടെ പ്രവർത്തനവും ജീവനക്കാരുടെ സേവനസന്നദ്ധതയും ഈ ഉയർച്ചയുടെ മറെറാരു പ്രധാനഘടകമാണ്.

25-11-1101, (ME)ൽ (1926) ചെറുവള്ളി വില്ലേജ് പ്രവർത്തനപരിധിയായി ഹൈന്ദവപരസ്പരസഹായ സംഘം എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിക്കുകയുണ്ടായി. പയ്യമ്പള്ളിൽ ശ്രീ ഗോവിന്ദപ്പണിക്കർ പ്രസിഡൻറും, കൂനാനിക്കൽ ശ്രീ കുമാരപിള്ള സെക്രട്ടറിയുമായി ആരംഭിച്ച ഈ സ്ഥാപനം 1960 മുതൽ ചെറുവള്ളി സർവീസ് സഹകരണ ബാങ്ക് എന്ന പേരിൽ അറിയപ്പെട്ടു. പില്ക്കാലത്ത് പ്രവർത്തനമാന്ദ്യം സംഭവിച്ച ഈ സംഘം പൊൻകുന്നം സർവീസ് സഹകരണ ബാങ്കിൽ ലയിക്കുകയാണ് ചെയ്തത്. ലയനസമയത്ത് ശ്രീ കെ.കെ.കുട്ടപ്പൻനായർ പ്രസിഡൻറും ശ്രീ എസ്.എൻ.ശിവരാമൻനായർ സെക്രട്ടറിയുമായിരുന്നു. ലയനസമയത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

അംഗങ്ങൾ	ഓഹരി (രൂപ)	വായ്പകൾ	നിക്ഷേപം	ജീവനക്കാരുടെ എണ്ണം
600	50,000	1,00,000	30,000	3

സ്വന്തമായി രണ്ടു കെട്ടിടങ്ങളും 13.5 സെൻറ് സ്ഥലവും ഈ സ്ഥാപനത്തിനുണ്ടായിരുന്നു. കൂനാനിക്കൽ ശ്രീ കെ.ജനാർദനൻപിള്ള സംഭാവനയായി നല്കിയ സ്ഥലത്ത് പണിതീർത്ത കെട്ടിടത്തിലാണ് പൊൻകുന്നം സർവീസ് സഹകരണ ബാങ്കിന്റെ ചെറുവള്ളിശാഖ പ്രവർത്തിക്കുന്നത്.

ചിറക്കടവ് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സഹകരണരംഗത്തെ കാരണവർ എന്നു വിശേഷിപ്പിക്കാവുന്ന ശ്രീ വി.ജെ.ആൻറണി വെട്ടിക്കാട്ടാണ് പൊൻകുന്നം സർവീസ്ബാങ്കിന്റെ ഇപ്പോഴത്തെ പ്രസിഡൻറ്. 1958-ൽ ഓണററി സെക്രട്ടറിയായും 1976 മുതൽ പ്രസിഡൻറായും അദ്ദേഹം സേവനമനുഷ്ഠിച്ചുവരുന്നു.

ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ മറ്റു സഹകരണസ്ഥാപനങ്ങൾക്കും അദ്ദേഹത്തിന്റെ സേവനം ലഭ്യമായിട്ടുണ്ട്. കാഞ്ഞിരപ്പള്ളി റബ്ബർ മാർക്കറിംഗ് സൊസൈറ്റി, പൊൻകുന്നം മാർക്കറിംഗ് സൊസൈറ്റി, ചിറക്കടവ് സർവീസ്സഹകരണബാങ്ക് എന്നീ സ്ഥാപനങ്ങളുടെ പ്രസിഡൻറായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നു മാത്രമല്ല ഈ സ്ഥാപനങ്ങളുടെ പുരോഗതിക്ക് അദ്ദേഹം നല്കിയ സംഭാവനകൾ വിലപ്പെട്ടതാണ്. കോട്ടയം ജില്ലാസഹകരണബാങ്കിന്റെ ഭരണസമിതിഅംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ നമ്മുടെ പഞ്ചായത്തിന്റെ പ്രസിഡൻറായി ദീർഘകാലം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പൊൻകുന്നം സർക്കിൾ സഹകരണയൂണിയൻ രൂപീകരിക്കപ്പെട്ടപ്പോൾ പൊൻകുന്നം

സർവീസ്ബാങ്കിന്റെ ഹെഡ്ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിച്ചുപോന്നത്. ശ്രീ മഞ്ഞപ്പള്ളി രാമകൃഷ്ണപിള്ള ആദ്യപ്രസിഡൻറും തുടർന്ന് കുനാനിക്കൽ ശ്രീ കെ.കുമാര പിള്ള, ശ്രീ വി.ജെ.ആൻറണി എന്നിവർ പ്രസിഡൻറുമാരായി. 1969 മുതൽ ഇത് കാഞ്ഞിരപ്പള്ളി സർക്കിൾ സഹ കരണയൂണിയൻ എന്ന പേരിൽ അറിയപ്പെട്ടു. സഹകരണ രംഗത്ത് ഇത്രയേറെ പ്രവർത്തനപാരമ്പര്യമുള്ള ശ്രീ വി.ജെ. ആൻറണി പ്രസിഡൻറായുള്ള ഒമ്പതംഗ ഭരണസമിതിയാണ് പൊൻകുന്നം സഹകരണബാങ്കിൽ നിലവിലുള്ളത്. ശ്രീ പി.തോമസ് മാത്യു, പന്തിരുവേലിയാണ് സെക്രട്ടറി.

1985-86-ൽ 6724 അംഗങ്ങളും 216.5 ലക്ഷം രൂപ നിക്ഷേപവും 2.5 ലക്ഷം രൂപ ലാഭവുമുണ്ടായിരുന്ന ഈ സ്ഥാപനം 1994-95-ൽ 10924 അംഗങ്ങളും 1094.9 ലക്ഷം രൂപ നിക്ഷേപവും 15 ലക്ഷം രൂപ ലാഭവും നേടിയതായി കാണാം. ബാങ്കിലെ അംഗങ്ങളുടെ ഏതു വിധത്തിലുള്ള ആവശ്യ ങ്ങൾക്കും വായ്പകൾ കൊടുക്കുന്നതിന് ബാങ്ക് സുസജ്ജമാണ്.

പൊൻകുന്നം കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ ബാങ്കിന് അഞ്ച് ശാഖകളുണ്ട്.

1. ഹെഡ് ഓഫീസ് ശാഖ, പൊൻകുന്നം
2. പ്രഭാത-സായാഹ്ന ശാഖ, പൊൻകുന്നം
3. ചെറുവള്ളി ശാഖ
4. തെക്കേത്തുകവല ശാഖ
5. കുന്നുംഭാഗം ശാഖ


ബാങ്കിന്റെ ചെറുവള്ളി തെക്കേത്തുകവല എന്നീ ശാഖകളോട് അനുബന്ധിച്ച് വളം, തുരിശ്, കീടനാശിനികൾ, ആസിഡ് തുടങ്ങിയവ വിതരണംചെയ്യുന്ന ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. 95-96 വർഷം 25000 രൂപ സലയുള്ള 15 ചിട്ടികൾ നടക്കുന്നുണ്ട്. ബാങ്കിന്റെ ഹെഡ് ഓഫീസും, ഹെഡ് ഓഫീസ് ബ്രാഞ്ചും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്.


പൊൻകുന്നം സർവീസ്സഹകരണബാങ്ക്
1994-95-ലെ സ്ഥിതിവിവരം

അംഗങ്ങൾ	ഓഹരി (ലക്ഷം)	നിക്ഷേപം (ലക്ഷം)	വായ്പകൾ	ലാഭം (ലക്ഷം)	ജീവനക്കാരുടെ എണ്ണം
10924	44.37	1094	1266	15	42

ബാങ്കിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ പുരോഗതിയെ സൂചിപ്പിക്കുന്ന ഗ്രാഫ് ചുവടെ ചേർക്കുന്നു:

1. നിക്ഷേപം (ലക്ഷം)





17-12-1937-ൽ രജിസ്ററർചെയ്ത് 15-1-1938-ൽ പരസ്പര സഹായസഹകരണസംഘമായി പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് ഇന്ന് 2057-ാം നമ്പർ ചിറക്കടവ് സർവീസ് സഹകരണ ബാങ്ക് എന്ന പേരിൽ അറിയപ്പെടുന്നത്. വളരെ ചെറിയ തോതിൽ ഉപഭോഗവസ്തുക്കളുടെ വിതരണത്തോടെ ആരംഭിച്ച ഈ സംഘം ഇന്ന് പഞ്ചായത്തിലെ അഞ്ചു വാർഡുകൾ പ്രവർത്തനപരിധിയായി വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ശ്രീ ആൻറണി തോമസ് വെട്ടിക്കാട്ട് ആയിരുന്നു ആദ്യപ്രസിഡൻറ്. ദീർഘകാലം വളർച്ച മുരടിച്ചു കിടന്ന ഈ സ്ഥാപനം 1979-നു ശേഷമാണ് അഭൂത

പൂർവമായ പുരോഗതി കൈവരിച്ചത്. ചിറക്കടവ് അമ്പലത്തിനു സമീപം (1939) പ്രവർത്തിച്ചുകൊണ്ടിരുന്നതും 1114 (ME)ൽ ആരംഭിച്ചതുമായ 2492-ാം നമ്പർ സഹകരണബാങ്കിന്റെ പ്രവർത്തനം നിലച്ചുപോവുകയും 12 വർഷക്കാലം പ്രവർത്തനരഹിതമായി കിടക്കുകയും ചെയ്തു. ലിക്വിഡേഷനിൽ നിന്ന ഈ ബാങ്ക് 27-12-86-ൽ ആസ്തിബാധ്യതകളോടെ ലിക്വിഡേറ്ററിൽനിന്ന് ഏറ്റെടുക്കുകയും 30-11-1988-ൽ ചിറക്കടവ് സർവീസ്ബാങ്ക് നമ്പർ 2057-ന്റെ ശാഖയായി മാറ്റുകയും ചെയ്തു. ലിക്വിഡേഷനിൽ കിടന്ന ഒരു സഹകരണസ്ഥാപനം എല്ലാ ബാധ്യതകളും സഹിതം ഏറ്റെടുത്ത് മറ്റൊരു ബാങ്കിൽ ലയിപ്പിക്കുക എന്നത് കേരളത്തിലെ സഹകരണചരിത്രത്തിൽത്തന്നെ ഒരുപക്ഷേ ആദ്യമായിരിക്കാം. ചിറക്കടവ് സർവീസ് സഹകരണബാങ്ക് മണ്ണംപ്ലാവ് കേന്ദ്രമായി പ്രവർത്തിക്കുന്നു. സ്വന്തമായി രണ്ടു കെട്ടിടങ്ങളുണ്ട്. ഹെഡ് ഓഫീസ് ബ്രാഞ്ച് ഉൾപ്പെടെ നാല് ബ്രാഞ്ചുകളാണുള്ളത്:

1. ഹെഡ് ഓഫീസ് ബ്രാഞ്ച്
2. അമ്പലം ബ്രാഞ്ച്
3. പഴയിടം ബ്രാഞ്ച്
4. പൊൻകുന്നം ബ്രാഞ്ച്


ബാങ്കിന്റെ ഹെഡ് ഓഫീസ് കെട്ടിടത്തിലും അമ്പലം ബ്രാഞ്ചിലും കൺസ്യൂമർ സ്റ്റോറുകളുണ്ട്. നിത്യോപയോഗസാധനങ്ങൾ, ഗൃഹോപകരണങ്ങൾ, വിദ്യാർത്ഥികൾക്കാവശ്യമായ പഠനസാമഗ്രികൾ, വളം, തുരിശ്, കീടനാശിനികൾ, കാലിത്തീറ്റ മുതലായവ സ്റ്റോറുകളിൽകൂടി വിതരണംചെയ്തുവരുന്നു. ബാങ്ക് കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. അംഗങ്ങളുടെ ഏത് ആവശ്യങ്ങൾക്കും പ്രയോജനപ്പെടത്തക്കരീതിയിലുള്ള വായ്പാപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.


ബാങ്കിനെ ഇന്നത്തെ നിലയിലാക്കിത്തീർക്കുന്നതിന് പങ്കുവഹിച്ച ഒട്ടേറെ ആളുകളുണ്ട്. അവരുടെ സേവനം പ്രത്യേകം സ്മരണീയമാണ്. 1979 മുതൽ സെക്രട്ടറിയായിരിക്കുന്ന ശ്രീ റ്റി.ജി.ബാലചന്ദ്രൻപിള്ളയുടെ സേവനസന്നദ്ധതയും അർപ്പണമനോഭാവവും ബാങ്കിന്റെ വളർച്ചയുടെ ഒരു ഘടകമാണ്. ബാങ്കിടപാടുകൾക്ക് എത്തുന്ന ആളുകളോടുള്ള ജീവനക്കാരുടെ സമീപനവും വളരെ മാന്യമാണ്. ഈ പ്രത്യേകതകളെല്ലാം കൈകോർത്ത് വളരെ കുറഞ്ഞ കാലംകൊണ്ട് ചിറക്കടവ് സർവീസ് സഹകരണബാങ്ക് 'ജനങ്ങളുടെ ബാങ്ക്' എന്ന ബഹുമതി നേടിയിരിക്കുന്നു. അഡ്വ. ശ്രീ എം.കെ.ശ്രീധരൻനായർ പ്രസിഡന്റായുള്ള ഒമ്പതംഗഭരണസമിതിയാണ് നിലവിലുള്ളത്.

ചിറക്കടവ് സർവീസ് സഹകരണബാങ്ക്
30.6.95-ലെ സ്ഥിതിവിവരം

അംഗങ്ങൾ	ഓഹരി (ലക്ഷം)	നിക്ഷേപം	വായ്പകൾ	ലാഭം (ലക്ഷം)	ജീവനക്കാർ
8,438	42.68	760	512	2.68	29


ബാങ്കിന്റെ കഴിഞ്ഞ അഞ്ചു വർഷത്തെ പുരോഗതിയെ സൂചിപ്പിക്കുന്ന ഗ്രാഫ് ചുവടെ ചേർക്കുന്നു:





പൊൻകുന്നം സർവീസ് സഹകരണബാങ്കിലും, ചിറക്കടവ് സർവീസ് സഹകരണബാങ്കിലുംകൂടി ആകെ 19362 അംഗങ്ങൾക്കായി 1778 ലക്ഷം രൂപയാണ് വായ്പയായി കൊടുത്തിരിക്കുന്നത്. അംഗങ്ങൾ കാർഷികവായ്പ എടുക്കുന്നതിൽ വളരെ പിന്നോക്കമാണെന്നു കാണാം. വായ്പ ലഭിക്കുവാനുള്ള നടപടിക്രമം ലഘൂകരിച്ച് ഇത് പരിഹരിക്കുവാൻ കഴിയും.

കാർഷിക-കാർഷികേതര വായ്പകളുടെ വിതരണം സംബന്ധിച്ചുള്ള സ്ഥിതിവിവരങ്ങളിൽനിന്നും തയ്യാറാക്കിയ ഒരു ഗ്രാഫ് ചുവടെ ചേർക്കുന്നു:



ലഭ്യമായ കണക്കുകളനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 26 സഹകരണസംഘങ്ങളാണ് ഉള്ളത്.

സംഘങ്ങളുടെ ലിസ്റ്റ്

1. പൊൻകുന്നം സർവീസ് സഹകരണബാങ്ക് ക്ലിപ്തം No. 527, പൊൻകുന്നം.
2. ചിറക്കടവ് സർവീസ് സഹകരണബാങ്ക് ക്ലിപ്തം No. 2057, ചിറക്കടവ്
3. കെ.വി.എം.എസ്.സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി No. K 659, പൊൻകുന്നം.
4. പൊൻകുന്നം എയ്ഡഡ് സ്കൂൾ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, K 651
5. പൊൻകുന്നം മാർക്കറ്റിംഗ് സഹകരണസംഘം No. 3945
6. പൊൻകുന്നം കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി No. K 804
7. പൊൻകുന്നം ക്ഷീരവിപണനസംഘം No. 3925
8. ചിറക്കടവ് SRVNSS HS C.S. No. K 88
9. ചിറക്കടവ് സെൻറ് ഇഫ്രേംസ് HS C.S. No. K 733
10. കാഞ്ഞിരപ്പള്ളി Govt. HS C.S. No. K 871
11. പൊൻകുന്നം Govt. HS C.S. No. K 273
12. ചിറക്കടവ് Govt. LPS C.S. No. K 617
13. ചെറുവള്ളി SCTMUPS C.S. No. K 619
14. പൊൻകുന്നം പ്രിന്റേഴ്സ് C.S. No. K 882
15. പൊൻകുന്നം ഗ്രാമവ്യവസായ CS KV Ind K 15
16. ചിറക്കടവ് പഞ്ചായത്ത് സെറികൾച്ചർ CS KV Ind K 168
17. മറിയ റെഡിമെയ്ഡ് ഗാർമെൻറ്സ് CS K Ind 232
18. ഉള്ളായം വില്ലേജ് ഇൻഡസ്ട്രിയൽ CS K Ind 94
19. പൊൻകുന്നം വികാസ് വില്ലേജ് ഇൻഡസ്ട്രിയൽ CS K Ind 94
20. ഹാർവെസ്റ്റ് വില്ലേജ് ഇൻഡസ്ട്രിയൽ CS K Ind 245
21. ചിറക്കടവ് ഓയിൽ വ്യവസായ CS C Ind K 13
22. പൊൻകുന്നം വിമൺസ് ഇൻഡസ്ട്രിയൽ CS S Ind K 58
23. പൊൻകുന്നം കോഴിവളർത്തൽ CS K 638
24. പൊൻകുന്നം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് CS K 846
25. ചിറക്കടവ് പഞ്ചായത്ത് വനിത CS K 923
26. തമ്പലയ്ക്കാട് പട്ടിക-ജാതി സഹകരണസംഘം K 295

ഇവ കൂടാതെ കോട്ടയം ജില്ലാ സഹകരണബാങ്കിൻെറ ഒരു ബ്രാഞ്ചും കോട്ടയം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിൻെറ ഒരു ബ്രാഞ്ചും പൊൻകുന്നത്ത് പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട സംഘമാണ് പൊൻകുന്നം മാർക്കറ്റിംഗ് സൊസൈറ്റി. റബ്ബർ ഉത്പന്നങ്ങൾ വാങ്ങുകയും ആവശ്യമായ വളം, കീടനാശിനികൾ മുതലായ സാധനങ്ങൾ കർഷകർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ സംഘത്തിൻെറ ലക്ഷ്യം. ഈ പ്രവർത്തനംവഴി ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ ഒരു പരിധിവരെ രക്ഷിക്കുന്നതിന് സാധിക്കുന്നുണ്ട്. റബ്ബറുത്പന്നങ്ങൾ വാങ്ങുന്നതിന് സംഘത്തിൻെറ പ്രവർത്തനപരിധിയിലുള്ള എല്ലാ വാർഡുകളിലും മാർക്കറ്റിംഗ് സംഘത്തിൻെറ ശാഖകൾ തുറന്നാൽ കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമായിരിക്കും.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന അധ്യാപക സഹകരണസംഘത്തിൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. പ്രവർത്തനപരിധിയിലുള്ള സ്കൂൾ അധ്യാപകരെ എല്ലാവരെയും അംഗങ്ങളാക്കുന്ന ഒരു പരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്. ഇതുവഴി സംഘത്തിൻെറ നിക്ഷേപം വർധിപ്പിക്കുകയും കൂടുതൽ വായ്പകൾ വിതരണം ചെയ്യുന്നതിന് സാധിക്കുകയും ചെയ്യും. പൊൻകുന്നം പ്രിൻറിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വനിതാസഹകരണസംഘം എന്നിവ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചാൽ പഞ്ചായത്തിലെ സഹകരണമേഖലയിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിക്കാൻ കഴിയും.

പഞ്ചായത്തിൽ വ്യാവസായികമേഖലയിൽ രജിസ്റ്ററർ ചെയ്യപ്പെട്ടിട്ടുള്ള എട്ട് സഹകരണസ്ഥാപനങ്ങളുണ്ടെങ്കിലും ഒന്നോ രണ്ടോ സംഘങ്ങളൊഴികെ മറെറാന്നും ഫലത്തിൽ പ്രവർത്തിക്കുന്നില്ല.

ഗ്രാമസഭാനിർദേശങ്ങൾ

1. തൊഴിൽരഹിതരായ യുവജനങ്ങളെ സംഘടിപ്പിച്ച് സഹകരണമേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്.
2. തരിശായി കിടക്കുന്ന ഭൂമി കൃഷിക്കായി ഉപയോഗിക്കുക. കൃഷി സഹകരണാടിസ്ഥാനത്തിൽ ചെയ്യുക.
3. പച്ചക്കറി ഉത്പാദനം-വിതരണസംഘവും പാൽ ഉത്പാദന-വിതരണസംഘവും ആരംഭിക്കുക.
4. കർഷകർക്ക് ബാങ്കിൽനിന്നും വായ്പ എടുക്കുമ്പോൾ പ്രമാണം രജിസ്റ്ററർ ചെയ്യുന്നതും, പിന്നീട് കിഴിവെഴുതുന്നതും കാരണം അനാവശ്യമായി വളരെയേറെ ചെലവുണ്ടാകുന്നുണ്ട്. Documents ബാങ്കിൽ Surrender ചെയ്ത് ലോൺ എടുക്കുന്ന സംവിധാനം ഉണ്ടാവണം.
5. ഓഹരി-വായ്പാ അനുപാതം ഇപ്പോൾ 1:20 എന്നാണ് ഇത്. 1:40 ആക്കുന്നതിനുള്ള നടപടികളുണ്ടാവണം.
6. രണ്ടാം വാർഡിൽ സഹകരണമേഖലയിൽ വനിതാ തയ്യൽയൂണിറ് ആരംഭിക്കുക.
7. കൈത്തൊഴിൽ വ്യവസായസഹകരണസംഘം ആരംഭിക്കുക.
8. കോഴിവളർത്തൽ, മുട്ടസംഭരണം എന്നിവയ്ക്ക് സഹകരണസംഘങ്ങൾ ആരംഭിക്കുക.
9. സഹകരണമേഖലയിൽ ആശുപത്രി ആരംഭിക്കുക.
10. കുടനിർമാണത്തിന് ഒരു സഹകരണസംഘം ആരംഭിക്കുക.
11. പട്ടികജാതിക്കാരുടെ ക്ഷേമത്തിന് സഹകരണസംഘം ആരംഭിക്കുക.
12. സഹകരണമേഖലയിൽ പ്രസ്സ് ആരംഭിക്കുക.
13. സഹകരണസംഘങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുക.
14. കെട്ടിടനിർമാണസാമഗ്രികൾ നിർമിക്കുന്നതിനും പാർപ്പിടങ്ങൾ നിർമിക്കുന്നതിനും മറുമായി ഒരു സഹകരണസംഘം—നിർമ്മിതിസഹകരണസംഘം സ്ഥാപിക്കുക.
15. റബ്ബറുത്പാദകസംഘത്തിന്റെ പ്രവർത്തനം (4-ാം വാർഡിൽ) വിപുലമാക്കുക.
16. റബ്ബർ, ഫാക്ടറി, റബ്ബർത്തടിസംസ്ക്കരണം, സോപ്പ്, മെഴുകുതിരി, ഭക്ഷ്യവസ്തുക്കൾ ഇവയുടെ നിർമാണം, വിതരണം എന്നിവയ്ക്ക് സഹകരണാടിസ്ഥാനത്തിൽ യൂണിറുകൾ സ്ഥാപിക്കുക.
17. ഗവൺമെൻറ് ആശുപത്രിയോടനുബന്ധിച്ച് സഹകരണമെഡിക്കൽസ്റോർ ആരംഭിക്കുക.
18. നാലാം വാർഡിൽ ചിത്രാഞ്ജലിക്കൽ വനിതാ സഹകരണസംഘം സ്ഥാപിക്കുക.
19. കുരുമുളകുകൃഷിക്കാർക്കായി പ്രത്യേകം സഹകരണസംഘം സ്ഥാപിക്കുക.
20. നല്ല രീതിയിൽ റബ്ബർഷീറ് നിർമിക്കുന്നതിന് സഹകരണമേഖലയിൽ യൂണിറ് സ്ഥാപിക്കുക.
21. ഏഴാം വാർഡിൽ പൊൻകുന്നം സഹകരണ ബാങ്കിന്റെ ഒരു ശാഖ തുറക്കുക.
22. കാർഷികവായ്പകളുടെ കാലാവധി മൂന്നു വർഷത്തേക്കാക്കുക. ഓരോ വർഷവും പലിശ മാത്രമടച്ച് അഞ്ചുമുതൽ ഏഴു വർഷംവരെ വായ്പകൾ തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി ലഭ്യമാക്കുക.
23. തെക്കേത്തുകവലയിൽ ഒരു ക്ഷീരസഹകരണസംഘം ആരംഭിക്കുക.
24. റെഡിമെയ്ഡ് ഗാർമെൻറ്സ് നിർമാണത്തിന് സഹകരണസംഘം ആരംഭിക്കുക.
25. തടിവ്യവസായസഹകരണസംഘം ആരംഭിക്കുക.
26. 8-ാം വാർഡിൽ ഒരു റബ്ബറുത്പാദകസംഘം ആരംഭിക്കുക.
27. ഏതു തൊഴിലും മാന്യമാണെന്ന ബോധം ജനങ്ങളിൽ വളർത്തുന്നതിനും ഇന്നത്തെ തൊഴിൽപ്രശ്നങ്ങളും, തൊഴിലില്ലായ്മപ്രശ്നങ്ങളും, തൊഴിലാളികളുടെ അഭാവത്തിന്റെ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഒരു 'പൊതുജനസാമൂഹ്യക്ഷേമസഹകരണസംഘം' പഞ്ചായത്തിൽ സ്ഥാപിച്ച് വാർഡ് അടിസ്ഥാനത്തിൽ ശാഖകൾ തുടങ്ങുക.
28. കാർഷികലോണുകളുടെ പലിശനിരക്ക് കുറയ്ക്കുകയും ഈ കുറവ് NABARD-ൽ നിന്ന് സബ്സിഡിയായി ലഭ്യമാക്കുകയും ചെയ്യുക.
29. ബാങ്കുകളുടെ ഓഡിറ് സംവിധാനം പരിഷ്കരിക്കുക. ചാർട്ടേർഡ് അക്കൗണ്ടൻറിനെക്കൊണ്ട് ബാങ്കുകൾ ഓഡിറ് ചെയ്യിക്കാൻ ഭരണസമിതിയെ അധികാരപ്പെടുത്തുന്നതിനുള്ള നിയമനിർമാണം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം.
30. സഹകരണബാങ്കുകളുടെ ഭരണസമിതിയുടെ കാലാവധി 5 വർഷമാക്കുക.
31. ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങൾക്ക് സ്വന്തം സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമിക്കുന്നതിനും മററു വികസനപ്രവർത്തനങ്ങൾക്കും ഡിപ്പാർട്ട്മെൻറിൽനിന്നും അനുവാദം കിട്ടേണ്ടതാണെന്ന നിയമം മാററുക.
32. സഹകരണസ്ഥാപനങ്ങൾക്ക് അവയുടെ ഓഹരിമൂലധനത്തിന്റെ 25 ശതമാനംവരെയുള്ള തുകയ്ക്ക് ചിട്ടി നടത്തുന്നതിന് അനുവാദം വേണ്ട എന്ന് ഒരു നിയമം ഉണ്ടാക്കുക.
33. മുമ്പ് കാർഷികകടം എഴുതിത്തള്ളിയ ഇനത്തിൽ ബാങ്കുകൾക്ക് സർക്കാരിൽനിന്നും കിട്ടാനുള്ള വിഹിതം ലഭ്യമാക്കുക.
34. ഓരോ സഹകരണസ്ഥാപനവും (ബാങ്ക്) അതിലെ അംഗങ്ങളുടെ വസ്തു സംബന്ധിച്ചുള്ള ഒരു വസ്തുവിവരരജിസ്റ്ററർ സൂക്ഷിക്കുകയും ഓരോരുത്തർക്കും തൻവർഷം കൊടുക്കാവുന്ന മാക്സിമം

വായ്പ എത്രയെന്ന് തീരുമാനിക്കുകയും ചെയ്താൽ അംഗങ്ങൾക്ക് വളരെ പെട്ടെന്ന് വായ്പ വാങ്ങാൻ കഴിയും. ഓരോരുത്തരുടെയും ലിമിറ്റ് അവരെ അറിയിച്ചാൽ അതനുസരിച്ചുള്ള വായ്പാപേക്ഷകളിന്മേൽ തീർപ്പുകല്പിക്കാൻ എളുപ്പമായിരിക്കും.

35. ഐഡൻറിറ്റികാർഡുസംവിധാനം നിലവിൽ വന്നശേഷം അംഗത്വമെടുക്കുന്നതിന് ഒരാൾ പലതവണ ബാങ്കിൽ പോകേണ്ട അവസ്ഥയാണുള്ളത്. അംഗങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഉത്തരവാദിത്വപ്പെട്ട കമ്മിറ്റിഅംഗങ്ങൾ സാക്ഷ്യപ്പെടുത്തിയ ഫോട്ടോയും അപേക്ഷാഫോറവുമായി ബാങ്കിൽ ചെല്ലുന്ന ആൾ സെക്രട്ടറി മുമ്പാകെ റേഷൻകാർഡും മറ്റു രേഖകളും കാണിച്ച് ബോധ്യപ്പെടുത്തണം എന്ന രീതി ഒഴിവാക്കണം.

36. സഹകരണബാങ്ക് തെരഞ്ഞെടുപ്പുകളിൽ സങ്കുചിതമായ കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരം ഒഴിവാക്കേണ്ടതാണ്.

37. സഹകരണസ്ഥാപനങ്ങളുടെ ഇന്നത്തെ പ്രവർത്തനശൈലി സഹകരണത്തിൻെറ അടിസ്ഥാനതത്വങ്ങൾ വിസ്മരിച്ചുകൊണ്ടാണ്. ഓരോ വർഷവും തങ്ങളുടെ ലാഭം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യമാണ് പ്രധാനം. ലാഭേച്ഛയ്ക്കുപരി സേവനതത്വം മുൻനിർത്തി പ്രവർത്തനശൈലി മാറേണ്ടതാണ്.

38. പ്രവർത്തനം ഒരു നിശ്ചിത ചട്ടക്കൂട്ടിനുള്ളിൽനിന്നു മാത്രമാണ്. പുതിയ പ്രവർത്തനമേഖലയ്ക്കുള്ളിലേക്കു കടന്നുചെല്ലാനുള്ള ധൈര്യമില്ലായ്മയാണ് ഇതിനു കാരണം.

39. സ്കൂൾ സഹകരണസംഘങ്ങളിൽകൂടി വിദ്യാർത്ഥികൾക്ക് എല്ലാ പഠനോപകരണങ്ങളും ലഭ്യമാക്കണം.

40. എല്ലാ സ്കൂളുകളിലും സ്കൂൾസഹകരണസംഘങ്ങൾ സ്ഥാപിക്കണം.

സാധ്യതകൾ

1. തൊഴിൽരഹിതരായ യുവജനങ്ങളെ സംഘടിപ്പിച്ച് വ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
2. വനിതാവ്യവസായസംഘങ്ങൾ രൂപീകരിക്കുക.
3. ടെക്നിക്കൽ വിദ്യാഭ്യാസയോഗ്യത നേടിയവരെ ഉൾപ്പെടുത്തി പഞ്ചായത്ത്തല നിർമിതിസംഘം രൂപീകരിക്കുക.
4. സഹകരണആശുപത്രി, സഹകരണ മെഡിക്കൽ സ്റ്റോർ, സഹകരണ ഔഷധസസ്യകൃഷി ഇവ ആരംഭിക്കുക.
5. റബ്ബറധിഷ്ഠിത വ്യവസായയൂണിറ്റുകൾ സ്ഥാപിക്കുക.
6. റബ്ബർകൃഷിയെ സംബന്ധിച്ച് കർഷകസംഘങ്ങൾ മുൻകൈയെടുത്ത് ബോധവത്കരണം നടത്തുക.
7. റബ്ബർതടിസംസ്കരണം, വിപണനം മുതലായ പ്രവർത്തനങ്ങൾക്ക് സംഘം രൂപീകരിക്കുക.
8. സിറിസൺസ് വെൽഫയർ സൊസൈറ്റി ആരംഭിക്കുക.
9. സ്കൂൾ സഹകരണസംഘങ്ങൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുക.
10. ബാങ്ക് പൊതുയോഗങ്ങൾ സജീവമാക്കുകയും അംഗങ്ങളുടെ പ്രശ്നങ്ങൾ സമഗ്രമായി ചർച്ചചെയ്യുകയും വേണം. അംഗത്വമെടുക്കലിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭരണസമിതി തീരുമാനമെടുക്കണം.
11. ഗ്രാമസഭയിലുയർന്നുവന്ന പ്രശ്നങ്ങൾ പഞ്ചായത്ത് കമ്മിറ്റി അതതു ബാങ്ക് ഭരണസമിതിയെ അറിയിച്ച് പരിഹാരമുണ്ടാക്കുക.
12. സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക.
13. കർഷകർക്ക് വായ്പ എടുക്കുന്നതിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുക.
14. NABARD ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ട ബോധവത്കരണം നടത്തുകയും ചെയ്യുക.
15. പ്രവർത്തനരഹിതമായ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക.

കാർഷികസംഘങ്ങൾ

30-3-96-ലെ സ്ഥിതിവിവരം

പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	ഓഹരി മൂല (ലക്ഷം)	കടം (ലക്ഷം) ധനം	നിക്ഷേപം (ലക്ഷം)	വായ്പ കാർഷികം	കാർഷി	ലാഭം കേതരം	ജീവനക്കാർ
പൊൻകുന്നം സർവീസ്സഹകരണ ബാങ്ക് നമ്പർ 527	1099 (ME) 1924	വാർഡ് 1, 2, 3, 4, 7, 9, 12	50.5	30	1325	200	700	17	42
ചിറക്കടവ് സർവീസ് സഹകരണ ബാങ്ക് നമ്പർ 2057	1937	വാർഡ് 5,6,8, 10, 11	49.5	31	950	6	40	3.2	29

ആശംസകൾ

ഇടപാടുകളിൽ സുരക്ഷിതത്വം! ഹൃദ്യമായ സേവനം

ചിറക്കടവ് സർവീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ 2057

(A class 1 Special Grade Bank)

ചിറക്കടവ് പി.ഒ. കോട്ടയം ജില്ല - 686 520

ഹെഡ്ഡാഫീസ്: ചിറക്കടവ് (ഫോൺ: 048280-2752)

ബ്രാഞ്ചുകൾ: H.O. ചിറക്കടവ് ഫോൺ 048280-2752

അമ്പലം ബ്രാഞ്ച് " 0482-721652

പഴയിടം ബ്രാഞ്ച് " 0482 - 762052

പൊൻകുന്നം ബ്രാഞ്ച് " 0482 - 722114

ഓഹരിമൂലധനം 49.5 ലക്ഷം

നിക്ഷേപം 950 ലക്ഷം

വായ്പ അംഗങ്ങൾക്ക് 800 ലക്ഷം

പ്രവർത്തനമൂലധനം 1000 ലക്ഷം

പ്രസിഡൻറ്

അഡ്വ. എം.കെ. ശ്രീധരൻനായർ

മുരുത്തുമല

സെക്രട്ടറി

ടി.ജി. ബാലചന്ദ്രൻപിള്ള

തുരുത്തിപ്പള്ളിൽ

വിഭവസമാഹരണം

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനു തടസ്സമായി നില്ക്കുന്ന പ്രധാന ഘടകം വിഭവസമാഹരണരംഗത്തെ മുരടിപ്പാണ്. വ്യവസായമേഖലയിലെ വളർച്ചയില്ലായ്മയാണ് ഇതിന് ഒരു കാരണം. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ചെറുകിട വ്യവസായങ്ങൾ 115 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും വേണ്ടത്ര വളർച്ച കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

കാർഷികമേഖലയിലെ മുരടിപ്പാണു മറ്റൊരു കാരണം. റബ്ബർകൃഷി വികസിക്കുന്നുണ്ടെങ്കിലും ഇതര വിളകൾ തകർന്നുകൊണ്ടിരിക്കുന്നു. ഈ രണ്ടു മേഖലകളുടെയും വികാസത്തിലൂടെ മാത്രമേ വിഭവസമാഹരണം ഫലപ്രദമാക്കുവാൻ കഴിയൂ.

1948 ജനുവരിയിൽ വില്ലേജ് യൂണിയനും 1953 ജൂലൈയിൽ ആദ്യത്തെ പഞ്ചായത്തു ഭരണസമിതിയും രൂപീകരിക്കപ്പെട്ടുവല്ലൊ. ഈ പഞ്ചായത്തുകമ്മിറ്റിയുടെ ആദ്യത്തെ ബജറ്റ് ചുവടെ ചേർക്കുന്നു.

വരവ്

	ഇനം	രൂപ
1.	ഗവ. കോൺട്രിബ്യൂഷൻ	1000.00
2.	അദർ സോഴ്സ്	500.00
3.	റേറ്റ്സ് ആൻറ് ടാക്സ്	5500.00
4.	മിസലേനിയസ്	100.00
	ആകെ	7100.00

ചെലവ്

1.	എസ്റ്റാബ്ലിഷ്മെൻറ്	792.00
2.	പബ്ലിക് വർക്സ്	5000.00
3.	സാനിട്ടേഷൻ ആൻറ് ലൈറ്റ്നിങ്	600.00
4.	മിസലേനിയസ്	500.00
	ആകെ	6892.00

വരുമാനത്തിന്റെയും ചെലവിനങ്ങളുടെയും വ്യതിയാനം

വരവ് ക്രമ നമ്പർ	ഇനം	92-93 രൂ. സ.	93-94 രൂ. സ.	94-95 രൂ. സ.	95-96 രൂ. സ.
1.	കെട്ടിടനികുതി	488994.55	368910.15	766844.20	762146.50
2.	തൊഴിൽനികുതി	327551.00	352801.00	335984.00	548882.00
3.	വാഹനനികുതി	-	-	-	10192.00
4.	വിനോദനികുതി	181711.78	206795.24	235222.66	236759.00
5.	അഡീ. വിനോദനികുതി	121077.07	138225.66	157085.14	159467.89
6.	പ്രദർശനനികുതി	3162.00	4551.00	6056.00	5491.00
7.	പ്രദർശനനികുതിയിലുള്ള സർചാർജ്	2446.60	1130.25	1513.50	1372.25
8.	ലൈസൻസ് ഫീസ്	35404.45	45983.50	30093.95	15589.00
9.	കെട്ടിടവാടക	292190.00	164321.00	561054.00	405485.00
10.	വസ്തുകൈമാറ്റനികുതി	370021.00	400350.00	248126.00	66917.00
11.	ഗ്രാൻറ്-കോൺട്രിബ്യൂഷൻ	306935.00	521944.00	358097.00	559164.00
12.	ഡെപ്പോസിറ്റ്	81697.00	71509.00	823546.00	203064.00
13.	മറ്റിനങ്ങൾ	349211.25	280633.55	211325.55	551244.80
	ആകെ	2560401.82	2557154.35	3734948.80	3525774.44
	മുൻവർഷത്തെ മിച്ചം	1597981.70	1735098.45	922441.25	889405.70

	ആകെ	4158383.52	4292252.80	4657389.05	4415180.14

ചെലവ്					
ക്രമ	ഇനം	92-93	93-94	94-95	95-96
നമ്പർ		രൂ. സ.	രൂ. സ.	രൂ. സ.	രൂ. സ.
1.	ഭരണം	514567.15	613368.35	608035.50	900628.65
2.	പൊതുമരാമത്ത്	273033.05	333629.80	90391.20	298815.60
3.	വിദ്യാഭ്യാസം	20349.50	23129.00	24451.50	25934.65
4.	ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം	65923.50	97068.30	91740.55	1602.00
5.	തെരുവുവിളക്കു കത്തിക്കൽ	176033.00	425612.00	194032.00	199189.00
6.	മറ്റിനം	1318135.90	1893324.70	2758843.43	1930815.20
	ആകെ	2368042.10	3386132.15	3767494.18	3356985.10
7.	മിച്ചം	1735098.45	922441.25	889405.70	1260438.40

ആകെ	
4103140.55	4308573.40
4656899.88	4617423.50

43 വർഷത്തെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വളർച്ച ഈ കണക്കുകളിൽ കാണാം. കൂടാതെ 92-93 മുതൽ 95-96 വരെയുള്ള വരവുചെലവുകളുടെ വ്യതിയാനവും പട്ടികയിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

സർക്കാർ ഗ്രാൻറുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുകയും ഫണ്ടുകളുടെ ദുരുപയോഗം കർശനമായി തടയുകയും വേണം. ജനസംഖ്യാ ദരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം, പട്ടികജാതി പട്ടികവർഗം, സ്ത്രീകൾ എന്നിവരുടെ എണ്ണത്തിനും അവരുടെ സാമൂഹ്യാവസ്ഥയ്ക്കും ആനുപാതികമായി ഗ്രാൻറുകൾ വിതരണം ചെയ്യാൻ നിയമനിർമ്മാണം നടത്തേണ്ടതാണ്.

കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഇവിടത്തെ ഒരു വരുമാനമാർഗമാണ്. എന്നാൽ മുഴുവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ഇതു പരിഹരിക്കുകയും അങ്ങനെ വിഭവസമാഹരണം വർദ്ധിപ്പിക്കുകയും വേണം. 95-96-ലെ ഈയിനത്തിലെ വരവ് 9299 രൂപ മാത്രമാണ്.

നിലവിലുള്ള നികുതികൾ യുക്തിപൂർവമാക്കണം. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്കു നിർവഹിക്കലാണ് നികുതികൊടുക്കലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയാൽ നികുതിയുടെ ലഭ്യത കൂടും. നിലവിലുള്ള ഗ്രാമസഭ ഇക്കാര്യത്തിൽ ഫലപ്രദമായി പ്രവർത്തിക്കണം. നികുതിസമ്പ്രദായത്തിൽ കാലികമായ മാറ്റമുണ്ടാവണം. യഥാർത്ഥ വരുമാനം കണക്കാക്കി നികുതി ഈടാക്കണം. ചെലവിന്റെ കാര്യത്തിൽ സുതാര്യത വന്നാൽ നികുതിയടയ്ക്കാനുള്ള ജനങ്ങളുടെ താല്പര്യം വർദ്ധിക്കും.

കണക്കുകൾ വ്യക്തമായി സൂക്ഷിക്കാനും വരവുചെലവു കണക്കുകൾ ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

കെട്ടിടനികുതി

ഇപ്പോൾ കെട്ടിടനികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. നികുതി കണക്കാക്കുമ്പോൾ തറവിസ്തീർണ്ണം മാത്രമല്ല ആഡംബരത്വവും വിലപിടിപ്പുള്ള സാമഗ്രികളുടെ ഉപയോഗവുംകൂടി പരിഗണിക്കേണ്ടതാണ്. വീടുനിർമ്മാണത്തിലെ അനാവശ്യധൂർത്ത് ഒഴിവാക്കുവാൻ നികുതി ഈടാക്കുന്നത് സ്ലാബു സമ്പ്രദായത്തിലാവുന്നത് നല്ലതാണ്.

വീട് അസ്സസ് ചെയ്യത് എങ്ങനെയെന്ന് ഓരോ വീട്ടുടമസ്ഥനെയും ബോധ്യപ്പെടുത്താൻ തയ്യാറാവേണ്ടതുണ്ട്. നികുതിപിരിവിന് ഓരോ ഗ്രാമസഭയിലും നിശ്ചിതദിവസം ജീവനക്കാർ എത്തുന്നുണ്ടെങ്കിലും ഇതു ഫലപ്രദമാക്കേണ്ടതുണ്ട്.

തൊഴിൽനികുതി

തൊഴിലെടുക്കുന്ന മുഴുവനാളുകളിൽനിന്നും നികുതി ഈടാക്കണം. പണിയെടുക്കുന്നയാളുകളെ പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിൽ കൊണ്ടുവന്നാൽ അവരിൽനിന്നും യഥാർത്ഥ വരുമാനം കണക്കാക്കി നികുതി ഈടാക്കാവുന്നതാണ്.

വിനോദനികുതി

പഞ്ചായത്തിന്റെ മിനിസ്റ്റേഡിയം പ്രവർത്തനക്ഷമമാക്കണം. കാഞ്ഞിരപ്പള്ളി ഗവ. ഹൈസ്കൂളിനോടനുബന്ധിച്ചുള്ള സ്റ്റേഡിയം ഗാലറിയുള്ളതാക്കുവാൻ കഴിയേണ്ടതുണ്ട്.

മറ്റു ധനാഗമമാർഗങ്ങൾ

പഞ്ചായത്തിന്റെ വകയായി ചന്ത തുടങ്ങുകയും വഴിയോരക്കച്ചവടങ്ങൾ ചന്തയിലേക്കു മാറ്റുകയും ചെയ്യാൻ നടപടി സ്വീകരിക്കണം.

പുറമ്പോക്കുഭൂമി അളന്നു തിട്ടപ്പെടുത്തി അവിടെ

നിന്നുള്ള വരുമാനം പഞ്ചായത്തു ശേഖരിക്കണം. ലേല വരുമാനം ഇന്ന് വളരെ കുറവാണെന്നാണു കണക്കുകൾ കാണിക്കുന്നത്. ഇതും കാര്യക്ഷമമാക്കണം.

പുറമ്പോക്കുഭൂമിയിലെ കൈവശക്കാരെ പുനരധിവസിപ്പിക്കണം. അഥവാ നിയമപരമായി പതിച്ചുകൊടുക്കേണ്ടിവന്നാൽ മതിപ്പുവില ഈടാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. പുറമ്പോക്കുഭൂമിയിൽനിന്നു തടി വെട്ടിമാറ്റേണ്ടിവരുമ്പോൾ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ സഹകരണമേഖലയിൽ പ്രധാനമായി രണ്ടു ധനകാര്യബാങ്കുകളാണുള്ളത്. ഇവിടെനിന്നുള്ള വായ്പ ലഭ്യമാക്കുന്നതിന് ഇന്നു നിലവിലുള്ള നിയമം ലളിതമാക്കണം. ബാങ്കുനിക്ഷേപം കാർഷികവ്യാവസായികമേഖലകളിൽ ഉല്പാദനവർദ്ധനവിനായി മുതൽമുടക്കുന്ന കാര്യം ഗൗരവപൂർവം പരിഗണിക്കണം.

നമ്മുടെ പഞ്ചായത്തിൽ ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻബാങ്ക്, സിൻഡിക്കേറ്റ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക്, ജില്ലാ ബാങ്ക്, ധനലക്ഷ്മി ബാങ്ക് മുതലായവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എണ്ണമറ്റ സ്വകാര്യ ഫൈനാൻസിയേഴ്സും ഇന്നു നിലവിലുണ്ട്. പഞ്ചായത്തിനു വായ്പയെടുക്കുവാനുള്ള നിലവിലുള്ള നിയമം ഫലപ്രദമായി ഉപയോഗപ്പെടുത്തി ഗ്രാമസഭകളോ പഞ്ചായത്തോ നിർദേശിക്കുന്ന പദ്ധതികൾക്കു വായ്പ നല്കാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന നിയമനിർമ്മാണം കൊണ്ടുവരേണ്ടതുണ്ട്.

അനൗപചാരിക മേഖലയിൽ പണം അമിതപലിശയ്ക്കു നല്കുന്ന വ്യക്തികൾ നമ്മുടെ പഞ്ചായത്തിൽ നിരവധിയാണ്. സാധാരണക്കാരാണ് ഇവരുടെ ചൂഷണത്തിനു വിധേയരാവുന്നത്. ഇതു നിയന്ത്രിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കുകയും സാധാരണക്കാരെ ഔപചാരികമേഖലകളിലേക്കാകർഷിക്കുവാൻ വായ്പാപദ്ധതികൾ ലഘൂകരിക്കുകയും ചെയ്യേണ്ടതുണ്ട്.

ചെലവ് നിയന്ത്രിക്കൽ

ഭരണച്ചെലവുകൾ കുറയ്ക്കാൻ കഴിയില്ലെങ്കിലും ചില മേഖലയിൽ കഴിയുമോ എന്നു പരിശോധിക്കാവുന്നതാണ്.

ഭരണച്ചെലവ്

വർഷം	രൂപ	ശതമാനം
95-96	900628.00	28%
94-95	588204.50	15.74%
93-94	613368.35	23.83%

പൊതുമരാമത്തുപണികൾക്കായി പഞ്ചായത്ത് ഓരോ വർഷവും വളരെയധികം തുക ചെലവാക്കുന്നുണ്ട്. റോഡുകൾ ടാർ ചെയ്യുകയും മണ്ണിട്ടു കേടുതീർക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ റോഡുകൾക്ക് ഓടകൾ ഇല്ലാത്തതിനാൽ പണികൾ പാഴായിപ്പോവുകയാണു ചെയ്യുന്നത്. ടാറിങ്ങിലെ അപാകതകളും കാരണമാണ്. പണികൾ ഗ്രാമസഭകളോ ജനകീയസമിതികളോ ഏറ്റെടുത്തു നടത്തണം. ജനശക്തി പ്രയോജനപ്പെടുത്തിയാൽ വിഭവസമാഹരണരംഗത്ത് വമ്പിച്ച മാറ്റമുണ്ടാക്കാനും നമുക്കു കഴിയും.

ഭൂനികുതി

ഭൂമിയുടെ തരംനോക്കി ഭൂനികുതി പിരിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്കു നല്കണം. നികുതിപിരിവ് സുതാര്യമാക്കണം.

ഷോപ്പിങ് കോംപ്ലക്സ് ടൗൺഹാൾ

പഞ്ചായത്തുവക കെട്ടിടങ്ങളോടനുബന്ധിച്ച് കൂടുതൽ കെട്ടിടം പണിയുകയും അങ്ങനെ ഷോപ്പിങ് കോംപ്ലക്സ് വിപുലപ്പെടുത്തുകയും വേണം. ഷോപ്പിങ് കോംപ്ലക്സിൽ വാടകക്കുടിശിക വരാതിരിക്കുവാൻ ശ്രദ്ധിക്കണം. ടൗൺഹാൾ അടിയന്തിരമായും പൂർത്തിയാക്കി പൊതുജനങ്ങൾക്കു തുറന്നുകൊടുത്ത് വരുമാനം കൂട്ടാവുന്നതാണ്.

ഓട്ടോ-ടാക്സി സ്റ്റാൻറ്

പഞ്ചായത്തിലെ ഓട്ടോ, ടാക്സി ഹെവിവെഹിക്കിൾ എന്നിവയ്ക്കു സ്റ്റാൻറുണ്ടാക്കണം. ഇവയിൽനിന്നു വാഹന നികുതി ഈടാക്കാവുന്നതാണ്.

ഗൾഫ് വരുമാനം

നമ്മുടെ നാട്ടിൽനിന്നും പാശ്ചാത്യനാടുകളിൽ പോയിട്ടുള്ളവരെക്കാൾ കൂടുതൽപേർ ഗൾഫ് മേഖലയിൽ ഉണ്ട്. ഇവരിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിൽനിന്നുമുള്ളവരാണ്. ഇവരുടെ പണം ഗൃഹനിർമാണത്തിനും വൻകിട കെട്ടിടങ്ങൾ പണിയുന്നതിനുമാണ് ഉപയോഗിക്കുന്നത്. ഈ പണം കാർഷിക-വ്യാവസായിക പ്രത്യുല്പാദനമേഖലകളിലേക്കു തിരിച്ചുവിടുവാൻ കഴിയണം.

മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യാധ്വാനമാണ്. ജാതിമത ചിന്തകൾക്കതീതമായി നാടിൻെറ സമഗ്രവികസനത്തിന് മനുഷ്യാധ്വാനം പ്രയോജനപ്പെടുത്തേണ്ടതാണ്. റോഡുപണി, കുടിവെള്ളക്ഷാമം പരിഹരിക്കൽ, വീടുപണി തുടങ്ങി മുഴുവൻ നിർമ്മാണപ്രവർത്തനങ്ങൾക്കും കാർഷികമേഖലകളിലെ പ്രവർത്തനങ്ങൾക്കും ഇതു ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. ഇതിനായി ജനകീയ കമ്മിറ്റികൾ രൂപീകരിക്കണം. സ്കൂൾകുട്ടികൾ, തൊഴിൽ രഹിതർ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ ഇവരുടെ സേവനവും ഉപയോഗിക്കാവുന്നതാണ്.

പെൻഷൻപറ്റിയ വിദഗ്ദ്ധരായവരുടെ സേവനവും ഉപയോഗിക്കാവുന്നതാണ്. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സ്പോൺസറിങ്ങും സ്വീകരിക്കാം.

പഞ്ചായത്തിലെ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താൻ പി.ടി.എ. ഗ്രാമസഭ, മാതൃസംഗമം, അയൽക്കൂട്ട സമിതി ഇവയുടെ സേവനവും ഫലപ്രദമായി ഉപയോഗിക്കണം.

മറ്റ് നിർദ്ദേശങ്ങൾ

ചിറക്കടവ് പഞ്ചായത്തിലെ വഴിയോരക്കച്ചവടക്കാർ ഓട്ടോമൊബൈൽ വർക്കുഷോപ്പുകൾ, ഫർണിച്ചർ മാർട്ടുകൾ ഇവയ്ക്ക് കച്ചവടത്തിന്റെ രീതികൾ കണക്കിലെടുത്ത് ലൈസൻസ്ഫീസും തൊഴിൽക്കരവും ഈടാക്കാവുന്നതാണ്.

കെട്ടിടനിർമ്മാണ സ്വകാര്യ കോൺട്രാക്ടർമാർ, ആർക്കിടെക്ചറുമാർ ഇവരിൽനിന്നും ലൈസൻസ് ഫീസ് വാങ്ങാം. തൊഴിലാളികളുടെ ലിസ്റ്റ് ശേഖരിച്ച് ലേബർ കാർഡ്സിസ്റ്റം നടപ്പാക്കി തൊഴിൽക്കരം ഈടാക്കണം.

കോൽത്തടി, മരക്കച്ചവടം എന്നീ മേഖലകളിലെ തൊഴിലാളികൾ, കച്ചവടക്കാർ എന്നിവരിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കണം.

സ്വകാര്യടെക്നിക്കൽ സ്കൂളുകൾ, പാരലൽ കോളേജുകൾ, ട്യൂഷൻ സെൻറുകൾ എന്നിവിടങ്ങളിൽനിന്നും വാർഷിക ലൈസൻസ് ഫീസ് വാങ്ങാം.

ഈ നിർദ്ദേശങ്ങളോട് ജനങ്ങൾ ആരോഗ്യകരമായി പ്രതികരിക്കണമെങ്കിൽ വരവിലും ചെലവിലും സുതാര്യത ഉണ്ടാവണം. കണക്കുകൾ അച്ചടിച്ചു ഗ്രാമസഭകളിലൂടെ ജനങ്ങളെ അറിയിക്കണം. അങ്ങനെ പഞ്ചായത്തിന്റെ വരവും ചെലവും ജനങ്ങളുടെ ജീവിതപ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണെന്നു ബോധ്യപ്പെടുത്തിയാൽ വിഭവ സമാഹരണങ്ങളോട് അനുകൂലമായി ജനങ്ങൾ പ്രതികരിക്കും. അതിനു നമുക്കു കഴിയേണ്ടതുണ്ട്.

"സത്യമായും ഞാൻ നിങ്ങളോടു പറയുന്നു, ഭണ്ഡാരത്തിൽ
പണമിട്ട മറെറല്ലാവരെയുംകാൾ കൂടുതൽ ഈ പാവപ്പെട്ട വിധവ
നിക്ഷേപിച്ചിരിക്കുന്നു. കാരണം, അവരെല്ലാം തങ്ങളുടെ
സമൃദ്ധിയിൽനിന്നാണ് നല്കിയത്. ഇവളോ തന്റെ
ദാരിദ്ര്യത്തിൽനിന്ന്, തനിക്കുള്ളതെല്ലാം, തന്റെ
ഉപജീവനത്തിനുള്ള വക മുഴുവൻ നിക്ഷേപിച്ചിരിക്കുന്നു."
(മർക്കോസിന്റെ സുവിശേഷം)



സംസ്കാരം

പഴമയുടെ മുദ്രകൾ

ഒന്ന്: വഞ്ഞിപ്പുഴമഠം

ചിറക്കടവ്, ചെറുവള്ളി ക്ഷേത്രങ്ങൾക്കു ചുറ്റുമുള്ള ജനവാസകേന്ദ്രങ്ങളിലെ ജീവിതസാഹചര്യങ്ങളിലാണ് നമ്മുടെ സംസ്കാരത്തിന്റെ വേരുകൾ തിരയേണ്ടത്. 16-ാം നൂറ്റാണ്ടുമുതലെങ്കിലും ഈ ഭൂവിഭാഗവും ക്ഷേത്രങ്ങളും വഞ്ഞിപ്പുഴമഠത്തിന്റെ അധീനതയിൽ വന്നിരിക്കണം. ഈ മഠത്തെക്കുറിച്ച് ലഭ്യമായ ഒരു പഴയ പരാമർശം എ.ഡി. 650-നും 800-നും ഇടയിൽ ജീവിച്ചിരുന്ന കേരളീയസംസ്കൃത കവിയായ ശക്തിഭദ്രനുമായി ബന്ധപ്പെട്ടതാണ്. ഇദ്ദേഹത്തിന്റെ മഠത്തിന് തിരുവാർപ്പുക്ഷേത്രത്തിൽ 'സമുദായ' സ്ഥാനമുണ്ടായിരുന്നു. പിന്നീട് അവിടെ ആളില്ലാതെവന്നു. അങ്ങനെ 'സമുദായം' വഞ്ഞിപ്പുഴമഠത്തിലേക്കു ചേർന്നു. വഞ്ഞിപ്പുഴയുടെ ആസ്ഥാനം ചെങ്ങന്നൂർ ആയിരുന്നല്ലോ. പഴയ സംസ്കാരകേന്ദ്രങ്ങളിലൊന്നായ ചെങ്ങന്നൂരുമായി നമ്മുടെ പ്രദേശത്തിനുള്ള ബന്ധം ചിരപുരാതനമാണ്.

രണ്ട്: ശ്രീമഹാദേവക്ഷേത്രം

ശ്രീകോവിൽ ഭിത്തി, ചുറ്റമ്പലത്തിന്റെ മച്ച് എന്നിവയിലുള്ള അതിമനോഹരമായ ദാരുശില്പങ്ങൾ അനേകം ശതകങ്ങളുടെ പഴക്കം വിളിച്ചറിയിക്കുന്നു. കവിയൂർ, ചാത്തൻകുളങ്ങര, വാഴപ്പള്ളി, പൂവപ്പുഴ തുടങ്ങിയ ക്ഷേത്രങ്ങളിലെ ശില്പങ്ങളോട് ഇവ സദൃശങ്ങളാണെന്ന് പണ്ഡിതന്മാർ പറയുന്നു. പില്ക്കാലത്ത് വെൺപൊലിനാടു പ്രദേശങ്ങളിൽ വികസിച്ചുവന്ന സവിശേഷ ചുവർചിത്ര ശൈലിക്ക് ഇവ മാതൃകയായിട്ടുണ്ട്.

പരാശരമഹർഷിയുടെ സത്യവതീഗമനം, വ്യാസോല്പത്തി, ഭാരതരചന, ദശാവതാരം, അനന്തശയനം, ദാരുകവധം, നവഗ്രഹങ്ങൾക്കു ചുറ്റുമായി കൊത്തിയിരിക്കുന്ന രാമായണസന്ദർഭങ്ങൾ, ധ്യാനിയായ ശാസ്താവ് എന്നിവയൊക്കെ ചേർന്നതാണ് ശില്പങ്ങൾ. ശ്രീകോവിലിന് ദ്വാരപാലകരുണ്ട്. മുഖ്യപ്രതിഷ്ഠ ശങ്കരനാരായണ ഭാവത്തിൽ കുടിയിരിക്കുന്ന മഹാദേവനേരത്താണെന്നാണു സങ്കല്പം. ഗണപതി, ബ്രഹ്മരക്ഷസ്സ്, നാഗരാജാവ് എന്നീ ദേവതകളുടെ പ്രതിഷ്ഠകളുമുണ്ട്. മതിലിനു പുറത്ത് ഏതോ പഴയ അവർണർക്കായുള്ള പ്രതിഷ്ഠകളുമുണ്ട്.

ധ്വജപ്രതിഷ്ഠ 1911-ൽ നടന്നുവെന്നും പരദേശിശൂദ്രനായ ചിറ്റടിപ്പിള്ളയാണ് പണിതീർപ്പിച്ചതെന്നും ഓട്ടുപറകൾ പൊതിഞ്ഞ ധ്വജത്തിന്റെ ചുവട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മകരത്തിലെ പുണർതം മുതൽ പത്തു ദിവസം നീണ്ടുനില്ക്കുന്ന ഉത്സവവും ശിവരാത്രിയും ആഘോഷിക്കുന്നു. വൃശ്ചികത്തിലെ അഷ്ടമിക്ക് കാവടിയാട്ടമുണ്ട്. തുലാസംക്രമത്തിന് നെയ്യഭിഷേകം നടത്തും. കൊല്ലംതോറും തൃപ്പൂണിത്തുറനിന്നും വരുന്ന ശബരിമല തീർത്ഥാടകർ നടത്തുന്ന അയ്യപ്പൻവിളക്ക് എന്ന് ആരംഭിച്ചുവെന്നറിയില്ല.

ഐതിഹ്യങ്ങൾ: തെക്കുനിന്നും വന്ന കുപകമഹർഷി തപസ്സനുഷ്ഠിച്ച സ്ഥലത്താണ് ക്ഷേത്രം എന്നാണ് ഐതിഹ്യങ്ങളിൽ ഒന്ന്. അതല്ല, അദ്ദേഹം തപസ്സുചെയ്ത കൂവളത്തറയിൽ സ്വയംഭൂവായ ശിവലിംഗം ഉണ്ടായിരുന്നുവെന്ന് വേറൊന്ന്. കൂവക്കിഴങ്ങു മാന്തിയ ഏതോ സ്ത്രീ മണ്ണിൽ രക്തം കണ്ടുവെന്നും അത് ദേവസാന്നിദ്ധ്യമായി മനസ്സിലാക്കിയെന്നും വേറൊരു കഥയുണ്ട് (ഇതേ കഥ ധാരാളം ക്ഷേത്രങ്ങളെ സംബന്ധിച്ച് നിലവിലുണ്ട്).

ചടങ്ങുകൾ: ശ്രീബലിസമയത്ത് 'കിഴക്കോട്ടുരുളുക' അഥവാ 'ബലിതൂളുക' എന്നൊരു സവിശേഷചടങ്ങുണ്ട്. ഐതിഹ്യത്തിലെ കൂപകമഹർഷി കിഴക്ക് കൂവപ്പള്ളിമലകളിലേക്കാണു പോയതെന്നും അദ്ദേഹത്തെ സങ്കല്പിച്ചാണ് ബലിതൂളൽ എന്നുമാണു സങ്കല്പം. ഉത്സവക്കൊടി എത്തിക്കുവാനുള്ള അവകാശം ധ്വജസ്ഥാപകരായ ചിറ്റടി കുടുംബത്തിനാണ്. തന്ത്രിസ്ഥാനം ചെങ്ങന്നൂർ താഴമൺമഠത്തിനാണ്. ശംഖാഭിഷേകം, ചതുശ്ശതം, മീനൂട്ട്

എന്നിവ പ്രധാന വഴിപാടുകളാണ്.

വർഷംതോറും 16 പറ നെയ്യ് ചെങ്ങന്നൂർ ക്ഷേത്രത്തിലേക്ക് കൊടുത്തയയ്ക്കുന്ന പതിവ് 1940 വരെ തുടർന്നുപോന്നു. മണിമലയാറ്റിലൂടെ ശംഖുവിളിയോടെ എത്തുന്ന പ്രത്യേക വള്ളത്തിൽ മൺകലങ്ങളിൽ അളന്നുനിറച്ച നെയ്യ് ആഘോഷപൂർവം കൊടുത്തയയ്ക്കുകയായിരുന്നു. തപസ്സുചെയ്ത കൂപകമഹർഷിയുടെ മുമ്പിൽ നെയ്യന്വേഷിച്ചുവന്ന ബ്രാഹ്മണന്റെ രൂപത്തിൽ മഹാദേവൻ പ്രത്യക്ഷപ്പെട്ടുവെന്നും അവർ തമ്മിലുണ്ടായ കരാർ ആണ് ഈ ചടങ്ങുവഴി തുടർന്നുപോരുന്നത് എന്നുമായിരുന്നു ഐതിഹ്യം. ഇതിനുള്ള നെയ്യ് കരയിലെ വീടുകളിൽനിന്നും വഴിപാടായി അളന്നു ശേഖരിച്ചിരുന്നതാണ്. ഈ കീഴ്വഴക്കം വളരെ പഴയതായിരുന്നതിനാൽ ചെങ്ങന്നൂരുമായി നമ്മുടെ പ്രദേശത്തിനുള്ള ബന്ധം പുരാതനമാണെന്ന് കരുതണം.

കല്ലൂർ തറവാട്ടുകാരണവരായ കർത്താവിന് ഉത്സവപള്ളിവേട്ടയിൽ നേതൃത്വം കൊടുക്കുന്നതു സംബന്ധിച്ച അവകാശം ഇപ്പോഴും തുടരുന്നുണ്ട്.

മണിമലയാറ്റിലൂടെയുള്ള ജലഗതാഗതവും പുരാതനമാകണം. പഞ്ചായത്തിന്റെ വടക്കുംഭാഗം മുഴുവൻ കൊടുംകാടായിരുന്നപ്പോൾ തെക്ക് ആറ്റുകടവിനടുത്ത് നെൽപ്പാടങ്ങളും ക്ഷേത്രങ്ങളും ഉത്സവങ്ങളുമായി ഒരു ഗ്രാമം ചെങ്ങന്നൂരുമായി സജീവബന്ധം പുലർത്തിക്കൊണ്ട് കഴിഞ്ഞിരുന്നുവെന്നു സങ്കല്പിക്കാം.

ഇന്ന് നിശ്ശബ്ദമായ കൂത്തമ്പലവും ഇപ്പോഴും സൂക്ഷിച്ചിട്ടുള്ള മിഴാവും പണ്ട് സജീവമായിരുന്ന കൂത്തരങ്ങ് സൂചിപ്പിക്കുന്നു. ക്ഷേത്രത്തിനു ചുറ്റും അനേകം വീട്ടുപേരുകൾ 'മഠം' എന്ന് അവസാനിക്കുന്നവയാണ്. ഇവ ബ്രാഹ്മണ വിദ്യാഭ്യാസകേന്ദ്രങ്ങളെയാകാം സൂചിപ്പിക്കുന്നത്.

ഉത്സവക്കാഴ്ചകൾ: പണ്ട് അമ്മാനയാട്ടം, കുറത്തിയാട്ടം, ദണ്ഡിപ്പ്, വാളേറ് തുടങ്ങിയവ നടത്തുന്ന നാടോടിസംഘങ്ങൾ ഉത്സവസമയത്ത് എത്തിയിരുന്നു. കഥകളിയും കൂത്തും വാദ്യങ്ങളും പരിശീലിപ്പിക്കുന്ന കളരികളും കലാകാരന്മാരും ക്ഷേത്രപരിസരത്ത് ഉണ്ടായിരുന്നു. മഹാഭാരതം കെട്ടുകാഴ്ചയും നടത്തിയിരുന്നു.

വളരെപ്പണ്ടു മുതൽ നടന്നുപോരുന്ന വേലകളിസംഘത്തിന്റെ അഭ്യാസപ്രകടനം അതിമനോഹരമായ കാഴ്ചയാണ്. തെക്കുംഭാഗം, വടക്കുംഭാഗം എന്നു രണ്ടു കളരിസംഘങ്ങളിലായി ഇപ്പോഴും ഇരുനൂറിൽപരം കുട്ടികൾ പരിശീലനം നേടിവരുന്നുണ്ട്. അതിവിശാലമായ ക്ഷേത്രക്കുളത്തിന്റെ കിഴക്കേകരയിലാണ് ഈ പ്രകടനം നടക്കുക. പടിഞ്ഞാറെ കരയിൽ വഞ്ഞിപ്പുഴത്തമ്പുരാന്മാർക്ക് വിശ്രമിക്കുന്നതിനും കാഴ്ച കാണുന്നതിനുമുള്ള മരംകൊണ്ടുള്ള മനോഹരമായ ചെറിയ മാളികപ്പുരയുണ്ട്.

ചരിത്രരേഖകളിലും 'ശുകസന്ദേശം', 'ഉണ്ണുനീലിസന്ദേശം' എന്നീ കാവ്യങ്ങളിലും പരാമർശിച്ചിട്ടുള്ള കൂപകരാജ്യവും നമ്മുടെ ഐതിഹ്യത്തിലെ കൂപകമഹർഷിയുമായി ബന്ധമുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ഉറുമ്പിന്റെ ശല്യമൊഴിവാക്കാൻ നെയ്യ് നേർച്ചനേരുന്ന പതിവും നേദിച്ച നെയ്യ് ഔഷധമായി കരുതുന്ന വിശ്വാസവും ഉണ്ട്. ഇവയും കെട്ടുകാഴ്ച, വേലകളി തുടങ്ങിയവയും നമ്മുടെ ക്ഷേത്രത്തിന് ബുദ്ധമതം പ്രചരിച്ചിരുന്ന കാലവുമായി ബന്ധമുണ്ടാവാം എന്നു സൂചിപ്പിക്കുന്നു.

'കോൽത്താഴ്' എന്ന സവിശേഷമായ പൂട്ട് നമ്മുടെ നാട്ടിലെ പണിക്കാർ വികസിപ്പിച്ചെടുത്തതാണെന്ന് കേട്ടുകേഴ്വിയുണ്ട്.

പനനാരുകൾകൊണ്ട് 'വക്കകൾ' (ആനയെക്കൊണ്ട് തടിപിടിപ്പിക്കുവാൻ ഉപയോഗിക്കുന്ന വലിയ കയർ) ഉണ്ടാക്കുന്ന പ്രസിദ്ധരായ പണിക്കാർ ക്ഷേത്രപരിസരത്ത് ഉണ്ടായിരുന്നു. ദൂരസ്ഥലങ്ങളിൽനിന്നെല്ലാം ആവശ്യക്കാർ എത്തിയിരുന്നു.

കാവുകളും വനങ്ങളും നിലനിർത്തുന്നതിന് നമ്മുടെ പ്രദേശത്ത് അധിവസിച്ചിരുന്നവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വഞ്ഞിപ്പുഴയുടെ അധീനതയിലുള്ള പ്രദേശങ്ങളിൽ വനങ്ങൾ നശിപ്പിക്കാതിരുന്നത് സാങ്കേതികജ്ഞാനത്തിന്റെ കുറവുകൊണ്ടായിരുന്നില്ല എന്ന് കരുതണം. പ്രകൃതിയുമായി പുലർത്തിയിരുന്ന ബന്ധത്തിന്റെയും അതിൽനിന്നുണ്ടായ ബോധത്തിന്റെയും പ്രേരണയുണ്ടായിരുന്നിരിക്കണം (ഡോ. കെ.എൻ. ഗണേഷ്).

കുടുംബക്ഷേത്രങ്ങൾ: (ശാസ്താവും ദേവിയും മറ്റുമാണ് മൂർത്തികൾ) ജന്മികുടുംബങ്ങളോട് അനുബന്ധിച്ച് ഉണ്ടായിരുന്നു. 'അവർണ്ണവിഭാഗങ്ങളുടെ' ആരാധനാകേന്ദ്രങ്ങളും അനുഷ്ഠാനങ്ങളും നിലനിന്നിരുന്നു. (മദ്യവും മാംസവും നേദിക്കുക—കോഴി വെട്ടുക—വേലൻതുള്ളൽ നടത്തുക) മണിമലക്കുന്നിലുള്ള ദുശ്ശാസനൻകാവും വർഷത്തിലൊരിക്കലുള്ള കരിക്കുടയ്ക്കലും ഇപ്പോഴുമുണ്ട്. താന്നിവേലിൽ ക്ഷേത്രം, പേരൂർ ക്ഷേത്രം, ഇരിക്കാട്ട് ക്ഷേത്രം തുടങ്ങിയവ ഇന്നുമുള്ള കുടുംബക്ഷേത്രങ്ങളാണ്. പൊൻകുന്നം പുതിയകാവ് ദേവീക്ഷേത്രം കവനാൽ പണിക്കന്മാരുടെ കുടുംബക്ഷേത്രമായിരുന്നു എന്നറിയുന്നു. വട്ടക്കാവ്, പോർക്കുന്ന്, കോയിപ്പള്ളി, കൂത്താട്ടുകുളം, വെളിയമ്പറമ്പ് തുടങ്ങിയ പുരയിടങ്ങൾ പൊൻകുന്നം ടൗണിനു സമീപം ഇപ്പോഴുമുണ്ട്.

മൂന്ന്: ചെറുവള്ളി ദേവീക്ഷേത്രം

ഇത് ചിറക്കടവ് ക്ഷേത്രത്തെക്കാൾ പുരാതനമാണെന്ന് കരുതപ്പെടുന്നു. വിളക്കുകൾ കൊത്തിയ കരിങ്കൽപാളികൾകൊണ്ടു തീർത്ത ചുറ്റമ്പലവും വിശാലമായ കുളവും ഇവിടെയുമുണ്ട്. ഒന്നുകിൽ ധാരാളം അടിയാന്മാരെ ഉപയോഗിക്കാൻ ശേഷിയും സാധ്യതയുമുള്ള അധികാരികൾ, അല്ലെങ്കിൽ സജീവമായ പരസ്പരബന്ധം പുലർത്തിയിരുന്ന കരക്കാർ —ഇവയിൽ ഒന്നില്ലാതെ ഈ ചിറകൾ നിർമിക്കുവാൻ കഴിയുമായിരുന്നില്ല. ഈ ക്ഷേത്രത്തിനു ചുറ്റിലും നെൽപ്പാടങ്ങളുണ്ടായിരുന്നു.

ദേവിയുടെ മുഖ്യപ്രതിഷ്ഠയ്ക്കുപുറമേ ശാസ്താവിന്റെ പ്രതിഷ്ഠയും ഉണ്ട്. മീനപ്പൂരത്തിന് ഒമ്പതു ദിവസത്തെ

ഉത്സവം ആഘോഷിക്കുന്നു. 40 ദിവസംകൊണ്ടു പൂർത്തിയാകുന്ന കളമെഴുത്തും പാട്ടും ഇപ്പോഴും ഉണ്ട്. ക്ഷേത്രത്തിനടുത്ത് പാട്ടമ്പലമുണ്ട്.

ഉത്സവത്തോടനുബന്ധിച്ചുള്ള 'ജീവിത' എഴുന്നള്ളിപ്പ് സവിശേഷമായ ചടങ്ങാണ്. പല കരക്കാർക്കും സമുദായങ്ങൾക്കും പണ്ടുമുതലേ പലതരം അവകാശങ്ങൾ ഉത്സവത്തോടും ചടങ്ങുകളോടും ബന്ധപ്പെട്ടുണ്ടായിരുന്നു. പലതും തുടർന്നുപോരുന്നുണ്ട്. ദൂരദേശങ്ങളിൽപോലുമുള്ള ചില കുടുംബങ്ങൾ തങ്ങളുടെ ഭരദേവതയായി ചെറുവള്ളിഭഗവതിയെ കരുതിപ്പോരുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം സൂക്ഷ്മമായ ഗവേഷണത്തിനു വിധേയമാകേണ്ടതുണ്ട്. പട്ടും വാളും വഴിപാടായി നടയ്ക്കു വയ്ക്കുന്ന പതിവു മുണ്ട്.

ഏതോ അടിയാത്തി ചെറുവള്ളിക്കിഴങ്ങു മാന്തിയപ്പോൾ ദേവീസാന്നിദ്ധ്യം വെളിവായതു സംബന്ധിച്ചുള്ള ഐതിഹ്യം ഈ ക്ഷേത്രത്തെ സംബന്ധിച്ചുമുണ്ട്.

പടനിലം, കോയിപ്പുറം, കോയിക്കൽ തുടങ്ങി ഈ പ്രദേശങ്ങളിൽ ഉള്ള സ്ഥലപ്പേരുകൾ സ്ഥലനാമപഠിതാക്കളുടെ വിശകലനത്തിന് വിധേയമാകേണ്ടതുണ്ട്.

ഈ പ്രദേശം ചെമ്പകശ്ശേരി രാജാവിന്റെ അധീനതയിൽ ആയിരുന്നുവെന്നും മാർത്താണ്ഡവർമയുടെ വെട്ടിപ്പിടുത്തങ്ങളുടെ കാലത്ത് പോരാട്ടങ്ങൾ നടന്നിരുന്നുവെന്നും ഐതിഹ്യമുണ്ട്.

മുൻകാലത്ത് എന്നോ ഈ ഭാഗങ്ങളിൽ 'കോയ്മകൾ' എന്ന പേരിൽ ഒരു വിഭാഗം ഉണ്ടായിരുന്നുവെന്നും രാജാധികാരത്തെ ചോദ്യം ചെയ്തക്ക പ്രതാപം നേടിയ അവരെ തെക്കുംകൂർ രാജാവിന്റെ സേനാപതികളായിരുന്ന അമ്പഴത്തുങ്കൽ കർത്താക്കന്മാരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന രാജസൈന്യം അമർച്ച ചെയ്തുവെന്നും ഐതിഹ്യമുണ്ട്. ഈ സംഭവങ്ങളോട് ബന്ധപ്പെട്ടാണ് മേൽപ്പറഞ്ഞ സ്ഥലനാമങ്ങളുടെ ആവിർഭാവം എന്നും വിശ്വാസമുണ്ട്.

വനഭൂമിയിൽ ഹൈറേഞ്ചിന്റെ കവാടം തുറക്കുന്നു

പഴയ സങ്കല്പങ്ങൾ മാറിവന്ന ചരിത്രം അന്യത്ര ചേർത്തിട്ടുണ്ട്. വനം തെളിച്ച് കൃഷിയിടങ്ങളൊരുക്കിയ കർഷകശക്തിയെ ആദരവോടെ നാം ഓർമിക്കണം. വന്യമൃഗങ്ങളോടും വസൂരി, മലമ്പനി തുടങ്ങിയ മഹാമാരികളോടും അവർ ഏറ്റുമുട്ടി. ജീവിതസൗകര്യങ്ങൾക്കുമേൽ അവർ അടിച്ചേല്പിച്ചിരുന്ന നിയന്ത്രണങ്ങൾ ഊഹാതീതമാണ്.

മേലുടുപ്പ്, ചെരുപ്പ്, കുട, മൂന്നു നേരത്തെ ഭക്ഷണം, പലഹാരങ്ങൾ, ആശുപത്രികൾ എന്നിവയെല്ലാം അത്യാർഭാടങ്ങൾ ആയിരുന്നു. എന്നാൽ 'മുള്ളുമുരുട് മൂർക്കപ്പാമ്പും' കല്ലും കരിയിലയും പോലും സ്വന്തം നിലനില്പിന്റെ ഭാഗമായി കരുതിപ്പോന്ന പഴയ സങ്കല്പത്തിന്റെ അന്തഃസത്തയും വനങ്ങളോടൊപ്പം ഈ കർഷകർ അവരറിയാതെ നശിപ്പിച്ചുവെന്ന് നാം തിരിച്ചറിയണം. ഇങ്ങനെ കാടും പഴയ മൂല്യങ്ങളും വെട്ടിത്തെളിച്ച സമൂഹമാണ് 1920-കളോടെ പൊൻകുന്നം അങ്ങാടിയാക്കി, പഞ്ചായത്ത് കേന്ദ്രമാക്കി ഉയർത്തിയത്.

തെക്കുംകൂർ രാജ്യത്തിൽപെട്ട വനങ്ങളിൽ കുരുമുളകുവള്ളി സംരക്ഷിച്ചു നിർത്തി മുളകും വനവിഭവങ്ങളും ശേഖരിച്ചിരുന്ന ശീലം ഉപേക്ഷിച്ച് 'ഹൈറേഞ്ചിന്റെ കവാടം' എന്നറിയപ്പെടുന്ന പൊൻകുന്നം ഇങ്ങനെയാണ് നമ്മൾ ഉയർത്തിക്കൊണ്ടുവന്നത്.

ചിറക്കടവ്, ചെറുവള്ളി ഭാഗങ്ങളിൽ നാലഞ്ചു പീടികകൾ മാത്രം ഉണ്ടായിരുന്നു. കുരുമുളകും അടയ്ക്കയും നിറഞ്ഞ ചാക്കുകെട്ടുകളും ചുമന്ന് ഇടവഴികളിലൂടെ 'പൊൻകുന്നം-മണിമല' നടപ്പാതയിൽ കയറി തെക്കേത്തുകവലയിലെ നടപ്പന്തലിൽനിന്നു സംഭാരം കുടിച്ച് അമ്പലപ്പടി കഴിഞ്ഞുള്ള 'ചുമട് താങ്ങി'യുടെ അടുത്തെത്തുമ്പോഴാണ് അങ്ങാടിയിലേക്ക് വരുന്നവർക്ക് അല്പം ഇളവ് കിട്ടിയിരുന്നത്.

പൊൻകുന്നം ഏതാണ്ട് എല്ലാ ദിവസവും സായാഹ്നങ്ങളിൽ സജീവമാകാൻ തുടങ്ങി. പുത്തൻകിണർ മൈതാനത്ത് പലതരം കലാപ്രകടനങ്ങൾ നടന്നിരുന്നു. ചതുരംഗമത്സരം, ഗുസ്തി, പരിചമുട്ടുകളി എന്നിവയൊക്കെ അധ്വാനശീലരായ നാടൻകർഷകരുടെ സന്തോഷത്തിന്റെ ആർജവം നിറഞ്ഞ ആവിഷ്കാരങ്ങളായിരുന്നു. ഇവരുടെ ഇടയിൽ നാടകക്കാരും ഉണ്ടായിരുന്നു. 'നല്ല തങ്ക', 'കോവിലൻ ചരിത്രം' തുടങ്ങിയവയും സ്വന്തം സൃഷ്ടികളും അവർ അവതരിപ്പിച്ചിരുന്നു. ഓണത്തിന് കടുവാകളിയും കലാകായികമത്സരങ്ങളും ഉണ്ടാകും. നാട്ടിലുണ്ടാകുന്ന പ്രധാന സംഭവങ്ങളെപ്പറ്റി പാട്ടെഴുതി പുസ്തകമാക്കി ഈണത്തിൽ പാടി വില്പനയ്ക്കെത്തുന്ന കവികളുമുണ്ടായിരുന്നു.

പഞ്ചായത്തിലെ പ്രധാന കവലകളിൽ ആധിപത്യം ഉറപ്പിച്ചിരുന്ന പ്രസിദ്ധരായ റൗഡികൾ ഉണ്ടായിരുന്നു. ഇവർ പലപ്പോഴും പല സാമുദായിക വിഭാഗങ്ങളുടെയും ആശ്രിതരും സംരക്ഷകരും ആയിരുന്നു. ചിലർ സമ്പന്നരുടെ പ്രതിനിധികളും. എങ്കിലും ഇവർപോലും സ്ത്രീകളോടുള്ള പെരുമാറ്റത്തിലും പൊതുധാർമിക സങ്കല്പങ്ങൾക്ക് കീഴ്പ്പെടുന്ന കാര്യത്തിലും മൂല്യബോധമുള്ളവരായിരുന്നു. ഏതത്യാവശ്യങ്ങൾക്കും ഓടിയെത്തുന്നതിനും പൊതുകാര്യങ്ങൾ നിർവഹിക്കുന്നതിനും സന്നദ്ധരായിരുന്നു ഇവരിൽ മിക്കവരും. പഴയ കുടിപ്പള്ളിക്കൂടപാരമ്പര്യത്തിന്റെ അവസാനകണ്ണിയും കവിയും പണ്ഡിതനുമായിരുന്ന വെട്ടിയാങ്കലാശാൻ നമ്മുടെ നാടിന്റെ ചരിത്രത്തെക്കുറിച്ച് എഴുതിയ ശ്ലോകങ്ങളിൽ ഒന്നിന്റെ പാതി ഓർമ്മയിൽനിന്നും ഒരാൾ പറഞ്ഞുതന്നു. പൊൻകുന്നം ചന്ത സ്ഥാപിച്ച തീയതി അതിലുണ്ട്.

"കൊല്ലം പിന്നായിരത്തിൽ പരമൊരെഴുപതാം
അല്പശ്രീ തിങ്കൾ തന്നിൽ
കല്യശ്രീ ശുക്രവാരേ ദിനമതുമധുനാ
നാലതാം തീയതിക്ക്..."
[1070 (1895) തുലാം 4-ാം തീയതി വെള്ളിയാഴ്ച]

'പൊൻകുന്നം' എന്ന് പഞ്ചായത്തുകേന്ദ്രത്തിന് പേരു കിട്ടിയത് ഇതേ ദിവസമായിരുന്നുവെന്നു കേൾക്കുന്നു.

ഏതായാലും സാഹിത്യത്തിൽ പൊൻകുന്നത്തെക്കുറിച്ചുള്ള പരാമർശം 'ഉമാകേരള'ത്തെ അനുകരിച്ച് കിടങ്ങൂർ കൃഷ്ണവാര്യർ എഴുതിയ ഹാസസാഹിത്യകൃതിയിൽ മാത്രമേ കാണുന്നുള്ളു. ("കോട്ടയം മഹാനഗരിക്കു നേർ കിഴക്കായ് കനകാചലമുല്ലസിപ്പൂ.") 'ഉമാകേരളം' പ്രസിദ്ധപ്പെടുത്തിയത് 1914-ൽ ആണല്ലോ.

നവോത്ഥാനപ്രവർത്തനങ്ങൾ

നമ്മുടെ പ്രദേശത്ത് നവോത്ഥാനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ചില പ്രമുഖ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള കുറിപ്പുകൾ തുടർന്നു ചേർക്കുന്നു. മറ്റു ഭാഗങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ജീവിച്ചിരിക്കുന്നവരെക്കുറിച്ചു പരാമർശിക്കുന്നില്ല. ഇത് പൂർണമാക്കി നമ്മുടെ പ്രദേശത്തിന്റെ സംസ്കാരത്തെക്കുറിച്ച് സമഗ്രമായ പഠനം തയ്യാറാക്കി സൂക്ഷിക്കുക എന്നത് അടിയന്തിരപ്രാധാന്യം അർഹിക്കുന്നു.

വ്യക്തികൾ

ചില വ്യക്തികളെക്കുറിച്ച് കുറിപ്പുകൾ ചേർക്കുന്നതിന് പ്രത്യേക ഉദ്ദേശ്യമുണ്ട്. പലവിധ സാംസ്കാരിക പ്രവർത്തനങ്ങളിൽ സുപ്രധാനമായ പങ്കുവഹിച്ചിരുന്ന ഇത്തരം ആളുകൾ നമ്മുടെ ഓർമയിൽനിന്നും മറഞ്ഞുതുടങ്ങിയിരിക്കുന്നു. ഇവരെക്കുറിച്ചെല്ലാം പൂർണവിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു ഡോക്യുമെന്റേഷൻ സെന്ററും മ്യൂസിയവും സ്ഥാപിക്കുകയും ചെയ്യുക എന്ന നിർദ്ദേശം ഗ്രാമസഭകളിൽനിന്ന് ഉയർന്നിട്ടുണ്ട്. ലഭ്യമായ വിവരങ്ങൾ ഈ റിപ്പോർട്ടിൽ രേഖപ്പെടുത്തിയാൽ മേൽപ്പറഞ്ഞ ഡോക്യുമെന്റേഷൻ സെന്റർ ആരംഭിക്കുമ്പോൾ ഇവ പ്രയോജനപ്രദമാകും. ഇത് ഒരു തരത്തിലും പൂർണമോ സുഘടിതമോ ആയ പട്ടികയല്ല എന്ന് പ്രത്യേകം ഓർമിക്കണം.

1. സ്വാമി ദയാനന്ദൻ: 1880-ൽ വൈക്കത്ത് ജനനം. 1906-ൽ സാമൂഹ്യപ്രവർത്തകനായി യാദൃച്ഛികമായി ചിറക്കടവിൽ എത്തി. യഥാർത്ഥപേര് സി.കെ. നാരായണപിള്ള. ഏഴ് വർഷം ചിറക്കടവിൽ കഴിഞ്ഞു. ചിറക്കടവ്, ചെറുവള്ളി സ്കൂളുകൾ സ്ഥാപിക്കുവാൻ ത്യാഗപൂർണമായി പ്രവർത്തിച്ചു. പ്രഭാഷണങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിച്ചു. ഇവയിൽ പ്രഗല്ഭരെ പങ്കെടുപ്പിച്ചു. (1911-ൽ സംഘടിപ്പിച്ച ഇത്തരം ഒരു യോഗ ത്തിൽ സാഹിത്യപഞ്ചാനനൻ ശ്രീ പി.കെ. നാരായണപിള്ള 'വിദ്യാഭ്യാസവും അഭിവൃദ്ധിയും' എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചിരുന്നു. തീർത്ഥപാദപരമഹംസസ്വാമി ആദ്യമായി ഒരു പൊതുയോഗത്തിൽ സംസാരിച്ചത് അന്നാണ്) 1913-ൽ അടൂർക്ക് പോയി. സദാനന്ദസ്വാമിയിൽനിന്നും സന്യാസം സ്വീകരിച്ചു. വടക്കേക്കരയിൽ സമ്പാദിച്ച 28 ഏക്കർ സ്ഥലവും അവിടെ സ്ഥാപിച്ച സംസ്കൃതസ്കൂളും ആശ്രമവും 1934-ൽ എൻ.എസ്.എസ്സിന് സംഭാവനചെയ്തു.

2. ആയുർവേദാചാര്യൻ പണ്ഡിറ്റ് സി. രാമകൃഷ്ണൻ നായർ: 1905 ഒക്ടോബർ 10-ന് ചെറുവള്ളിയിൽ ജനിച്ചു. സംഗീതം, സാഹിത്യം, യോഗം, വേദാന്തം, വൈദ്യശാസ്ത്രം എന്നിവയിൽ അസാമാന്യ പാണ്ഡിത്യം ആർജിച്ചു. ഗദ്യത്തിലും പദ്യത്തിലും അനേകം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. 'ആയുർവേദത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ', 'അയിത്തോച്ചാടനം', 'നവസങ്കീർത്തനമാലിക' എന്നിവ ചിലതാണ്. വിദ്യാനന്ദതീർത്ഥപാദസ്വാമിയോടൊത്ത് എഴുതിയ തീർത്ഥപാദപരമഹംസസ്വാമിയുടെ ജീവചരിത്രം മലയാളത്തിലെ ജീവചരിത്രഗ്രന്ഥങ്ങളിൽ ശ്രദ്ധേയമാണ്. വൈദ്യശാസ്ത്രവേദാന്ത ക്ലാസിക്കുകൾക്ക് വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. ചെറുവള്ളിയിൽ പ്രശസ്ത വൈദ്യശാല യുണ്ടായിരുന്നു. 1971 ജൂലൈ 27-ന് അന്തരിച്ചു.

3. താന്നുവേലിൽ രാമൻനായർ (പാച്ചുപിള്ള): വൈക്കം സത്യഗ്രഹത്തിൽ പങ്കെടുത്തു. ആദർശശാലിയായ ഗാന്ധിയനും ആദ്യകാല കോൺഗ്രസ് പ്രവർത്തകനും. താന്നുവേലിൽ കുട്ടൻപിള്ള, എ.കെ. പാച്ചുപിള്ള എന്നിവരോടൊത്ത് പന്തിഭോജനം സംഘടിപ്പിച്ചു. ഭാരതസർക്കാർ താമ്രപത്രം നല്കി ആദരിച്ചു.

4. ജനാബ് പി.എ. കാസിം: പഞ്ചായത്തിലെ ആദ്യ ബിരുദധാരികളിൽ ഒരാൾ. അഭിഭാഷകൻ, മുൻസിഫ്, പേഷ്കാർ (കളക്ടർ), റവന്യൂബോർഡ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചു.

5. പൊൻകുന്നം വി.ജെ. ജോസഫ്: കവി, സാമൂഹ്യ പ്രവർത്തകൻ, സഹകാരി, അദ്ധ്യാപകൻ. ഉച്ചനീചത്വങ്ങൾക്കും വ്യക്തിപരതയ്ക്കും പ്രാമാണിത്വത്തിനുമെതിരെ ആശയപ്രചാരണം നടത്തി. പൊൻകുന്നം വർക്കിക്ക് പ്രോത്സാഹനം കൊടുത്തിരുന്നു. 'ത്യാഗദർശനം' എന്ന കവിതാസമാഹാരം പ്രസിദ്ധപ്പെടുത്തി. നല്ല വായനക്കാരൻ. മറ്റുള്ളവർക്ക് പുസ്തകങ്ങൾ തിരഞ്ഞെടുത്ത് കൊടുത്തിരുന്നു. തികഞ്ഞ ആസ്വാദകൻ. ലൈബ്രറി തുടങ്ങാൻ തുച്ഛമായ ശമ്പളത്തിൽനിന്നു പണം മിച്ചം വച്ചിരുന്നു. പൊൻകുന്നം സഹകരണബാങ്ക് സ്ഥാപിച്ച് കർഷകരുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു.

6. എ.കെ. പാച്ചുപിള്ള: തിരുവല്ല സ്വദേശി. മെട്രിക്കുലേഷൻ പാസ്സായി ഹൈറേഞ്ചിൽ പൊട്ടംകുളം എസ്റ്റേറ്റിൽ ക്ലാർക്കായി. തുടർന്ന് തിരുവനന്തപുരം ലോ കോളേജിൽനിന്ന് പ്ലീഡർഷിപ്പ് പരീക്ഷ പാസ്സായി. അക്കാലത്ത് യൂത്ത് ലീഗ് നേതാക്കളുമായി അടുത്തിടപഴകി. പൊൻകുന്നത്ത് അഭിഭാഷകനായെത്തി. നിയമലംഘനം നടത്തി ജയിൽവാസം അനുഭവിച്ചു. 1949-ൽ പീരുമേട് മണ്ഡലത്തിൽനിന്ന് കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ചു ജയിച്ചു. പട്ടം താണുപിള്ള 1949 ആഗസ്റ്റ് 10-ന് രാജിവച്ചപ്പോൾ അദ്ദേഹത്തോടൊപ്പം നിന്ന 8 എം.എൽ.എ. മാരിൽ ഒരാളായിരുന്നു. പിന്നീട് പട്ടം രൂപംകൊടുത്ത പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു. പൊൻകുന്നത്ത് ഗവണ്മെൻറ് ഓഫീസുകളുടെ സ്ഥാപനം, രാഷ്ട്രീയ-

സാംസ്കാരിക-സാഹിത്യ പ്രവർത്തനങ്ങളുടെ സംഘാടനം, ടൗണിന്റെ രൂപകല്പന, ലൈബ്രറിയുടെ സ്ഥാപനം, ഇടതുപക്ഷചിന്തയുടെ പ്രോദ്ഘാടനം, ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെ ആരംഭം, അയിത്തത്തിനും ഉച്ചനീചത്വത്തിനും എതിരായ സജീവപ്രവർത്തനങ്ങളുടെ നേതൃത്വം തുടങ്ങി അനേകം മണ്ഡലങ്ങളിൽ ഉള്ള പ്രവർത്തനങ്ങളിലെല്ലാം അഗ്രഗണ്യനായിരുന്നു. പണ്ഡിതനും ദാർശനിക പദ്ധതികളിൽ അവഗാഹം നേടിയ വ്യക്തിയും ആയിരുന്നു. അമൂല്യഗ്രന്ഥങ്ങൾ അടങ്ങിയ സ്വകാര്യഗ്രന്ഥശേഖരം പൊൻകുന്നം പബ്ലിക് ലൈബ്രറിയിൽ ഉണ്ട്.

7. അഡ്വക്കേറ്റ് എസ്. രാമനാഥപിള്ള: 1890 ഏപ്രിൽ 4-ന് ജനനം. 1915-ൽ പൊൻകുന്നത്ത് അഭിഭാഷകൻ. 1927-ലും 30-ലും ശ്രീമൂലം അസംബ്ലിയിൽ ചങ്ങനാശ്ശേരി മണ്ഡലത്തിന്റെ പ്രതിനിധിയായി. 1950-ൽ 'കലാസാഗർ' ഫിലിം കമ്പനി സ്ഥാപിച്ചു. 'തിരമാല' എന്ന ചിത്രം നിർമിച്ചു. ഇത് കലാപരമായി വിജയിച്ചുവെങ്കിലും സാമ്പത്തികമായി പരാജയമായിരുന്നു. എഴുതിവച്ചിരുന്ന ജീവചരിത്രക്കുറിപ്പുകൾ മരണാനന്തരം 'ഒരു അഭിഭാഷകന്റെ ഓർമക്കുറിപ്പുകൾ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടു. നമ്മുടെ പ്രദേശത്തെ ജീവിതത്തെക്കുറിച്ചുള്ള ഹൃദയസ്പർശിയായ ചിത്രങ്ങൾ അതിലുണ്ട്. സഹൃദയവായനശാലയുടെ (കാഞ്ഞിരപ്പള്ളി) സംഘാടനത്തിൽ പങ്കുണ്ട്. കെ.വി. എം.എസ്. സ്ഥാപിക്കുന്നതിൽ നേതൃത്വം വഹിച്ചു. അര നൂറ്റാണ്ടുകാലം പല രംഗങ്ങളിലും സജീവമായി പ്രവർത്തിച്ചു. 1967-ൽ കാശി തീർത്ഥാടനം കഴിഞ്ഞ് മടങ്ങുമ്പോൾ അന്തരിച്ചു.

8. കമലാലയം പി.എൻ. പിള്ള: ജനനം 1901-ൽ. പൊൻകുന്നത്ത് കമലാബസാർ എന്ന തെരുവ് സൃഷ്ടിച്ചു. വില്ലേജ് യൂണിയൻ അംഗം, പഞ്ചായത്ത് സമിതി വൈസ്പ്രസിഡന്റ് എന്നീ നിലകളിൽ വികസനത്തിൽ ശ്രദ്ധേയമായ പങ്ക്. ഗ്രാമദീപം വായനശാല, വെള്ളാളസമാജം യു.പി. സ്കൂൾ എന്നിവയുടെ സ്ഥാപനത്തിൽ പ്രധാന പങ്ക്. പൊൻകുന്നം ക്ഷേത്രം, പബ്ലിക് ലൈബ്രറി എന്നിവയുടെ വികസനത്തിൽ സജീവ ഭാഗഭാഗിത്വം, കെ.വി.എം.എസ്. സ്ഥാപനത്തിലും ട്രസ്റ്റ് രൂപീകരണത്തിലും അദ്വിതീയമായ സ്ഥാനം. ആശുപത്രിനിർമ്മാണം നടക്കുമ്പോൾ 1974-ൽ അന്തരിച്ചു.

9. മഞ്ഞപ്പള്ളിൽ രാമകൃഷ്ണപിള്ള: പൊതുകാര്യപ്രസക്തൻ. ഇളങ്ങുളം സംസ്കൃതസ്കൂൾ, [illegible]സ്കൂൾ, ഇംഗ്ലീഷ് മിഡിൽ സ്കൂൾ, പൊൻകുന്നം —കെ.വി. ഇംഗ്ലീഷ് ഹൈസ്കൂൾ എന്നിവ സ്ഥാപിച്ചു. തിരുവിതാംകൂർ പോപ്പുലർ അസംബ്ലിയിൽ കോട്ടയം താലൂക്കിനെ രണ്ടുതവണ പ്രതിനിധീകരിച്ചു. പൊൻകുന്നം കമലോദയം ബാങ്ക് സ്ഥാപകൻ. എൻ.എസ്.എസ്. യൂണിയന്റെ ആദ്യ പ്രസിഡന്റ്. പൊൻകുന്നം ക്ഷേത്രോദ്ധാരണത്തിൽ സജീവപങ്കാളിത്തം.

10. കലാമണ്ഡലം മാധവൻനായർ: 1910-ൽ ജനനം. സുപ്രസിദ്ധ തുള്ളൽ കലാകാരൻ. നീണ്ടൂർകാരായ ആശാന്മാരിൽനിന്നു പരിശീലനം. വള്ളത്തോൾ പ്രസിഡന്റായിരിക്കെ സാഹിത്യപരിഷത്ത് 'തുള്ളൽ വിദ്വാൻ' എന്ന ബഹുമതി നല്കി. 1940-കളിൽ വള്ളത്തോളാണ് കലാമണ്ഡലം മാധവൻനായർ എന്ന പേരു നല്കിയത്. നിരവധി പുരസ്കാരങ്ങൾ വ്യക്തികളും സംഘടനകളും നല്കി. തിരു-കൊച്ചി പ്രദേശങ്ങളിൽ നിരവധി സദസ്സുകളിൽ പരിപാടി അവതരിപ്പിച്ചു. വിദഗ്ദ്ധ മർമ്മചികിത്സകനും ആയിരുന്നു. 1967-ൽ അന്തരിച്ചു.

11. കെ.കെ. ബ്രഹ്മചാരി: യഥാർത്ഥ നാമം കേശവൻ. കവി, സാമൂഹ്യപ്രവർത്തകൻ. പൊൻകുന്നം സന്ദർശിച്ചപ്പോൾ ശ്രീനാരായണഗുരുവിന് ആതിഥ്യമരുളിയ കുടുംബത്തിലെ അംഗം. 1923-ൽ 'മണിദീപം' എന്ന പേരിൽ മാസിക പ്രസിദ്ധപ്പെടുത്തിയിരുന്നു.

12. കെ.കെ. എബ്രഹാം: 1924-ൽ 'മതിദീപം' എന്ന പേരിൽ മാസിക പ്രസിദ്ധപ്പെടുത്തി.

13. വിജ്ഞാനചന്ദ്രസേനൻ (ടി.കെ. നാണു): ആര്യസമാജം ആദർശങ്ങളാൽ പ്രചോദിതനായി. ശ്രീദയാനന്ദായു.പി. സ്കൂൾ (എസ്.ഡി.യു.പി. സ്കൂൾ) സ്ഥാപിച്ചു. തുടക്കംമുതൽ 'അവർണർക്ക്' പ്രവേശനം നല്കി. മാത്രമല്ല, ജാതിക്കെതിരായ ചിന്ത പ്രചരിപ്പിക്കുകയും കുട്ടികളെ സ്കൂളിൽ എത്തിക്കാൻ ശ്രമങ്ങൾ നടത്തുകയുംചെയ്തു. 1944-ൽ കൊല്ലത്തുനിന്നും 'വനിതാമിത്രം' മാസികയിറക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു.

14. പൊൻകുന്നം സെയ്ദ് മുഹമ്മദ്: പ്രസിദ്ധ സാഹിത്യകാരൻ. ജനനം 1909 ഡിസംബർ 23-ന്. ഗദ്യ-പദ്യ ശാഖകളിൽ കൃതഹസ്തനായ എഴുത്തുകാരൻ. 'ഭർതൃപരിത്യക്തയായ ശകുന്തള', 'സ്നേഹോപഹാരം', 'ഹൃദയപൂജ', 'ഗായിക', 'ശുഭോദയം', 'ഭാഗ്യാങ്കുരം' എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. 1956-ൽ 'ജനശക്തി' എന്ന പേരിൽ കൊച്ചിയിൽനിന്നും വാരിക പ്രസിദ്ധീകരിച്ചു. പ്രശസ്ത സാഹിത്യകാരിയായ എ.പി. മറിയാമ്മയായിരുന്നു സഹധർമ്മിണി. 1975-ൽ അന്തരിച്ചു.

15. എ.പി. മറിയാമ്മ: പ്രശസ്ത സാഹിത്യകാരി. രാഷ്ട്രീയ പ്രവർത്തക. 1924 ഫെബ്രുവരി 25-ന് കുന്നുംഭാഗത്ത് ജനനം. വിദ്യാർത്ഥിനിയായിരിക്കെ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനം. 'കതിരുകൾ', 'വെള്ളിപ്പൂവുകൾ', 'സ്നേഹത്തിന്റെ വേദന', 'ഐക്യഭാരതം' എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. 1956-57-ൽ ആലുവായിൽനിന്ന് 'ജയഭേരി', 'ജയഭാരതി' എന്നീ വാരികകൾ പ്രസിദ്ധപ്പെടുത്തി. ഭർത്താവ് —പൊൻകുന്നം സെയ്ദ് മുഹമ്മദ്.

16. വി.വി. വർക്കി: ജനനം 1906-ൽ ചിറക്കടവ് മണ്ണംപ്ലാക്കൽ വെട്ടിക്കാപ്പള്ളിൽ കുടുംബത്തിൽ. പ്രശസ്തമായി ബി.എ. ഓണേഴ്സ് പാസ്സായി. നിവർത്തന പ്രക്ഷോഭത്തിലൂടെ പൊതുരംഗത്ത് വന്നു. വളരെ വേഗം നേതൃത്വ

ത്തിലേക്ക് ഉയർന്നു. 1939-ൽ സ്റ്റേറ്റ് കോൺഗ്രസ് നിയമലംഘന സമരത്തിൽ അറസ്റ്റു വരിച്ച് രണ്ടര വർഷം ജയിൽവാസമനുഷ്ഠിച്ചു. 1952-ൽ വാഴൂർ മണ്ഡലത്തിൽനിന്ന് തിരു-കൊച്ചി നിയമസഭയിലെത്തി. ചരിത്രനായികയായ അക്കാമ്മ ചെറിയാനെ അക്കൊല്ലം വിവാഹംകഴിച്ചു. 1986 ജൂലൈ 26-ന് അന്തരിച്ചു.

17. പൊൻകുന്നം വർക്കി: ജനനം 1910-ൽ. 'മലയാളം വിദ്വാൻ' പരീക്ഷ പാസ്സായി അദ്ധ്യാപകനായി. 1939-ൽ 'തിരുമുൽക്കാഴ്ച' എന്ന ഗദ്യകവിത പ്രസിദ്ധപ്പെടുത്തി. ഉത്തരവാദഭരണത്തിനായുള്ള സമരത്തിൽ പങ്കെടുത്തു. 'മന്ത്രിക്കെട്ട്', 'മോഡൽ' എന്നീ കഥകൾ എഴുതിയതിന് അറസ്റ്റ് ചെയ്യപ്പെട്ടു. 'ഹൃദയനാദം', 'ശബ്ദിക്കുന്ന കലപ്പ', 'അന്തിത്തിരി' (കഥാസമാഹാരങ്ങൾ) 'ജേതാക്കൾ', 'ഭർത്താവ്', 'അൾത്താര' (നാടകങ്ങൾ) തുടങ്ങി 47 കൃതികൾ. 'എന്റെ വഴിത്തിരിവ്' എന്ന ആത്മകഥ രചിച്ചു. ധാരാളം തിരക്കഥകൾ എഴുതിയിട്ടുണ്ട്. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാളാണ്. 1971-74 കാലത്ത് സാഹിത്യ അക്കാദമി പ്രസിഡൻറായിരുന്നു. എസ്.പി.സി.എസ്. പ്രസിഡൻറായും പ്രവർത്തിച്ചിട്ടുണ്ട്. നാഷണൽ ബുക്ക് സ്റ്റാൾ നടത്തിപ്പിന്റെ ചുമതലയും വഹിച്ചിരുന്നു. പിന്നീടാണ് അത് എസ്.പി.സി.എസിന് കൈമാറിയത്. 1994-ൽ വള്ളത്തോൾ പുരസ്കാരം ലഭിച്ചു. 1989-ൽ കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം നൽകി. പുരോഗമന സാഹിത്യ സംഘടനയുടെ ദക്ഷിണ മേഖലാ സെക്രട്ടറിയായി അഞ്ചു വർഷം പ്രവർത്തിച്ചിട്ടുണ്ട്. നാടകപ്രവർത്തകൻ, സിനിമാനിർമാതാവ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

18. കെ.ജി. കേശവൻനായർ: 1907-ൽ ചെറുവള്ളി വെള്ളിയണത്ത് കുടുംബത്തിൽ ജനിച്ചു. ചെറുവള്ളി, ചിറക്കടവ്, കാഞ്ഞിരപ്പള്ളി (സ്കൂൾ) കോട്ടയം (കോളേജ്) തിരുവനന്തപുരം (നിയമം) എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 1944-ൽ ശ്രീമൂലം അസംബ്ലിയിൽ ചങ്ങനാശ്ശേരി-പീരുമേട് ദ്വയാംഗമണ്ഡലത്തെ പ്രതിനിധീകരിച്ചു. 1947 വരെ സജീവ എൻ.എസ്.എസ്. പ്രവർത്തകൻ. പ്രശസ്ത അഭിഭാഷകൻ. പൊൻകുന്നം ക്ഷേത്രോദ്ധാരണം, പഞ്ചായത്തിന്റെ വികസനം എന്നിവയിൽ വിലപ്പെട്ട സംഭാവന. നമ്മുടെ ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറായിരുന്നുവെന്നതാണ് എടുത്തുപറയേണ്ട മറെറാരു കാര്യം. പഞ്ചായത്തിലെ രാഷ്ട്രീയ-സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലെല്ലാം വളരെ സജീവമായി പ്രവർത്തിച്ചു. 1947 പകുതിയോടെ സജീവ കോൺഗ്രസ് നേതാവായി പ്രവർത്തിച്ചു.

19. പി.റ്റി. ചാക്കോ: 1915 ഏപ്രിൽ 9-ന് ജനനം. പിതാവ്, പുതിയാപറമ്പിൽ തോമസ്, മാതാവ്, പുള്ളോലിൽ അന്നമ്മ. ചിറക്കടവ്, പൊൻകുന്നം, കറുകച്ചാൽ, പാലാ (സ്കൂൾ) ചങ്ങനാശ്ശേരി (കോളേജ്) തിരുവനന്തപുരം (നിയമം) എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. വിദ്യാഭ്യാസ ജീവിതം മുതൽ സജീവരാഷ്ട്രീയപ്രവർത്തനം. തികഞ്ഞ സഹൃദയൻ. എ.കെ.പാച്ചുപിള്ളയോടൊത്ത് സാഹിത്യ ചർച്ചകൾ സജീവമായി സംഘടിപ്പിച്ചു. വിദ്യാർത്ഥിയായിരിക്കെ ദിവാന് തുറന്ന കത്തെഴുതി അന്നത്തെ വിദ്യാഭ്യാസ നയത്തെ എതിർത്തു. അഞ്ചു തവണ ജയിൽവാസം. പൊൻകുന്നത്ത് പ്രഗല്ഭ അഭിഭാഷകൻ. കിറിനിത്യാസമരം, ദിവാൻവാഴ്ചയ്ക്കെതിരായ സമരം എന്നിവയിൽ പങ്കെടുത്ത് ദീർഘ ജയിൽവാസം. 1948-ൽ അകലക്കുന്നത്തുനിന്ന് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട് തിരുവിതാംകൂർ നിയമസഭയിൽ എത്തി. 1949-ൽ ഇന്ത്യൻ ഭരണഘടനാ നിർമ്മാണസമിതി അംഗമായി. 1952-ൽ പാർലമെൻറ് അംഗമായെങ്കിലും 1953-ൽ എം.പി. സ്ഥാനം രാജിവച്ചു. 1954-ൽ അമേരിക്കൻ പര്യടനം. 1955-ൽ കോട്ടയം ഡി.സി.സി.സെക്രട്ടറി. 1957-ൽ വാഴൂരിൽനിന്ന് ജയിച്ച് പ്രതിപക്ഷനേതാവായി. 1959-ൽ വിമോചനസമരത്തിന്റെ അമരക്കാരൻ. 1960-ൽ ആഭ്യന്തരമന്ത്രിയായി. ഇക്കാലത്ത് ബ്രിട്ടൻ, ഫ്രാൻസ്, ഇറലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. റവന്യൂ മന്ത്രിയായിരിക്കെ ഭൂപരിഷ്കരണനിയമത്തിന്റെ രൂപരേഖ തയ്യാറാക്കി. ഭരണകർത്താവ് എന്ന നിലയിൽ പ്രകടമാക്കിയ കാര്യക്ഷമത, ജനപ്രതിനിധി എന്ന നിലയിലുള്ള മികവ് എന്നിവ പ്രത്യേകം ഓർമ്മിക്കണം. ചിറക്കടവ് പഞ്ചായത്തിന്റെയും പ്രത്യേകിച്ച് പൊൻകുന്ന ത്തിന്റെയും വികസനത്തിൽ കാര്യമായ പങ്കുണ്ട്. നാഷണൽ ബുക്ക് സ്റ്റാൾ സ്ഥാപകാംഗങ്ങളിൽ ഒരാൾ. 1964 ആഗസ്റ്റ് 1-ന് ഹൃദ്രോഗംമൂലം അന്തരിച്ചു.

20. പൊൻകുന്നം ദാമോദരൻ: ജനനം 26-9-1914. സംസ്കൃത വിദ്വാൻ, മലയാളം വിദ്വാൻ, അയുർവേദ ശാസ്ത്രിപരീക്ഷകൾ പാസ്സായി. കങ്ങഴ സ്കൂളിൽ കിട്ടിയ ജോലി കമ്മ്യൂണിസ്റ്റായിരുന്നതിനാൽ നഷ്ടപെട്ടു. തൃശൂരിലെത്തി മുണ്ടശ്ശേരിയോടൊത്ത് പ്രവർത്തിച്ചു. 'മംഗളോദയം' മാസികയിലും ജോലി ചെയ്തു. പ്രമുഖ രാഷ്ട്രീയ, സാഹിത്യനായകരുമായി സൗഹൃദം നേടി. തൃശൂർ സെൻറ് തോമസ് കോളേജിൽ കിട്ടിയ അദ്ധ്യാപക ജോലിയും രാഷ്ട്രീയകാരണങ്ങളാൽ നഷ്ടപ്പെട്ടു. പിന്നീട് പൊന്നാനിയിൽ പകരാവൂർ ചിത്രൻനമ്പൂതിരിപ്പാടിന്റെ സ്കൂളിൽ അദ്ധ്യാപകനായി. സ്കൂൾ സർക്കാർ ഏറെറടുത്തപ്പോൾ സർക്കാർ സർവ്വീസിലായി. ദിവാൻ വാഴ്ചയ്ക്കെതിരായ സ്റേറററ് കോൺഗ്രസ് പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. 1946-ൽ സർക്കാർ 'വാരിക്കുന്തങ്ങൾ' എന്ന കവിത നിരോധിക്കുകയും പാസ്പോർട്ട് കണ്ടുകെട്ടുകയും ചെയ്തു. കവിത, നിരൂപണം, നാടകം, നോവൽ എന്നീ ഇനങ്ങളിൽ അൻപതോളം ഗ്രന്ഥങ്ങളുടെ കർത്താവ്. ഗാനരചയിതാവ് എന്ന നിലയിൽ അദ്വിതീയനായിരുന്നു. 'മഗ്ദലനമറിയം' എന്ന ഗ്രന്ഥം മലയാളം വിദ്വാൻപരീക്ഷയ്ക്ക് പാഠപുസ്തകമായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടപ്പോൾ വിവിധ

തൂലികാനാമങ്ങൾ ഉപയോഗിച്ച് സാഹിത്യരചന തുടർന്നു. തിരുവനന്തപുരം ചർച്ചാവേദി സംഘടിപ്പിച്ച ചങ്ങമ്പുഴ അനുസ്മരണത്തിൽ ഡോ.കെ.എം.ജോർജ് പൊന്നാടയണിയിച്ചു. രോഗിയായി വീട്ടിൽ കഴിയുമ്പോൾ ഡോ.കെ.എം. തരകൻ വീട്ടിലെത്തി പൊന്നാടയണിയിച്ചു. 'തെക്കേത്തു കവല-കളമ്പുകാട്' റോഡിന് 'പൊൻകുന്നം ദാമോദരൻ റോഡ്' എന്ന നാമകരണം ചെയ്ത് ചിറക്കടവ് പഞ്ചായത്ത് കമ്മറ്റി അദ്ദേഹത്തെ ആദരിച്ചു. ദേശാഭിമാനി സ്റ്റഡി സർക്കിൾ ഏലങ്കുളം സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികളിൽ ഒരാളായിരുന്നു. 1994 നവംബർ 24-ന് അന്തരിച്ചു.

21. ശാന്താലയം കേശവൻനായർ: ജനനം 1924-ൽ. മലയാളം വിദ്വാൻ പരീക്ഷ പാസ്സായി. സഹൃദയ വായനശാലയുടെ ലൈബ്രേറിയനായി പ്രവർത്തിച്ചു. പിന്നീട് അദ്ധ്യാപകനായി. രാഷ്ട്രീയ നായകൻ, സാഹിത്യകാരൻ, അദ്ധ്യാപകൻ, സാമൂഹ്യപ്രവർത്തകൻ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ഗ്രന്ഥശാലാപ്രവർത്തനങ്ങളിൽ സജീവം. കൗൺസിൽ സംസ്ഥാന സമിതി അംഗമായിരുന്നു. ചിറക്കടവ് പബ്ലിക് ലൈബ്രറി സംഘാടനത്തിൽ നേതൃത്വം. അദ്ധ്യാപക സംഘടനയുടെ സജീവ പ്രവർത്തകൻ. സമരങ്ങളിൽ അറസ്റ്റ് വരിച്ചു. പുരോഗമന സാഹിത്യസംഘം, ദേശാഭിമാനി സ്റ്റഡി സർക്കിൾ എന്നിവയിൽ സജീവം. പുരോഗമന കലാ സാഹിത്യ സംഘം ജില്ലാ സെക്രട്ടറിയായിരുന്നു. വാഗ്മി. 'കലാപസാഹിത്യം', 'കാലത്തിന്റെ കാവ്യം' എന്നീ രണ്ട് നിരൂപണഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. ആനുകാലികങ്ങളിൽ എഴുതിയിരുന്നു. 1989 ജൂൺ 4-ന് അന്തരിച്ചു.

22. കെ.എച്ച്.ഖാൻസാഹിബ്: പ്രമുഖ മുസ്ലിംലീഗ് നേതാവ്, ചലച്ചിത്രകാരൻ. ജനനം 1925-ൽ. മുസ്ലിംലീഗ് സംസ്ഥാന ജോയിന്റ് സെക്രട്ടറി, ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. പഞ്ചായത്ത് ഭരണസമിതി വൈസ് പ്രസിഡന്റായിരുന്നു. 1974-ൽ 'കാന്തിഹർഷ' ഫിലിം കമ്പനി ആരംഭിച്ചു. 'ഹർഷബാഷ്പം' എന്ന ചലച്ചിത്രം നിർമ്മിച്ചു. തിരക്കഥാ രചയിതാവ്, ഗാനരചയിതാവ് എന്നീ നിലകളിലും പ്രവർത്തിച്ചു. സഹകാരി എന്ന നിലയിലും വഖഫ് ബോർഡ് അംഗം എന്ന നിലയിലും ഉള്ള പ്രവർത്തനങ്ങൾ പ്രത്യേകം പരാമർശിക്കേണ്ടതാണ്. രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലെല്ലാം സജീവമായി പ്രവർത്തിച്ചു. 1995 ജനുവരി 11-ന് അന്തരിച്ചു.

23. കെ.എം.സദാശിവൻനായർ: ജനനം 1938-ൽ. 1967 മുതൽ സജീവ സി.പി.ഐ. (എം) പ്രവർത്തകൻ. അദ്ധ്യാപകനായി ദീർഘകാലം എസ്.ആർ.വി.സ്കൂളിൽ പ്രവർത്തിച്ചു. അദ്ധ്യാപകൻ എന്ന നിലയിലുള്ള സേവനം എടുത്തുപറയത്തക്കതാണ്. സ്വപ്രയത്നംകൊണ്ട് പല വിഷയങ്ങളിലും ബിരുദാനന്തരബിരുദംവരെ സമ്പാദിച്ചു. ജീവിതാന്ത്യംവരെ ഒരു വിദ്യാർത്ഥികൂടിയായി തുടർന്ന പണ്ഡിതനും ജിജ്ഞാസുവും ആയിരുന്നു. കവിയും തികഞ്ഞ സഹൃദയനും ആയിരുന്നു. വാഗ്മി എന്ന നിലയിൽ പ്രശസ്തനായിരുന്നു. കക്ഷിഭേദമില്ലാതെ മുഴുവൻ ജനങ്ങളും സംശുദ്ധ രാഷ്ട്രീയപ്രവർത്തനത്തിന്റെ മാതൃകയായി ആദരിച്ചിരുന്നു. പഞ്ചായത്ത് പ്രസിഡന്റ്, ട്രേഡ്യൂണിയൻ നേതാവ്, പൊൻകുന്നം സഹകരണബാങ്ക് വൈസ് പ്രസിഡന്റ്, സഹകാരി എന്നീ നിലകളിൽ മൂന്നു പതിറ്റാണ്ടുകാലം അനുസ്മരണീയമായ സേവനം നടത്തി. മരിക്കുന്നതിന് ഏതാനും മാസം മുമ്പ് പുതുതായി രൂപംകൊണ്ട ജെ.എസ്.എസ്സിൽ ചേർന്ന് അതിന്റെ ജില്ലാ സെക്രട്ടറിയും സംസ്ഥാന പ്രവർത്തകസമിതി അംഗവും ആയി പ്രവർത്തിച്ചു. 17.3.1996-ൽ അന്തരിച്ചു.

24. പി.എൻ.കരുണാകരൻനായർ: ജനനം 28-12-1938. കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യ നേതാക്കളിൽ ഒരാളായി പൊതുജീവിതം ആരംഭിച്ചു. പാർട്ടിയുടെ കോട്ടയം ജില്ലാ കമ്മിറ്റി ഓഫീസ് സെക്രട്ടറിയായി. ബഹുജനസംഘടനകളുടെ സംഘാടകൻ, കലാ-സാംസ്കാരികരംഗത്തെ സംഘാടകൻ എന്നീ നിലകളിലൊക്കെ പ്രവർത്തിച്ചു. 1964-ൽ പാർട്ടിയുടെ പിളർപ്പിനെ തുടർന്ന് സി.പി.ഐ.യിൽ നേതൃത്വപരമായ പ്രവർത്തനം നടത്തി. 17-3-1983-ൽ മരിക്കുമ്പോൾ സി.പി.ഐ. കോട്ടയം ജില്ലാ സെക്രട്ടറിയായിരുന്നു.

25. പി. ആനന്ദൻ: സാമൂഹ്യപ്രവർത്തകൻ, സാഹിത്യകാരൻ, ജ്യോതിഷപണ്ഡിതൻ. ആനന്ദൻ പാമ്പാടി എന്ന പേരിൽ ആനുകാലികങ്ങളിൽ ജ്യോതിഷ സംബന്ധമായും മറ്റും ലേഖനങ്ങൾ എഴുതിയിരുന്നു.

അടിയൊഴുക്കുകൾ

1940-കളിൽ ശ്രീ എ.കെ.പാച്ചുപിള്ളയുടെ വക്കീലാപ്പീസിലും പരിസരത്തും ഞായറാഴ്ചകളിൽ നടന്നിരുന്ന സാഹിത്യയോഗങ്ങൾ ഔദ്യോഗിക സംഘടനയായില്ലെങ്കിലും പ്രത്യേകം പരാമർശം അർഹിക്കുന്നു. അന്ന് അഭിഭാഷകനായി പൊൻകുന്നത്തുണ്ടായിരുന്ന ശ്രീ പി.ടി.ചാക്കോ ഇതിലെ പ്രമുഖാംഗമായിരുന്നു. വിദ്വാൻ എ.പി.കരുണാകരൻനായർ തുടങ്ങിയ അദ്ധ്യാപകരും അനേകം അഭിഭാഷകരും ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. പിന്നീട് പൊൻകുന്നം പബ്ലിക് ലൈബ്രറി സ്ഥാപിക്കുന്നതിന് ഈ ചർച്ചകൾ സഹായകമായിട്ടുണ്ട്.

1938 മുതൽ നടന്ന രാഷ്ട്രീയ സമ്മേളനങ്ങളും, തെരഞ്ഞെടുപ്പ് പ്രചാരണവും മറ്റും സാധാരണക്കാർക്ക് രാഷ്ട്രീയബോധവും ആത്മബോധവും ഉണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽവന്ന് പൊതുയോഗങ്ങളിൽ സംബന്ധിച്ചിട്ടില്ലാത്ത ചരിത്രപുരുഷന്മാർ കേരളത്തിൽ വിരളമാണ്.

കത്തോലിക്കാസഭ, ഇതര സഭകൾ, അവയുടെ പുരോഹിതപരമ്പര, സന്യാസിനീമഠങ്ങൾ എന്നിവ സാംസ്കാരിക

രംഗത്തു നടത്തുന്ന പ്രവർത്തനങ്ങൾ പലപ്പോഴും തിരിച്ചറിയപ്പെടാറില്ല. ഈ നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഇവ നമ്മുടെ സംസ്കാരപ്രവാഹത്തിന്റെ പ്രധാന ചാലകശക്തികളിൽ പെടുന്നു.

പൊതുരാഷ്ട്രീയ-സാമൂഹ്യരംഗങ്ങളിൽ മുൻനിരയിൽ കാണാറില്ലെങ്കിലും സ്വന്തം കർമ്മമണ്ഡലത്തിൽ നിലയുറപ്പിച്ച് സമർപ്പിതചിത്തരായി പ്രവർത്തിക്കുന്ന വ്യക്തികൾ എക്കാലത്തും നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. ഇവരൊക്കെ പിന്നീടു വരുന്നവർ അറിയുകയോ ഓർമ്മിക്കുകയോ ചെയ്യാത്ത വിലപ്പെട്ട സംഭാവനകൾ നമ്മുടെ സാംസ്കാരിക മണ്ഡലത്തിന് നല്കിയിട്ടുണ്ട്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകം മുതൽ വിവിധ ആശയഗതികളുടെ പ്രചാരകർ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ബോധപൂർവ്വം പ്രചരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ 1980 മുതലെങ്കിലും അത്തരം ശ്രമങ്ങളെ പിന്നിലാക്കിക്കൊണ്ട് കമ്പോളശക്തികൾ പ്രസിദ്ധീകരണരംഗം കൈയടക്കിയിരിക്കുന്നു.

ഇന്ന് നമ്മുടെ അഭിരുചിയും സാമാന്യബോധവും സദാചാരവും നിയന്ത്രിക്കുന്നത് ഈ ശക്തികളാണെന്നു വന്നിരിക്കുന്നു. (പത്രങ്ങളുടെ പ്രചരണത്തെക്കുറിച്ചുള്ള പട്ടിക ചേർത്തിട്ടുണ്ട്.

പ്രസിദ്ധീകരണങ്ങൾ (ഏജൻറുമാർ വിതരണം ചെയ്യുന്നത്)-ഏകദേശ വിവരം

I	ദിനപ്പത്രങ്ങൾ	എണ്ണം
1	മലയാള മനോരമ	1200
2	മാതൃഭൂമി	650
3	ദീപിക	400
4	മംഗളം	180
5	രാഷ്ട്രദീപിക	125
6	കേരളകൗമുദി	120
7	ദേശാഭിമാനി	105
8	ഇന്ത്യൻ എക്സ്പ്രസ്	90
9	ഹിന്ദു	70
10	ജന്മഭൂമി	55
11	ദിനമണി	6
	ആകെ	3001

II	മറ്റു പ്രസിദ്ധീകരണങ്ങൾ	എണ്ണം
1	മംഗളം വാരിക	1100
2	മലയാള മനോരമ വാരിക	850
3	മഹിളാരത്നം, വനിത, ഗൃഹലക്ഷ്മി	700
4	കേരളശബ്ദം	180
5	നാന	180
6	രാഷ്ട്രദീപിക സിനിമ	175
7	രാഷ്ട്രദീപിക വാരിക	150
8	മനോരാജ്യം	120
9	മാതൃഭൂമി ആഴ്ചപ്പതിപ്പ്	75
10	കലാകൗമുദി	50
11	ഭാഷാപോഷിണി	25
12	ദ വീക്ക്	20
13	ഫ്രണ്ട്ലൈൻ	15
14	ദേശാഭിമാനി വാരിക	15
15	ചിന്തവാരിക	10
16	സ്പോർട്സ് സ്റ്റാർ	10
17	പലവക (തരംതാണവ അടക്കം)	3500
	ആകെ	7175

III	ബാലപ്രസിദ്ധീകരണങ്ങൾ	എണ്ണം
1	ബാലരമ	350
2	ബാലഭൂമി	250
3	പൂമ്പാറ്റ	230
4	മുത്തശ്ശി	120
5	യുറീക്ക	100
6	കളിക്കുടുക്ക	100
7	ബാലമംഗളം	90
8	ശാസ്ത്രകേരളം	50
9	കോമിക്കുകളും മറ്റും (എണ്ണം ലഭ്യമല്ല. ആയിരത്തിൽ താഴെ)	
	ആകെ	1290

മറ്റു വിവരങ്ങൾ

ജനസംഖ്യയിൽ ഭൂരിഭാഗം നായർ, വെള്ളാള, ഈഴവ സമുദായക്കാരായ ഹിന്ദു സമുദായക്കാരാണ്. ജനസംഖ്യയിൽ അടുത്ത സ്ഥാനം റോമൻ കത്തോലിക്ക സമുദായത്തിനാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം 6.5 ശതമാനംവരും. മുസ്ലിം ജനസംഖ്യയും ഇത്രത്തോളമേ ഉള്ളു. (1991-ലെ സെൻസസ്പ്രകാരം ജനസംഖ്യ 31813 ആണ്.

സി.പി.ഐ.(എം), കേരളകോൺഗ്രസ് എന്നിവയാണ് പ്രധാന രാഷ്ട്രീയപാർട്ടികൾ. സി.പി.ഐ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ), ബി.ജെ.പി., ജെ.എസ്.എസ്., സി.പി.ഐ (എം.എൽ) റഡ്ഫ്ലാഗ് എന്നീ പാർട്ടികളും സജീവമായി പ്രവർത്തിക്കുന്നു. ഇവയൊക്കെ നേതൃത്വം കൊടുക്കുന്ന ബഹുജനസംഘടനകൾ, യുവജന-വിദ്യാർത്ഥി സംഘടനകൾ, കർഷകസംഘങ്ങൾ, ട്രേഡ് യൂണിയനുകൾ, സർവ്വീസ് സംഘടനകൾ എന്നിവയെല്ലാം പ്രവർത്തനരംഗത്തുണ്ട്. ഇതിനുപുറമേ അനേകം സാമുദായിക സംഘടനകളും പ്രവർത്തിച്ചുവരുന്നു.

സി.വൈ.എം.എ., യുവദീപ്തി, ജീവകാരുണ്യനിധി, സെൻറ് വിൻസൻറ് ഡി പോൾ സൊസൈറ്റി, എച്ച്.വൈ.എം.എ.,

അഖിലഭാരത അയ്യപ്പസേവാസംഘം, വ്യാപാരിവ്യവസായി ഏകോപനസമിതി, മിശ്രവിവാഹസംഘം, യുക്തിവാദിസംഘം, വൈസ്മെൻസ്ക്ലബ്, ലയൺസ് ക്ലബ്, ബാർ അസോസിയേഷൻ, മാതൃഭൂമി സ്റ്റഡി സർക്കിൾ, പുരോഗമന കാലാസാഹിത്യസംഘം തുടങ്ങിയവയെല്ലാം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പൊൻകുന്നത്തെ ആരാധനാമഠം 11 ഓളം മഠങ്ങളുള്ള ആരാധനാസഭാ സമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസാണ്. ചിറക്കടവിലെ കർമ്മലീത്താമഠവും അതിന്റെ നിയന്ത്രണത്തിലുള്ള ബാലികാഭവനവും നന്നായി പ്രവർത്തിക്കുന്നു.

കേരളശാസ്ത്രസാഹിത്യപരിഷത്ത് 70-കളുടെ അവസാനം മുതൽ പ്രവർത്തിക്കുന്നുണ്ട്.

സർവ്വശ്രീ പി.ആർ.എസ്.പിള്ള, ബാബു ആൻറണി (സിനിമ), എം.ജി.രവി, പൊൻകുന്നം രാമചന്ദ്രൻ (സംഗീതം), പൊൻകുന്നം സെയ്ദ് (നാടകം, ചെറുകഥ), പി.മുരളീമോഹൻ (നോവൽ, ബാലസാഹിത്യം), എം.ടബേബി (സോപാനസംഗീതം) എന്നിവർ നമ്മുടെ പഞ്ചായത്തു പ്രദേശത്തുനിന്നും ഉയർന്നുവന്ന പ്രശസ്തരായ കലാസാഹിത്യപ്രവർത്തകരിൽപെടുന്നു.

ശ്രീമതി ലീല (സിനിമാ അഭിനയം), ശ്രീ വടക്കയിൽ ശ്രീധരൻനായർ (സംഗീതനാടക അക്കാദമി അവാർഡു നേടിയ നടൻ), ശ്രീ ബാലമല പരമേശ്വരൻപിള്ള (കഥകളി നടൻ) എന്നിവർ അന്തരിച്ച കലാപ്രവർത്തകരിൽ ചിലരാണ്. ശിവരാത്രി, ഓണം, വിഷു, ക്രിസ്തുമസ്, ഈസ്റ്റർ, ഈദുൽഫിത്തർ, ഈദുൽസുഹ, നബിദിനം, വിവിധ ദേവാലയങ്ങളിലെ ഉത്സവങ്ങൾ, പെരുന്നാളുകൾ, ജന്മാഷ്ടമി എന്നിവയെല്ലാം ഉത്സാഹപൂർവ്വം ആഘോഷിച്ചുവരുന്നു. എന്നാൽ മുമ്പ് ഇത്തരം ആഘോഷങ്ങളുടെ ഭാഗമായി നാട്ടുകാർ പങ്കെടുത്ത് സംഘടിപ്പിച്ചിരുന്ന കലാപരിപാടികൾ ഇല്ലാതായി വരുന്നു. പ്രൊഫഷണൽ ട്രൂപ്പുകളോടാണ് ഇപ്പോൾ താല്പര്യം. ഈ ഉത്സവങ്ങൾ എല്ലാ സാമുദായിക വിഭാഗങ്ങളുടെയും പങ്കാളിത്തംകൊണ്ട് പൊതുവായ ആഘോഷങ്ങളായി മാറാറുണ്ട്.

എന്നാൽ പലപ്പോഴും മതപരവും സാംസ്കാരികവുമായ ഉള്ളടക്കത്തേക്കാൾ വെറും പുറംമോടിക്ക് ഊന്നൽ നല്കപ്പെടുന്നുണ്ട്. ചിലപ്പോഴെങ്കിലും വിവിധ സമുദായങ്ങളുടെ ശക്തിയുടെ പ്രകടനം മാത്രമായി ഇവ അധഃപതിക്കാറുമുണ്ട്.

ഗ്രന്ഥശാലാരംഗത്ത് 1950-കളിൽ തുടങ്ങി 1970-വരെ തുടർന്നുപോന്ന സജീവത ഇന്നില്ല. ക്ലബ്ബുകളും കലാസമിതികളും ഗ്രന്ഥശാലകളും ധാരാളമുണ്ടെങ്കിലും അവയ്ക്ക് പൊതുവായൊരു സാംസ്കാരിക ഉണർവ്വിന് പ്രേരണ നല്കാൻ വേണ്ടത്ര കഴിയുന്നില്ല.

ക്രമനമ്പർ	ക്ലബ്ബുകൾ, കലാസംഘടനകൾ	സ്ഥിതി ചെയ്യുന്ന വാർഡ്
1	ജയശ്രീ കലാസാംസ്കാരികസമിതി, മൂലകുന്ന്	അഞ്ച്
2	യുവജനസംഘടനാക്ലബ്ബ്, ചിറക്കടവ്	ആറ്
3	ശിവശക്തി ആർട്സ് ക്ലബ്ബ്, പറപ്പള്ളിത്താഴത്ത്	പത്ത്
4	നേതാജി ആർട്സ് ക്ലബ്ബ്, ചിറക്കടവ്	ആറ്
5	ചിത്രാഞ്ജലി ആർട്സ് ക്ലബ്ബ്, പി.എൻ.പി.റോഡ്	നാല്
6	നെഹ്റു റിക്രിയേഷൻ ക്ലബ്ബ്, താവൂർ	ആറ്
7	കുന്നുംഭാഗം സ്പോർട്സ് ക്ലബ്ബ്, കുന്നുംഭാഗം	നാല്
8	ചിറക്കടവ് പബ്ലിക് ലൈബ്രറി ആർട്സ് ക്ലബ്ബ്, മഞ്ഞപ്പള്ളിക്കുന്ന്	അഞ്ച്
9	സംഘധാര, തോണിപ്പാറ	മൂന്ന്, അഞ്ച്, ഏഴ് വാർഡുകളുടെ സന്ധിയിൽ
10	യുവധാര സ്റ്റഡി സെൻറർ, പൊൻകുന്നം	നാല്
11	വിവേകാനന്ദ മാതൃഭൂമി സ്റ്റഡി സർക്കിൾ, പൊൻകുന്നം	നാല്
12	ഭഗത്സിംഗ് ആർട്സ് ക്ലബ്ബ്, കാരിപൊയ്ക	എട്ട്
13	യുവധാര ആർട്സ് ക്ലബ്ബ്, തെക്കേത്തുകവല	എട്ട്
14	യുവശക്തി, പുളിച്ചുമാക്കൽകവല	പന്ത്രണ്ട്
15	ദർശന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, മുട്ടത്തുകവല	ഏഴ്
16	തരംഗം ആർട്സ് കോയിപ്പള്ളി, പൊൻകുന്നം	രണ്ട്
17	കലാമന്ദിർ, പൊൻകുന്നം	മൂന്ന്
18	തരംഗിണി ആർട്സ് കോയിപ്പള്ളി, പൊൻകുന്നം	രണ്ട്
19	നേതാജി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കാവുംഭാഗം	പതിനൊന്ന്
20	ഉദയാ ആർട്സ് ക്ലബ്ബ്, ചിറക്കടവ് സെൻറർ	ആറ്

വായനശാലകൾ

ക്രമ നമ്പർ	വായനശാലയുടെ പേരും വിലാസവും	അംഗങ്ങളുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	സ്ഥാപിച്ച വർഷം	മറ്റു വിവരങ്ങൾ (കീഴിലുള്ള യൂണിററുകൾ etc.)
1	കൈരളീഗ്രന്ഥാലയം ചെറുവള്ളി	602	10355	1948	വനിതാവിഭാഗം ശിശുവിഭാഗം കൃഷിപുസ്തക കോർണർ റിക്രിയേഷൻ ക്ലബ്ബ് ഗ്രാമീണ വിജ്ഞാന വികസനകേന്ദ്രം കളർ ടി.വി
2	ചിറക്കടവ് പബ്ലിക് ലൈബ്രറി, പൊൻകുന്നം	189	6127	1950	ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, ബ്ലാക് ആൻഡ് വൈറ്റ് ടി.വി.
3	ഗ്രാമദീപം വായനശാല ചിറക്കടവ് ഈസ്റ്റ്	339	10517	1951	ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് ബ്ലാക് ആൻഡ് വൈറ്റ് ടി.വി.
4	ഗ്രാമീണ ഗ്രന്ഥശാല തെക്കേത്തുകവല	377	4546	1954	ആർട്സ് ക്ലബ്
5	പൊൻകുന്നം പബ്ലിക് ലൈബ്രറി, പൊൻകുന്നം	1585	9297	1956	കൃഷി പുസ്തകകോർണർ ബ്ലാക് ആൻഡ് വൈറ്റ് ടി.വി.
6	ചെറുവള്ളി പബ്ലിക് ലൈബ്രറി, ചെറുവള്ളി	312	4593	1958	വനിതാ വിഭാഗം ആർട്സ് ക്ലബ് ബ്ലാക്·ആൻഡ് വൈറ്റ് ടി.വി.
7	സർവോദയ ഗ്രന്ഥശാല വാളക്കയം	101	2630	1958	
8	ജ്യോതി പബ്ലിക് ലൈബ്രറി ചിറക്കടവ് സെൻറർ	286	3801	1968	ചർച്ചാവേദി ബ്ലാക് ആൻഡ് വൈറ്റ് ടി.വി.
9	ചെന്നാക്കുന്ന് പബ്ലിക് ലൈബ്രറി, തെക്കേത്തുകവല	110	4237	1967	കൃഷിപുസ്തക കോർണർ ബ്ലാക് ആൻഡ് വൈറ്റ് ടി.വി.
10	നേതാജി ഗ്രന്ഥശാല കാവുംഭാഗം	769	3625	1970	ആർടസ് ആൻഡ് സ്പോർട്സ് ക്ലബ്, കൃഷിപുസ്തക കോർണർ
11	ജയാപബ്ലിക് ലൈബ്രറി പഴയിടം ചെറുവള്ളി	168	3786	1972	ആർടസ് ആൻഡ് സ്പോർട്സ് ക്ലബ്, കൃഷിപുസ്തക കോർണർ ബ്ലാക് ആൻഡ് വൈറ്റ് ടി.വി.
12	ഇടത്തംപറമ്പ് പബ്ലിക് ലൈബ്രറി ആൻഡ് റീഡിങ് റൂം, പൊൻകുന്നം	307	2435	1981	
13	നാഷണൽ പബ്ലിക് ലൈബ്രറി, മൂലകുന്ന് പൊൻകുന്നം	337	3655	1981	ശിശുവിഭാഗം ജയശ്രീ കലാസാംസ്കാരിക സമിതി

പൊൻകുന്നം കലാക്ഷേത്ര എന്ന സംഘടനയും സ്വാതി തിരുനാൾ സ്കൂൾ ഓഫ് മ്യൂസിക്, സദ്ഗുരുസംഗീത വിദ്യാലയം എന്നീ സ്ഥാപനങ്ങളും നന്നായി പ്രവർത്തിക്കുന്നുണ്ട്.

ചെറുവള്ളിയിലുള്ള കൈരളി ചാരിറ്റബിൾ സൊസൈറ്റി അതിനോടനുബന്ധിച്ചുള്ള റൂറൽ ഡോക്യൂമെന്റേഷൻ സെൻറർ എന്നിവ സജീവമാണ്. കേരളത്തിൽ ഇത്തരത്തിലുള്ള രണ്ടു സെൻറുകളിലൊന്നാണിത്.

കെ.വി.എം.എസ്. സന്നദ്ധസംഘടന എന്ന നിലയ്ക്ക് ആതുരശുശ്രൂഷാരംഗത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ട്.

ഒരു ജിംനേഷ്യം, എട്ട് കരാട്ടേ പരിശീലനകേന്ദ്രങ്ങൾ, ഒരു കളരിപ്പയറ്റ് പരിശീലനകേന്ദ്രം എന്നിവ ഇപ്പോൾ പഞ്ചായത്തിലുണ്ട്. പഞ്ചായത്തുകേന്ദ്രമായ പൊൻകുന്നത്ത് മൂന്നു സിനിമാശാലകൾ ഉണ്ട്. ഒരു കേബിൾ ടി.വി. നെറ്റ്വർക്ക് പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

സാമുദായികമൈത്രി, സംഘർഷങ്ങൾ ഏറെയില്ലാത്ത രാഷ്ട്രീയരംഗം എന്നിവ ക്രിയാത്മകമാക്കാൻ കഴിയുന്നില്ല. മാധ്യമങ്ങൾ ചെലുത്തുന്ന അനാശാസ്യസ്വാധീനം, അധോലോകസംഘങ്ങളുടെ വളർച്ച തുടങ്ങിയവയെ ചെറുക്കാൻ കഴിയുന്ന ശക്തിയായി ജനകീയമായ ഒരു സാംസ്കാരിക പ്രതിരോധനിര ഉയർത്തിക്കൊണ്ടുവരാൻ നമുക്കു കഴിയുന്നില്ല.

ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും സാമ്പത്തികമായി ഇടത്തരക്കാരാണ്. ഈ ഘടനയ്ക്ക് അതിൻേറതായ ശക്തിയും ദൗർബ്ബല്യങ്ങളുമുണ്ട്. സംഘർഷരാഹിത്യവും മൈത്രിയും ഗുണഫലങ്ങളാണെങ്കിൽ വ്യക്തിപരതയും സാമൂഹ്യപ്രവർത്തനശേഷിയുടെ അഭാവവും ഈ ഘടനയുടെ ദൗർബ്ബല്യമാണ്. ഇവ ബോധപൂർവ്വം പരിഹരിക്കേണ്ടതുണ്ട്.

1970-നുശേഷം ഉണ്ടായിട്ടുള്ള വമ്പിച്ച വികാസങ്ങൾ സാംസ്കാരിക അധഃപതനത്തിനും കച്ചവടശക്തികളുടെ കടന്നുകയറ്റത്തിനുംകൂടി വഴിയൊരുക്കിയിട്ടുണ്ടെന്ന കാര്യം ഇനിയും വേണ്ടത്ര ഗൗരവത്തോടെ പൊതുവിൽ കണക്കിലെടുത്തിട്ടില്ല. സാമൂഹ്യപ്രവർത്തനം, സന്നദ്ധ സംഘടനകൾ, കലാസമിതികൾ, ഗ്രന്ഥശാലകൾ, വിദ്യാലയങ്ങളിലെ സാഹിത്യസമാജങ്ങൾ, പി.റ്റി.എ. തുടങ്ങിയവയെല്ലാം സജീവമായില്ലെങ്കിൽ അപകടകരമായ അവസ്ഥ ഉണ്ടാകുമെന്ന് ഓർമ്മിക്കേണ്ടതുണ്ട്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ വ്യാപനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പ്രത്യേകം പരിഗണിക്കണം. ഫിലിം സൊസൈറ്റി, വീഡിയോ സെൻററുകൾ, പഞ്ചായത്തുകേന്ദ്രത്തിൽ സജീവമായി പ്രവർത്തിക്കുന്ന ഡോക്യുമെൻറേഷൻ സെൻറർ എന്നിവയൊക്കെ സംഘടിപ്പിച്ച് പുതിയ വികാസത്തെ ക്രിയാത്മകമായി ഉൾക്കൊള്ളാൻ അടിയന്തിരമായി ശ്രമിക്കേണ്ടതുണ്ട്.

മദ്യാസക്തി, അധോലോകസംസ്കാരം, നീലച്ചിത്രങ്ങൾ, യുവജനങ്ങളുടെ ദിശാബോധമില്ലായ്മ എന്നിവ സാംസ്കാരിക പ്രതിരോധപ്രവർത്തനങ്ങൾവഴി ഇല്ലാതാക്കാൻ കഴിയണം. കള്ളിൻെറ ഉപഭോഗത്തിനായി പ്രതിദിനം ശരാശരി 50000 രൂപയും വിദേശമദ്യത്തിനായി 150000 രൂപയും നമ്മുടെ പഞ്ചായത്തിൽ ചെലവഴിക്കപ്പെടുന്നുണ്ട്. വിദ്യാഭ്യാസം, മാദ്ധ്യമവികാസം എന്നിവ ഉണ്ടാക്കുന്ന സ്ത്രീകളുടെ ഉണർവ്വ് ക്രിയാത്മകവും വികസനോന്മുഖവുമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

കായികരംഗം നാം വളരെ അവഗണിക്കുന്ന മേഖലയാണ്. വിദഗ്ദ്ധരുടെ സഹായത്തോടെ ഇക്കാര്യത്തിൽ പരിഹാരമാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്.

ഗ്രാമസഭാനിർദ്ദേശങ്ങൾ

ഒന്ന്: പൊതുനിർദ്ദേശങ്ങൾ

1. വായനശാലകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സംഘടിപ്പിക്കുക.
2. പഞ്ചായത്തുവക പൊതുസ്ഥലങ്ങൾ സാംസ്കാരിക സംഘടനകളുടെ ഉപയോഗത്തിന് കൊടുക്കുക.
3. വീടുതോറും പുസ്തകവിതരണത്തിനുള്ള സംവിധാനവും ഇതിൽ ഏർപ്പെടുന്നവർക്ക് അലവൻസും ഏർപ്പെടുത്തുക.
4. ക്ലബ്ബുകളും സമിതികളും അവയില്ലാത്ത സ്ഥലങ്ങളിലെല്ലാം സ്ഥാപിക്കുക.
5. ഗ്രന്ഥശാലകളും ക്ലബ്ബുകളും രജിസ്റ്റർ ചെയ്യാനുള്ള അധികാരം പഞ്ചായത്തുസമിതിക്ക് നല്കുക.
6. കാഞ്ഞിരപ്പള്ളി ഗവണ്മെൻറ് ഹൈസ്കൂൾ സ്പോർട്സ് സ്കൂളാക്കുക.
7. നാടൻകലകൾ പുനരുദ്ധരിക്കുന്നതിനു പരിപാടിയുണ്ടാക്കുക. പരിശീലനകേന്ദ്രങ്ങൾ, പരിശീലകർക്ക് അലവൻസ് തുടങ്ങിയവ അനുവദിക്കുക. താല്പര്യമുള്ളവരെ കണ്ടെത്തി പരിശീലനപരിപാടിയുമായി ബന്ധപ്പെടുത്തുക.
8. വായനശാലകളുടെ പ്രവർത്തനം, വായനാശീലം എന്നിവയെക്കുറിച്ച് വിശദമായി പഠിച്ച് അപര്യാപ്തതകൾ പരിഹരിക്കുക.
9. പി.ടി.എ. പ്രവർത്തനം സജീവമാക്കുക. വിദ്യാർത്ഥികൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുക, വിദ്യാലയലൈബ്രറികളുടെ ശരിയായ നടത്തിപ്പ് ഉറപ്പാക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കണം.
10. സാംസ്കാരിക സംഘടനകൾക്ക് വൈദ്യുതി സൗജന്യമായി കൊടുക്കുക.
11. ലൈബ്രറികൾക്ക് ബിൽഡിംഗ് ഗ്രാൻറ് അനുവദിക്കുക. 87-88-നു ശേഷം വായനശാലകൾക്ക് പഞ്ചായത്ത് ഗ്രാൻറ് കൊടുത്തിട്ടില്ല. തുക വർദ്ധിപ്പിച്ച് ഗ്രാൻറ്

കൃത്യമായി കൊടുക്കണം.

12. ഓരോ വായനശാലയ്ക്കും ഒരു പത്രമെങ്കിലും വരുത്താൻ പഞ്ചായത്ത് ധനസഹായം വേണം.
13. കമ്മ്യൂണിറ്റിഹാൾ പണി ഉടനെ പൂർത്തിയാക്കണം.
14. വായനശാലകൾ, കലാസമിതികൾ എന്നിവയുടെ ആഭിമുഖ്യത്തിൽ വാർഷികാഘോഷങ്ങൾ, അനുസ്മരണസമ്മേളനങ്ങൾ, ബോധവത്കരണക്ലാസ്സുകൾ, സെമിനാറുകൾ, കലാ-കായിക മത്സരങ്ങൾ, സാഹിത്യശില്പശാലകൾ എന്നിവ സംഘടിപ്പിക്കണം.
15. വിദ്യാർത്ഥികളുടെ ഇടയിൽ വിവിധ മേഖലകളിൽ ശേഷിയുള്ളവരെ കണ്ടെത്തുക. അവർക്കു പ്രോത്സാഹനം ഏർപ്പെടുത്തുക.
17. ഓരോ വാർഡിലും യൂത്ത്ക്ലബ്ബുകൾ സ്ഥാപിക്കുക.
18. സാംസ്കാരികപ്രവർത്തകർക്ക് പ്രോത്സാഹനം കൊടുക്കുക.
19. സാദ്ധ്യമാവുന്നിടത്തോളം പൊതു കളിസ്ഥലങ്ങൾ ഉണ്ടാക്കുക.
20. ഓപ്പറേഷൻ ഒളിമ്പ്യാഡ് പദ്ധതി നിലവിലുള്ള അപര്യാപ്തതകൾ തീർത്ത് വ്യാപകമാക്കണം.
21. നേതാജി ഗ്രന്ഥശാല സ്ഥിതിചെയ്യുന്ന സ്ഥലം പൂർണ്ണമായും ഗ്രന്ഥശാലയ്ക്കു പതിച്ചുകൊടുക്കേണ്ടതാണ്.
22. പഞ്ചായത്തുകേന്ദ്രത്തിൽ ഒരു മ്യൂസിയവും ഡോക്യുമെന്റേഷൻ സെൻററും സ്ഥാപിക്കുക.
23. ഒരു ഫിലിം സൊസൈറ്റിയും വീഡിയോപ്രദർശനകേന്ദ്രവും ആരംഭിക്കുക.

പ്രത്യേക ആവശ്യങ്ങൾ

1. ചിത്രാഞ്ജലി ക്ലബ്ബിന് ഗ്രന്ഥശാലാ അഫിലിയേഷൻ വേണം. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഈ ക്ലബ്ബിന് കെട്ടിടപുനർനിർമ്മാണത്തിനു ധനസഹായം വേണം. ഇതിനോടനുബന്ധിച്ച് ബാലവാടി സ്ഥാപിക്കണം.
2. നിലവിലുള്ള വേലകളിസംഘങ്ങൾക്ക് ഗ്രാൻറ് അനുവദിക്കണം.
3. ഒൻപതാം വാർഡിൽ വായനശാലാകെട്ടിടം പുനരുദ്ധരിക്കുന്നതിനും പുതിയ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് സ്ഥാപിക്കുന്നതിനും ധനസഹായം വേണം.
4. പടനിലംഭാഗം 8,9,11 വാർഡുകളുടെ സംഗമസ്ഥാനമാണ്. അവിടെ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് സ്ഥാപിക്കണം.
5. കൈരളി ഗ്രന്ഥാലയത്തിൽനിന്നും പുസ്തകങ്ങൾ വീടുതോറും വിതരണം ചെയ്യണം. ഇതിന് സന്നദ്ധതയുള്ളവർക്ക് ഗ്രാൻറ് അനുവദിക്കണം.
6. കൈരളി റിക്രിയേഷൻ ക്ലബ്ബ്, നവജ്യോതി ക്ലബ്ബ് എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കളിസ്ഥലം വേണം. ഇതിന്റെ നിർമ്മാണത്തിന് ധനസഹായം നല്കണം.
7. കൈരളി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള റൂറൽ ഡോക്യുമെന്റേഷൻ ആൻഡ് ഇൻഫർമേഷൻ സെൻററിന് കൂടുതൽ ഗ്രന്ഥങ്ങൾ വാങ്ങാൻ ധനസഹായം വേണം. ഇത്തരത്തിൽ സംസ്ഥാനത്തിലുള്ള രണ്ടു സെൻററുകളിൽ ഒന്നാണിത്.
8. റോഡുപണിക്കുവേണ്ടി കൈരളി ഗ്രന്ഥാലയത്തിന്റെ സംരക്ഷണഭിത്തി പൊളിച്ചുമാറ്റിയിരുന്നു. ഈ കെട്ടിടത്തിലാണ് പോസ്റ്റോഫീസും (ചെറുവള്ളി) പ്രവർത്തിക്കുന്നത്. സംരക്ഷണഭിത്തി അത്യാവശ്യമാണ്. അതു പുനർനിർമിക്കാൻ ധനസഹായം വേണം.

സാദ്ധ്യതകൾ

1. വായനശാലകളുടെ സ്ഥിതി മെച്ചപ്പെടുത്തണം. അവയും കലാസമിതികളും വാർഷികാഘോഷങ്ങ, ബോധവത്കരണപരിപാടികൾ, മത്സരങ്ങൾ എന്നിവയെല്ലാം സംഘടിപ്പിച്ച് സാംസ്കാരിക പ്രതിരോധ സ്ഥാപനങ്ങളായി ഉയർന്നുവന്നെങ്കിൽ മാത്രമെ സാംസ്കാരികരംഗത്തു നിലവിലുള്ള അപകടങ്ങളെ നേരിടാനാകു.
2. സഹകരണാടിസ്ഥാനത്തിൽ കൃഷി, വസ്തു നിർമ്മാണം നിത്യോപയോഗസാധനങ്ങളുടെ നിർമ്മാണം എന്നിവയൊക്കെ സംഘടിപ്പിച്ച് കച്ചവടസംസ്കാരത്തിന്റെ കടന്നുകയറ്റം, വ്യക്തിപരതയുടെ അനാരോഗ്യകരമായ വളർച്ച എന്നിവയെ പ്രതിരോധിക്കാൻ കഴിയും. പഴയ മാറ്റാൾപണിയുടെ കാലത്തുണ്ടായിരുന്ന പരസ്പരസഹകരണം പുനഃസൃഷ്ടിച്ചേ മതിയാകു.
3. പ്രതിഭാശാലികളായവർ ഏതെങ്കിലും സാമുദായിക ഗ്രൂപ്പുകളിലോ, പുത്തൻ സ്പോൺസർമാരുടെ ആശ്രിതത്വത്തിലോ മാത്രമായി കുടുങ്ങിപ്പോകുന്നു. ഇത് അവരുടെ ശേഷിയുടെ വികാസത്തെയും അവരുടെ കഴിവുകൾ പൊതു സാംസാകാരിക നേട്ടമാക്കി മാറ്റുന്നതിനെയും തടസപ്പെടുത്തുന്നു. അതുകൊണ്ട് കലാ-കായിക-സാഹിത്യരംഗങ്ങളിൽ ശേഷിയുള്ളവർക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും സാദ്ധ്യതയൊരുക്കുന്ന പൊതുവായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. പ്രതിഭാശാലികളെ മുഖ്യ സാംസ്കാരികധാരയിൽ കൊണ്ടുവരാൻ ഇതുമൂലം കഴിയും.
4. കായികരംഗത്ത് വേണ്ടത്ര പ്രോത്സാഹനവും സൗകര്യ

ങ്ങളും പരിശീലനസാദ്ധ്യതകളും ഉണ്ടാക്കുക എന്നത് അടിയന്തിരപ്രാധാന്യം അർഹിക്കുന്നു. സജീവമായ വിനോദവേളകളും സ്വന്തം ശേഷിയെക്കുറിച്ചു ബോധ്യമുണ്ടാക്കാനുതകുന്ന പരിപാടികളും ഇന്നത്തെ ആലസ്യത്തിന്റെയും പൊള്ളത്തരങ്ങളുടെയും ജീർണതയുടെയും അവസ്ഥയെ മറികടക്കാൻ സഹായിക്കും.

5. വനിതാവേദികൾ സജീവമാക്കുകയും കഴമ്പുള്ള വിനോദവേളകളും നിർമ്മാണപ്രവർത്തനങ്ങളും ബോധവത്കരണപരിപാടികളുംവഴി സ്ത്രീകളുടെ കർമ്മശേഷി നമ്മുടെ സമഗ്രവികാസത്തിന് സഹായകമാക്കി മാറ്റുകയും ചെയ്യുക.

7. ഗൈഡൻസ് സെൻററുകൾ, ഇൻഫർമേഷൻ സെൻററുകൾ തുടങ്ങി എല്ലാ സാദ്ധ്യതകളും ഉപയോഗിച്ച് കുട്ടികൾക്ക് ശരിയായ ദിശാബോധം പകർന്നുകൊടുക്കുക.

8. പട്ടികജാതി-പട്ടികവർഗ്ഗക്കാരായ കുട്ടികൾക്ക് താഴെപ്പറയുന്ന സൗകര്യങ്ങളും സാദ്ധ്യതകളും അടിയന്തിരമായി ഉണ്ടാകണം.

i പഠനം തുടരുകയും ശരിയായ മാർഗത്തിൽ കൊണ്ടുപോകുകയും ചെയ്യാനുള്ള പ്രേരണ ലഭിക്കാനുള്ള സാദ്ധ്യത.

ii പ്രത്യേക കഴിവുകൾ വികസിപ്പിക്കുവാനുള്ള സാദ്ധ്യത.

iii മത്സരപരീക്ഷകൾക്ക് പരിശീലനം, സാധാരണ പഠനത്തിന് ട്യൂഷനും മററു സഹായങ്ങളും എന്നിവ കിട്ടാനുള്ള അവസരം.

iv പഠനസാമഗ്രികൾ കിട്ടാനുള്ള സാദ്ധ്യത.

ഇതെല്ലാം ലഭ്യമാക്കുന്ന സെൻററുകൾ പഞ്ചായത്തു നേരിട്ടോ സന്നദ്ധസംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുടെ സഹകരണത്തോടെയോ സ്ഥാപിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.

9. നാടൻകലകൾ പരിശീലിപ്പിക്കുന്നതിനും അവ നമ്മുടെ സാംസ്കാരികസ്വത്തായി നിലനിർത്തുന്നതിനും പ്രത്യേകശ്രമം ആത്മാർത്ഥമായി നടത്തുക.

10. നമ്മുടെ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് സമഗ്രമായി പഠനം നടത്തുകയും വിവരങ്ങൾ രേഖപ്പെടുത്തുകയും, രേഖകളും വിവരങ്ങളും ഗ്രന്ഥങ്ങളും സൂക്ഷിക്കാനായി ഡോക്യുമെൻറേഷൻ സെൻററും മ്യൂസിയവും ആരംഭിക്കുകയും ചെയ്യുക. നമ്മുടെ പ്രദേശത്തുണ്ടായിരുന്ന വിശിഷ്ടവ്യക്തികളുടെ പ്രവർത്തനങ്ങൾ അനുസ്മരിക്കുന്നതിന് അനുസ്മരണയോഗങ്ങളും മറ്റും പൊതുവായി സംഘടിപ്പിക്കുക.

പഞ്ചായത്തുകേന്ദ്രമായ പൊൻകുന്നം ടൗണിന്റെ ഏകദേശചിത്രം

പച്ചക്കറിക്കടകൾ	10	അലോപ്പതി ആശുപത്രി	2
റേഷൻ കടകൾ	5	ദന്താശുപത്രി	2
ഉണക്കമത്സ്യസ്റ്റാൾ	5	ഒപ്ടിക്കൽ ഷോപ്പ്	2
മുട്ട, നാരങ്ങ	5	കണ്ണാശുപത്രി	1
പഴങ്ങൾ	8	ടെക്സ്റ്റൈൽസ്	11
പലചരക്ക് ഹോൾസെയ്ൽ	3	തയ്യൽക്കടകൾ	21
പലചരക്ക് റീട്ടെയ്ൽ	16	ഡ്രൈക്ലീനിങ്	1
പാൽ	6	വളങ്ങൾ വില്ക്കുന്നവ	4
ബേക്കറി	8	സ്റ്റേഷനറി	13
റസ്റ്റോറൻറ് ഹോട്ടൽ	9	അവൽ, കയർ, കുട്ട	6
ചായക്കട, കോഫിബാർ, കൂൾബാർ	23	ഗൃഹോപകരണം, സാനിട്ടറി, അലൂമിനിയം	8
കോൾഡ്സ്റ്റോറേജ്	5	കാലിത്തീറ്റ	2
ഐസ്ഫാക്ടറി	1	ഫർണിച്ചർ	5
പൗൾട്ടറി ഫാം	2	പെയ്ൻറ്, ഹാർഡ്വെയർ	9
വിറകുകട	1	ചെരുപ്പ്, ലതർവർക്സ്	8
ഗ്യാസ് ഏജൻസി	2	ഇലക്ട്രോണിക്സ്	11
വൈദ്യശാല	7	ഗ്ലാസ് വ്യാപാരം	3
മെഡിക്കൽഷോപ്പ്	7	കമ്പി, ഓട്, സിമൻറ്	7
അങ്ങാടിമരുന്നുകട	2	മാർബിൾ, കൽപ്പണി	1
ലബോറട്ടറി	2	ഹോളോബ്രിക്സ്	2
ക്ലിനിക്കുകൾ	4	സോമിൽ	1
ആയുർവേദ ആശുപത്രി	1	പ്ലാസ്റ്റിക്, റക്സിൻ	2

ബുക്സ്റ്റാൾ	2	ഡ്രൈവിംഗ്സ്കൂൾ	1
എണ്ണമില്ല്	3	കാസറ്റ്സെൻറർ	9
റേഡിയോ	1	ടൈപ്പ്റൈറ്റിങ് ജോബ്വർക്ക്	4
ഫ്ലവർമിൽ	3	വാച്ച്വർക്സ്	3
വാഹനവില്പന	1	ഫോട്ടോസ്റ്റാറ്റ്	5
ടൂവീലർ ഷോറൂം	2	ഓട്ടോ കൺസൾട്ടൻസി	3
പെട്രോൾ സ്റ്റേഷൻ	3	പരസ്യകലാകാരന്മാർ	3
ടയർവ്യാപാരം	2	കലാപരിപാടി ബുക്കിംഗ്	1
സർവീസ് സ്റ്റേഷൻ	2	സിനിമാ തിയേറ്റർ	3
സൈക്കിൾ ഷോപ്പ്	1	കൺസ്ട്രക്ഷൻ എഞ്ചിനീയർ	4
സ്പെയർപാർട്സ്, ഓയിൽ	16	കൊറിയർ സർവ്വീസ്	1
ഓട്ടോമൊബൈൽ വർക്ഷോപ്പ്	16	ആക്രിക്കട	1
ടയർ റീട്രേഡിങ്	6	ലോഡ്ജ്	5
റബ്ബർവ്യാപാരം	14	വനിതാഹോസ്റ്റൽ	2
മലഞ്ചരക്ക് വ്യാപാരം	3	വിദ്യാഭ്യാസസ്ഥാപനങ്ങൾ	9
സഹകരണസംഘം	7	ടൈപ്പ്റൈറ്റിങ് സ്കൂൾ	4
ചിട്ടികമ്പനി	4	കമ്പ്യൂട്ടർ പരിശീലനകേന്ദ്രം	3
വെയർഹൗസ് (സെയ്റ്റ്)	1	ട്രാവൽ ഏജൻസി	6
സ്വകാര്യ ഫൈനാൻസിംഗ്	5	പുകയില, ബീഡി, സിഗാർ	2
ബാങ്കുകൾ	8	വിദേശമദ്യം, കള്ള്	2
ഇൻഷുറൻസ്	1	സ്വർണാഭരണം	11
സ്റ്റോക് ആൻഡ് ഷെയർ	1	സ്വർണപ്പണി, ഡൈവർക്ക്	5
ബാർബർ ഷോപ്പ്	9	സ്വർണപ്പണി കൈത്തൊഴിൽ	6
മുറുക്കാൻകട	31	ലേഡീസ് സ്റ്റോറർ	5
പ്രിൻറിംഗ് പ്രസ്	6	ബ്യൂട്ടി പാർലർ	5
എസ്.ടി.ഡി/ഐ.എസ്.ഡി. ബൂത്ത്	10	പൂക്കട	2
സ്റ്റുഡിയോ	8	അലങ്കാരം, കേറ്ററിങ്, ഹയറിങ്	4
കാപ്പിപ്പൊടി നിർമാണം	1	ദേവാലയം, പ്രാർത്ഥനാലയം	10
മെഴുകുതിരി നിർമാണം	2	നാടകമേക്കപ്പ്, രംഗപടം	1
സോഡാഫാക്ടറി	4	കരാട്ടേകേന്ദ്രം	4
		ജിംനേഷ്യം	1

"നല്ല കെട്ടിടങ്ങൾ, നല്ല ചിത്രങ്ങൾ, പുസ്തകങ്ങൾ എന്നു തുടങ്ങിയ എല്ലാ വിശിഷ്ടവസ്തുക്കളും സംസ്കാരത്തിൻെറ ലക്ഷണങ്ങൾതന്നെയാണ്. എന്നാൽ സ്വാർത്ഥം കൂടാതെ സകലരുടെയും ഉത്കർഷത്തിൽ മറ്റുള്ളവരോട് യോജിച്ചു പ്രവൃത്തി ചെയ്യുന്ന ഒരു വിശിഷ്ട പുരുഷനാണ് ഒരു രാജ്യത്തിലെ സംസ്കാരത്തിൻെറ ഉത്തമലക്ഷണം. ഒറ്റയ്ക്കു പ്രവർത്തിക്കുന്നതിനെക്കാൾ നല്ലതു മറ്റുള്ളവരോട് ചേർന്ന് പ്രവൃത്തി ചെയ്യുന്നതാണ്. എന്നാൽ മറ്റുള്ളവരോടു ചേർന്ന് സകലരുടെയും നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്നതാണ് ഏറ്റവും ഉൽക്കൃഷ്ടമായിട്ടുള്ളത്."

-ജവഹർലാൽ നെഹ്റു



വ്യവസായം

നമ്മുടെ പഞ്ചായത്തിന്റെ വികാസചരിത്രം വനഭൂമിയിൽ പുതുവൽകൃഷി നടത്തി നേടിയ കാർഷികാഭിവൃദ്ധിയുമായി ബന്ധപ്പെട്ടതാണ്. സുഗന്ധവിളകളും മലഞ്ചരക്കുകളും ശേഖരിച്ച് തുറമുഖങ്ങളിൽ എത്തിക്കുന്ന വ്യാപാര കേന്ദ്രമായാണ് പിന്നീടുള്ള നമ്മുടെ വികാസം. ഇക്കാരണത്താൽ വ്യവസായസംരംഭകരുടെ മനോഭാവമോ വ്യവസായങ്ങൾ സ്ഥാപിക്കുവാനുള്ള സാധ്യതയോ മുൻകാലങ്ങളിൽ അത്രയൊന്നും ഉണ്ടായിരുന്നില്ല. 1940-കളിൽ ശ്രീ ടി.വി. ആൻറണി, ശ്രീ കാദർകണ്ണ് റാവുത്തർ എന്നിവർ സ്ഥാപിച്ച ട്രാൻസ്പോർട്ടിംഗ് കമ്പനികൾ വ്യാപാര ആവശ്യങ്ങളുടെ അനുബന്ധം മാത്രമായിരുന്നു.

നാല്പതോളം ലോറികളും ആറേഴു ബസുകളും ഉണ്ടായിരുന്ന ദാസൻ കമ്പനി അക്കാലത്ത് ശ്രദ്ധേയമായ സംരംഭമായിരുന്നു. 'പോപ്പുലർ മോട്ടോഴ്സ്' എന്ന പേരിൽ മറെറാരു ട്രാൻസ്പോർട്ട് കമ്പനിയും പ്രവർത്തിച്ചിരുന്നു. ഈ രണ്ടു കമ്പനികളും അക്കാലത്ത് വൻതോതിൽ നടന്നിരുന്ന മലഞ്ചരക്കു വ്യാപാരത്തെയാണ് സൂചിപ്പിക്കുന്നത്. ഇവ സ്വതന്ത്ര വ്യവസായ സംരംഭമായിരുന്നില്ല എന്നു ചുരുക്കും. 1940-കളിൽ തന്നെ ആണ് ശ്രീ എം. ശിവരാമൻ നായർ ദൈവസഹായം ഹോട്ടലും സ്ഥാപിച്ചത്. ഖാദിബോർഡിന്റെയും മററും നിയന്ത്രണത്തിലുള്ള ചില നിർമാണയൂണിററുകൾ, കുട്ട, മുറം, പരമ്പ് എന്നിവ നിർമിക്കുന്ന ഒരു കുടിൽ വ്യവസായകേന്ദ്രം എന്നിവ മാത്രമാണ് വ്യവസായസ്ഥാപനങ്ങളായി ട്രാൻസ്പോർട്ടിംഗ് കമ്പനികൾക്ക് പുറമെ ഉണ്ടായിരുന്നത്. 1967-ൽ ആരംഭിച്ച് 10 വർഷം പ്രവർത്തിച്ച 'ബ്ലൂ മൗണ്ട് ടീ ഫാക്ടറി' എന്ന തേയിലസംസ്ക്കരണശാല ആണ് പറയത്തക്ക മറെറാരു സ്ഥാപനം. 1950-ൽ അഡ്വക്കേറ്റ്എസ്. രാമനാഥപിള്ള ഡയറക്ടറായി 'കലാസാഗർ'

ഫിലിം കമ്പനി എന്ന പേരിൽ ഒരു സിനിമാനിർമാണ വ്യവസായസ്ഥാപനം ആരംഭിക്കുകയുണ്ടായി. ഇതിനും വിജയിക്കു വാൻ കഴിഞ്ഞില്ല. 1960-കളിൽ ശ്രീ കെ. എച്ച്. ഖാൻ സാഹിബ് സ്ഥാപിച്ച 'കാന്തിഹർഷ' എന്ന സിനിമാനിർമാണക്കമ്പനി വിജയകരമായി പ്രവർത്തി ച്ചിരുന്നു. ഇതും ഇപ്പോൾ നിലവിലില്ല.

ആധുനികകൃഷിയുടെ വികാസംമൂലമുണ്ടായ അസംസ്കൃതസാധനങ്ങളുടെദൗർലഭ്യം കുടിൽവ്യവസായ സംരംഭവും നിലച്ചുപോകാൻ ഇടയാക്കി. 1979-ഓടെ വ്യാപകമായി മാറിയ റബ്ബർ കൃഷി ആണ് വ്യവസായ സംരംഭങ്ങൾക്ക് സാധ്യത ഉണ്ടാക്കുന്ന പശ്ചാത്തലം സൃഷ്ടിച്ചത്. ഇപ്പോൾ വളരെ വിജയകരമായി അനേകംപേർ നടത്തിവരുന്ന റബ്ബർ നഴ്സറികൾ റബ്ബർകൃഷിയുടെ അനുബന്ധമായി സ്വാഭാവികമായി വികസിച്ചുവന്ന ഒരു വ്യാവസായികമേഖലയാണ്. ഇത് പൂർണമായി സ്വകാര്യ മേഖലയിലാണ്. സഹകരണസംഘങ്ങൾ റബ്ബർ മാർക്കറ്റിംഗിന്റെയും കൃഷിസാധനങ്ങളുടെ വില്പനയുടെയും കാര്യത്തിൽ മാത്രമെ ശ്രദ്ധിക്കുന്നുള്ളു.

ഒരു റബ്ബർ ബാൻറ് നിർമാണയൂണിറ്റും ടാപ്പിംഗ് ഷേഡ് നിർമാണയൂണിറ്റും വളരെ വിജയകരമായി പ്രവർത്തിച്ചു പോരുന്നുണ്ട്. ഇതിനുപുറമെ ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ (ഫർണിച്ചർ നിർമാണം, ലയ്ത്ത് വർക്ക്, കടച്ചിൽ, ഹോളോബ്രിക്സ്), ഹോട്ടലുകൾ എന്നിവ യാണ് പരിമിതമായി ഇന്നുള്ള വ്യവസായ സംരംഭങ്ങൾ. കൂടാതെ ഒരു കാപ്പിപ്പൊടിമിൽ, ഫ്ലൗർമില്ലുകൾ, തടിമിൽ, എണ്ണമിൽ എന്നിവയും പ്രവർത്തിക്കുന്നുണ്ട്.

അനേകം പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന ഓട്ടോമൊബൈൽ വർക്ഷോപ്പുകൾ, പ്ലംബിംഗ്, വയറിംഗ് രംഗങ്ങൾ, ലോഹപ്പണിക്കാരുടെ പഴയ മട്ടിലുള്ള ചെറുകിട സംരംഭങ്ങൾ തുടങ്ങിയവയൊന്നും വ്യാവസായിക സംരംഭങ്ങളുടെ നിലയിലേക്ക് ഉയർന്നിട്ടില്ല. ഇവയെല്ലാം പൂർണ്ണമായും സ്വകാര്യ നിയന്ത്രണത്തിലാണ്.

ഇന്ന് പഞ്ചായത്തിലാകെ വ്യാപകമായ റബ്ബർ കൃഷിയാണ്. ഏകദേശം 2686 ഹെക്ടർ സ്ഥലത്തുനിന്നും 1880256 കിലോഗ്രാം റബ്ബർ ഉത്പാദിപ്പിക്കുന്നുണ്ട്. റബ്ബർ കൃഷിയുടെ വ്യാപനം വ്യവസായികമായ സാധ്യതകൾ ഉണ്ടാക്കുന്നുണ്ടെങ്കിലും ഇതുമൂലം മറ്റു പരമ്പരാഗതവിള കളുടെ കൃഷി പാടെ അപ്രത്യക്ഷമായിവരുന്നു എന്ന സ്ഥിതി യും ഉണ്ട്. അതുകൊണ്ട് ഏതു സംരംഭവും ഈ ദൗർബല്യം പരിഹരിക്കുന്നതിനുകൂടി സഹായകമാകേണ്ടതാണ്.

ഇപ്പോൾ കുടിയിടകളിൽ ഉള്ള പപ്പടനിർമാണം, പലഹാര നിർമാണം, കക്കാനീറ്റൽ തുടങ്ങിയവ പരിമിതമായെങ്കിലും സാധ്യതകൾ ഒരുക്കുന്ന സംരംഭങ്ങളാണ്. വിജയകരമായി പ്രവർത്തിക്കുന്ന പൗൾട്രി ഫാമുകൾ, ഐസ് ഫാക്ടറി, ബേക്കറി വ്യവസായ യൂണിറ്റുകൾ, കേറ്ററിംഗ് യൂണിറ്റുകൾ എന്നിവയും വ്യവസായസംരംഭങ്ങളുടെ പട്ടികയിൽ പെടുത്താവുന്നതായി നിലവിലുണ്ട്.

നമ്മുടെ സാധ്യതകൾ മേൽപറഞ്ഞ വിവിധ മേഖലകളിൽ നിലവിലുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വേണം കണ്ടെത്തുവാൻ.

1. കൃഷി, (എ) പ്രധാനമായും റബ്ബർ കൃഷി (ബി) നശിച്ചുപോയ പരമ്പരാഗതവിളകൾ, ഔഷധസസ്യങ്ങൾ, പച്ചക്കറി ഇനങ്ങൾ എന്നിവയുടെ കൃഷി പുനരാരം ഭിക്കൽ.
2. ഹോട്ടൽ, കേറ്ററിംഗ്, ബേക്കറി, പലഹാരനിർമാണം, പൗൾട്രീഫാമിംഗ്, കോൾഡ് സ്റ്റോറേജ്, പന്നി വളർത്തൽ തുടങ്ങിയവ.
3. ഓട്ടോമൊബൈൽ എൻജിനിയറിംഗ്, പ്ലംബിംഗ്, വയറിംഗ്, ലോഹപ്പണി തുടങ്ങിയവ.
4. ഡയറിഫാം, പാൽ ഉല്പന്നങ്ങൾ.
5. ഗൃഹനിർമാണസാമഗ്രികൾ (ഹോളോ ബ്രിക്സ്, കട്ടിളകൾ, ജനലുകൾ തുടങ്ങിയവ)
6. വസ്ത്രനിർമാണം, കളിപ്പാട്ടനിർമാണം, അലങ്കാര വസ്തുക്കൾ, ഫാൻസി ഉല്പന്നങ്ങൾ തുടങ്ങിയവ.
7. റബ്ബർ, റബ്ബർതടി, റബ്ബർകുരു എന്നിവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ.

പ്രധാനമായും ഇവയാണ് സഹകരണമേഖലയിലും ചെറുകിടമേഖലയിലും വ്യവസായ സംരംഭങ്ങൾക്ക് നമ്മുടെ പ്രദേശത്ത് സാധ്യതയുണ്ടാക്കുന്നത്.

ഒന്നാമത്തെ വിഭാഗവുമായി ബന്ധപ്പെടുത്തി താഴെ പ്പറയുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

1. ജൈവവളനിർമാണ യൂണിറ്റ് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആരംഭിക്കാം.
   ഹോട്ടലുകളിൽനിന്നും പുറത്തു കളയുന്ന അവശിഷ്ടങ്ങളും മറ്റും ശേഖരിച്ച് കമ്പോസ്റ്റുവളം തയ്യാറാക്കാം. കൂടാതെ കാലിവളം ശേഖരിച്ച് വിതരണം നടത്താം.
2. പണിയായുധങ്ങൾ നിർമിക്കുന്ന യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ—റബ്ബർ ടാപ്പിംഗിനുള്ള കത്തി, വെട്ടുകത്തി, തൂമ്പ, ചില്ല്, കെട്ടുകമ്പി തുടങ്ങിയ പണിയായുധങ്ങൾ നിർമിക്കുന്നതിന് ലെയ്ത്തും ലോഹപ്പണിയും സംയോജിപ്പിച്ചുകൊണ്ട് ഒരു വ്യവസായ യൂണിറ്റ് തുടങ്ങാവുന്നതാണ്.
3. ടാപ്പിംഗ് ഷേഡ്, ചിരട്ടനിർമാണഫാക്ടറി—സഹകരണാടിസ്ഥാനത്തിൽ തുടങ്ങാം.
4. നഴ്സറികൾ. പഞ്ചായത്തിന്റെയോ കർഷക സഹകരണസംഘത്തിന്റെയോ നിയന്ത്രണത്തിൽ ആരംഭിക്കുക.
5. വനിതാ ഹോട്ടൽ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാം.
   കേറ്ററിംഗ്, ബേക്കറി, പലഹാരനിർമാണം, പൗൾട്രി ഫാമിംഗ്, കോൾഡ് സ്റ്റോറേജ്, പന്നിവളർത്തൽ ഇവയ്ക്കൊക്കെ പ്രത്യേകം യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്. ഈ യൂണിറ്റു

കളിൽ പലതിന്റെയും ഉൽപന്നങ്ങളും അവശിഷ്ടങ്ങളും മറ്റു പല യൂണിറ്റിന്റെയും അസംസ്കൃതവസ്തുക്കളായും ഉപയോഗിക്കുന്നതുകൊണ്ട് യൂണിററുകൾ തമ്മിൽ പരസ്പരബന്ധം ഉണ്ടാകുന്നതു കൂടാതെ മലിനീകരണ പ്രശ്നം ഒഴിവാക്കാനും കഴിയുന്നു. സോഫ്റ്റ് ഡ്രിങ്ക്സ്, അച്ചാറുകൾ, കറിപൗഡർ തുടങ്ങിയവയ്ക്കും പ്രത്യേകം വ്യവസായ യൂണിററുകൾക്ക് സാധ്യതയുണ്ട്.

6. ഓട്ടോ മൊബൈൽ എൻജിനിയറിംഗ് യൂണിറ്റ്, സ്പെയർ പാർട്സ് യൂണിറ്റ്, പ്ലംബിംഗ്, വയറിംഗ്, ലോഹപ്പണി മുതലായവയ്ക്ക് വ്യവസായയൂണിററുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാം.
7. ഡയറിഫാം, പാൽ ഉല്പന്നങ്ങളുടെ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങാം.
(പാൽ ശീതീകരണം, പാൽ ഉല്പന്നങ്ങളായ തൈര്, നെയ്യ്, ഐസ്ക്രീം, പാൽ, അച്ചാർ, ബർഫി തുടങ്ങിയവ)
8. ഗൃഹനിർമാണവസ്തുക്കൾ ഉണ്ടാക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റ് തുടങ്ങാം. (ഉദാ: ഹോളോ ബ്രിക്സ് യൂണിറ്റ്, കട്ടിളകൾ, ജനലുകൾ തുടങ്ങിയവ.)
9. നിലവിലുള്ള വസ്ത്രനിർമാണയൂണിററുകൾ സഹകരണാടിസ്ഥാനത്തിൽ കൂടുതൽ സംരംഭകരെ ചേർത്തു വിപുലപ്പെടുത്തുകയും, കളിപ്പാട്ടനിർമാണം, അലങ്കാരവസ്തുനിർമാണം, ഫാൻസി ഉൽപന്നങ്ങളുടെ നിർമാണം തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ ഏറെറടുത്തു നടത്താവുന്നതാണ്.
10. റബ്ബർ, റബ്ബർതടി, റബ്ബർകുരുവ്യവസായം. ഉദാ: റബ്ബർബാൻഡ്, റബ്ബർചെരുപ്പ്, റബ്ബർമാററ്, ഇലാസ്ററിക്, ബലൂൺ, കയ്യുറ തുടങ്ങിയവ.
റബ്ബർക്കുരുവിൽനിന്ന് എണ്ണ എടുക്കുന്നതിന് മില്ല്.

റബ്ബർതടി ശേഖരിച്ച് സംസ്കരിച്ച് ഗൃഹനിർമാണ സാധനങ്ങളും ഫർണിച്ചറുകളും ഉണ്ടാക്കുന്നതിന് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഫാക്ടറി സ്ഥാപിക്കാം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. റബ്ബർ അധിഷ്ഠിതമായ ചെറുകിട വ്യവസായ യൂണിററുകൾ തുടങ്ങണം. ഉദാ: റബ്ബർചെരുപ്പുകൾ, ടയർ റീട്രേഡിംഗ്.
2. റബ്ബർതടി സംസ്കരണം നടത്തി വീടു പണിയുന്നതിനും ഫർണിച്ചർ പണിയുന്നതിനുമുള്ള വ്യവസായ യൂണിറ്റ് (ഫാക്ടറി) പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ തുടങ്ങുക.
3. ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയ പുഷ്പങ്ങൾ വളർത്തുന്നതിനാവശ്യമായ പരിശീലനം, വിത്തുകൾ, തൈകൾ, വളങ്ങൾ തുടങ്ങിയ ലഭ്യമാക്കണം.
4. വ്യവസായം തുടങ്ങുന്നതിനാവശ്യമായ ബോധവല്ക്കരണം നടത്തുകയും ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യണം.
5. ഓരോ വീടും ഓരോ വ്യവസായശാലയാക്കുന്നതിന് വെള്ളം, വൈദ്യുതി തുടങ്ങിയവയും റോഡുകൾ, യാത്രാ സൗകര്യങ്ങൾ എന്നിവയും ഉണ്ടാകണം.
6. ഇറച്ചി സംസ്കരണ ഫാക്ടറികൾ സ്ഥാപിക്കുക. വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
7. 1-ാം വാർഡ് കേന്ദ്രീകരിച്ച് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റേറററ് സ്ഥാപിക്കുകയും വ്യവസായത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും അവിടെ ഏർപ്പെടുത്തുകയും ചെയ്യുക.

താഴെ പറയുന്ന വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. (സഹകരണാടിസ്ഥാനത്തിൽ)

1. റെഡിമെയ്ഡ് യൂണിററുകൾ
2. കറി പൗഡർ യൂണിറ്റ്
3. തയ്യൽ മെഷീൻ വിതരണം
4. ഇറച്ചി സംസ്കരണയൂണിറ്റ്
5. മെഴുകുതിരിനിർമാണം.
6. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ
7. മിൽക്ക് ചില്ലിംഗ് യൂണിറ്റ്
8. കൊക്കോ ഫാക്ടറി
9. കോഴിവളർത്തൽ യൂണിറ്റ്
10. തടിമിൽ
11. ഫ്ലൗർമിൽ
12. ഹോളോബ്രിക്സ് യൂണിറ്റ്
13. ഫ്രെഷ് ചിപ്സ് മേക്കിംഗ് യൂണിറ്റ്, ബേക്കറി
14. ജൈവവള നിർമാണശാല പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആരംഭിക്കുക.
15. കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക

1. കരിപ്പൊടിവ്യവസായം, ചെറുകിട റബ്ബർ ഫാക്ടറികൾ, റെഡിമെയ്ഡ് ഉൽപന്നങ്ങൾ, ടെയ്ലറിംഗ് യൂണിറ്റ് തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം.

2. റബ്ബർതൈ, പച്ചക്കറിവിത്ത്, നടീൽവസ്തുക്കൾ, ഔഷധ സസ്യങ്ങൾ, പൂന്തോട്ടച്ചെടികളുടെ തൈകൾ എന്നിവ തയ്യാറാക്കി വില്ക്കുന്ന നേഴ്സറി പഞ്ചായത്തുടമയിൽ സ്ഥാപിക്കുക.

1. റബ്ബർ തടി സംസ്കരണ ഫാക്ടറി സ്ഥാപിക്കുക.

2. ഹോട്ടൽ വ്യവസായം—സഹകരണമേഖലയിൽ. ഹോട്ടൽ സ്ഥാപിക്കുക. ആവശ്യമായ സാമ്പത്തികസഹായം നല്കുക.

3. റെഡിമെയ്ഡ് വസ്ത്രനിർമാണം. ഈ രംഗത്ത് പരിശീലനമുള്ള ധാരാളം പേരുള്ള മേഖലയായതിനാൽ ഇതിനു മുൻഗണന നല്കുക.

4. അച്ചാർനിർമാണം
5. തീപ്പെട്ടിനിർമാണം
6. ജൈവവളഉത്പാദനം
7. സോപ്പുനിർമാണം
8. റബ്ബർപാൽസംസ്കരണം

9. മെഴുകുതിരിനിർമാണം തുടങ്ങിയ വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുകയും അതിനാവശ്യമായ സാമ്പത്തികസഹായം, സാങ്കേതികപരിജ്ഞാനം എന്നിവ നല്കുകയും ചെയ്യുക.

10. പഞ്ചായത്തടിസ്ഥാനത്തിൽ കെട്ടിടനിർമാണ സഹകരണസംഘം രൂപീകരിക്കുക.

1. പുതിയ ചെറുകിടവ്യവസായയൂണിറ്റുകൾ തുടങ്ങണം. ഇത് സഹകരണാടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ ആരംഭിക്കണം. ഇതിനാവശ്യമായ സബ്സിഡിയും മറ്റു ധനസഹായവും ലഭ്യമാക്കണം.
2. കാർപ്പെൻഡറി ഷോപ്പ്
3. ബ്ലാക്ക്സ്മിത്ത് ഷോപ്പ്
4. തീപ്പെട്ടിനിർമാണം
5. അലക്കുസോപ്പുനിർമാണം
6. മെഴുകുതിരിനിർമാണം
7. കറിപൗഡർനിർമാണം
8. ഇലക്ട്രോപ്ലേറ്റിംഗ് ഇലക്ട്രോണിക് ഉല്പന്നങ്ങൾ

ഇവയൊക്കെ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുകയും അതിനുവേണ്ട സാങ്കേതികപരിജ്ഞാനം റബ്ബർ ബോർഡ്, ഖാദി ബോർഡ്, പോളിടെക്നിക്, പ്ലാന്റേഷൻ കോർപ്പറേഷൻ, മലനാട് സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നു ലഭ്യമാക്കണം.

1. തീപ്പെട്ടിനിർമാണയൂണിറ്റ് തുടങ്ങണം.
2. ഖാദി ബോർഡുമായി ബന്ധപ്പെട്ട് ഏതെങ്കിലും വ്യവസായയൂണിറ്റുകൾ സ്ഥാപിക്കണം.

1. പരമ്പരാഗതമായ കുടിൽവ്യവസായങ്ങൾക്കാവശ്യമായ ആനുകൂല്യങ്ങൾ നല്കണം.
2. റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങുന്നതിനാവശ്യമായ സഹകരണ വ്യവസായസംഘം തുടങ്ങുക.
1. തൊഴിൽരഹിതരായ യുവാക്കളെ ഉൾപ്പെടുത്തി തൊഴിലധിഷ്ഠിത വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് റബ്ബർ ബാൻഡ്, ചപ്പൽ ഫാക്ടറി തുടങ്ങിയ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങണം.
2. ഖാദി വില്ലേജ് ഇൻഡസ്ട്രിയൽ യൂണിറ്റ് വനിതകൾക്ക് തുടങ്ങുക. തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കുക.
3. റബ്ബർ തടി സംസ്കരിച്ചു കെട്ടിടസാമഗ്രികൾ, ഫർണിച്ചർ ഇവ നിർമിക്കുന്ന വ്യവസായ യൂണിറ്റ് തുടങ്ങുക.
4. സിമൻറുകൊണ്ടു കുറഞ്ഞ ചെലവിൽ നിർമിക്കാവുന്ന കെട്ടിടസാമഗ്രികളായ കട്ടിള, ജനൽ മുതലായവയ്ക്കുള്ള ഒരു ഫാക്ടറി സ്ഥാപിക്കുക.
5. പശുവിൻപാലുപയോഗിച്ചു പേട, രസഗുള മുതലായവ നിർമിക്കുന്നതിനുള്ള യൂണിറ്റ് തുടങ്ങുക.

1. റബ്ബർ അധിഷ്ഠിത വ്യവസായം സഹകരണ മേഖലയിൽ തുടങ്ങണം. റബ്ബർ ബാൻഡ്, ചെരുപ്പ്, ക്രംബ് റബ്ബർ തുടങ്ങിയവയ്ക്കാവശ്യമായ ലാറക്സ് ലഭ്യമാണ്.
2. സഹകരണമേഖലയിൽ തയ്യൽജോലികൾ നടത്തുന്നതിനുള്ള ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുക. ഇതിനാവശ്യമായ ബാങ്ക് വായ്പയും സബ്സിഡിയും നല്കുക.
3. മുടങ്ങിക്കിടക്കുന്ന ചൂരൽകസേരനിർമാണം, ഫർണിച്ചർനിർമാണം, മെത്ത, പപ്പടനിർമാണം ഇവയ്ക്കാവശ്യമായ ധനസഹായവും പ്രോത്സാഹനവും നല്കണം.

താഴെപ്പറയുന്ന വ്യവസായങ്ങൾ തുടങ്ങാൻ സാധ്യതയുണ്ട്

1. മോട്ടോർ സർവീസിംഗ്
2. ടു വീലർ റിപ്പയറിംഗ്
3. സ്പ്രേ പെയിൻറിംഗ്
4. വെളിച്ചെണ്ണ ശേഖരണം
5. തടിവ്യവസായം, ഫർണിച്ചർനിർമാണം
6. ചെറിയ കടകൾ, കൈത്തറിനെയ്ത്ത്—ആവശ്യമായ ലോണുകൾ ബാങ്കുകൾ നല്കണം.
7. കേററിംഗ്, ഹയറിംഗ് സർവീസും സഹകരണ മേഖലയിൽ തുടങ്ങണം.
8. പച്ചക്കറി, പഴവർഗങ്ങൾ—ശേഖരണവും വിതരണവും

1. റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങണം.
2. പശുവിൻപാൽകൊണ്ടുള്ള വിവിധ ഉൽപന്നങ്ങൾ നിർമിക്കുന്നതിനാവശ്യമായ ഫാക്ടറി സ്ഥാപിക്കണം.
3. ട്രാവൻകൂർ ചിപ്സ് വിപുലീകരിക്കുന്നതിന് ആവശ്യമായ ധനസഹായം നല്കുക.
4. തടി കടയുന്ന ഒരു വ്യവസായ യൂണിറ്റ് നിലവിലുണ്ട്. അത് വിപുലീകരിക്കണം.
5. ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്ററർ ചെയ്യുന്നതിനാവശ്യമായ പഞ്ചായത്ത് നടപടിക്രമങ്ങൾ ലഘൂകരിക്കുക.

അപരനുവേണ്ടിയഹർന്നിശംപ്രയത്നം
കൃപണതവിട്ടുകൃപാലു ചെയ്തിടുന്നു
കൃപണ നധോമുഖനായ്ക്കിടന്നു ചെയ്യു-
ന്നപജയകർമ്മമവന്നുവേണ്ടി മാത്രം

-ശ്രീനാരായണഗുരു

ഉപസംഹാരം

1997 ഏപ്രിൽ 1-ാം തീയതി ഒൻപതാം പഞ്ചവത്സരപദ്ധതി ആരംഭിക്കുകയാണ്. ജനകീയ പങ്കാളിത്തവും ജനകീയ ഇച്ഛാശക്തിയും പരമാവധി ഉപയോഗപ്പെടുത്തി പ്രാദേശിക വികസനത്തെക്കുറിച്ച് നിലവിലുള്ള ഭാഗികവും അശാസ്ത്രീയവുമായ കാഴ്ചപ്പാടു തിരുത്തി മുന്നേറുവാനാണല്ലോ ജനകീയ ആസൂത്രണപരിപാടികൊണ്ട് നാം ഉദ്ദേശിക്കുന്നത്.

ഇക്കാര്യം സാധിതമായാൽ അത് കൃഷി, വ്യവസായം തുടങ്ങിയ മേഖലകളിലെ ഉത്പാദനവും ഉത്പാദനശേഷിയും വർദ്ധിപ്പിക്കും. മലയാളക്കരയ്ക്ക് വികസനത്തിന്റെ രംഗത്ത് ലോകമാതൃകയാകാൻ തീർച്ചയായും കഴിയും.

1997 ജനുവരി 11-ന് നമ്മുടെ ഗ്രാമപഞ്ചായത്തിലെ വികസനസെമിനാർ കഴിയുന്നതോടെ ജനകീയാസൂത്രണ പരിപാടിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ സമാപിക്കും. രാഷ്ട്രീയമോ സാമുദായികമോ ആയ പരിഗണനകൾ ഒന്നുമില്ലാതെ ഒത്തൊരുമയോടെ പഞ്ചായത്തിന്റെ വികസനം ലക്ഷ്യമാക്കി എല്ലാവരും കർമ്മരംഗത്തേക്ക് വരുന്നുവെങ്കിൽ നമ്മുടെ ഗ്രാമത്തിന് അഭിമാനകരമായ പുരോഗതി കൈവരിക്കാനാകും. അതിനുള്ള നിർദ്ദേശങ്ങളും പ്രവർത്തനനേതൃത്വവും ഉണ്ടാകണമെന്ന് വിനയപുരസ്സരം അപേക്ഷിക്കുന്നു.

ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ഈ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നതിൽ സർവ്വാത്മനാ സഹകരിച്ചവർ വളരെപ്പേരുണ്ട്. അവരെല്ലാം വിഭാഗീയമായ പരിഗണനകളൊന്നുംകൂടാതെ മാതൃകാപരമായി ഈ പ്രവർത്തനങ്ങളിൽ മുഴുകുകയുണ്ടായി. അവർക്ക് പഞ്ചായത്തുഭരണസമിതിയുടെ കൃതജ്ഞത അർപ്പിക്കുന്നു. അതോടൊപ്പം വരുംനാളുകളിൽ സകലരുടെയും സജീവസഹകരണം സ്വാഗതം ചെയ്തുകൊണ്ട് ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ സമസ്ത ജനവിഭാഗങ്ങൾക്കുംവേണ്ടി ഈ വികസനരേഖ സമർപ്പിക്കുന്നു.

വിനയപൂർവ്വം

അഡ്വ. ഗിരീഷ് എസ്. നായർ

ചിറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്


N
W
E
S
ഇളങ്ങുളം
കാഞ്ഞിരപ്പള്ളി
വാഴൂർ
കുവപ്പള്ളി
I
II
III
IV
V
VI
VII
VIII
IX
X
XI
XII